

GOVERNMENT OF TAMIL NADU

ഒൻപതാം തരം

മലയാള പാഠപുസ്തകം

STANDARD NINE

MALAYALAM READER

Department Of School Education

Untouchability is Inhuman and a Crime

IX_Malayalam_FM.indd 1 4/22/2019 11:54:39 AM

Government of Tamil Nadu

First Edition - 2018

Revised Edition - 2019

Reprint - 2020, 2021, 2022, 2023, 2024

(Published under new syllabus)

Content Creation

State Council of Educational Research and Training

© SCERT 2018

Printing & Publishing

Tamil Nadu Textbook and Educational Services Corporation

www.textbooksonline.tn.nic.in

EE_Malayalam_FM.indd 2 02-01-2024 11:42:14

ആമുഖം

അറിവ് നേടുന്നതിനൊപ്പം ഭാവികാല ജീവിത സ്വപ്നങ്ങൾക്ക് അടിത്തറ പാകൽകൂടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിന് വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക എന്നതാണ് പാഠപുസ്തകങ്ങളുടെ ലക്ഷ്യമെന്ന് ഞങ്ങൾ കരുതുന്നു. ഒപ്പം വിദ്യാർത്ഥികളുടെ ചിന്താശേഷിക്ക് ഊർജ്ജം നൽകാനും പാഠപുസ്തകങ്ങൾ സഹായകമാകണം. അതിനായി രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സ്വപ്നങ്ങളെ ഇണക്കിച്ചേർക്കുന്ന ഒരു ശിൽപം പോലെയാണ് പാഠപുസ്തകങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന ലക്ഷ്യങ്ങളും അതിന്റെ ഭാഗമാണ്.

- സർഗ്ഗാത്മക വഴിയിലേക്ക് പഠനത്തെ നയിക്കുക
- നമ്മുടെ ചരിത്രം,സംസ്കാരം,സാഹിത്യം, പൈതൃകം എന്നിവയിൽ അവഗാഹമുണ്ടാക്കുക
- വിദ്യാർത്ഥികൾ ശാസ്ത്രസാങ്കേതികമേഖലയിലുണ്ടായ നേട്ടങ്ങൾ മനസ്സിലാക്കുകയും ആത്മവിശ്വാസത്തോടെ ആധുനിക ലോകത്തിൽ വിജയിക്കാനുള്ള ശേഷി നേടുകയും ചെയ്യുക
- ജീവിതാവബോധത്തിനുള്ള ഉപാധിയാണ് പാഠപുസ്തകം എന്നുള്ള ധാരണ ഉണ്ടാക്കുക
- ശുഭാപ്തി വിശ്വാസം വളർത്തുക

വിഷയവൈവിധ്യവും പുതുമയുള്ള ശീർഷങ്ങളും ഉൾക്കൊള്ളുന്ന പാഠപുസ്തകം നിങ്ങളിലേക്ക് എത്തുകയാണ്. പുതിയലോകത്തേയ്ക്ക് സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ ജീവിതത്തെ കൂടുതൽ ക്രിയാത്മകമാക്കാൻ ഈ പാഠപുസ്തകം ഉതകുമെന്ന് കരുതുന്നു.

IX_Malayalam_Combine.indb 3 4/16/2019 12:56:34 PM

ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ,
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഹേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ!ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ!പഞ്ചാബ്,സിന്ധ്,ഗുജറാത്ത്,മറാഠ,ദ്രാവിഡം,വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു.അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു.അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു.ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.



തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈ ക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

-മാനോന്മണിയം.പി.സുന്ദരം പിള്ള



തമിഴ് മാതൃവന്ദനം - ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു.കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

IX_Malayalam_Combine.indb 5 4/16/2019 12:56:35 PM



ദേശീയോദ്ഗ്രഥന പ്രതിജ്ഞ

അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഐക്യം നിലനിർത്തി കൊണ്ടും എന്റെ നാടിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ആത്മാർത്ഥതയോടെ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഒരു തരത്തിലുള്ള അക്രമ പ്രവർത്തനങ്ങളിലും ഞാൻ ഇട പെടില്ലെന്നും മതം,ഭാഷ,ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തി ലുള്ള വിവേചനങ്ങളുണ്ടാവില്ലെന്നും അവയുടെ പേരിലുണ്ടാകുന്ന സംഘർഷങ്ങൾക്ക് സമാധാനപരമായ രീതിയിലും ഭരണഘടന അനുശാസിക്കുന്ന മാർഗ്ഗത്തിലൂടെയും പരിഹാരം കാണുന്നതിനായി എന്നാലാവുംവിധം പരിശ്രമിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്,എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്,ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു, സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർ ന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.



IX_Malayalam_Combine.indb 6 4/16/2019 12:56:35 PM

ഉള്ളടക്കം

		പുറം നമ്പർ
	ഭാഗം 1	
	മൊഴിവഴികൾ	**1**
കവിത	ഹേമന്തവർണ്ണനം –ചെറുശ്ശേരി	**2**
ഗദ്യം	ഭാഷയും മനുഷ്യനും ഡോ.വി.ആർ. പ്രബോധചന്ദ്രൻ നായർ	**5**
അധികവായനക്ക്	ചുടലത്തെങ്ങ് (കഥ)-കാരൂർ നീലകണ്ഠപ്പിള്ള	**10**
വ്യാകരണം	ഒറ്റപ്പദങ്ങൾ, ഒറ്റവാക്യങ്ങൾ	**17**
രചന	ഉപന്യാസം	**17**
	ഭാഗം 2	
	പൈതൃകവും സംസ്കാരവും	**18**
കവിത	ഉണ്ണിയെത്തേടി - ഇടശ്ശേരി ഗോവിന്ദൻ നായർ	**19**
ഗദ്യം	മുത്തപ്പൻ - വി. ടി. ഭട്ടതിരിപ്പാട്	**25**
അധികവായനക്ക്	വൈക്കം മുഹമ്മദ് ബഷീർ	**30**
അലങ്കാരം	ഉപമ	**34**
വൃത്തം	കാകളി	**34**
	ഭാഗം 3	
	പുതിയ ലോകമാനങ്ങളിലേക്ക്	**35**
കവിത	എനിക്കു മരണമില്ല - വയലാർ രാമവർമ്മ	**36**
ഗദ്യം	ശാസ്ത്രത്തിന്റെ കാഴ്ചപ്പാട് - പ്രൊഫ.സി.വി.രാമന്റെ റേഡിയോ പ്രഭാഷണങ്ങളിൽ നിന്ന്	**41**
അധികവായനക്ക്	വംശാനന്തരതലമുറ വി. ആർ. സുധീഷ്	**47**
വ്യാകരണം	പ്രയോഗം, പിരിച്ചെഴുത്ത്	**53**
രചന	അപേക്ഷ, കത്ത്	**53**
	ഭാഗം 4	
	പ്രകൃതിയുടെ മടിത്തട്ട്	**54**
കവിത	വർഷമയൂരം - സുഗതകുമാരി	**55**
ഗദ്യം	പാടം - മുരളീധരൻ തഴക്കര	**59**
അധികവായനക്ക്	ജലപ്പക്ഷികൾ - ഷേക്ക് അലി	**65**
വ്യാകരണം	വിഭക്തിപ്രത്യയങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ തയ്യാറാക്കൽ	**79**
അലങ്കാരം	ഉൽപ്രേക്ഷ	**71**
വൃത്തം	മഞ്ജരി	**71**

IX_Malayalam_Combine.indb 7 4/16/2019 12:56:35 PM

		പുറം നമ്പർ
	ഭാഗം 5	
	ജീവിതപുരോഗതിയിലൂടെ	**73**
കവിത	തൊഴിലാളി	**74**
ഗദ്യം	ഇരുമ്പ്	**77**
അധികവായനക്ക്	ശബ്ദിക്കുന്ന കലപ്പ	**83**
വ്യാകരണം	സമാസം	**93**
	ഭാഗം 6	
	കലയും ജീവിതസൗന്ദര്യവും	**94**
കവിത	സൗന്ദര്യലഹരി	**95**
ഗദ്യം	നവോത്ഥാനത്തിന്റെ പ്രതീകം	**98**
അധികവായനക്ക്	ശിക്ഷയുടെ മധുരം	**106**
വ്യാകരണം	സന്ധി	**109**
	ഭാഗം 7	
	മാറുന്ന നാടും മറയുന്ന നാട്ടുകാഴ്ച്ചകളും	**110**
കവിത	പൂരത്തിനു പോയിട്ട്	**111**
ഗദ്യം	ഓണം ഓർമ്മകളായും മറവികളായും	**114**
അധികവായനക്ക്	വേനൽ പരീക്ഷകൾ	**120**
വ്യാകരണം	സന്ധി: ആഗമസന്ധി	**127**
	ഭാഗം 8	
	ധർമ്മാധിഷ്ഠിത ദർശനങ്ങളിലൂടെ	**128**
കവിത	നഗ്നസത്യം	**129**
ഗദ്യം	പന്തിരുകുലത്തിന്റെ കർമ്മഭൂമി	**132**
അധികവായനക്ക്	വഴിപാട്	**142**
വ്യാകരണം	സന്ധി: ആദേശസന്ധി	**146**
	ഭാഗം 9	
	'പ്രതിജ്ഞഭിന്ന' മായ മാനവജീവിതം	**147**
കവിത	വഴിത്തിരിവിൽ	**148**
ഗദ്യം	ഏകാകിയായ കുട്ടി	**151**
അധികവായനക്ക്	സ്പ്ലാഷ് (വൈശാഖൻ)	**156**
വ്യാകരണം	ദ്വിത്വസന്ധി	**162**

IX_Malayalam_Combine.indb 8 4/16/2019 12:56:35 PM

ഭാഗം 10

	മനുഷ്യാവസ്ഥയുടെ ആവിഷ്കരണ വൈവിധ്യങ്ങൾ	163
കവിത	തെങ്ങ്	164
ഗദ്യം	യജ്ഞസംഭവയായ ദ്രൗപദി	167
അധികവായനക്ക്	പടച്ചോന്റെ ചോറ്	172
വ്യാകരണം	സമാസം	181

IX_Malayalam_Combine.indb 9 4/16/2019 12:56:35 PM

മലയാളം

ഒമ്പതാം തരം

ഭാഗം

1

മൊഴിവഴികൾ



പഠന ലക്ഷ്യങ്ങൾ

- ഭാഷയുടെ സാമൂഹികമാനവും പ്രയോഗവൈവിധ്യവും മനസ്സിലാക്കൽ
- കാവ്യഭാഷയുടെ സവിശേഷത തിരിച്ചറിയൽ
- സംഭാഷണ രീതിയിലുള്ള കഥാവതരണത്തിന്റെ സൗന്ദര്യം ആസ്വദിക്കൽ
- രചനയിലും വാക്യനിർമാണത്തിലും കഴിവ് നേടൽ

പാഠഭാഗങ്ങൾ

പദ്യം:	-ഹേമന്തവർണ്ണനം	-ചെറുശ്ശേരി
ഗദ്യം:	-ഭാഷയും മനുഷ്യനും	-ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ
അധികവായനക്ക്:	-ചുടലത്തെങ്ങ് (കഥ)	-കാരൂർ നീലകണ്ഠപ്പിള്ള
വ്യാകരണം:	-ഒറ്റപ്പദങ്ങൾ, ഒറ്റവാക്യങ്ങൾ	
രചന:	-ഉപന്യാസം	

IX_Malayalam_Combine.indb 1 4/16/2019 12:56:49 PM

പദ്യം

ഹേമന്തവർണ്ണന

ചെറുശ്ശേരി



ചെറുശ്ശേരി - പ്രാചീന കവിത്രയത്തിൽപ്പെട്ട ഒരു കവിയാണ് ചെറുശ്ശേരി. പതിനഞ്ചാം നൂറ്റാണ്ടാണ് അദ്ദേഹത്തിന്റെ ജീവിതകാലം. 1466 മുതൽ 1475 വരെ കോലത്തുനാട് ഭരിച്ചിരുന്ന ഉദയ വർമന്റെ പണ്ഡിത സദസ്സിലെ അംഗമായിരുന്നു ചെറുശ്ശേരി.

ലളിതവും മനോഹരവുമായ പദാവലികളാൽ രചിക്കപ്പെട്ട കൃഷ്ണഗാഥയിൽ കൃഷ്ണന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥകളാണുള്ളത്.

ഹേമന്തകാലം നൽകുന്ന തണുപ്പ് മനുഷ്യനും പ്രകൃതിക്കും എങ്ങനെയൊക്കെ അനുഭവവേദ്യമാകുന്നുവെന്ന് അതീവഹൃദ്യമായി വർണ്ണിക്കുന്ന ഈ ഭാഗം കൃഷ്ണഗാഥയിലെ ഹേമന്തവർണ്ണനം എന്ന ഭാഗത്തുനിന്നെടുത്തതാണ്.



IX_Malayalam_Combine.indb 2 4/16/2019 12:56:55 PM

ഹേമന്തവർണന

ശീതം തഴച്ചോരു ഹേമന്തകാലവും
ആമന്ദം പോന്നിങ്ങു വന്നുതപ്പോൾ.
പാലാഴിത്തൂവെള്ളം തൂകുന്ന പോലെനൽ
പ്രാലേയം തൂകിത്തുടങ്ങീതെങ്ങും.
ചണ്ഡനായുള്ളൊരു പങ്കജനാഥൻതൻ
മണ്ഡലം മങ്ങിച്ചമഞ്ഞുകൂടീ;.
കെല്പില്ലയാതോർക്കുമൊപ്പുണ്ടായ് മേവുകിൽ
കെല്പേറെ വെന്നിടാമെന്നേയുള്ളൂ.
വാരുറ്റ കാന്തി കലർന്നൊരു വാരിജ
മോരോന്നേ മങ്ങിമയങ്ങീതപ്പോൾ;
കാന്തനു കാന്തി കുറഞ്ഞതു കാണുമ്പോൾ
കാന്തമാർ കാന്തിയും മങ്ങുമല്ലോ.
ചീർത്തു നിന്നുള്ളൊരു ശീതത്തെപ്പൂണ്ടു നി-
ന്നാർത്തന്മാരായിച്ചമഞ്ഞെല്ലാരും
കൈത്തലംകൊണ്ടു താൻ മാറത്തു നന്നായി
സ്വസ്തികാബന്ധം തുടങ്ങിനാരേ
വായ്പാർന്നു നിന്നുള്ള കാർപ്പാസം കൊണ്ടോരോ
കൂർപ്പാസം മേനിയിൽ ചേർച്ച പുക്കു.
ആദിത്യസേവയും പാവകസേവയു-
മായിത്തുടങ്ങീ പലർക്കുമപ്പോൾ.
ഉദ്യാനം തന്നിൽ കളിപ്പതിന്നാർക്കുമ-
ങ്ങുദ്യോഗമേതുമെഴുന്നീലപ്പോൾ,
വാതായനങ്ങളും വീതങ്ങളായിതേ
വാരിവിഹാരവുമവ്വണ്ണമേ.
ചന്ദനലേപവും മന്ദമായ് വന്നുതേ,
ചന്ദ്രികാസേവയോ പിന്നെയല്ലോ

IX_Malayalam_Combine.indb 3 4/16/2019 12:56:55 PM

അഭ്യാസം

I. പദപരിചയം

ആമന്ദം, പ്രാലേയം, തൂകി, പങ്കജനാഥൻ, കെല്പ്, മേവുക, വെല്ലുക,

വാരുറ്റ, വാരിജം, കാന്ത, കാർപ്പാസം, കൂർപ്പാസം, പാവകൻ, സ്വസ്തികാബന്ധം, വായ്പ്, വാതായനം, വാരിവിഹാരം, അവ്വണ്ണം, ചന്ദനലേപം, ചന്ദ്രികാസേവ.

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. പാലാഴിത്തൂവെള്ളം തൂകുന്നതു പോലെ തൂകിയത്.

   അ) ശീതം

   ആ) പ്രാലേയം

   ഇ) ഹേമന്തം

   ഈ) ആമന്ദം

2. പങ്കജനാഥൻ എന്ന് വിശേഷിപ്പിക്കുന്നതാരെ?

   അ) ചന്ദ്രൻ

   ആ) സൂര്യൻ

   ഇ) താമര

   ഈ) നക്ഷത്രം

3. കൂർപ്പാസം എന്ന പദത്തിന്റെ അർത്ഥമെന്ത്?

   അ) മഞ്ഞ്

   ആ) കുപ്പായം

   ഇ) പരുത്തി

   ഈ) തുണി

III. ഉത്തരമെഴുതുക

1. ഹേമന്തകാലത്തിന്റെ വരവ് കവി വർണിക്കുന്നത് എപ്രകാരമാണ്?
2. "കാന്തനു കാന്തി കുറഞ്ഞതു കാണുമ്പോൾ
   കാന്തമാർ കാന്തിയും മങ്ങുമല്ലോ" എന്ന വരികളുടെ ആശയം വ്യക്തമാക്കുക.
3. ഹേമന്ത ഋതുവിൽ മന്ദമായ് വന്ന സുഗന്ധം എന്തിന്റേതായിരുന്നു?
4. ചീർത്തുനിന്ന ശൈത്യത്താൽ ആർത്തന്മാരായവർ എന്തെല്ലാമാണ് ചെയ്തത്?

IV. മനപ്പാഠമാക്കാനുള്ള വരികൾ

ശീതം തഴച്ചോരു..... കാന്തിയും മങ്ങുമല്ലോ

IX_Malayalam_Combine.indb 4 4/16/2019 12:56:55 PM

ഭാഷയും മനുഷ്യനും

ഡോ.വി.ആർ. പ്രബോധചന്ദ്രൻ നായർ



വി, ആർ, പ്രബോധചന്ദ്രൻ നായർ [1938] : മലയാളഭാഷാ പണ്ഡിതനും, അധ്യാപകനുമാണ്. എറണാകുളം ജില്ലയിലെ പറവൂരിൽ ജനിച്ചു. കേരള യൂണിവേഴ്സിറ്റി ലിംഗ്വിസ്റ്റിക്സ് വിഭാഗം മേധാവിയായിരുന്നു. കേരളകലാമണ്ഡലത്തിന്റെ ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക, മലയാളം മലയാളിയോളം, ഭാഷാശാസ്ത്രനിഘണ്ടു, സ്വനവിജ്ഞാനം, ലോകഭാഷകൾ എന്നിവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി, ഐ. സി. ചാക്കോ എൻഡോവ്മെൻറ് അവാർഡ്, എം. കെ. കെ. നായർ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

പുഞ്ചിരിക്കാനും സംസാരിക്കാനും മനുഷ്യനുള്ള കഴിവാണ് അവനെ മറ്റു ജീവികളിൽ നിന്നും വേർതിരിക്കുന്ന ഏറ്റവും പ്രകടമായ സവിശേഷത. ഒറ്റയ്ക്കെടുത്തു നോക്കിയാൽ മനുഷ്യരാശിക്കു കൈവന്നിട്ടുള്ള മഹത്തമസമ്പത്താണ് ഭാഷ. ഇപ്പോൾ ജീവിച്ചിരിക്കുന്നവരോ, മുമ്പു ജീവിച്ചിരുന്നു മൺമറഞ്ഞുപോയവരോ ആയ ഏവരുടെയും അറിവും അനുഭവപരിചയവും നമുക്കു പ്രയോജനപ്പെടുന്നത് ഭാഷയുടെ ഔചിത്യപൂർവകമായ പ്രയോഗത്തിലൂടെയാണ്. സാമൂഹികജീവിതത്തിൽ സഹകരണം സാദ്ധ്യമാക്കുന്ന മുഖ്യോപാധി ഭാഷയത്രെ. ഭാഷാപ്രയോഗം തീർത്തും ഒഴിവാക്കിയ ഒരു ജനസമൂഹവും ഇന്നുവരെ നരവംശശാസ്ത്രജ്ഞൻമാരോ ഭാഷാശാസ്ത്രജ്ഞൻമാരോ കണ്ടെത്തിയിട്ടില്ല.



മിക്കവരും ഉറക്കമുണർന്നിട്ട് ആദ്യം ഏറ്റവും സ്വാഭാവികമായി ചെയ്യുന്ന പ്രവൃത്തി, അടുത്താരെങ്കിലുമുണ്ടെങ്കിൽ ആ വ്യക്തിയോടു വല്ലതും പറയുക എന്നതായിരിക്കും. മറിച്ച്, അടുത്തൊരാളുണ്ടായിരിക്കെ ഒരു സംസാരവും നടന്നില്ലെങ്കിൽ അതാവും ഏറ്റവും. അസ്വാഭാവികം.

വീട്ടിലെ പട്ടിയോ, പൂച്ചയോ ഉണർന്നെന്നീറ്റു സംസാരിച്ചു തുടങ്ങിയാലോ? എല്ലാ വാർത്താമാധ്യമങ്ങളിലും ഈ അൽഭുതത്തിന് മുഖ്യസ്ഥാനംതന്നെ ലഭിക്കും.

IX_Malayalam_Combine.indb 5 4/16/2019 12:56:56 PM

ഭാഷ: പ്രയോഗങ്ങളും പ്രയോജനങ്ങളും

ജീവൻ നിലനിൽക്കുന്നതിന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ശാരീരികധർമമാണല്ലോ ശ്വാസോച്ഛ്വാസം. നിശ്വാസവായു നമ്മുടെ ശരീരത്തിൽനിന്നു പുറത്തു പോകുന്നതി നിടയിൽ അതിന്റെ മാർഗവും ഗതിയും ഭേദപ്പെടുത്തുന്നതിൽനിന്നാണ് ബഹുഭൂരിപക്ഷം ഭാഷണസ്വനങ്ങളുടെയും പിറവി. അപ്പോൾ, 'വക്താക്കളുടെ ജീവന്റെ ജീവൻ' എന്നു വരെ ഭാഷയെപ്പറ്റി പറയാം. ആലങ്കാരികമായും അക്ഷരാർത്ഥത്തിലും അതു ശരിതന്നെ.

നാവും ചുണ്ടുകളും മറ്റും ഉച്ചാരണാവയവങ്ങൾ എന്ന നിലയ്ക്ക് ഭാഷണമെന്ന പ്രക്രിയയിൽ പ്രവർത്തിക്കുന്നു. പക്ഷേ, മൗലികമായി സ്വനങ്ങൾ ഉച്ചരിക്കുന്നതിനല്ല, ഭക്ഷണം കഴിക്കുന്നതിനും മറ്റുമാണ് അവ ഉപകരിക്കുക. ഭാഷണസ്വനങ്ങളുടെ ഉച്ചാരണം എന്ന ധർമം മാത്രമുള്ള ഒരവയവവും നമുക്കില്ല.



ഭാഷയോളം കാര്യക്ഷമമല്ലെങ്കിലും, അന്തർഗതം അന്യരെ ധരിപ്പിക്കുന്നതിന് അംഗവിക്ഷേപം തുടങ്ങിയ മറ്റു മാർഗ്ഗങ്ങളുമുണ്ട്. പക്ഷേ, അവയുമായി തട്ടിച്ചുനോ ക്കുമ്പോൾ നിസ്സാരമായ ശാരീരികാധ്വാനം മാത്രമേ ഭാഷണത്തിനു വേണ്ടൂ. ഭാഷണത്തിനി ടയിൽത്തന്നെ കൈകാലുകളും മറ്റവയവങ്ങളും യഥേഷ്ടം ചലിപ്പിക്കാനും അങ്ങനെ മറ്റു പ്രവൃത്തികളിൽ ഏർപ്പെടാനും വക്താവിനു കഴിയുന്നു. വെളിച്ചത്തിലെന്നപോലെ ഇരുട്ടിലും ഭാഷണം ആശയവിനിമയത്തിന് ഉപകരിക്കും. സർവ്വോപരി ഭാഷണപ്രക്രിയയിൽ നിന്നുത്ഭവിക്കുന്ന സ്വനതരംഗങ്ങൾ എല്ലാ ദിക്കിലേക്കും വ്യാപിക്കുന്നു. വക്താവിന്റെ മുന്നിൽ മാത്രമല്ല ഏതു ഭാഗത്തുമുള്ളവർക്കും അയാളുടെ സംസാരത്തിൽനിന്നു കാര്യം മനസ്സിലാക്കാം. ആംഗ്യങ്ങൾ, കൊടികൾ, വിളക്കുകൾ തുടങ്ങിയ ദൃശ്യചിഹ്നങ്ങളും പ്രതീകങ്ങളുമുപയോഗിച്ചും ആശയവിനിമയം സാദ്ധ്യം തന്നെ. എന്നാൽ അവയെക്കാളൊക്കെ എത്രയോ മടങ്ങു ശക്തവും ഉദ്ദിഷ്ടഫലം ഉളവാക്കുന്നതിന്നുപകരിക്കുന്നതുമാണ് ഭാഷണം.

മനുഷ്യന് ഇന്നോളം പരിചയിക്കാനോ, രൂപപ്പെടുത്തിയെടുക്കാനോ സാധിച്ചിട്ടുള്ള ചിഹ്നങ്ങളുടെയും പ്രതീകങ്ങളുടെയും വ്യവസ്ഥകളിൽ ഏറ്റവും അർത്ഥപുഷ്കലവും അന്തമറ്റ വികാസസാധ്യതകളാർന്നതുമാണു ഭാഷ. ചിന്തിക്കാനും തമാശ പറയാനും ഏതു കാര്യത്തിന്റെയും അടിയോളം ആണ്ടിറങ്ങി സൂക്ഷ്മവും സമഗ്രവുമായ ചർച്ചകളിൽ ഏർപ്പെടാനും സ്വപ്നം കാണാനും സത്യം വെളിപ്പെടുത്താനും ഒളിച്ചുവയ്ക്കാനും പാട്ടു പാടാനും ആട്ടത്തിനു കൂട്ടുനില്ക്കാനുമൊക്കെ ഭാഷ മനുഷ്യനു പ്രയോജനപ്പെടുന്നു.

IX_Malayalam_Combine.indb 6 4/16/2019 12:56:56 PM

ഓരോ ഭാഷയും ഒട്ടേറെ ചിഹ്നങ്ങളുടേയും പ്രതീകങ്ങളുടെയും വ്യവസ്ഥയാണ്. ഇത് അല്പം വിശദീകരണമർഹിക്കുന്നു. ആന എന്ന മൃഗത്തോടു നേരിട്ടൊരു ബന്ധവും 'ആന' എന്ന മലയാളവാക്കിനില്ല. എങ്കിലും 'ആന' എന്നു കേൾക്കുമ്പോൾ ആ മൃഗത്തെത്തന്നെയാണു മലയാളികൾ ഓർമിക്കുക. കുതിരയെയും പട്ടിയെയും പൂമ്പാറ്റയെയുമൊന്നുമല്ല. എന്നാൽ ആനയോട് ഓരോ വ്യക്തിക്കും ഉണ്ടാകാവുന്ന പൂർവപരിചയത്തിന്റെ സ്വഭാവത്തെ ആസ്പദമാക്കി, 'ആന' എന്നു കേൾക്കുന്ന ഓരോ മലയാളിയുടെയും മനസ്സിൽ ഉണരുന്നത് ഏറെക്കുറെ വ്യത്യസ്തങ്ങളായ ചിത്രങ്ങളും ചിന്തകളുമായിരിക്കും. ഇന്ന വാക്കിന് ഇന്നതാണർത്ഥം എന്നിങ്ങനെ എല്ലാ മലയാളികൾക്കും സമ്മതമായ നിരവധി നിയമങ്ങളുണ്ട്. 'ആന'യ്ക്കും ബാധകമാണ് അത്തരം ഒരു നിയമം. എങ്കിലും സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ മാത്രമേ ആരെ സംബന്ധിച്ചായാലും, ഏതു നിയമത്തിനും പ്രസക്തിയുള്ളൂ.



സംസാരിക്കാനാവശ്യമായ കഴിവ് മനുഷ്യത്വത്തിന്റെ ഏറ്റവും പ്രധാനമായ ഒരു ഘടകമാണ് എന്ന് ആദ്യമേ നാം കണ്ടു. എഴുതാനും വായിക്കാനും വേണ്ടുന്ന കഴിവിന്റെ കഥ ഇതല്ല. ഈ ഭൂമുഖത്ത് പ്രായപൂർത്തിയെത്തിയ വ്യക്തികളിൽ പകുതിയിലേറെ നിരക്ഷരരത്രെ. ആധുനികയുഗത്തിൽ എഴുതാനും വായിക്കാനും അറിയായ്ക വലിയൊരു വൈകല്യം തന്നെയാണ്. എന്നാൽ, ഇതിലും എത്രയോ മടങ്ങു ഗുരുതരമായ വൈകല്യമാണ് സംസാരശേഷിയില്ലായ്ക. മനുഷ്യർക്കിടയിൽ വളരുമ്പോൾ വിശേഷിച്ചൊരു പരിശീലനവും കൂടാതെ ശിശുവിനുണ്ടാവുന്ന സുപ്രധാനമായ നേട്ടമാണു സംസാരശേഷി. മാതൃഭാഷ സംസാരിക്കാനാവശ്യമായ കഴിവ്; ഉച്ചാരണാവയവങ്ങൾക്കോ, മസ്തിഷ്കത്തിനോ വൈകല്യമൊന്നുമില്ലാത്ത എല്ലാ ശിശുക്കൾക്കും സ്വയമേവാഗതമത്രേ. സ്വന്തം സാമൂഹികസാഹചര്യത്തിൽ പ്രചരിക്കുന്ന ഭാഷ സ്വയം വശമാവുന്നതിൽനിന്ന് ശിശുക്കളെ തടയാൻ നമുക്കു സാദ്ധ്യമല്ല എന്നതാണു സത്യം. മാതൃഭാഷതന്നെ എഴുതാനും വായിക്കാനും വശമാകണമെങ്കിലോ? എത്ര ക്ഷമാപൂർവ്വമായ പരിശീലനം അതിനു വേണ്ടിവരും!

ലോകഭാഷകളിൽ ചെറിയൊരു ശതമാനത്തിനു മാത്രമേ സ്വന്തമായ ലിപികൾ, അതായത് ഭാഷ എഴുതിക്കാണിക്കാവുന്ന ദൃശ്യ ചിഹ്നങ്ങൾ ഉള്ളൂ. സഹസ്രാബ്ദങ്ങളിലൂടെയുള്ള പുരോഗതിയുടെ എത്രയോ പടികൾ മനുഷ്യവംശം ചവുട്ടിക്കയറിക്കഴിഞ്ഞതിനുശേഷമാണ് ചിത്രങ്ങളുടെയും ലിപികളുടെയും ആവിർഭാവം.

മനുഷ്യന് ഇന്നോളമുണ്ടായിട്ടുള്ള എല്ലാ നേട്ടങ്ങളുടെയും പിന്നിൽ, അന്തർഗതങ്ങൾ സംഭാഷണത്തിലൂടെ പരസ്പരം അറിയിച്ച് അന്യോന്യം സാധിച്ച സഹകരണത്തിന്റെ

IX_Malayalam_Combine.indb 7 4/16/2019 12:56:56 PM



വിജയമാണ് മുഖ്യമായും കാൺമാനുള്ളത്. ഒരേ ഭാഷ വ്യക്തികളെ തമ്മിൽ ഇണക്കുന്നു. വ്യത്യസ്ത ഭാഷകൾ അവരെ ഏറെക്കുറെ അകറ്റുകയും ചെയ്യുന്നു. ഇതാണു സാമാന്യ തത്ത്വം. 'ഒരേ ഭാഷ അന്യോന്യം അകറ്റിയ രണ്ടു രാജ്യങ്ങൾ' എന്ന് ബർണാഡ് ഷാ ഇംഗ്ലണ്ടിനെയും അമേരിക്കയേയും പറ്റി പറഞ്ഞതിലെ സാരസ്യത്തിന്റെ അടിസ്ഥാനം ഈ തത്ത്വം തന്നെ. ഭാഷയ്ക്ക് സമൂഹത്തോടും സംസ്കാരത്തോടുമുള്ള ഉറ്റബന്ധം അനുഭവിച്ചറിയാൻ ജീവിതത്തിലെ ഏതു സന്ദർഭവും ശ്രദ്ധിച്ചു നോക്കിയാൽ മതിയാകും. ഒരുദാഹരണംകൊണ്ട് ഈ വസ്തുത വിശദമാക്കാം:

രംഗം നാട്ടിൻപുറത്തെ ഒരു പുഴക്കടവ്. എണ്ണ തേച്ചു സോപ്പും തോർത്തുമായി കൂലിപ്പണിക്കാരനായ കുട്ടപ്പൻ കടവിലേക്കു നടന്നുവരുന്നു. അവനെ നല്ല പരിചയമുള്ള സ്ഥലത്തെ ഒരു മാന്യദേഹമായ കേശവപിള്ള എതിരെ വരുന്നു. എപ്രകാരമായിരിക്കും കേശവപിള്ളയുടെ ഏറ്റവും സ്വാഭാവികമായ പെരുമാറ്റം? ഒരു പുഞ്ചിരിയോടെ 'കുട്ടപ്പൻ കുളിക്കാനിറങ്ങി, അല്ലേ?' എന്നോ മറ്റോ അദ്ദേഹം ചോദിച്ചെന്നിരിക്കും. 'ഇന്നത്തെ പത്രം വന്നോ?', 'പത്തരയ്ക്കുള്ള കോട്ടയം ഫാസ്റ്റ് പാസഞ്ചർ പോയോ?' എന്നും മറ്റുമുള്ള ചോദ്യങ്ങൾ പോലത്തെ ഒരു ചോദ്യമല്ല കേശവപിള്ളയുടേത്. തനിക്കറിവില്ലാത്ത ഒരു വസ്തുത മനസ്സിലാക്കുക എന്നതല്ല അതിന്റെ ലക്ഷ്യം. സ്വന്തം മനുഷ്യത്വം തെളിയിക്കാൻ, അഥവാ മനുഷ്യപ്പറ്റുള്ള ഒരാളാണ് താനെന്ന് കുട്ടപ്പനെ ബോദ്ധ്യപ്പെടുത്താൻ മാത്രമാണ് അദ്ദേഹം അങ്ങനെ ചോദിച്ചത്. ഇംഗ്ലീഷിൽ 'ഗുഡ് മോർണിങ്ങ്' എന്നു പറയുന്നതു പോലുള്ള ഒരഭിവാദനരീതി മലയാളത്തിൽ ഇല്ലാത്തതിന്റെ വിടവു നാം നികത്തുന്നത് ഇത്തരം ചില ഭാഷണാംശങ്ങൾകൊണ്ടാണ്.

ആശയം പ്രകാശിപ്പിക്കുക എന്നതു മാത്രമല്ല ഭാഷയുടെ ധർമം എന്ന് അല്പമൊന്നാലോചിച്ചാൽ നമുക്കു ബോധ്യപ്പെടും. ആശയം മറച്ചുവയ്ക്കാനാണല്ലോ ആധുനികയുഗത്തിൽ ഭാഷ പലപ്പോഴും പ്രയോഗിച്ചു കാണുന്നത്. മാത്രമല്ല, പച്ചക്കള്ളം തട്ടിമൂളിക്കാനും അന്യോന്യബന്ധമില്ലാത്ത വസ്തുതകളെപ്പറ്റി പരാമർശിക്കാനും കോപതാപാദിവികാരങ്ങൾ പ്രകടിപ്പിക്കാനും ശ്രോതാക്കളുടെ ശ്രദ്ധയാകർഷിക്കാനും സാഹിത്യത്തിനും സംഗീതത്തിനും മാധ്യമമാവാനുമൊക്കെക്കൂടി ഭാഷ പ്രയോജനപ്പെടുന്നു. സന്ദേശവിനിമയ

IX_Malayalam_Combine.indb 8 4/16/2019 12:56:56 PM

പരം, ആത്മാവിഷ്കാരപരം, ആവർജനപരം, സൗന്ദര്യാരാധനപരം എന്നിങ്ങനെ വേർതിരിച്ചു കാണാവുന്ന ഭാഷയുടെ വിവിധ ധർമങ്ങളോട് ഉറ്റബന്ധം പുലർത്തുന്ന മാറ്റൊരു ഭാഷാ ധർമത്തെ സാമൂഹികം എന്നു വിശേഷിപ്പിക്കാം. ഭാഷയുടെ ഈ സാമൂഹികധർമത്തിന്റെ സമഗ്രമായ പഠനം സാമൂഹികഭാഷാശാസ്ത്രം (Social-Linguistics) എന്ന പേരിൽ പ്രസിദ്ധമായ ഒരു വിജ്ഞാനവിഭാഗത്തിന്റെ വളർച്ചയ്ക്ക് വഴിതെളിച്ചിട്ടുണ്ട്. ഭാഷയാണ് മനുഷ്യനെ ഒരു സാമൂഹ്യജീവിയാക്കിയത്. സന്ദർഭാനുസരണം ഭാഷ പ്രയോഗിക്കാൻ മനുഷ്യർക്കു കഴിവില്ലായിരുന്നുവെങ്കിൽ പരസ്പരസഹകരണത്തെ അടിസ്ഥാനമാക്കിയ സാമൂഹ്യജീവിതം കേവലം അസാധ്യമായേനേ. സംസ്കാരത്തിന്റെ പടിക്കെട്ടുകൾ ചവുട്ടിക്കയറാനും പുത്തൻ കണ്ടുപിടിത്തങ്ങളിലൂടെ പരിഷ്കൃതമായ ആധുനികയുഗത്തിൽ എത്തിച്ചേരാനും മാനവരാശിക്കു സാധിക്കുകയുമില്ലായിരുന്നു.

അഭ്യാസം

I. പദപരിചയം

മുഖ്യോപാധി, ഭാഷണം, അംഗവിക്ഷേപം, ദൃശ്യചിഹ്നങ്ങൾ, വക്താവ്, ശ്രോതാവ്, നിശ്വാസവായു, നിരക്ഷരർ, ആത്മാവിഷ്കാരപരം.

II. വാക്യത്തിൽ പ്രയോഗിക്കുക

സർവ്വോപരി, ഉദ്ദിഷ്ടഫലം, മുഖ്യോപാധി, ഗുരുതരം.

III. ശരിയായ ഉത്തരം എടുത്തെഴുതുക

1. മനുഷ്യരാശിക്ക് കൈവന്നിട്ടുള്ള മഹത്തായ സമ്പത്താണ്
   - അ) ഭാഷ
   - ആ) സൗന്ദര്യം
   - ഇ) അസൂയ
   - ഈ) കോപം
2. ജീവൻ നിലനിർത്തുന്നതിന് ഒഴിച്ചുകൂടാൻ വയ്യാത്ത ശാരീരിക ധർമമാണ്
   - അ) ചിരി
   - ആ) ശ്വാസോച്ഛ്വാസം
   - ഇ) കരച്ചിൽ
   - ഈ) ഭാഷണം
3. മനുഷ്യനെ സാമൂഹ്യജീവിയായി മാറ്റുന്നതെന്ത്?
   - അ) സ്നേഹം
   - ആ) ദയ
   - ഇ) ആധിപത്യം
   - ഈ) ഭാഷ

IV. ഉത്തരമെഴുതുക

1. ഭാഷ എന്നാലെന്ത്?
2. മനുഷ്യനു കൈവന്നിട്ടുള്ള മഹത്തായ സമ്പത്താണ് ഭാഷ എന്നു പറയാൻ കാരണമെന്ത്?
3. ആശയവിനിമയത്തിന് ഉപകരിക്കുന്ന മറ്റുപാധികൾ ഏവ?
4. ഒരേ ഭാഷ വ്യക്തികളെ തമ്മിലിണക്കുന്നു. എന്തുകൊണ്ട്?
5. ഭാഷയും മനുഷ്യനും എന്ന പാഠഭാഗത്തെ ആസ്പദമാക്കി ഭാഷയുടെ പ്രാധാന്യത്തെ കുറിച്ചെഴുതുക.

IX_Malayalam_Combine.indb 9 4/16/2019 12:56:57 PM

ചുടലത്തെങ്ങ്

കാരൂർ



കാരൂർ നീലകണ്ഠപ്പിള്ള [1892 – 1975] : കാരൂർ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നു അധ്യാപകനും സാഹിത്യ പ്രസാധക സഹകരണസംഘത്തിന്റെ സ്ഥാപക സെക്രട്ടറിയും ആയിരുന്നു. ഉതുപ്പാന്റെ കിണർ, മേൽവിലാസം, പുവൻപഴം, ഒരുപിടി മണ്ണ്, മരപ്പാവകൾ, മോതിരം, തേക്കുപാട്ട് എന്നിവ അദ്ദേഹത്തിന്റെ ചില പ്രധാന കൃതികളാണ്. 1968ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വളരെ പ്രസിദ്ധമായ ഒരു കഥയാണ് ചുടലത്തെങ്ങ്.

വേനല്ക്കാലം. ഉച്ച തിരിഞ്ഞ സമയം. ഞാൻ ഒരിടവഴിയേ പോകയാണ്.

അടുത്ത പറമ്പിലെ ഒറ്റയ്ക്കു നില്ക്കുന്ന തെങ്ങിൽ നിന്നു തേങ്ങാ പറിക്കുകയാണ് വാസു.

"ഗോപാലനു കരിക്കിൻവെള്ളം വേണെങ്കിൽ കേറിവാ" എന്ന് വാസു എന്നെ ക്ഷണിച്ചു. അപ്പോഴേക്ക് നാലഞ്ചു കരിക്കു താഴെ വീണു. കയ്യാലയ്ക്കു സാമാന്യം ഉയരമുള്ളതുകൊണ്ടു പറമ്പിൽ കേറാൻ പ്രയാസം. പരമു മുകളിൽ നിന്നു കൈ നീട്ടിത്തന്നു: "ഇതിലേ ഇങ്ങു കേറിക്കോ."

അല്പം വിഷമിച്ചാണ് കയ്യാല കേറിയത്. കേറാൻ പ്രയാസം. ക്ഷണിച്ചവർക്ക് അവിടെ ഒരവകാശവുമില്ല. അന്യന്റെ പറമ്പിൽ നിന്ന്, ശരിയായ വഴിക്കല്ലാതെ കേറി കരിക്കു പറിച്ചു കുടിക്കുക സന്തോഷമുള്ള കാര്യമല്ല. ഒരു സമാധാനമുണ്ട്. ആ തെങ്ങിലെ തേങ്ങാ ഉടമസ്ഥൻ ഉപയോഗിക്കാറില്ല. ധർമ്മത്തിനു വച്ചിരിക്കയാണത്.

ആ ശ്മശാനത്തിലിരുന്നു ഞങ്ങൾ കരിക്കു വെട്ടി കുടിച്ചു. ശവത്തിന്റെ തലയ്ക്കൽ കുഴിച്ചുവച്ച തെങ്ങാണത്. ഇടയ്ക്ക് പരമു പറഞ്ഞു: "പാപ്പിയമ്മൂമ്മ സുകൃതംചെയ്തവരാ. ഇവിടെ എത്രപേരെ ദഹിപ്പിച്ചതാ! എത്ര തൈ വെച്ചതാ! പാപ്പിയമ്മൂമ്മയുടെ തലയ്ക്കൽ വച്ച തൈ മാത്രമല്ലേ പിടിച്ചൊള്ളു?" വാസു പറഞ്ഞു: "അവരു സുകൃതം ചെയ്തിരിക്കും. ജീവനുള്ള കാലത്ത് അവർ ആർക്കും ഒരു ഉപകാരവും ചെയ്തിട്ടില്ലെന്നാ കേട്ടിരിക്കുന്നെ!"



ഞാൻ പറഞ്ഞു: "ഈ കരിക്കിൻവെള്ളം പോലെ മധുരമുള്ള സ്വഭാവമായിരുന്നു അമ്മൂമ്മയ്ക്ക്."

വാസു: "സൂക്ഷിച്ചോളിൻ. അവര് ഈ തെങ്ങേലാ പാർക്കുന്നത്. കരിക്കു കുടിച്ചോരുടെകൂടെ അവരുടെ പ്രേതവും കൂടും, കേട്ടോ? അതു പേടിച്ചല്ലേ ഈ വീട്ടുകാര് ഈ തേങ്ങാ ഉപേക്ഷിച്ചിരിക്കുന്നത്?"

ഞാൻ നടക്കാൻ തുടങ്ങി. "പാപ്പിയമ്മൂമ്മ പുറകെ വരുവേ" എന്ന് വാസു പറഞ്ഞു.

IX_Malayalam_Combine.indb 10 4/16/2019 12:56:57 PM

അങ്ങനെതന്നെ ഉണ്ടായി. അമ്മൂമ്മ എന്റെ പുറകേ വന്നു. അമ്മൂമ്മയല്ല, അമ്മൂമ്മയുടെ പ്രേതവുമല്ല; അമ്മൂമ്മയെപ്പറ്റിയുള്ള സ്മരണയാണെന്നു മാത്രം. അവരൊരു പ്രത്യേക സ്വഭാവക്കാരിയായിരുന്നു; പൊതുവെ എല്ലാവർക്കും ആക്ഷേപവുമായിരുന്നു. ഞാനിന്നും ഓർക്കുന്നു, ആദ്യം അവരുമായി ഇടപെട്ട സന്ദർഭം. ഒരു ദിവസം നേരം വെളുത്തപ്പോൾ വീട്ടിലെ തൊഴുത്തിൽനിന്ന പശുവിനെ കാണാനില്ല. കയറാണെങ്കിൽ, കെട്ടിയ കുറ്റിയിൽ കിടപ്പുണ്ട്. അമ്മ പറഞ്ഞിട്ട് ഞാൻ പശുവിനെ തിരക്കി പുറപ്പെട്ടു. പലടത്തും നോക്കി. ഒടുവിൽ പാപ്പിയമ്മൂമ്മയുടെ വീട്ടിൽ ചെന്നു. മുറ്റത്തു കേറിയപ്പഴേ അമ്മൂമ്മ അലറി:

"ഏതു വർക്കത്തില്ലാത്തവനാടാ ഒന്നാന്തിയേമായിട്ട് കേറി വരുന്നത്?" അപ്പോഴേക്ക് ഞാൻ അവരോടു കുറച്ചുകൂടി അടുത്തു: "ഞാനാ, ഗോപാലനാ ,"

"എവിടത്തെ ഗോപാലൻ ?"

"പാലമൂട്ടിലെ." ഇത്ര അടുത്തു താമസിക്കുന്ന എന്നെ അമ്മൂമ്മ അറിയാത്തതിൽ എനിക്കു സ്വല്പം അരിശം തോന്നി.

"കാലത്തെ നിന്നെ വല്ലവരും ഇങ്ങോട്ടു ക്ഷണിച്ചോ? ഒന്നാന്തിയേമായിട്ട് ഓരോത്തിങ്ങളു വന്നു കേറിയാൽ ആ മാസം മുഴുവൻ നശിപ്പായിരിക്കും. എന്തിനാ നീ വന്നത്?"

"ഞങ്ങടെ പശുവിനെ കണ്ടില്ല." "അതിനെന്നാ, ഞാനിവിടെ പിടിച്ചു കെട്ടിയിരിക്കുവാണോ? പശുക്കളെ കറക്കാൻ നേരത്ത് അന്വേഷിച്ചാപ്പോരാ, അതിനു വല്ലതും തിന്നാൻ കൊടുക്കണം. അതിനു വിശന്നിട്ട് രാത്രി കയറും പൊട്ടിച്ചുപോയിക്കാണും. നിന്റെ തള്ളയ്ക്കെന്തൊ ജോലി? കണ്ട നൊണം പറഞ്ഞിരിക്കുമ്പം കുറെ പുല്ലു ചെത്തി പശുവിനു കൊടുത്താലെന്താ? നിനക്കും ആകാവുന്നതല്ലേ ഇതൊക്കെ?

ക്കെ? ആർക്കും മെയ്യനങ്ങാൻ കഴിയുകേല. പശുക്കളു കൂട്ടിൽനിന്നു പിരാകിയാൽ ഏഴു ജന്മത്തേക്കു നില്ക്കും അതിന്റെ ദോഷം."

ഞാൻ മറുപടി ഒന്നും പറയാൻ ശക്തനായില്ല. അവർ തുടർന്നു: "അതിനു നീ ഇങ്ങോട്ടു വന്നതെന്തിനാ?" "ഈ പറമ്പിലെങ്ങാനും ഉണ്ടോന്നു നോക്കാനാ."

"നിങ്ങളു വിചാരിച്ചതു നിങ്ങടെ പറമ്പുപോലെ നാലു പുറവും നിരന്നു കിടക്കുവാ ഈ പറമ്പെന്നാ? എടാ! നാലു വശവും കയ്യാലേം തീർത്തു വേലീം കെട്ടിയിരിക്കുന്ന ഇവിടെങ്ങനാ പശു കേറുന്നേ?" "അതിപ്പം ഞാനറിഞ്ഞോ ഇവിടെ വേലി കെട്ടിയിരിക്കയാണെന്ന്?"

"നീ അറിയുകേല്ല. നീ എങ്ങനെ അറിയും; നിന്റെ വീട്ടിക്കാണുന്നതല്ലേ നിനക്കറിയാവു?" എനിക്കല്പം അഭിമാനം തോന്നി, "എന്റെ വീട്ടിലും വേലി കെട്ടീട്ടൊണ്ട്" എന്നു പറഞ്ഞ് ഞാൻ തിരിഞ്ഞുനടക്കാൻ തുടങ്ങി. "നിന്റെ കൈയിൽ എന്തോന്നാടാ ഇരിക്കുന്നേ?" "പശുവിന്റെ കയറാ." "എടാ പഞ്ചപാപീ, ഒന്നാന്തിയേമായിട്ട് ഈ കാലപാശവുംകൊണ്ടാണോ നീ കേറിവന്നത്? എന്റെ ദൈവേ, എന്തെല്ലാം വരുവേന്നറിയാമ്മേല! മുപ്പതു ദിവസം എങ്ങനെയെങ്കിലും കഴിഞ്ഞാ മതിയാരുന്നു.

ഞാൻ ഒരധികപ്രസംഗം പറഞ്ഞു:

"കാലപാശവുംകൊണ്ടു വന്നാൽ വല്ലോരും ചാകുമെന്നാണോ പേടി? ഇത്രയും വയസ്സായ അമ്മൂമ്മയെന്തിനാ ചാകാൻ പേടിക്കുന്നേ?"

"ഒന്നാന്തിയേമായിട്ട് ഇറങ്ങിപ്പോകുന്നുണ്ടോ തെമ്മാടീ?" ഞാൻ പടിക്കലേക്കു നടന്നു, മനസ്സാ അവരെ പിരാകിക്കൊണ്ട്. അവർ പുറകിൽ നിന്നു വിളിച്ചു: "നീ ഇങ്ങോട്ടു വന്നേ." അവർക്കെന്നെ ശകാരിച്ചിട്ടു മതിയായില്ലെന്നു തോന്നുന്നു. ഇനി വല്ലതും പറഞ്ഞാൽ ഞാനും പറയും. അവരോട് 'ചാകരുതോ' എന്നു ചോദിച്ചതിന് 'തെമ്മാടി' എന്ന വിളി തട്ടിക്കിഴിക്കാം.

IX_Malayalam_Combine.indb 11 4/16/2019 12:56:57 PM

ഇനി വല്ലതും പറഞ്ഞാൽ കിളവിയാണെന്ന് കൂട്ടാക്കുകയില്ല. ഞാൻ. "ഞാൻ പശുവിനെ അന്വേഷിച്ചുപോയപ്പോൾ അമ്മൂമ്മയെന്നെ പുറകീന്നു വിളിച്ചതെന്തിനാ? ഞങ്ങടെ പശുവിനെ കാണരുതെന്നുവച്ചിട്ടാണോ?"

"നീ അവിടെ നിക്ക്" എന്നു പറഞ്ഞ് അമ്മൂമ്മ മുറിക്കുള്ളിലേക്കു പോയി. തിരിച്ചുവന്നപ്പോൾ അവരുടെ കൈയിൽ രണ്ടുമൂന്നു പഴമുണ്ടായിരുന്നു.

"എന്റെ മക്കളെ, പഞ്ചപാപീന്നും തെമ്മാടീന്നും പറഞ്ഞതൊന്നും നിന്നെയല്ല, കേട്ടോ? ഒന്നാന്തിയേമായിട്ട് ഇവിടെ വന്നിട്ട് വെറുതെ എങ്ങനെയാ നിന്നെ പറഞ്ഞയയ്ക്കുന്നെ? ഇന്നാ" എന്നു പറഞ്ഞ് അവർ രണ്ടു മുഴുത്ത കണ്ണൻപഴം എനിക്കു നീട്ടി. ഞാനതു വാങ്ങുന്നതിനിടയിൽ അവർ പറഞ്ഞു: "പല്ലു തേച്ചതാണെങ്കിൽ തിന്നോണ്ടു പൊക്കോ, അല്ലെങ്കിൽ കൊണ്ടുപൊക്കോ; പല്ലു തേച്ചിട്ടേ തിന്നാവൂ. ഇപ്പോഴത്തെ പിള്ളേർക്കു വൃത്തീം മെനേമൊന്നുമില്ല."

അവിടെ നിന്നും പോകുന്ന വഴി എനിക്ക് അമ്മൂമ്മയെക്കുറിച്ച് ആ പഴത്തിന്റെ വിലയോളമെങ്കിലും സന്തോഷം തോന്നി എന്നു പറയേണ്ടതില്ലല്ലോ. ആ മാസത്തിന്റെ അവസാനദിവസം ഒരാളയച്ച് അവർ എന്നെ അങ്ങോട്ടു വിളിപ്പിച്ചു. ഒന്നുകിൽ പഴം തരാനായിരിക്കും, അല്ലെങ്കിൽ നാളെ ഒന്നാം തീയതി ആയതുകൊണ്ട് അത് ഓർക്കാതെ ആടിനെയോ പശുവിനെയോ തിരക്കി അങ്ങോട്ടു ചെല്ലരുതെന്നു പറയാനായിരിക്കും. ഞാനവിടെ ചെന്നപ്പോൾ അവർ സന്തോഷത്തോടെ സ്വാഗതം ചെയ്തു:

"നിന്നോടു വരാമ്പറഞ്ഞത് നാളെ ഒന്നാന്തിയ കേറാൻ വരണമെന്നു പറയാനാ."
"കയറു കൂടെ കൊണ്ടുവരണോ?"

"നീ പോടാ, കളി പറയാതെ; നീ ഒന്നാന്തിയ കേറീട്ട് ഈ മാസത്തിൽ ഒരല്ലലുമുണ്ടായില്ല. ആറു മാസംകൂടീട്ട് മകന്റെ എഴുത്തും വന്നു ഈ മാസത്തിൽ."

"അത് ഞാൻ ഒന്നാം തീയതി കേറീട്ടല്ല. എനിക്കു കണ്ണൻപഴം തന്നിട്ടാ. ഒന്നാം തീയതിതോറും നന്നാലു കണ്ണൻപഴം തരാമെങ്കിൽ അമ്മൂമ്മയ്ക്ക സുഖമായിരിക്കും."

"അതെന്നാ, നിങ്ങടെ പറമ്പിൽ വാഴയൊണ്ടാകുകേലേ? വേലയെടുക്കണം. നിന്റെ തന്ത കണ്ടടത്തുപോയി ചീട്ടു കളിക്കുന്ന നേരത്തു നാലു വാഴ വയ്ക്കാൻ പറ. നാലല്ല, നാല്പതു പഴം നിനക്കു തിന്നാമല്ലോ.'

ഞാൻ ഇത്രയും പറഞ്ഞത് മുറ്റത്തുനിന്നുകൊണ്ടാണ്. വരാന്തയിലേക്കു കേറാൻ തുടങ്ങിയപ്പോൾ അമ്മൂമ്മ പറഞ്ഞു:

"വേണ്ട വേണ്ട, അവിടെ നിന്നാ മതി; ഇങ്ങോട്ടൊന്നും കേറി തൊടേണ്ടാ."

"അതെന്താ, ഇവിടെ വല്ലോരും മരിച്ചോ? അമ്മൂമ്മയ്ക്ക് പെലയോ മറ്റോ ആണോ ?"

'നിന്റെ നാക്കേൽ വികടസരസ്വതിയേ വരുവൊള്ളു. നീ പള്ളിക്കൂടത്തീന്നു വന്നിട്ടു കുളിച്ചോ? നീ അങ്ങാടീക്കൂടയല്ലേ പോന്നത്? അവിടെയൊക്കെപ്പോയാൽ കുളിക്കാതെ എന്റെ വീട്ടിൽ ഞാനാരേം കേറ്റത്തില്ല."

"വെളിയിലേക്കിറങ്ങുമ്പോഴൊക്കെ കുളിച്ചാൽ, കുളിക്കാനല്ലേ നേരം കാണുവൊള്ളു?"

"നീ പഞ്ചതന്ത്രം പറയാതെ പോ, നാളെ കാലത്തെ ഇങ്ങു വന്നേക്കണം ."

ഞാൻ അവിടന്നു നടന്നതു കുറെ 'ഗമ'യിലാണ്. ഒന്നാം തീയതി കേറാനും ശകുനത്തിനും കൊള്ളാവുന്നവനെന്നുവച്ചാൽ ശുദ്ധനും ഈശ്വരവിശ്വാസിയും ഐശ്വര്യമുള്ളവനും എന്നൊക്കെയാ അർത്ഥമെന്ന് എനിക്കു തോന്നി. വീട്ടിലുള്ളവർ എന്നെ സാപ്പാട്ടു രാമനെന്നു വിളിക്കാറുണ്ട്. സ്കൂളിൽനിന്നു നിത്യവും രണ്ടും മൂന്നും അടി കിട്ടാറുണ്ട്. 'മടക്കഴുതേ' എന്നു ക്ലാസ്സിൽവെച്ച് അദ്ധ്യാപകൻ പത്തു തവണ വിളിച്ചാൽ, എട്ടും എന്നെയായിരിക്കും.

IX_Malayalam_Combine.indb 12 4/16/2019 12:56:57 PM

അങ്ങനെയെല്ലാമിരിക്കുന്ന എനിക്ക് ആരെയും ഇഷ്ടപ്പെടാത്ത അമ്മൂമ്മ ഒന്നാന്തി കേറാൻ കൊള്ളാവുന്നവൻ എന്ന ബഹുമതി തന്നിരിക്കുന്നു. ഒന്നാം തീയതി കാലത്തെ വല്ലവരും വീടിന്റെ പടിക്കലെത്തുമ്പോൾ അവരെ അവിടെ നിർത്തി അമ്മ ചെന്നു കാര്യം ചോദിച്ചും പറഞ്ഞയയ്ക്കുന്നതും ഐശ്വര്യമുള്ളവർ പടിക്കൽക്കൂടി പോകുന്നതു കണ്ടാൽ അമ്മ വിളിച്ചു വീട്ടിലേക്കു കയറ്റി തിണ്ണയിലിരുത്തി മുറുക്കാൻ കൊടുത്തു സത്കരിക്കുന്നതും ഞാൻ കാണാറുള്ളതല്ലേ! ഞാൻ വീട്ടിൽ ചെന്ന ഉടനെ അമ്മയോടു പറഞ്ഞു: "പാപ്പിയമ്മൂമ്മ പറഞ്ഞിരിക്കുന്നു ഞാൻ ഒന്നാന്തി കേറാൻ ചെല്ലണമെന്ന്. ഈ മാസത്തിൽ ഞാനാ അവിടെ ഒന്നാന്തി കേറിയത്. അവർക്ക് ഈ മാസം മുഴുവൻ സുഖമായിരുന്നെന്ന്."

അമ്മയ്ക്ക് സന്തോഷമായി. "വെളുപ്പിനെ കുളിച്ച് അമ്പലത്തിൽ പോയി തൊഴുതിട്ടു വേണം പോകാൻ. ഈശ്വരനെ വിചാരിച്ചോണ്ടു വേണം പടിക്കകത്തു കേറാൻ" എന്ന് അമ്മ ഉപദേശിച്ചു.

അതുപോലെയൊക്കെ അടുത്ത ദിവസം രാവിലെ ഞാൻ ചെന്നു. അതു പതിവായി. അങ്ങനെ അവിടെ ഞാൻ ഒന്നാം തീയതികേറ്റക്കാരനായി; അമ്മൂമ്മയും ഞാനും വളരെ അടുപ്പക്കാരുമായി. കൂടുതൽ അടുപ്പം ഉണ്ടാകാൻ മറ്റൊരു കാരണവുമുണ്ടെന്നു തോന്നുന്നു. അവർക്കൊരു മകനും ഒരു മകളുമുണ്ട്. മകൻ ജോലിയായിട്ട് എന്നും മറുനാട്ടിലായിരിക്കും. മകളുടെ ഭർത്താവ് സ്വല്പം മദ്യം സേവിക്കുന്ന ആളാണ്. ഒരു ദിവസം അമ്മൂമ്മ മകളുടെ ഭർത്താവിനോടു പറഞ്ഞു: "കുഞ്ഞുപിള്ളേ, ഒരു കാര്യം പറയാം. താനെന്റെ മകളുടെ ഭർത്താവാണ്; എന്റെ കാലശേഷം ഈ കുടുംബം നോക്കേണ്ടവനുമാണ്. എന്നാലും തന്റെ ഈ ശീലം കുടുംബക്കാർക്കു ചേർന്നതല്ല. ഒന്നുകിൽ താൻ കള്ളു തൊടുകേലെന്നു വെളക്കു പിടിച്ചു സത്യം ചെയ്യണം. അല്ലെങ്കിൽ തന്റെ ഭാര്യേം പിള്ളേരേംകൊണ്ട് എവിടെയെങ്കിലും പൊയ്ക്കൊള്ളണം. എന്റെ ജീവനെടുത്തുകഴിയുമ്പോൾ പിന്നെ തനിക്കു സ്വാതന്ത്ര്യം പോലെ ഇവിടെ പെരുമാറാം. ഇതു ഞാൻ വെറും വാക്കു പറയുന്നതല്ല. എനിക്ക് ഇരുപത്തെട്ടു വയസ്സുള്ളപ്പോഴാണ് എന്റെ ഭർത്താവു പിരിഞ്ഞു പോയത്. പിരിഞ്ഞുപോയതല്ല; ഞാൻ പിരിച്ചയച്ചതാണ്. എന്താ കാരണമെന്നു തനിക്കറിയാമോ? മറ്റു യാതൊരു ദോഷവുമുണ്ടായിട്ടല്ല. ഒരു ദിവസം അങ്ങേരിവിടെ വന്നപ്പം കള്ളു കുടിച്ചിട്ടുണ്ടെന്ന് എനിക്കു മനസ്സിലായി. എന്നെക്കാൾ പ്രായമായവരൊക്കെ ഇവിടെയുണ്ട്. അവരുടെ ആരുടേം അഭിപ്രായം ഞാൻ ചോദിച്ചില്ല. വെട്ടിക്കണ്ടിച്ചപോലെ ഞാൻ പറഞ്ഞു, ഇപ്പോൾത്തന്നെ ഇവിടെ വല്ലതുമുണ്ടെങ്കിൽ എടുത്തോണ്ടു യാത്രയായിക്കൊള്ളാൻ. അമ്മയും അച്ഛനും എന്നെ വളരെയധികം വഴക്കുപറഞ്ഞു. അവർ അടിക്കാനുമിടിക്കാനുമൊക്കെ വന്നു. ഞാൻ കട്ടായമായി പറഞ്ഞു, എനിക്ക് ഇങ്ങനെയുള്ള ഒരാളിന്റെ കൂടെ പൊറുക്കാൻ സമ്മതമില്ലെന്ന്. ഇങ്ങനെ എന്റെ മകൾ പറയുകയില്ലെന്ന് എനിക്കറിയാം; പറയണമെന്നെനിക്കു പക്ഷവുമില്ല. അതവളുടെ ഇഷ്ടം. ഏതായാലും എന്റെ ഭർത്താവ് ഒന്നും മിണ്ടാതെ ഇറങ്ങിപ്പോയി. എനിക്കു സങ്കടം തോന്നി. പത്തു കൊല്ലം ഞങ്ങളൊരുമിച്ചു കഴിഞ്ഞതാണ്; വളരെ രമ്യതയിൽ കഴിഞ്ഞതുമാണ്. എന്നിട്ട് ഒരു പ്രാവശ്യത്തേക്കു മാപ്പുകൊടുക്കാൻ എനിക്കു തോന്നിയില്ലല്ലോ! പക്ഷേ, നാലഞ്ചു വർഷം കഴിഞ്ഞ് ഒരിക്കൽ ഞാൻ അങ്ങേരെ കണ്ടപ്പോൾ ഞാൻ ചെയ്തതു തെറ്റല്ലെന്നു തോന്നി. വളരെ മേച്ചമട്ടിൽ, കണ്ടാൽ അറയ്ക്കത്തക്കമട്ടിൽ, മുഴുക്കുടിയനായിട്ടാണ് ഞാൻ അങ്ങേരെ കണ്ടത്. ആ ഓർമ്മകൊണ്ടു ഞാൻ പറയുകയാണ്. ഒന്നുകിൽ നിങ്ങൾ ഇനി കള്ളു തൊടുകില്ലെന്നു സത്യംചെയ്യണം; അല്ലെങ്കിൽ എന്റെ കൺമുമ്പിൽ വരരുത്."

പക്ഷേ, അയാളും തന്റേടക്കാരനായിരുന്നു. അയാൾ ഭാര്യയെയും മക്കളെയുംകൊണ്ട് അയാളുടെ നാട്ടിൽപ്പോയി താമസമുറപ്പിച്ചു. അയാൾ കുടുംബം നല്ലതുപോലെ രക്ഷിക്കുമെങ്കിലും അമ്മൂമ്മയുടെ വീട്ടിൽ കയറുകയില്ല. അമ്മൂമ്മയോട് അയാൾക്ക് പിണക്കമൊന്നുമില്ല. അങ്ങനെ അമ്മൂമ്മ ഏകയായി.

IX_Malayalam_Combine.indb 13 4/16/2019 12:56:57 PM

ഇതൊക്കെ അമ്മൂമ്മ പറഞ്ഞ കഥകളാണ്. ഓരോ സന്ദർഭത്തിൽ തന്മയത്വത്തോടെ പറഞ്ഞുകേട്ടിട്ട് ഞാൻ അപ്പടി വിശ്വസിക്കയുംചെയ്തു. അമ്മൂമ്മയുടെ മകളും അവരുടെ ഭർത്താവും ഒരു തവണ വീട്ടിൽ വന്നു താമസിച്ചതു ഞാൻ കണ്ടിട്ടുണ്ട്; അയാളുടെ മുമ്പിൽ അമ്മുമ്മ വളരെ ശാന്തയും വിനീതയുമായി പെരുമാറുന്നതും കണ്ടിട്ടുണ്ട്. പ്രായമേറിയപ്പോൾ അവരെ വിവേകം കീഴ്പ്പെടുത്തിയതാകാം. അമ്മൂമ്മയുടെ ഭർത്താവിനെ ഞാൻ കണ്ടിട്ടില്ല. അമ്മൂമ്മ ചെറുപ്പത്തിൽ തോന്ന്യാസക്കാരിയായിരുന്നെന്നും ഭർത്താവ് അവരോട് തോറ്റ് ഉപേക്ഷിച്ചുപോയെന്നും അയാൾ മനോവേദന മറക്കാൻ മദ്യം ശീലിച്ചെന്നും അതു വർദ്ധിച്ച് ഉന്മത്തനായി അലഞ്ഞുനടന്ന് ഒടുവിൽ നാടുവിട്ടെന്നും പിന്നീടു കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. അയൽക്കാരും ബന്ധുക്കാരും അമ്മൂമ്മയെ വെറുത്തുപോലും! അവരൊക്കെ അകന്നപ്പോൾ അവരോട് അമ്മൂമ്മയും അകന്നു. "നങ്ങേലിക്കു വന്ന നായര് എടച്ചേരിയാ. അവളെ തൊട്ടു ഞാൻ വെള്ളം കുടിക്കുകേല്ല."

"തൈക്കൂട്ടത്തിൽക്കാർക്കു തീണ്ടലും തൊടീലുമില്ല; അവരടെ വീട്ടിൽ കല്യാണത്തിന് എന്റെ പട്ടി പോകും."

"ഒറങ്ങുമ്പം നമ്മളു മരിക്കുകാ. പിന്നെ ഒണരുമ്പം കുളിച്ചാലേ ശുദ്ധമാകൂ. കാലത്തെ എഴുന്നേറ്റാൽ അടുക്കളേൽക്കേറുന്നതിനുമുമ്പു നെനക്കൊന്നു കുളിച്ചാലെന്താ കൊച്ചുകാർത്ത്യായനീ?" ഇങ്ങനെ അയൽക്കാരെ ആക്ഷേപിച്ചും ഉപദേശിച്ചും പാപ്പിഅമ്മൂമ്മ ഒറ്റപ്പെട്ടു വന്നു. . അകന്ന ബന്ധത്തിലുള്ള ഒരു മച്ചിപ്പെൺപിറന്നോരെ അമ്മൂമ്മയ്ക്ക സഹായത്തിനു കിട്ടി. ആരുമേതുമില്ലാത്ത ആ വേലക്കാരിയും ആരെയും വേണ്ടാത്ത പാപ്പി അമ്മൂമ്മയും ഒന്നിച്ചു പാർക്കുമ്പോളാണ് എന്റെ ഒന്നാം തീയതികേറ്റമുണ്ടായത്. – ക്രമേണ ഞാൻ അവിടെ ഒരു പതിവുകാരനായി. പഠിക്കാനുള്ള പുസ്തകവുമായി അവിടെച്ചെന്നിരുന്നു വായിക്കാൻ അമ്മൂമ്മ നിർബന്ധിക്കും. വായിക്കുമ്പോൾ അവർ അടുത്തുവന്നിരുന്നു കേൾക്കും: "ഒറക്കെ വായിക്ക്. എന്നാലേ അക്ഷരം തെളിയുകൊള്ളു."

"അങ്ങനെയാണോ ശ്ലോകം ചൊല്ലുന്നേ? ഈണത്തിൽ ചൊല്ല്." 'നീ ആ രാമായണമെടുത്തു കുറച്ചു വായിച്ചേ, ഗോപാലാ! ഒറക്കെ വായിക്കണം. രാമായണം വായിക്കുന്നതിന്റെ ഒച്ച കേൾക്കുന്നേടത്തെങ്ങും പിശാചുക്കളു വരുകേല്ല" എന്നും മറ്റും എന്റെ വായനക്കാര്യത്തിൽ അവർ മേൽഭരണം നടത്തി.

അവിടെ ഉറങ്ങാൻ ഞാൻ ക്ഷണിക്കപ്പെട്ടു. അങ്ങനെ ഒരു പതിവും വന്നു.

എനിക്കു കൂടി അത്താഴം തരാൻ അവർക്കു ശേഷിയുണ്ട്. വീട്ടിൽനിന്നു ഞാനൊരു നേരം ഒഴിഞ്ഞാൽ ആശ്വാസം തോന്നുന്ന നിലവാരത്തിലാണ് എന്റെ കുടുംബം.

ആ വീട്ടിലെ ഒരംഗമെന്ന നിലയിൽ എന്നോട് അമ്മൂമ്മ പെരുമാറുന്നത് അവിടത്തെ വേലക്കാരിക്ക് ഇഷ്ടമാകുന്നില്ലെന്ന് എനിക്കു തോന്നി. അമ്മൂമ്മ . അറിയാതെ ആ സ്ത്രീ എന്നെക്കൊണ്ടു ചില ജോലികൾ ചെയ്യിച്ചു. മരത്തിൽ കേറുക, തൊഴുത്തു വൃത്തിയാക്കുക, വെള്ളം ചുമക്കുക മുതലായ പണികൾ. അമ്മൂമ്മയെ ഓർത്ത് ഇതൊക്കെ ഞാൻ ചെയ്തു.

ഒരു പിശ്ശാത്തി കാണാതെപോയെന്നു പറഞ്ഞ് ആ സ്ത്രീ ഒരു ദിവസം ബഹളംകൂട്ടി. അത്താഴമൂണു കഴിഞ്ഞിരിക്കുമ്പോൾ അവർ പറയുകയാണ്: "ഇന്നു നാലു ചക്രത്തിന്റെ പിശ്ശാത്തി. ഇനിയൊരിക്കലെന്താണോ!"

അമ്മൂമ്മ പറഞ്ഞു: "ഇനിയൊരിക്കൽ നിന്റെ അണപ്പല്ല്! അതു കളയുന്നതു ഞാൻ തന്നെയാ." പിന്നെ ഒരിക്കലും ആ മച്ചിപ്പെമ്പിറന്നോര് എന്നെ തുറന്നാക്രമിച്ചില്ല.

വെളുപ്പാൻകാലത്ത് അമ്മൂമ്മ ഉണർന്ന് എന്നെ വിളിച്ചുണർത്തും. ഞാൻ കാലും മുഖവും കഴുകി അറവാതിൽക്കൽ വിളക്കിന്റെ മുമ്പിൽച്ചെന്നിരിക്കണം. അമ്മൂമ്മ ചൊല്ലിത്തരുന്ന കീർത്തനങ്ങൾ ഏറ്റുചൊല്ലണം. "തൊണ്ട തുറന്ന്, കുറെക്കൂടെ ഒച്ചത്തിൽ"

IX_Malayalam_Combine.indb 14 4/16/2019 12:56:57 PM

എന്ന് ഇടയ്ക്കിടെ അവർ എന്നെ ശല്യപ്പെടുത്തും. നല്ല മഞ്ഞുള്ള ധനുമാസത്തിലാണ് ഈ പരിപാടി ആരംഭിച്ചത്. എന്റെ താടി തണുപ്പുകൊണ്ടു കിടുകിടുത്തു. "കുളിരുന്നെങ്കിൽ ഈ കരിമ്പടം പുതച്ചോ" എന്നു പറഞ്ഞ് കരിമ്പടം എനിക്കു തന്നിട്ട് അവരിരുന്നു വിറയ്ക്കാൻ തുടങ്ങി. പ്രഭാതത്തിൽ, വിശേഷിച്ചും മഞ്ഞുകാലത്ത്; പുതച്ചുമൂടി കിടന്നുറങ്ങിയാലുള്ള സുഖം അറുപതു വയസ്സായ അമ്മൂമ്മയ്ക്കറിഞ്ഞുകൂടല്ലോ എന്നു ഞാൻ കുണ്ഠിതപ്പെട്ടു. അവരുടെ അത്താഴവും പലഹാരവും വാത്സല്യപ്രകടനവുമൊക്കെ മറുവശത്തുണ്ടെങ്കിലും ഈ പ്രഭാതകീർത്തനപരിപാടിയിൽനിന്നൊഴിയാൻ ഞാനാഗ്രഹിച്ചു. അടുത്തൊരു ദിവസം, ഈ തണുപ്പത്ത് എഴുന്നേല്ക്കാൻ വയ്യമ്മൂമ്മേ" എന്ന് ഞാൻ പറഞ്ഞു. ഈ പ്രഭാതകീർത്തനപരിപാടിയിൽനിന്നൊഴിയാൻ.

"പത്തും പന്ത്രണ്ടും വയസ്സായ പിള്ളർക്കു കുളിരോ?" എന്നു ചോദിച്ചിട്ട് അവർ പറഞ്ഞു: "കരിമ്പടം പൊതച്ചാലും പോകാത്ത കുളിരാണങ്കിൽ ഞാൻ മാറ്റിത്തരാം. കാലും മുഖോം കഴുകാൻ വെള്ളം ചൂടാക്കിത്തരാം."

"അതൊന്നും വേണ്ട" എന്നു പറഞ്ഞ് ഞാൻ കീർത്തനം ചൊല്ലാൻ ഹാജരായി. അമ്മൂമ്മ നല്ലപോലെ പാടും. എന്നെ പാട്ടു പഠിപ്പിക്കാമെന്ന് അവർ പറഞ്ഞു. എനിക്കു സംഗീതവാസനയുണ്ട്, നല്ല സ്വരമാണ് എന്നൊക്കെ അവർ പറഞ്ഞിട്ടുണ്ട്.

"എനിക്കു പാടാൻ വയ്യ. അമ്മൂമ്മ പാടൂ. ഞാൻ താളംപിടിക്കാം, താടി കൊണ്ട്."

എന്നാലും എനിക്കു പാട്ടു പഠിക്കാനാശയുള്ളതുകൊണ്ട് അരമനസ്സോടെ കീർത്തനം ചൊല്ലാൻ കൂടി.

അക്കാലത്ത് അമ്മൂമ്മ പാടിത്തന്നതു മുഴുവനും കീർത്തനങ്ങളല്ലായിരുന്നെന്ന് അറിവു വച്ചപ്പോൾ എനിക്കു മനസ്സിലായി. അർജ്ജുനനും സുഭദ്രയും കീചകനും പാഞ്ചാലിയും ഒക്കെ, ശിവൻ, പാർവതി, സരസ്വതി, ഉണ്ണിക്കൃഷ്ണൻ, ഗോപസ്ത്രീകൾ ഇവരുടെ ഇടയിൽ ആ രംഗത്ത് പ്രത്യക്ഷപ്പെടാറുണ്ടായിരുന്നു.

കുറെ പാട്ടു കഴിയുമ്പോൾ അമ്മൂമ്മ കഥ പറയാൻ തുടങ്ങും. നല്ല കാര്യം. എനിക്കു ഭിത്തിയിൽ ചാരിയിരുന്നു വേണമെങ്കിൽ മയങ്ങാം. ഇടക്കോരോന്നു മൂളണമെന്ന ബുദ്ധിമുട്ടുമാത്രം. അങ്ങനെ സംഭവിച്ചു. ഞാൻ മയങ്ങിപ്പോയി.

"ഏയ്, അതു പറ്റൂല്ല. ആദിത്യനുദിക്കുമ്പോളുറങ്ങീടൊല്ല എന്നു കേട്ടിട്ടില്ലേ?" അല്പം കഴിഞ്ഞ് അമ്മൂമ്മ എഴുന്നേറ്റുപോയി, എന്നോടു പരിഭവിച്ചിട്ടെന്നപോലെ.

അടുത്ത ദിവസം ഞാൻ ചോദിച്ചു: "കീർത്തനം ചൊല്ലുന്നത് അറവാതിൽക്കൽ വേണോ? പുരയ്ക്കകത്തു പോരേ?" എന്ന്.

എന്നെ തണുപ്പിൽനിന്നു രക്ഷിക്കാൻ അന്ന് അമ്മൂമ്മ എന്നെ മടിയിലിരുത്തി കീർത്തനം പാടിത്തന്നു. ഒരു കരിമ്പടത്തിനുള്ളിൽ ഞങ്ങളിരുന്നപ്പോൾ സുഖകരമായ ചൂടുതോന്നി. കിഴക്കോട്ടു തിരിച്ചുവച്ചിരിക്കുന്ന വിളക്കിനു വടക്കുവശത്തു ഭിത്തിയിൽ ചാരി കാലും നീട്ടിയിരിക്കയാണ്, അമ്മൂമ്മ. തെക്കോട്ട്, ദീപനാളത്തിനു നേരെ തിരിഞ്ഞാണ് എന്റെ മുഖം. ഞാൻ അവരുടെ മടിയിൽ, കാലു നീട്ടി അവരുടെ തടിച്ച ഇടതുഭുജത്തിലും മാറിലും ചാരിയാണിരിപ്പ്.

കുറച്ചുകഴിഞ്ഞപ്പോൾ, "അമ്മൂമ്മയുടെ കാലു നോവുന്നുണ്ടോ?" എന്നു ചോദിക്കണമെന്ന് എനിക്കു തോന്നി. കീർത്തനത്തിന്റെ ഒച്ച അവരും തുടർന്ന് ഞാനും കുറച്ചു. ചീനപ്പട്ടുപോലെ മൃദുലവും തേൻപോലെ സ്നിഗ്ദ്ധമധുരവുമായ ഒരു മയക്കം എന്നിൽനിന്ന് അവരെ മറച്ചു. എന്റെ കവിളിൽ ഒരു തുള്ളി വെള്ളം വീണു. ഞാൻ ഉണർന്നുനോക്കി. അമ്മൂമ്മയുടെ ജരിതമായ കവിളിണയിൽക്കൂടി കണ്ണീരൊഴുകുന്നു.

IX_Malayalam_Combine.indb 15 4/16/2019 12:56:57 PM

"എന്താ അമ്മൂമ്മേ?" "ഒന്നുമില്ല മകനേ." "അതല്ല." അവരെന്നെ പതുക്കെ മടിയിൽനിന്നു മാറ്റി. എഴുന്നേറ്റു മുറിക്കകത്തേക്കു നടന്നു. "പാറുച്ചേച്ചിയെ വിളിക്കട്ടെ?" എന്നു ഞാൻ ചോദിച്ചു. "വേണ്ട മക്കളെ."

ഞാനും അവരുടെ കൈപിടിച്ചു കൂടെ നടന്നു. അമ്മൂമ്മ കട്ടിലിൽ ചെന്നു കിടന്നു. ഞാൻ അടുത്തിരുന്നു. അവർ എന്റെ കൈപിടിച്ചു തന്റെ നെറ്റിയിലും കണ്ണിലും ചുണ്ടിലും വച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അവർ സ്വസ്ഥയായി.

വിശേഷമൊന്നുമില്ലാതെ ഒരാഴ്ച കഴിഞ്ഞു. അമ്മൂമ്മ പറഞ്ഞുതന്ന് എന്നെക്കൊണ്ട് അവരുടെ മകൾക്കൊരെഴുത്തെഴുതിച്ചു. ഇത്രമാത്രം: 'എന്റെ മകൾക്ക്, എന്റെ ദിവസം അടുത്തു. നിന്നെയും കുഞ്ഞുങ്ങളെയും കാണാൻ കൊതിയാകുന്നു. കുഞ്ഞുപിള്ളയും നിങ്ങളെല്ലാരും കൂടി ഉടനെ വരണം. 'നിന്റെ അമ്മ.'

നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ അവരൊക്കെ വന്നു. അവരവിടെ പാർക്കുകയുംചെയ്തു.

ഞാൻ ഒരു അയൽക്കാരൻ മാത്രമായി. അഞ്ചും എട്ടും ദിവസം കൂടുമ്പോൾ അവിടെയൊന്നു പോകും. അമ്മൂമ്മ സന്തോഷം പ്രകടിപ്പിക്കും: "കൂടെക്കൂടെ വരണേ" എന്നു പറയും.

അധിക ദിവസം കഴിഞ്ഞില്ല, അവർ കിടപ്പിലായി. ശുശ്രൂഷിക്കാൻ ആളുണ്ട്. എന്നെക്കൊണ്ട് ഒരാവശ്യവുമില്ല; എന്നെ ആരും ശ്രദ്ധിച്ചുമില്ല. മച്ചിപ്പെൺപിറന്നവർ എന്റെ നേരെ എന്തിനാണോ മുഖം വീർപ്പിക്കുന്നത്!

അമ്മൂമ്മ മരിച്ചു. മക്കൾ കരഞ്ഞു. കരിയിലയിൽ തീപിടിച്ചതുപോലെയുള്ള കരച്ചിൽ! ഞാൻ കരഞ്ഞില്ല. എന്നാലും എന്റെ മനസ്സു ക്രമേണ വേദനിക്കാൻ തുടങ്ങി; ഉമിക്കു തീപിടിക്കുന്നതുപോലെ. ഉമി മുഴുവൻ എരിഞ്ഞു. പതുക്കെപ്പതുക്കെ ആ ചൂട് മാറുകയും ചെയ്തു. ഇപ്പോൾ അതൊരു സ്മരണ മാത്രം.

ആ ചുടലയിലെ തെങ്ങ് ആരും ഇപ്പോൾ ഓർത്തിരിക്കയില്ല. ചുടലയിൽ വയ്ക്കുന്ന വാഴയും മാറാനും തെങ്ങും വല്ലവരുടെയും ഓർമ്മയിൽ തങ്ങാറുണ്ടോ? അത് എന്റെ സംഭാവനയാണെന്ന് ആരും ഓർമ്മിക്കുന്നില്ലായിരിക്കും.

IX_Malayalam_Combine.indb 16 4/16/2019 12:56:57 PM



വ്യാകരണം

I. ഒറ്റപദം ആക്കൽ

ഉദാ: വെള്ളി കൊണ്ടുണ്ടാക്കിയ കൊലുസ്

വെള്ളിക്കൊലുസ്

യാഗത്തിനുള്ള അശ്വം – യാഗാശ്വം.

ഭാരതം എന്ന ഭൂമി – ഭാരതഭൂമി

തുടർപഠനം

പാഠഭാഗത്തിൽ നിന്നും പദങ്ങൾ കണ്ടെത്തി ഒറ്റപ്പദമാക്കുക.

II. ഒറ്റവാക്യമാക്കൽ

ഉദാ: മഴപെയ്തു. ഉഷ്ണം ശമിച്ചില്ല.

ഉത്തരം: മഴ പെയ്തിട്ടും ഉഷ്ണം ശമിച്ചില്ല

മഴപെയ്തു. വൃക്ഷലതാദികൾ തളിർത്തു

ഉത്തരം: മഴ പെയ്തപ്പോൾ വൃക്ഷലതാദികൾ തളിർത്തു.

III. രചന - ഉപന്യാസം

തന്നിരിക്കുന്ന വിഷയത്തെക്കുറിച്ച് ലേഖനം തയ്യാറാക്കൽ.

- മാതൃഭാഷയുടെ പ്രാധാന്യം.

IX_Malayalam_Combine.indb 17 4/16/2019 12:56:57 PM

ഭാഗം
2

പൈതൃകവും സംസ്കാരവും



പഠന ലക്ഷ്യങ്ങൾ

- നാടോടിക്കഥകളിലൂടെയും മറ്റും നിലനിന്നുപോന്ന ദേശത്തിന്റെ സാംസ്കാരികപൈതൃകത്തെക്കുറിച്ച് അറിവ് നേടൽ.
- കേരളീയനവോത്ഥാനത്തിന്റെ ഭാഗമായി നമ്പൂതിരി സാമുദായികപരിഷ്കരണത്തിന് നേതൃത്വം കൊടുത്തവരിൽ ഒരാളായ വി.ടി.ഭട്ടതിരിപ്പാടിന്റെ ജീവിതപരിസരം പരിചയപ്പെടൽ.
- വൈവിധ്യമാർന്ന മനുഷ്യാവസ്ഥകളെ കഥയിലാവിഷ്കരിച്ച വൈക്കം മുഹമ്മദ് ബഷീർ എന്ന കഥാകാരനെയും അദ്ദേഹത്തിന്റെ കഥാപാത്രങ്ങളെയും കുറിച്ച് സാമാന്യമായി മനസ്സിലാക്കൽ
- വൃത്താലങ്കാരങ്ങളെക്കുറിച്ച് മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത:	- ഉണ്ണിയെത്തേടി	ഇടശ്ശേരി ഗോവിന്ദൻ നായർ
ഗദ്യം:	- മുത്തപ്പഫൻ	വി. ടി. ഭട്ടതിരിപ്പാട്
അധികവായനക്ക്:	- വൈക്കം മുഹമ്മദ് ബഷീർ	ജീവിതരേഖ
അലങ്കാരം:	- ഉപമ	
വൃത്തം:	- കാകളി	

IX_Malayalam_Combine.indb 18 4/16/2019 12:56:57 PM

കവിത

ഉണ്ണിയെത്തേടി

ഇടശ്ശേരി ഗോവിന്ദൻനായർ



ഇടശ്ശേരി ഗോവിന്ദൻനായർ: [1906 – 1974] പൊന്നാനിയിൽ ജനിച്ചു. മനുഷ്യന്റെ ശക്തിയിലും മഹത്വത്തിലും വിശ്വസിച്ച കവിയാണ് ഇടശ്ശേരി. പുത്തൻകലവും അരിവാളും, കറുത്ത ചെട്ടിച്ചികൾ, കാവിലെപ്പാട്ട്, പൂതപ്പാട്ട് എന്നിവയാണ് പ്രധാന കൃതികൾ.

മനുഷ്യമനസ്സിന്റെ അബോധതലങ്ങളിൽ ഉറങ്ങിക്കിടക്കുന്ന ഒരു മൗലികഭാവത്തെ കേരളീയരുടെയിടയിൽ പ്രചാരത്തിലുള്ളൊരു നാടോടിക്കഥയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന പൂതപ്പാട്ടിലെ ഭാഗമാണ് ഉണ്ണിയെത്തേടി എന്ന കവിത.





IX_Malayalam_Combine.indb 19 4/16/2019 12:56:59 PM

വെയിൽ മങ്ങി മഞ്ഞക്കതിര് പൊങ്ങി
വിയദങ്കണത്തിലെക്കാർകൾ പൊങ്ങി

എഴുതുവാൻ പോയ കിടാവു വന്നീ –
ലെവിടെപ്പോയ് നങ്ങേലി നിന്നു തേങ്ങീ

ആറ്റിൻകരകളിലങ്ങിങ്ങോളം
അവനെ വിളിച്ചു നടന്നാളമ്മ

നീററിൽക്കളിയ്ക്കും പരൽമീനെല്ലാം
നീളവേ നിശ്ചലം നിന്നുപോയി

ആളില്ലാപ്പാടത്തിലങ്ങുമിങ്ങും
അവനെ വിളിച്ചു നടന്നാളമ്മ

പുട്ടിമറിച്ചിട്ട മണ്ണടരിൽ
പുതിയ നെടുവീർപ്പുയർന്നു പോയീ

കുന്നിൻ ചെരിവിലെക്കൂർത്ത കല്ലിൽ
ക്കുഞ്ഞിനെത്തേടി വലഞ്ഞാളമ്മ

പൊത്തിൽ നിന്നപ്പോൾ പുറത്തു നൂഴും
നത്തുകളെന്തെന്തെന്നന്വേഷിച്ചു

കാട്ടിലും മേട്ടിലും പുക്കാളമ്മ
കാണാഞ്ഞു കേണു നടന്നാളമ്മ



പൂമരച്ചോട്ടിലിരുന്നു പൂതം
പൂവൻപഴം പോലുള്ളുണ്ണിയുമായ്

IX_Malayalam_Combine.indb 20 4/16/2019 12:56:59 PM

പൂമാല കോർത്തു രസിയ്ക്കെക്കേട്ടു
പൂരിത ദുഃഖമിത്തേങ്ങലുകൾ.

എന്നിട്ടോ, അതിനുണ്ടോ വല്ല കൂട്ടവും! പക്ഷേ സൈര്യക്കേടു തീരണ്ടേ?

പേടിപ്പിച്ചോടിയ്ക്കാൻ നോക്കീ പൂതം
പേടിയ്ക്കാതങ്ങിനെ നിന്നാളമ്മ

കാറ്റിൻ ചുഴലിയായ്ച്ചെന്നൂ പൂതം
കുറുകിണക്കങ്ങു നിന്നാളമ്മ

കാട്ടുതീയായിട്ടും ചെന്നൂ പൂതം
കണ്ണീരാലൊക്കെക്കെടുത്താളമ്മ



നരിയായും പുലിയായും ചെന്നൂ പൂതം
തരികെന്റെ കുഞ്ഞിനെയെന്നാളമ്മ

പറ്റിയില്ലല്ലോ... പൂതം, മറെറാരടവെടുത്തു:

പൂതമക്കുന്നിന്റെ മേൽമൂടിപ്പാറയെ
ക്കൈതപ്പൂ പോലെ പറിച്ചു നീക്കീ

കൺചിന്നുമ്മാറതിൽപ്പൊന്നും മണികളും
കുന്നു കുന്നായിക്കിടന്നിരുന്നു.

"പൊന്നും മണികളും കിഴികെട്ടിത്തന്നിടാം
പൊന്നാരക്കുട്ടനെ ഞാനെടുക്കും".

അപ്പൊന്നും നോക്കാതെ, യമ്മണി നോക്കാതെ
യമ്മ, തൻ കണ്ണുകൾ ചൂന്നെടുത്തു.

IX_Malayalam_Combine.indb 21 4/16/2019 12:57:00 PM

പുലരിച്ചെന്താമര പോലവേ പൂതത്തിൻ
തിരുമുമ്പിലർപ്പിച്ചു തൊഴുതുരച്ചു,

‘ഇതിലും വലിയതാണെന്റെ പൊന്നോമന
അതിനെത്തരികെന്റെ പൂതമേ, നീ’

പൂതത്തിന്റെ തഞ്ചം കേൾക്കണോ? അമ്മയ്ക്ക്
കണ്ണില്ലാതായില്ലേ?

തെച്ചിക്കോലു പറിച്ചു പൂതം
ചേലൊടു മന്ത്രം ജപിച്ചു പൂതം

മറേറാരുണ്ണിയെ നിർമ്മിച്ചു പൂതം
മാൺപൊടെടുക്കെന്നോതീ പൂതം

അമ്മയെടുത്തിട്ടുമ്മ കൊടുത്തി-
ട്ടഞ്ചിതമോദം മൂർദ്ധാവിങ്കൽ

തടകിത്തടകിപ്പുൽകിയവാറേ
വേറിട്ടൊന്നെന്നോതിയെണീറ്റാൾ

പെറ്റ വയറ്റിനെ വഞ്ചിക്കുന്നൊരു
പൊട്ടപ്പൂതമിതെന്നു കയർത്താൾ

താപം കൊണ്ടു വിറയ്ക്കേക്കൊടിയൊരു
ശാപത്തിന്നവൾ കൈകളുയർത്താൾ



ഞെട്ടി വിറച്ചു പതിച്ചൂ പൂതം
കുട്ടിയെ വേഗം വിട്ടു കൊടുത്താൾ,

“അമ്മേ,. നിങ്ങടെ തങ്കക്കുഞ്ഞിനെ
ഞാനിനി മേലിൽ മറച്ചു പിടിയ്ക്കി-

IX_Malayalam_Combine.indb 22 4/16/2019 12:57:00 PM

ല്ലെന്നുടെ നേരെ കോപമിതേറെ–
യരുതരുതെന്നെ നീറ്റീടൊല്ലേ

നിന്നുടെ കണ്ണുകൾ മുൻപടി കാണും
നിന്നുടെ കുഞ്ഞിതുതന്നെ നോക്കൂ

തൊഴുതു വിറച്ചേ നിന്നു പൂതം
തോറ്റു മടങ്ങിയടങ്ങീ പുതം

അമ്മ മിഴിയ്ക്കും കണ്ണിൻമുന്നിലൊ–
രുണ്മയിൽ നിന്നു തിങ്കളൊളിപ്പൂ

പ്പുഞ്ചിരി പെയ്തു കുളിർപ്പിച്ചും കൊ–
ണ്ടഞ്ചിതശോഭം പൊന്നുണ്ണി.



IX_Malayalam_Combine.indb 23 4/16/2019 12:57:01 PM

അഭ്യാസം

I. പദപരിചയം

വിയദങ്കണം, കിടാവ്, നിശ്ചലം, ആളില്ലാപ്പാടം, മണ്ണടർ, നെടുവീർപ്പ്, വലയുക, പൊത്ത്, പൂരിതദുഖം, ചുഴലി, അഞ്ചിതമോദം, മൂർദ്ധാവ്, താപം, ഉൺമ, തിങ്കൾ

II ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ആരാണ് നിന്നു തേങ്ങിയത്?
   - അ) പൂതം
   - ആ) നങ്ങേലി
   - ഇ) ഉണ്ണി
   - ഈ) കവി
2. നീളവേ നിശ്ചലം നിന്നുപോയതാരാണ്?
   - അ) അമ്മ
   - ആ) പൂതം
   - ഇ) പരൽമീനുകൾ
   - ഈ) ഉണ്ണി
3. ഉണ്ണിയുമായി രസിച്ചിരുന്നതാരാണ്?
   - അ) തിങ്കൾ
   - ആ) അമ്മ
   - ഇ) കൂട്ടുകാർ
   - ഈ) പൂതം
4. അമ്മയുടെ ശാപം കേട്ട് വിറച്ചതാര്?
   - അ) പൂതം
   - ആ) കുട്ടി
   - ഇ) കവി
   - ഈ) കൂട്ടുകാർ

III ഉത്തരമെഴുതുക

1. നങ്ങേലി നിന്നു തേങ്ങാൻ കാരണമെന്ത്?
2. എവിടെയെല്ലാമാണ് നങ്ങേലി ഉണ്ണിയെ അന്വേഷിച്ച് നടന്നത്?
3. എങ്ങനെയൊക്കെയാണ് പൂതം നങ്ങേലിയെ പേടിപ്പിക്കാൻ നോക്കിയത്?
4. അമ്മ തന്റെ കണ്ണുകൾ ചൂന്നെടുത്ത് നൽകി പൂതത്തോടു പറഞ്ഞതെന്ത്?
5. "പെറ്റവയറിനെ വഞ്ചിക്കുന്ന പൊട്ടപ്പൂത" മെന്ന് അമ്മ കയർത്തതെപ്പോൾ?

IX_Malayalam_Combine.indb 24 4/16/2019 12:57:01 PM

മുത്തപ്ഫൻ

വി.ടി. ഭട്ടതിരിപ്പാട്



വി.ടി. ഭട്ടതിരിപ്പാട്: [1896 1982] സാമൂഹ്യ നവോത്ഥാനനായകനും നാടകകൃത്തും ഗ്രന്ഥകാരനുമായ വി.ടി. പൊന്നാനിക്കടുത്തുള്ള വന്നേരിയിൽ ജനിച്ചു. വെള്ളിത്തുരുത്തി താഴത്ത് രാമൻ ഭട്ടതിരിപ്പാട് എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്.

അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, രജനീരംഗം, പോംവഴി, വെടിവട്ടം, കാലത്തിന്റെ സാക്ഷി, എന്റെ മണ്ണ്, കണ്ണീരും കിനാവും, കർമ്മവിപാകം എന്നിവയാണ് പ്രധാന കൃതികൾ.

ജനിച്ചുവളർന്ന തറവാട്ടിൽ എന്നും അന്യനെ പോലെ കഴിയാൻ വിധിക്കപ്പെട്ടവരായിരുന്നു അപ്ഫന്മാർ. അത്തരത്തിലുള്ളവരുടെ ജീവിതദൈന്യത വെളിപ്പെടുത്തുന്ന 'മുത്തപ്ഫൻ' എന്ന പാഠഭാഗം കണ്ണീരും കിനാവും എന്ന കൃതിയിൽ നിന്ന് എടുത്തതാണ്.



IX_Malayalam_Combine.indb 25 4/16/2019 12:57:01 PM

ശാസിക്കാൻ കാരണവന്മാരില്ലെങ്കിൽ ശൈശവം എത്ര സുഖകരമാണ്! ജപിക്കണ്ട, തൊഴണ്ട, പഠിക്കണ്ട, ആരേയും ഭയപ്പെടേണ്ട, കാടുകാട്ടി നടക്കാം. ഭാഗ്യമെന്നു പറയട്ടെ, നാലഞ്ചുവയസ്സ് പ്രായമുള്ള കാലത്ത് അത്തരം അസുലഭ സന്ദർഭങ്ങൾ കൂടെക്കൂടെ എനിക്കു കൈവരാറുണ്ടായിരുന്നു. വൈദികകാര്യങ്ങളിൽ അച്ഛന്റെ കർക്കശത ആവശ്യത്തിലധികമാണെന്ന ബോധം കൊണ്ടാവാം ആദ്ദേഹമില്ലാത്ത ദിവസം അമ്മ അനുകമ്പമൂലം എന്റെ ദിനചര്യകളിൽ ചില വിട്ടുവീഴ്ചകൾ അനുവദിക്കുക പതിവായിരുന്നു. അങ്ങനെ അനന്ദത്തിലാറാടി നടക്കാൻ അവസരം കൈവന്ന ഒരു സുദിനമായിരുന്നു അന്ന്. അതിരാവിലെ കുളിയും കുറിയും പ്രാതലും കഴിഞ്ഞ് വഡ്ഢിക്കൊരലക്കിയ മുണ്ട് വലിച്ചുവാരിച്ചുറ്റി പത്തായപ്പുരക്കോലായമേൽ ഇരുന്ന് പോളകുത്തുന്ന വാലിയക്കാരൻ സീമയിൽ ചീന്തിയിട്ട പോളക്കഷ്ണങ്ങളെക്കൊണ്ട് പിച്ചയുണ്ടാക്കിക്കളിക്കുകയായിരുന്നു ഞാൻ. മുറ്റത്തിന്റെ അറ്റത്ത് മുറ്റിത്തഴച്ചുനില്ക്കുന്ന മന്താരപ്പടർപ്പുകൾ ഇളവെയിലത്ത് ഉലഞ്ഞാടി ക്കൊണ്ടിരുന്നു. പുല്ലുതൊട്ടിയിൽ പൂണുകിടന്നിരുന്ന ചൊക്ലിപ്പട്ടി പെട്ടെന്നു തലപൊന്തിച്ച് മുറ്റത്തേക്ക് കുരച്ചു ചാടി. എന്റെ ശ്രദ്ധ പടിക്കലേക്കു തിരിഞ്ഞു.

കുളിയും ജപവും കഴിഞ്ഞ് ഒരു പൂണൂൽക്കാരൻ അതാ, പടികടന്നു വരുന്നു. ഇടയ്ക്ക് ഉണ്ണാൻ ചാടിവീഴാറുള്ള വഴിപോക്കപ്പട്ടന്മാരിൽ ആരെങ്കിലുമായിരിക്കുമെന്നു കരുതി ഞാൻ അകത്തേക്കു വിളിച്ചുപറഞ്ഞു, 'ഒരെമ്പ്രാൻ ഉണ്ണാനുണ്ടമ്മേ' എന്ന്. ആശ്ചര്യമെന്നേ പറയേണ്ടൂ. അതിഥി അടുത്തണഞ്ഞപ്പോൾ വാലിയക്കാരൻ എഴുന്നേറ്റ് ഓച്ഛാനിച്ചു നില്പായി. പെട്ടെന്നുണ്ടായ ഈ പ്രകൃതമാറ്റം എന്നെ അമ്പരപ്പിച്ചു. ബഹുമാന്യനായ അദ്ദേഹം ആരെന്നറിയാനുള്ള ഉൽക്കണ്ഠയോടെ ഞാൻ അകത്തേക്ക് കുതിച്ചുപാഞ്ഞു. അമ്മയെ പിടിച്ചുവലിച്ചു പുറത്തളത്തിലേക്ക് ആനയിച്ചു. അതിഥി പൂമുഖപ്പടിമേൽ ഘനപ്പിച്ച് ഇരുപ്പാണ്. അമ്മയ്ക്ക് ആളെ മനസ്സിലായി. അവർ അന്യോന്യം കുശലമാരംഭിച്ചു. സംഭാഷണത്തിനിടയിൽ 'ഇട്ടിച്ചിരി' എന്ന് അമ്മയെ പേർ പറഞ്ഞ് വിളിക്കുന്നതു കേട്ട് ഞാൻ ഞെട്ടി.



IX_Malayalam_Combine.indb 26 4/16/2019 12:57:01 PM

‘ഞാനൊരെമ്പ്രാനാണെന്ന് നിരീച്ചു രാമൻ!’ അദ്ദേഹം തെല്ലു പരിഹാസസ്വരത്തിൽ ആക്ഷേപിച്ചു. ’അതിന് ഒരന്തോം ല്യ.’ നാണിച്ചു നില്ക്കുന്ന എന്നെ പൂമുഖത്തേക്കുന്തിത്തള്ളി അമ്മ തുടർന്നു: ‘നിന്റെ മുത്തപ്ഫനാണ്, മനസ്സിലായോ?’ ഇളിഭ്യനായ ഞാൻ അമ്മയുടെ കരവലയത്തിൽനിന്നു കുതറിത്തെറിച്ച് അകത്തേക്ക് ഓരോട്ടം കൊടുത്തു. അന്നത്തെ ആ രംഗം ഇന്നും എന്റെ മനസ്സിൽനിന്ന് മറഞ്ഞിട്ടില്ല. ഇങ്ങനെ യാദൃച്ഛികമായിട്ടാണ് ഇല്ലത്തെ കാരണവരും ശുദ്ധാത്മാവുമായ മുത്തപ്ഫനെ ഞാൻ ആദ്യമായി പരിചയപ്പെട്ടത്. കാഴ്ചയിൽ ഒരാജാനുബാഹു, ’ആണ്ടാംമുള’ പോലെ ക്ഷണത്തിൽ ഒടിഞ്ഞുപോകുന്ന ഒരു ശുദ്ധഹൃദയൻ, മുറിഞ്ഞു മുറിഞ്ഞ സംസാരം. ഇങ്ങനെയായിരുന്നു മുത്തപ്ഫന്റെ പ്രകൃതം. ’പട്ടിയായി ജനിക്കാം, പൂച്ചയായി ജനിക്കാം, ഇനിയൊരു ജന്മമുണ്ടെങ്കിൽ മറ്റേതു നികൃഷ്ടജീവിയായും ജനിക്കാം. പക്ഷേ, ഒരില്ലത്തെ അപ്ഫനായി ജനിക്കുവാൻ സാദ്ധ്യമല്ല.” ‘അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്’ എന്ന നാടകത്തിൽ ഒരു കഥാപാത്രത്തെക്കൊണ്ട് ഞാൻ ഇങ്ങനെ സംസാരിപ്പിച്ചിട്ടുണ്ട്. അസ്വാസ്ഥ്യകരമായ കൂട്ടുകുടുംബജീവിതത്തിൻറെ നേർക്കുള്ള ആവേശകരമായ ഒരട്ടഹാസമായി അത് അന്നു മാറ്റൊലിക്കൊള്ളുകയുമുണ്ടായി. കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ചുപോന്ന മുത്തപ്ഫന്റെ അനുഭവവും മറിച്ചാവാൻ വയ്യ.

ഒരപ്ഫൻ, അയാൾ ഒരു കാരണവരോ, അനന്തരവനോ ഏതവസ്ഥാന്തരത്തിൽപ്പെട്ടവനായാലും, താൻ ജനിച്ചുവളർന്ന തറവാട്ടിൽ എന്നും. ശൈശവശേഷം അയാൾക്കു നാലുകെട്ടുമായിട്ടുള്ള ബന്ധം അറുത്തു കളയണം. സന്ധ്യാകാലങ്ങളിലെ ദിനചര്യകൾ കുളപ്പുരയിലും അമ്പലവട്ടത്തുമായി കഴിച്ചുകൂട്ടണം. വിശ്രമവേള പൂമുഖത്തും പത്തായപ്പുരയിലും. ’അപ്ഫാ , ഉണ്ണാറായി.’ കിടാങ്ങൾ ഭക്ഷണകാലങ്ങളിൽ അയാളെ ക്ഷണിക്കും. ഒരന്യന്റെ ഒതുക്കത്തോടും വണക്കത്തോടും അയാൾക്കൊരുക്കിവെച്ച സ്ഥാനത്തിരുന്നു വിളമ്പിയത് ഊണുകഴിച്ചു പോരാം. അഭിലാഷങ്ങൾക്കനുസരിച്ചു പാകംചെയ്തൊരുക്കിക്കൊടുക്കുവാൻ ആളില്ല. പരിചരണം ചെയ്തു പ്രീതിനേടാൻ തുടിക്കുന്ന ഒരു ഹൃദയമില്ല അവിടെ. അമ്മ ജീവിച്ചിരിപ്പുള്ള കാലത്തോളം ഈ അസ്വസ്ഥത അറിഞ്ഞില്ലെന്നുവരാം. മധുരോദാരമായ ആ പേർ വിളിച്ചുകൊണ്ട് അയാൾക്ക് അകത്തേക്കു കയറിച്ചെല്ലാമല്ലോ. അമ്മയുടെ കാലശേഷം അന്തഃപുരം അഗ്രജൻറ പരിഗ്രഹത്തിന്റെ ആധിപത്യത്തിൻകീഴിലായി. വിരസമായ ഈ ദിനചര്യയ്ക്കിടയിൽ എന്റെ അമ്മയുടെ ഔചിത്യപൂർവ്വകമായ പെരുമാറ്റം മുത്തപ്ഫനെ മുഷിപ്പിച്ചില്ലെന്നത് ഒരാശ്വാസമാണ്.

മുത്തച്ഛന്റെ കാലശേഷം കാരണവസ്ഥാനത്തിനർഹമായ നിലയിൽ പല നല്ല കാര്യങ്ങളും അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. പടിഞ്ഞാറ്റിപ്പുര ഉയർത്തി ഓടുമേഞ്ഞു, മുറ്റത്തു പുത്തനായൊരു പത്തായപ്പുര പണിതു, പുരുഷന്മാർക്കു പ്രത്യേകം ഒരു കുളം കുത്തിച്ചു, മുത്തച്ഛന്റെ ശ്രാദ്ധദിവസം ചോമാതിരിമാർക്കു ’വച്ചോക്കാരം’ തുടങ്ങി. ഇല്ലത്തിന്റെ പേരിൽ കുടിയാന്മാർ നടത്തിയിരുന്ന കർക്കടകത്തിലെ തിരുവോണത്തിന്റെ ഭാരം താൻതന്നെ ഏറ്റെടുത്തു തിരുതകൃതിയായി കൊണ്ടാടിപ്പോന്നു. പഴമക്കാരുടെയിടയിൽ ’പാച്ചുവപ്ഫൻ’ ഒരു സംഭാഷണവിഷയമായി. കൈപ്പുണ്യം സിദ്ധിച്ച നല്ലൊരു ദേഹണ്ണക്കാരനായതുകൊണ്ടായിരിക്കാം അക്കാലത്ത് ആ ദിക്കിൽ പതിവിൽക്കവിഞ്ഞ ഏതടിയന്തിരത്തിനും മുത്തപ്ഫനെ മുമ്പിൽ കാണാം. ‘നല്ല തൈരാണെങ്കിൽ കുടത്തിന് എത്ര ഉപ്പുവേണം കാളന്?’, ‘നാഴി അരിക്ക് എത്ര വീതം പാലൊഴിക്കണം പായസത്തിന്?’, ’ചോതനയ്ക്കെത്ര കെട്ടു പപ്പടം കാച്ചാം?’ ഇങ്ങനെ ഏതു സംശയത്തിന്റെയും അവസാനവിധി അദ്ദേഹത്തിൻേറതായിരിക്കും. മാത്രമല്ല, മരാമത്തിൽ ഏർപ്പെട്ടാൽ കൂലിക്കാരോടൊപ്പം കല്ലുചെത്താനും ചുമർ വെക്കാനും മറ്റു കൗശലപ്പണികൾക്കും അദ്ദേഹം സമർത്ഥനായിരുന്നുവത്രേ. എനിക്ക് ഓർമ്മവെച്ച കാലത്ത് അദ്ദേഹം ഗൃഹഭരണകാര്യങ്ങളിൽ കൈയിട്ടിരുന്നില്ല. ഇല്ലത്തു സ്ഥിരതാമസവും ഉണ്ടായിരുന്നില്ല. വല്ലപ്പോഴും വരും. വന്നാൽ, കുറേക്കാലം പാർക്കും. വിശ്രമവേളയിൽ ഏഴുമടക്കിച്ചരടുപിരിക്കലാണ് ഇഷ്ടപ്പെട്ട വിനോദം. അലസജീവിതത്തിനു പിരിമുറുക്കം

IX_Malayalam_Combine.indb 27 4/16/2019 12:57:01 PM

കൂട്ടാൻ ഇതാവശ്യമായേക്കാം. അദ്ദേഹത്തിന്റെ നല്ലപ്പൻകാലത്തെ കരകൗശലത്തിന്റെ അവശിഷ്ടമായി ഒരാകാശ അയക്കോലാണ് പിന്നീട് അവശേഷിച്ചത്. ആ അത്യത്ഭുതസാധനം കണ്ടുപിടിച്ചതിനെപ്പറ്റി ചരിത്രഗവേഷകന്മാർ നിർവ്വചിച്ചുകേട്ട കഥ ഇതാണ്: മുത്തപ്പൻ പതിവായി അമ്പലക്കുളത്തിലാണ് രണ്ടുനേരവും കുളിക്കുക പതിവ്. ഈറൻ കോണകം വലിയമ്പലത്തിലെ വളയത്തിന്മേൽ തോരാനിടും. ഒരു ദിവസം രാവിലെ കുളിച്ചു ചെന്നപ്പോൾ വക്കുതിരിച്ചതും തനിക്കു പ്രത്യേകം പ്രിയപ്പെട്ടതുമായ "മൽമൽകോണകം' കാണാനില്ല. രാത്രി അമ്പലത്തിൽ കള്ളൻ കയറിയോ എന്നായി ശങ്ക. എങ്കിൽ പുണ്യാഹം വേണമല്ലോ. ഈ മോഷണക്കേസ് അമ്പലവട്ടത്തൊരു സംഭാഷണവിഷയമായി; അന്വേഷണവിധേയവുമായി. വലിയ കരുതലിന്റെയും കാത്തിരിപ്പിന്റെയും ഫലമായി ആരോ കണ്ടെത്തി കൗപീനം എലി കൊണ്ടുപോവുകയാണെന്ന്. തെളിവിനായി വാരസ്യാർ കോടിക്കഴുക്കോലിന്റെ ചുവട്ടിൽ നിന്നു കടിച്ചുകീറിയ കോണകത്തിൻ കഷ്ണങ്ങൾ പൊതുജനസമക്ഷം ഹാജരാക്കി. ആളുകൾക്ക് ആശ്വാസമായി. ഈ ആപത്തിനൊരു പരിഹാരം? പ്രതിഷ്ഠാദിവസ'ത്തെ സദ്യയ്ക്കിടയിൽ ഇതിനെപ്പറ്റി ഒരു നീണ്ട ചർച്ച നടന്നു. പിറ്റേന്നാൾ പകൽ മുഴുവൻ അമ്പലത്തിനുള്ളിൽ വടിയും പേനാക്കത്തിയും കയറുമായി മുത്തപ്പൻ പരുങ്ങുന്നതു ചിലർ കണ്ടെത്തി. എന്തിനധികം? അങ്ങനെ കൗപീനം എലി കടിക്കാതിരിക്കുവാൻ മുത്തപ്പൻ കണ്ടുപിടിച്ച ഒരു സവിശേഷസൂത്രമാണ് 'ആകാശ അയക്കോൽ'. ഒരു നീണ്ട വടിയിന്മേൽ കയറുകെട്ടി കപ്പിവഴിക്ക് ഉയർത്തുകയും താഴ്ത്തുകയും ചെയ്യാവുന്ന ഒരു ഉപ കരണമത്രേ അത്. കാര്യം നിസ്സാരമാണ്. പക്ഷേ, ആഹ്ളാദത്തോടും അന്തസ്സോടുംകൂടി അത്തരം അയക്കോലുകൾ പിന്നീട് പലരും ഉപയോഗിച്ചുപോന്നിട്ടുണ്ട്. ഇതിന്റെ കണ്ടുപിടുത്തക്കാരൻ എന്റെ മുത്തപ്പനാണെന്ന് ധരിച്ചു ഞാൻ അഭിമാനംകൊണ്ട കാലവും ഉണ്ടായിട്ടുണ്ട്.



IX_Malayalam_Combine.indb 28 4/16/2019 12:57:02 PM

അഭ്യാസം

I. പദപരിചയം

വൈദികകാര്യങ്ങൾ, കർക്കശത, പൂണൂൽക്കാരൻ, കുശലം, കരവലയം, യാദൃശ്ചികം, ആജാനുബാഹു, പ്രകൃതം, നികൃഷ്ടജീവി, മാറ്റൊലി, അഗ്രജൻ, പരിഗ്രഹം, ചോമാതിരി, വച്ചോകാരം, ദേഹണ്ണക്കാരൻ, കൗപീനം, മൃഷ്ടാന്നം.

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ശാസിക്കാൻ കാരണവന്മാരില്ലെങ്കിൽ എന്താണ് സുഖകരം?

   അ) ശൈശവം

   ആ) ബാല്യം

   ഇ) കൗമാരം

   ഈ)വാർദ്ധക്യം

2. മുത്തപ്ഫൻ പതിവായി കുളിക്കുന്ന സ്ഥലം ഏതാണ്?

   അ) താമരക്കുളം

   ആ) തറവാട്ടുകുളം

   ഇ) അമ്പലക്കുളം

   ഈ)ആമ്പൽക്കുളം

3. വി.ടി ഭട്ടതിരിപ്പാടിനേറതല്ലാത്ത കൃതി ഏത്?

   അ) ഋതുമതി

   ആ) രജനീരംഗം

   ഇ) വെടിവട്ടം

   ഈ)കണ്ണീരും കിനാവും

III. ഉത്തരമെഴുതുക

1. വി.ടി ഭട്ടതിരിപ്പാടിന്റെ ശൈശവം എങ്ങനെയുള്ളതായിരുന്നു?

2. മുത്തപ്ഫന്റെ പ്രകൃതം വ്യക്തമാക്കുക?

3. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തിലെ കഥാപാത്രം പറഞ്ഞതെന്ത്?

4. അപ്ഫൻ സ്വന്തം വീട്ടിൽ കഴിഞ്ഞിരുന്നത് എങ്ങനെ?

IX_Malayalam_Combine.indb 29 4/16/2019 12:57:02 PM

വൈക്കം മുഹമ്മദ് ബഷീർ

[സാധാരണക്കാരുടെ ജീവിതമുഹൂർത്തങ്ങളെയും ഭാഷയെയും കഥകളിലാവിഷ്കരിച്ച് മലയാളകഥാസാഹിത്യത്തെ ജനകീയമാക്കിയ കഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. ലേഖനം തയ്യാറാക്കിയത് പാഠപുസ്തകസമിതി അംഗമായ ഡോ. കെ.ജെ. അജയകുമാറാണ്.]



പിതാവിന്റെ വാക്കുകൾ കേട്ട് ഹൃദയത്തിൽ ഇരമ്പുന്ന പ്രതിഷേധത്താൽ വീടുവിട്ടിറങ്ങിയ 'ബാല്യകാലസഖി'യിലെ മജീദിനെപ്പോലെ ഫിഫ്ത്ത് ഫോറത്തിൽ പഠിക്കുമ്പോൾ വീടുവിട്ടിറങ്ങി ഉപ്പുസത്യാഗ്രഹത്തിനും തുടർന്ന് ദേശാടനത്തിനുമിറങ്ങിയ വൈക്കം മുഹമ്മദ് ബഷീറിന് ജീവിതം ഒരിക്കലുമവസാനിക്കാത്ത യാത്രയായിരുന്നു. ഈ യാത്രയിൽ ബഷീർ നേടിയ അനുഭവസമ്പത്ത് മലയാളത്തിലെ മറ്റൊരു എഴുത്തുകാരനും നേടിയിട്ടുണ്ടാവില്ല. അതുകൊണ്ടുതന്നെയാവാം അനുഭവങ്ങളുടെ ഒരു വലിയ ലോകം തന്നെ തന്റെ രചനകളിലൂടെ ബഷീർ സൃഷ്ടിച്ചത്. ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റിനാല് ജൂലായ് അഞ്ചിനു ആ ജീവിതയാത്ര എന്നേക്കുമായി അവസാനിച്ചുവെങ്കിലും ബഷീർ തന്റെ കൃതികളിലൂടെ മലയാളികളുടെ മനസ്സിൽ എന്നും ജീവിക്കും.

മധ്യകേരളത്തിലെ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ കായി അബ്ദുറഹിമാൻറയും കുഞ്ഞാച്ചുമ്മയുടെയും മൂത്ത മകനായി 1908 ജനുവരി 20ാം തിയതിയാണ് ബഷീർ ജനിച്ചത്. തലയോലപ്പറമ്പിലുള്ള മലയാളം സ്ക്കൂളിലും വൈക്കത്തെ ഇംഗ്ലീഷ് സ്ക്കൂളിലുമായിരുന്നു അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം. ഫിഫ്ത്ത് ഫോറത്തിൽ പഠിക്കുമ്പോൾ സ്വാതന്ത്ര്യസമരത്തിൽ ആവേശം പൂണ്ട് വീട്ടിൽ നിന്നും ഒളിച്ചോടി. കാൽനടയായി എറണാകുളത്തുചെന്ന് കള്ളവണ്ടി കയറി കോഴിക്കോട്ടെത്തി. അവിടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ ഉപ്പുസത്യാഗ്രഹത്തിൽ അദ്ദേഹം പങ്കുകൊണ്ടു. അതിന്റെ പേരിൽ മർദ്ദനത്തിനിരയാവുകയും ജയിൽ ശിക്ഷയനുഭവിക്കുകയും ചെയ്തു. സ്വാതന്ത്ര്യസമരഭടൻ എന്ന നിലയിൽ മദിരാശി, കോഴിക്കോട്, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലെ ലോക്കപ്പുകളിലും കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലെ ജയിലുകളിലും ബഷീർ തടവുശിക്ഷയനുഭവിച്ചിട്ടുണ്ട്.

ജയിൽവാസത്തിനുശേഷം ഭഗത്സിംഗ്, രാജഗുരു, സുഖ്ദേവ് എന്നീ സ്വാതന്ത്ര്യസമരഭടൻമാരുടെ മാതൃകയിൽ തീവ്രവാദസംഘടനയുണ്ടാക്കി പ്രവർത്തിക്കുകയും സംഘടനയുടെ മുഖപത്രമായി 'ഉജ്ജീവനം' എന്നൊരു വാരിക നടത്തുകയും ചെയ്തു. 'ഉജ്ജീവനം,' 'പ്രകാശം' മുതലായ വാരികകളിൽ 'പ്രഭ' എന്ന തൂലികാനാമത്തിൽ ബഷീർ ബ്രിട്ടീഷ് വിരുദ്ധ ലേഖനങ്ങളെഴുതിയിരുന്നു. വാരിക പോലീസ് കണ്ടുകെട്ടുകയും ബഷീറിനെയും മറ്റും തെരയുകയും ചെയ്തതോടെ അദ്ദേഹം നാടുവിട്ടു. നാടുവിട്ടതിനു ശേഷം പത്തു വർഷത്തോളം നീണ്ടുനിന്ന അലച്ചിലുകളായിരിക്കാം അനുഭവങ്ങളുടെ മറുകരയിലേക്ക് മലയാളവായനക്കാരെ നയിച്ച കൃതികളുടെ കർത്താവായി വൈക്കം മുഹമ്മദ് ബഷീറിനെ മാറ്റിയത്. അക്കാലത്ത് ഇന്ത്യയിലങ്ങോളമിങ്ങോളം അലഞ്ഞുതിരിഞ്ഞ അദ്ദേഹം കപ്പൽ ജോലിക്കാരനായി.

IX_Malayalam_Combine.indb 30 4/16/2019 12:57:02 PM

അറേബ്യൻ, ആഫ്രിക്കൻ തീരങ്ങളിലും ചെന്നെത്തി. ഈ കാലത്ത് അദ്ദേഹം ചെയ്യാത്ത ജോലികളൊന്നുമില്ല. ബഷീറിന് ജീവിതത്തിൽ ഒരു കലാകാരൻറ മനസ്സുമായി തീരെ യോജിക്കാത്ത വേഷങ്ങൾവരെ കെട്ടേണ്ടി വന്നു. കണക്കപ്പിള്ള, ഇംഗ്ലീഷ് ട്യൂഷൻ മാസ്റ്റർ, അടുക്കളപ്പണിക്കാരൻ, ഹോട്ടൽ തൊഴിലാളി, കപ്പലിലെ ഖലാസി, മാജിക്കുകാരൻ, കൈനോട്ടക്കാരൻ, ക്ഷുരകൻ, ഗൂർഖ, മിൽത്തൊഴിലാളി എന്നിങ്ങനെ ജീവിതത്തിന്റെ നാനാമുഖങ്ങളെ അടുത്തറിയാൻ അക്കാലം സഹായകമായി. അഞ്ചാറുകൊല്ലം ഹിമാലയ സാനുക്കളിലും ഗംഗാതീരങ്ങളിലും ഹിന്ദു സന്യാസിയായും സൂഫിയായും കഴിഞ്ഞുകൂടിയിരുന്നു.

നാട്ടിലെത്തിയതോടെ, പിന്നിട്ട യൗവ്വനാനുഭവങ്ങളെപ്പറ്റി ബഷീർ എഴുതിത്തുടങ്ങി. ആ രചനയാണ് 'ബാല്യകാലസഖി' എന്ന നോവലായി പുറത്തുവന്നത്. ആ കൃതി പ്രസിദ്ധീകരിച്ചിട്ട് ഏഴു ദശകം പിന്നിട്ടിട്ടും ഇന്നും മലയാളത്തിലെ ഏറ്റവും പ്രചാരമുള്ള പുസ്തകങ്ങളിലൊന്നാണിത്. ബാല്യകാലസഖി ഒരു പ്രേമകഥയാണ്. ഒരിക്കലും പൂർത്തീകരിക്കാൻ കഴിയാത്ത ഒരു തീവ്രസ്നേഹത്തിന്റെ കഥ. മലയാളികളായ അനുവാചകരെ സംബന്ധിച്ചിടത്തോളം തികച്ചും പുതിയൊരനുഭവമായിരുന്നു ആ കൃതി നൽകിയത്. സ്നേഹം കൂരവും ദീനവും അനാഥവും ത്യാഗോജ്ജ്വലവും ആണെന്നാണ് ബാല്യകാലസഖിയിലൂടെ ബഷീർ കാണിച്ചു തരുന്നത്.

മുസ്ലീം സമുദായത്തിന്റെ നവീകരണത്തിന് പല നിലയിലും സഹായകമായിത്തീർന്ന ഒരു കൃതിയാണ് 'ൻറുപ്പുപ്പാക്കൊരാനേണ്ടാർന്നു' എന്നത്. നിസ്സാർ അഹമ്മദും കുഞ്ഞുപാത്തുമ്മയും തമ്മിലുള്ള പ്രേമത്തെ ലളിതമായി അവതരിപ്പിച്ചുകൊണ്ട്, വികാസത്തിന് വിലങ്ങുതടിയായി നിൽക്കുന്ന പഴമയും, മനുഷ്യനൻമയെ ലാക്കാക്കിയുള്ള പുതുമയും തമ്മിലുള്ള എറ്റു മുട്ടലിനെയാണ് ബഷീർ ഈ നോവലിൽ ചിത്രീകരിച്ചത്. ഏറ്റുമുട്ടലിൽ സ്വാഭാവികമായും പുതുമ ജയിക്കുന്നു. യഥാർത്ഥത്തിൽ പുതുമ പഴമയെ പരിവർത്തനം ചെയ്യിക്കയാണ് ചെയ്തത്. നഷ്ടപ്പെട്ടുപോയ പഴയ പ്രതാപത്തിന്റെ ഓർമ്മയിൽ മാത്രം ജീവിച്ചിരുന്ന കുഞ്ഞുതാച്ചുമ്മയുടെ മകളായിരുന്നു കുഞ്ഞുപാത്തുമ്മ. പ്രതാപിയും ധനികനുമായ ആനമക്കാരുടെ പുന്നാരമോളും പണക്കാരനും നാട്ടുപ്രമാണിയുമായ 'വട്ടനടിമ'യുടെ 'വീടരു'മായിരുന്നു കുഞ്ഞുതാച്ചുമ്മ. ആനമക്കാർക്ക് ഒരു വലിയ കൊമ്പനാനയുണ്ടായിരുന്നു. ആനയെ മുക്ക് പുസ്തകത്തിലെവിടെയും കാണാൻ കഴിയില്ല. കുഞ്ഞുതാച്ചുമ്മയുടെ സ്ഥിരം പറച്ചിലുകളിലാണ് ആനയും ഉപ്പൂപ്പയായ ആനമക്കാരും ജീവിക്കുന്നത്. നാലുപേരെ കൊന്ന അന്തസ്സുള്ള ആ ആനയുടെ കൊമ്പ് കൊണ്ടാണ് അവരെപ്പോഴും ധരിച്ചിരുന്ന മെതിയടിയുടെ 'കുട' യുണ്ടാക്കിയത്. കേസുകളിൽ പെട്ട് സ്വത്ത് മുഴുവൻ പോയി, പൊൻപണ്ടങ്ങളൊക്കെ നഷ്ടപ്പെട്ട്, മണിമാളികയിൽനിന്ന് നാട്ടുവഴിയുടെ ഓരത്തുള്ള ഒരു കൊച്ച് ഓലപ്പുരയിലേക്ക് താമസം മാറ്റിയ കാലത്തും കുഞ്ഞുതാച്ചുമ്മയുടെ കാലുകളിൽ ഗതകാലമഹിമ വിളിച്ചു പറയുന്ന ആ മെതിയടിയുണ്ടായിരുന്നു. ഉമ്മ പറഞ്ഞതെല്ലാം പൂർണ്ണമായും വിശ്വസിച്ചു വളർന്നവളായിരുന്നു കുഞ്ഞുപാത്തുമ്മ. ബാഹ്യലോകത്തെക്കുറിച്ചറിയാൻ അവൾക്ക് വിദ്യാഭ്യാസമുണ്ടായിരുന്നില്ല. എന്നാൽ കുഞ്ഞുപാത്തുമ്മ ഭാഗ്യവതിയായിരുന്നു. അവൾ അമ്മയെപ്പോലെ പൊങ്ങച്ചക്കാരിയായിരുന്നില്ല. അവൾക്ക് കിട്ടിയ ഉല്പതിഷ്ണുവായ ഭർത്താവ് വിവാഹത്തിനു മുമ്പുതന്നെ അനുജത്തി വഴി കുഞ്ഞുപാത്തുമ്മയ്ക്ക് പ്രാഥമിക വിദ്യാഭ്യാസം നല്കിയിരുന്നു. നിസ്സാർ അഹമ്മദ് അവളെ മാത്രമല്ല ഒരു സമുദായത്തെ തന്നെ വെളിച്ചത്തിന്റെ ലോകത്തിലേക്ക് നയിക്കുന്ന കഥാപാത്രമായിട്ടാണ് ഈ കൃതിയിൽ ജീവിക്കുന്നത്. കഥയുടെ അവസാനം തന്റെ കൊമ്പനാന വെറുമൊരു കുയ്യാന മാത്രമായിരുന്നുവെന്ന തിരിച്ചറിവിൽ വിലപിക്കുന്ന കുഞ്ഞുതാച്ചുമ്മയെയാണ് നാം കാണുന്നത്.



തന്റെ ജീവിതത്തിന്റെ ആദ്യഭാഗം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ചെറുതും വലുതുമായ യാത്രകൾക്കുശേഷം സ്വസ്ഥമായി ജീവിക്കണമെന്നു വിചാരിച്ച് തലയോലപ്പറമ്പിലെ വീട്ടിൽ തിരിച്ചെത്തിയ ബഷീറിൻറ അനുഭവങ്ങളാണ് 'പാത്തുമ്മയുടെ ആട്

IX_Malayalam_Combine.indb 31 4/16/2019 12:57:02 PM

എന്ന നോവലിൽ. നിശ്ശബ്ദതയും പരിപൂർണവിശ്രമവും കാംക്ഷിച്ചെത്തിയ എഴുത്തുകാരൻ ശല്യങ്ങളുടെയും ബഹളങ്ങളുടെയും നടുവിലകപ്പെട്ടു. ചെറിയ രണ്ടു മുറികളും അടുക്കളയും രണ്ടു വരാന്തകളുമുള്ള ആ ഓലപ്പുരയിൽ ബഷീറിനു പുറമെ തഴെയുള്ള രണ്ടു സഹോദരൻമാരും അവരുടെ ഭാര്യമാരും മക്കളും അനുജത്തിയും ഭർത്താവും മക്കളും ബഷീറിന്റെ ഏറ്റവും ഇളയ അനുജനും താമസക്കാരായുണ്ടായിരുന്നു. ഇതിനൊക്കെ പുറമെ അല്പമകലെ താമസിക്കുന്ന അനുജത്തി പാത്തുമ്മയും കൊച്ചുമകൾ ഖദീജയും നിത്യവും കാലത്ത് എത്തിച്ചേരും. അംഗസംഖ്യ ഇതുകൊണ്ട് തീരുന്നില്ല. ഉമ്മയുടെ അഭയാർത്ഥികളായി പാർക്കുന്ന കുറെ പൂച്ചകൾ, അവരെ പേടിച്ച് മച്ചുമ്പുറത്ത് സദാ ഓടി നടക്കുന്ന കാക്കത്തൊള്ളായിരം എലികൾ, പുരപ്പുറത്തിരുന്ന് കരഞ്ഞ് ബഹളം കൂട്ടുന്ന കുറെ കാക്കകൾ, ഉമ്മയുടെ വക പത്തുനൂറ് കോഴികൾ, അവയുടെ എണ്ണമില്ലാത്ത കുഞ്ഞുങ്ങൾ, ഇതിനൊക്കെ പുറമെ കഥാനായികയായ പാത്തുമ്മയുടെ ആടും! ഈ ഗൃഹാന്തരീക്ഷത്തിലെ കൊച്ചുകൊച്ചു സംഭവങ്ങൾ, വ്യക്തികൾ തമ്മിൽ ചെറിയ കാര്യങ്ങൾക്കുണ്ടാകുന്ന സ്പർദ്ധകൾ, സ്നേഹങ്ങൾ, ചേരിപ്പോരുകൾ ഇവയുടെയൊക്കെ ഒടുവിലുണ്ടാകുന്ന ഒത്തുതീരലുകൾ ഇതൊക്കെയാണ് 'പാത്തുമ്മയുടെ ആടി'ൽ ബഷീർ വരച്ചു കാണിക്കുന്നത്. മറ്റെന്തിനേക്കാളുമുപരി ജീവിതത്തെ സ്നേഹിക്കുകയും അതിലെ യാഥാർത്ഥ്യങ്ങളെ അംഗീകരിക്കുകയും ചെയ്യുന്ന എഴുത്തുകാരനെ ഈ കൃതിയിൽ കാണാം. ഇതിനുള്ള ഒരു തെളിവാണ് എന്നു തിന്നാലും വിശപ്പ് തീരാത്ത ആടിന്റെ ചിത്രീകരണം. ബഷീറിന്റെ സമ്മതത്തോടെയും അല്ലാതെയും അദ്ദേഹത്തിന്റെ ഭക്ഷണ സാധനങ്ങൾ ആ ആട് തിന്നുന്നുണ്ട്. എഴുത്തുകാരന്റെ മുന്നിൽ വെച്ച് തന്നെ ബാല്യകാലസഖി, ശബ്ദങ്ങൾ എന്നീ പുസ്തകങ്ങളുടെ കോപ്പികളും ആട് ഭക്ഷിക്കുന്നു. ജീവിതത്തിൽ ഏറ്റവും പ്രാധാന്യമുള്ള വിശപ്പ് എന്ന പ്രതിഭാസത്തെ ശരിയായി തിരിച്ചറിഞ്ഞ സാഹിത്യകാരനായിരുന്നു ബഷീർ എന്നതിനൊരുദാഹരണമാണിത്.

എക്കാലത്തും ഓർമിക്കപ്പെടുന്ന നല്ല കഥകൾ ബഷീർ മലയാളത്തിന് സമ്മാനിച്ചിട്ടുണ്ട്. പൂവമ്പഴം, ജൻമദിനം, പ്രേമലേഖനം, നീലവെളിച്ചം, വിശപ്പ്, എട്ടുകാലി മമ്മൂഞ്ഞ്, ആനപ്പൂട, ശബ്ദങ്ങൾ തുടങ്ങിയവ മലയാളകഥയുടെ വളർച്ചയിലെ നാഴികക്കല്ലുകളാണ്. നാട്ടിൻപുറത്തെ മനുഷ്യരുടെ കഥ ഇത്രയും മനോഹരമായി വരച്ചുവെച്ച ഒരെഴുത്തുകാരൻ ബഷീറിനെപ്പോലെ അധികമുണ്ടാവില്ല. അതുകൊണ്ടാണ് ഒറ്റക്കണ്ണൻ പോക്കരും ആനവാരി രാമൻ നായരും, പൊൻകുരിശ് തോമായും എട്ടുകാലി മമ്മൂഞ്ഞും



IX_Malayalam_Combine.indb 32 4/16/2019 12:57:02 PM

മണ്ടൻ മുത്തപ്പയും മറ്റും മലയാളികളുടെ മനസ്സിൽ ഒരിക്കലും മായാത്ത കഥാപാത്രങ്ങളായി ഇന്നും ജീവിക്കുന്നത്. മതിലുകൾ, താരാ സ്പെഷ്യൽസ്, ശിങ്കിടിമുങ്കൻ, അനുരാഗത്തിന്റെ ദിനങ്ങൾ, അനർഘനിമിഷം, മുച്ചീട്ടുകളിക്കാരന്റെ മകൾ, ആനവാരിയും പൊൻകുരിശും, സ്ഥലത്തെ പ്രധാന ദിവ്യൻ, വിശ്വവിഖ്യാതമായ മൂക്ക് തുടങ്ങി വൈക്കം മുഹമ്മദ് ബഷീറിൻറ രചനകളെക്കുറിച്ചെല്ലാം പറയണമെങ്കിൽ പുസ്തകങ്ങൾ തന്നെ എഴുതേണ്ടിവരും. മേല്പറഞ്ഞ കൃതികളിലൊന്നും തന്നെ തനിക്കറിയാത്ത ഒന്നിനേയും ബഷീർ വരച്ചു കാണിച്ചിട്ടില്ല. എന്നാൽ ആ ലോകം നമ്മിൽ അവിശ്വസനീയത ജനിപ്പിച്ചേക്കാം. ഇത് കഥാകാരന്റെ കഥനസമ്പ്രദായത്തിന്റെ പ്രത്യേകത കാരണമാണ്. മാത്രമല്ല, കഥാ പുരുഷന്റെ അനുഭവപ്രപഞ്ചം അത്രമാത്രം വൈവിധ്യപൂർണ്ണവും വിപുലവുമായിരുന്നല്ലോ. ഈ വിപുലമായ അനുഭവങ്ങളെ ഏറ്റവും ചുരുക്കി പറഞ്ഞ എഴുത്തുകാരനാണ് ബഷീർ. ചിലപ്പോൾ അത് വായനക്കാരനെ പൊള്ളിക്കുന്ന ശൈലിയിലായിരിക്കും. അല്ലെങ്കിൽ ചിരിപ്പിക്കുന്ന തരത്തിലായിരിക്കും. ചിലയിടത്ത് വിനീതനായ ഒരു ചരിത്രകാരനായി അകന്നു നിന്ന് കാര്യങ്ങൾ വിവരിക്കുന്ന മട്ടിലായിരിക്കും. ഏത് രീതിയിലുള്ള അവതരണത്തിലായാലും അനുഭവങ്ങളുടെ തീക്ഷ്ണതയായിരുന്നു അതിന്റെ കാതൽ.

1957 ലാണ് ബഷീർ കോഴിക്കോട്ടുകാരി ഫാത്തിമാബീയെ കല്യാണം കഴിച്ചത്. അതിനുശേഷം അദ്ദേഹം കോഴിക്കോട് പട്ടണത്തിനടുത്തുള്ള ബേപ്പൂരിലെ വൈലാലിൽ വീട്ടിൽ സ്ഥിരതാമസമാക്കി. എപ്പോഴോ തമാശയായി ബഷീർ പറഞ്ഞ ഒരു പ്രയോഗം പിന്നീട് അദ്ദേഹത്തിൻറ പ്രസിദ്ധമായ വിശേഷണമായി മാറി. 'ബേപ്പൂർ സുൽത്താൻ' എന്ന് അദ്ദേഹത്തെ ആരാധകർ സ്നേഹപൂർവ്വം വിളിച്ചിരുന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നുള്ള അതിഥികളെ വൈലാലിൽ ഗൃഹാങ്കണത്തിലെ മരച്ചുവട്ടിൽ ബഷീർ സ്വീകരിച്ചിരുത്തിയിരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ എല്ലാ വിഭാഗത്തിൽപ്പെട്ടവരുടെയും ആശ്വാസകേന്ദ്രമായിരുന്നു അവിടം. സാധാരണക്കാർ തൊട്ട് ഉന്നതൻമാർ വരെ ബഷീറിന്റെ കണ്ണിൽ സമൻമാരായിരുന്നു. എല്ലാവരോടും അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത് മനുഷ്യസ്നേഹത്തെക്കുറിച്ചും ശാന്തിയെക്കുറിച്ചുമായിരുന്നു.



IX_Malayalam_Combine.indb 33 4/16/2019 12:57:02 PM



അലങ്കാരം

സഹൃദയന്റെ ഹൃദയത്തിന് ആഹ്ലാദം ജനിപ്പിക്കാൻ സഹായകമായ കവിതാധർമ്മമാണ് അലങ്കാരം.

ഉപമ

ലക്ഷണം: ഒന്നിനൊന്നോട് സാദൃശ്യം
ചൊന്നാലുപമയാമത്

ഉദാ: മന്നവേന്ദ്രാ വിളങ്ങുന്നു
ചന്ദ്രനെപ്പോലെ നിൻമുഖം

വൃത്തം

പദ്യത്തിൽ അക്ഷരം വിന്യസിച്ചിരിക്കുന്ന രീതിക്കാണ് വൃത്തം എന്നു പറയുന്നത്.

കാകളി

ലക്ഷണം: മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരു
ഗണങ്ങളെ
എട്ടുചേർത്തുള്ളീരടിക്കു ചൊല്ലാം
കാകളിയെന്നുപേർ

ഉദാ: ശാരികപ്പൈതലേ ചാരുശീലേ വരി
കാരോമലേ കഥാശേഷവും ചൊല്ലു നീ

IX_Malayalam_Combine.indb 34 4/16/2019 12:57:02 PM

ഭാഗം
3

പുതിയ ലോകമാനങ്ങളിലേക്ക്



പഠന ലക്ഷ്യങ്ങൾ

- മനുഷ്യൻ കൈവരിച്ച നേട്ടങ്ങളിലേക്ക് ഒരു എത്തിനോട്ടം.
- ശാസ്ത്രാന്വേഷണത്വര വളർത്തൽ
- ത്യാഗത്തിന്റെയും മാനവികതയുടെയും പുതിയ അർത്ഥതലങ്ങൾ കണ്ടെത്താനും, സ്നേഹകാരുണ്യം കൊണ്ട് ജീവിതത്തെ തെളിച്ചപ്പെടുത്താനും പ്രാപ്തരാക്കൽ
- പ്രായോഗികമായി ഭാഷ കൈകാര്യം ചെയ്യാനുള്ള പ്രാപ്തി നേടൽ

പാഠഭാഗങ്ങൾ

കവിത:	- എനിക്കു മരണമില്ല	- വയലാർ രാമവർമ്മ
ഗദ്യം:	- ശാസ്ത്രത്തിന്റെ കാഴ്ചപ്പാട്	- പ്രൊഫ.സി.വി.രാമന്റെ റേഡിയോ പ്രഭാഷണങ്ങളിൽ നിന്ന്
അധികവായനക്ക്:	- വംശാനന്തരതലമുറ (കഥ)	വി.ആർ.സുധീഷ്
വ്യാകരണം:	- പ്രയോഗം, പിരിച്ചെഴുത്ത്	
രചന:	- അപേക്ഷ, കത്ത്	

IX_Malayalam_Combine.indb 35 4/16/2019 12:57:02 PM

കവിത

എനിക്കു മരണമില്ല

വയലാർ രാമവർമ്മ



വയലാർ രാമവർമ്മ: [1928 – 1975]. പ്രതിഭാധനനായ കവിയും ഗാനരചയിതാവുമായ വയലാർ എന്ന പേരിലറിയപ്പെടുന്ന വയലാർ രാമവർമ്മ ആലപ്പുഴ ജില്ലയിലെ വയലാർ എന്ന ഗ്രാമത്തിൽ ജനിച്ചു. സർഗ്ഗസംഗീതം, പാദമുദ്രകൾ, മുളംകാട്, എനിക്കു മരണമില്ല തുടങ്ങി നിരവധി കവിതാസമാഹാരങ്ങൾ അദ്ദേഹം മലയാള കാവ്യലോകത്തിന് നൽകിയിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, ചലച്ചിത്രനാടക ഗാനരചനയ്ക്കുള്ള നിരവധി പുരസ്കാരങ്ങൾ എന്നിവ നേടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ 'എനിക്കു മരണമില്ല' എന്ന കവിതാസമാഹാരത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് ഈ കവിത.

മനുഷ്യന്റെ അമാനുഷികമായ കഴിവുകളിൽ കവി അൽഭുതം കൊള്ളുന്നു. വിശ്രമമില്ലാതെ പായുന്ന മനുഷ്യന്റെ നേട്ടങ്ങൾക്ക് മുമ്പിൽ ഈ പ്രപഞ്ചം തന്നെ ചെറുതാകുന്നു. കാലമാകുന്ന കുതിരപ്പുറത്തു പാഞ്ഞുപോകുന്ന അവന്റെ ചാട്ടവാറൊച്ചകേട്ട് അണ്ഡകടാഹങ്ങൾ ഞടുങ്ങിപ്പോകുന്നു.





IX_Malayalam_Combine.indb 36 4/16/2019 12:57:03 PM

കുതിരപ്പുറത്തു ഞാൻ പാഞ്ഞുപോകുമ്പോൾ, കൈയിൽ
കുതറിത്തുള്ളിത്തുള്ളിച്ചാട്ടവാറിളകുമ്പോൾ,

ഞടുങ്ങിപ്പോകുന്നില്ലേ നിമിഷങ്ങളിൽ, കുള
മ്പടികൾ പതിയുമ്പോളീയണ്ഡകടാഹങ്ങൾ?

നീരവനീലാകാശമണ്ഡലത്തിലെ, ശുഷ്ക
താരകേ, വിളറിയ നിന്മുഖം കാണട്ടേ ഞാൻ!

നിന്റെ നാട്ടിലെ 'നീലത്തുളസിക്കൊടി'ത്തോപ്പിൽ
നിന്നു നീ നുള്ളിക്കൂട്ടും പിഞ്ചുവെറ്റിലകളും,

'ചൊവ്വ'യിൽ വിളയുന്ന ചെമ്പഴുക്കയും, വാനിൻ
ചെങ്കനൽച്ചൂളയ്ക്കുള്ളിൽ നീറിയ ചുണ്ണാമ്പുമായ്,

അമ്പിളിത്താമ്പാളം നീ നീട്ടിക്കൊണ്ടാരു വെള്ളി
ത്തുമ്പിയെപ്പോലെ നിന്നു മാനത്തു നൃത്തംവെയ്ക്കെ,

സ്വീകരിക്കാറുണ്ടെന്നും ഞാനവ; തിരക്കിട്ടു
പോകുമിപ്പോക്കിൽ ചക്രവാളത്തിൽ നീട്ടിത്തുപ്പും!

ഞാനെത്താതിരിക്കില്ല നിന്നടുത്തൊരിക്കലു;
മാ നല്ലനാളിന്നായിക്കാത്തുനിന്നോളൂ ദൂരെ!

കാലമാ, ണവിശ്രമം പായുമെന്നശ്വം, സ്നേഹ
ജ്വാലയാണെന്നിൽ കാണും ചൈതന്യം സനാതനം.

IX_Malayalam_Combine.indb 37 4/16/2019 12:57:03 PM

പ്രപഞ്ചം മുഴുവനും പണ്ടുപണ്ടൊരുകാലം
പ്രളയാബ്ധിയിൽ മുങ്ങിത്താണടിഞ്ഞിരുന്നപ്പോൾ,

വന്നു ഞാ'നമീബ'യായ്, ജീവന്റെയൊന്നാമത്തെ
സ്പന്ദനം വിളംബരം ചെയ്തിതെൻ ചലനങ്ങൾ!

അന്നന്തരീക്ഷത്തിന്റെയാത്മാവിൽനിന്നും പ്രാണ
സ്പന്ദങ്ങൾക്കുയിരാർജ്ജിച്ചങ്ങനെ വളർന്നു ഞാൻ.

ജീവന്റെ പരിണാമപരിവർത്തനരൂപ
ഭാവഭേദങ്ങൾക്കുള്ളിൽ വളർന്ന യുഗങ്ങളിൽ,

ഇപ്രപഞ്ചത്തെ,ക്കെയിലമ്മാനമാടിക്കൊണ്ടോ
രത്ഭുതസർഗ്ഗാത്മകശക്തിയെക്കണ്ടിട്ടില്ലേ?

ഞാനാണ;തജയ്യനാം 'മനുഷ്യൻ' ചലിക്കുന്നു
ഞാനഹർന്നിശ, മെന്റെ സന്ദേശം ജയിക്കുന്നു!

മീനുമാമയുമായി, പന്നിയായ്, നൃസിംഹമായ്,
ഞാനവതാരംചെയ്ത കഥകൾ കേട്ടിട്ടില്ലേ?

ഈശ്വരനെന്നും മറ്റും പേരെനിക്കുണ്ടായിട്ടു,
ണ്ടീശ്വരൻ! ഉറക്കനെച്ചിരിക്കാൻ തോന്നിപ്പോകും!

പണ്ടു ഞാൻ കുരുക്ഷേത്രയുദ്ധഭൂമിയിൽനിന്നു
കൊണ്ടതു നിഷേധിച്ചതിപ്പോഴുമോർമ്മിക്കുന്നു!

എന്നിൽനിന്നതീതമായ്, വ്യതിരിക്തമായ്, മന്നി
ലൊന്നുമുണ്ടായിട്ടില്ലെന്നന്നു ഞാൻ പ്രഖ്യാപിച്ചു.

IX_Malayalam_Combine.indb 38 4/16/2019 12:57:03 PM

കാൽവരിക്കുന്നിൻമോളിൽ, മെക്കയിൽ, സംസ്കാരത്തിൻ
കാഹളമുയർന്നേടത്തൊക്കെ ഞാൻ സംസാരിച്ചു!

ഫ്രെയ്സറിൽ, ഷേക്സ്പിയറിൽ, ഡാർവിനിൽ, കാറൽ മാർക്സിൽ,
വ്യാസനിൽ,....പലരിലുംകൂടി ഞാൻ സംസാരിച്ചു!

മനുഷ്യൻ മനുഷ്യൻ, ഞാനെന്നിൽനിന്നാരംഭിച്ചു
മഹത്താം പ്രപഞ്ചത്തിൻ ഭാസുരസങ്കല്പങ്ങൾ!

എന്നിലുണ്ടിന്നേവരെ ജീവിച്ച സംസ്കാരങ്ങൾ,
എന്നിലുണ്ടിനിയത്തെ വിടരും സംസ്കാരങ്ങൾ!

ഈ വിശ്വതലത്തിന്റെ കർമ്മമേഖലകളിൽ
ജീവിതം നോവുമ്പോളെന്നാത്മാവു നൊന്തീടുന്നു.

മാനവപ്രയത്നത്തിൻചുണ്ടുക,ളെങ്ങാഹ്ലാദ
ഗാനവീചികൾ നെയ്വതവിടെപ്പാടുന്നു ഞാൻ.



IX_Malayalam_Combine.indb 39 4/16/2019 12:57:04 PM

അഭ്യാസം

I. പദപരിചയം

ചാട്ടവാറ്, അണ്ഡകടാഹം, നിരവനീലാകാശം, അമ്പിളിത്താമ്പാളം,

പ്രളയാബ്ധി, അജയ്യൻ, കാഹളം, ഭാസുരസങ്കല്പങ്ങൾ,

II ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കുതിരപ്പുറത്ത് പാഞ്ഞുപോകുന്നതാരാണ്?.

   അ) അജയ്യനായ മനുഷ്യൻ ആ) അസുരൻ

   ഇ) ദേവൻ ഈ) ഗന്ധർവ്വൻ

2. ആരുടെ വിളറിയ മുഖം കാണട്ടേ എന്നാണ് കവി ചോദിക്കുന്നത്?

   അ) സൂര്യന്റെ ആ) ശുഷ്കതാരത്തിന്റെ

   ഇ) ചന്ദ്രന്റെ ഈ) ദേവന്റെ

3. ചെമ്പഴുക്ക വിളയുന്നത് എവിടെയെന്നാണ് പറയുന്നത്?

   അ) ശുക്രൻ ആ) ബുധൻ

   ഇ) ചൊവ്വ ഈ) വ്യാഴം

4. പ്രപഞ്ചത്തിന്റെ ഭാസുര സങ്കല്പങ്ങൾ ആരിൽനിന്നാണ് ആരംഭിച്ചത്?

   അ) മനുഷ്യനിൽനിന്ന് ആ) ദേവനിൽനിന്ന്

   ഇ) ഗന്ധർവനിൽനിന്ന് ഈ) അസുരനിൽനിന്ന്

III ഉത്തരമെഴുതുക

1. അജയ്യനായ മനുഷ്യന്റെ അവതാരകഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുക?
2. മനുഷ്യൻ മനുഷ്യൻ, ഞാനെന്നിൽനിന്നാരംഭിച്ചു

   മഹത്താം പ്രപഞ്ചത്തിൻ ഭാസുരസങ്കല്പങ്ങൾ!

   എന്നിലുണ്ടിന്നേവരെ ജീവിച്ച സംസ്കാരങ്ങൾ,

   എന്നിലുണ്ടിനിയത്തെ വിടരും സംസ്കാരങ്ങൾ!

   ഈ വരികളിലെ ആശയം വ്യക്തമാക്കുക.
3. ആരിലൂടൊക്കെയാണ് മനുഷ്യൻ ലോകത്തോട് സംസാരിച്ചത്?
4. അജയ്യനായ മനുഷ്യന്റെ ശക്തിവിശേഷത്തെ പ്രകീർത്തിക്കുന്ന 'എനിക്കു മരണമില്ല' എന്ന കവിതയെ ആസ്പദമാക്കി ഒരു ആസ്വാദനം തയ്യാറാക്കുക.

IX_Malayalam_Combine.indb 40 4/16/2019 12:57:04 PM

ശാസ്ത്രത്തിന്റെ കാഴ്ചപ്പാട്

പി. പി. കെ. പൊതുവാൾ



പി. പി. കെ. പൊതുവാൾ [1946]. കാസർകോടു ജില്ലയിലെ തൃക്കരിപ്പൂരിൽ ജനിച്ചു. അധ്യാപകൻ, ശാസ്ത്രലേഖനങ്ങളുടെ കർത്താവ് എന്നീ നിലകളിൽ പ്രശസ്തൻ. പ്രധാനകൃതികൾ പരിസ്ഥിതിക്കവിതകൾ ഒരാമുഖം, ജീവതശാസ്ത്രത്തിന്റെ ആദ്യ നാളുകൾ, ബയോടെക്നോളജിയുടെ ലോകം, മൃഗങ്ങളുടെ കോടതി എന്നിവയാണ്.

പ്രൊഫ: സി. വി. രാമന്റെ റേഡിയോ പ്രഭാഷണങ്ങളിൽനിന്ന് പരിഭാഷപ്പെടുത്തിയതാണ് ശാസ്ത്രത്തിന്റെ കാഴ്ചപ്പാട് എന്ന ലേഖനം. സി. വി. രാമൻ ഇന്ത്യ കണ്ട പ്രഗത്ഭനായ ശാസ്ത്രജ്ഞനും നോബൽ സമ്മാന ജേതാവുമാണ്. ശാസ്ത്രാന്വേഷണത്തിന്റെ യഥാർത്ഥ ഉത്തേജകശക്തി സൃഷ്ടിപരമായ ഉൾപ്രേരണയാണ്. പ്രകൃതിയാകട്ടെ അതിന് പ്രചോദനവും. കവിക്കും ശിൽപ്പിക്കും ചിത്രകാരനും എല്ലാം പ്രകൃതി തന്നെയാണ് പ്രചോദനം. അതുപോലെ ശാസ്ത്രജ്ഞനും പ്രകൃതിയിൽനിന്ന് തന്നെയാണ് പ്രചോദനം ഉൾക്കൊണ്ട് തന്റെ കർത്തവ്യം നിറവേറ്റുന്നത്.

ശാസ്ത്രത്തിന്റെ ശരിയായ അർഥവും ഉൾക്കൊള്ളുവാൻ താൽപര്യമുള്ള ശാസ്ത്രശാഖയുടെ ചരിത്രവും ശാസ്ത്രത്തിന് നിസ്തുലസംഭാവനകൾ നൽകിയ വ്യക്തികളുടെ ജീവചരിത്രവും പഠിക്കേണ്ടതുണ്ട്. ശാസ്ത്രം എന്താണെന്ന് മനസ്സിലാക്കിക്കൊടുക്കാനും അതിന്റെ ബൗദ്ധികവീക്ഷണം എന്തെന്ന് ബോധ്യപ്പെടുത്താനും ഇതിനെക്കാൾ നല്ല വഴികളില്ല.



എന്താണ് ശാസ്ത്രത്തിലെ കണ്ടു പിടുത്തം? അത് എങ്ങനെയാണ് നടത്തുന്നത്? എന്നെന്നും പ്രസക്തമായ ചോദ്യങ്ങളാണിവ. കണ്ടുപിടുത്തം ഒരു പുതിയ വസ്തുതയുമായോ ആശയവുമായോ ബന്ധപ്പെട്ടതാകാം. വിശദീകരണങ്ങൾ നൽകാൻ കഴിയാത്ത ഒരു നിരീക്ഷണത്തിന് ശാസ്ത്രത്തിൽ വലിയ പ്രാധാന്യമൊന്നുമില്ല. വസ്തുതകളിലൂടെ

IX_Malayalam_Combine.indb 41 4/16/2019 12:57:04 PM

തെളിയിക്കപ്പെടാത്ത ഒരാശയത്തിനും ശാസ്ത്രത്തിൽ സ്ഥാനവുമില്ല. അതായത്, സൈദ്ധാന്തികവും പരീക്ഷണാത്മകവുമായ അടിത്തറയുള്ള കണ്ടുപിടുത്തങ്ങൾ മാത്രമാണ് അംഗീകരിക്കപ്പെടുന്നതെന്നർഥം. ഇതിൽ ഏതിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്ന കാര്യം പ്രത്യേകസാഹചര്യങ്ങളെയും സന്ദർഭങ്ങളെയും ആശ്രയിച്ചിരിക്കും, അതുമൂലം സൈദ്ധാന്തിക കണ്ടുപിടുത്തങ്ങളും പരീക്ഷണങ്ങളിൽ അധിഷ്ഠിതമായ കണ്ടുപിടുത്തങ്ങളും തമ്മിൽ ചില്ലറ വ്യത്യാസങ്ങൾ കണ്ടുവരുന്നു. ഉദാഹരണത്തിന് റോൺട്ജന്റെ 'എക്സറേ' തികച്ചും പരീക്ഷ ണങ്ങളിൽ അധിഷ്ഠിതമായ ഒരു കണ്ടെത്തലാണ്. അതേസമയം തുല്യപ്രാ ധാന്യമുള്ള പ്ലാങ്കിന്റെ 'ക്വാണ്ടം സിദ്ധാന്തം' വ്യക്തമായും സൈദ്ധാന്തികമാണെന്നു കാണാം.

കണ്ടുപിടിത്തങ്ങൾ പലപ്പോഴും നാടകീയവും ഉദ്വേഗജനകവുമായ അവസ്ഥാവിശേഷങ്ങൾ സൃഷ്ടിക്കുന്നു. ഉഴവുചാലിൽ നിന്ന് അമൂല്യരത്നം കണ്ടുകിട്ടിയാൽ എന്ന പോലെയാണത്. ശാസ്ത്രത്തിന്റെ ചരിത്രം ഇത്തരം സ്തോഭപൂർണമായ സംഭവങ്ങൾകൊണ്ട് സമൃദ്ധമാണ്. എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ഒരുദാഹരണം ആർക്കിമെഡിസിന്റേതാണ്. 'യൂറീക്കാ', 'യൂറീക്കാ' എന്നാർത്തു വിളിച്ചു കൊണ്ട് കുളിത്തൊട്ടിയിൽ നിന്ന് നഗ്നനായി അദ്ദേഹം ഇറങ്ങിയോടി. ഒരു പുതിയ ആശയം മനസ്സിൽ മിന്നിത്തെളി ഞ്ഞപ്പോഴുണ്ടായ വികാരാവേശം എത്രമാത്രം അളവറ്റതാണെന്ന് ഈ സംഭവം തെളിയിക്കുന്നു. ആ നിമിഷത്തിന്റെ സന്തോഷവും വികാരോത്തേജനവും



IX_Malayalam_Combine.indb 42 4/16/2019 12:57:04 PM



വിവരണാതീതമാണ്. ഏറ്റവും വലിയ ശാസ്ത്രോപാസകന്റെ ജീവിതത്തിൽപോലും ഇത്തരം സന്ദർഭങ്ങൾ ഒന്നോ രണ്ടോ തവണ മാത്രമേ ഉണ്ടാവുകയുള്ളൂ. ജ്ഞാനാന്വേഷിയായ ഒരാൾക്ക് ജീവിതത്തിൽ ലഭിക്കുന്ന അസുലഭ മുഹൂർത്തമാണിത്. ഗവേഷകന് നിറഞ്ഞ സംതൃപ്തിയും പ്രോത്സാഹനവും നൽകുന്ന അനേകം ചെറുകണ്ടുപിടുത്തങ്ങൾ ഉണ്ടായേക്കാം. പക്ഷേ, അവയൊന്നും ആത്മാവിനെ ത്രസിപ്പിക്കണമെന്നില്ല.

എത്ര മഹത്തായ കണ്ടുപിടുത്തമായാൽ പോലും തുടക്കത്തിൽ സമൂഹത്തിൽ നിന്നുണ്ടാകുന്ന പ്രതികരണം എപ്പോഴും അഭിലഷണീയമാകണമെന്നില്ല. ചിന്തിക്കാൻ കൂട്ടാക്കാത്തവരും അസൂയാലുക്കളും ഇത്തരം നേട്ടങ്ങളുടെ പ്രാധാന്യം കുറച്ചുകാട്ടാൻ സ്ഥിരമായി സ്വീകരിക്കുന്ന ഒരടവുണ്ട്. ലോട്ടറിയടിക്കും പോലെ വെറും ഭാഗ്യത്തിന്റെ കളി അല്ലെങ്കിൽ യാദൃച്ഛികത മാത്രമാണ് ഇത്തരം നേട്ടങ്ങളുടെ പിന്നിലുള്ളതെന്ന പ്രചാരണം. ഈ വക പ്രലപനങ്ങളെല്ലാംതന്നെ അധിക്ഷേപാർഹവും അർഥശൂന്യവുമാണ്. ശാസ്ത്രാന്വേഷകൻ അറിവിന്റെയും അന്വേഷകനാണ്. താൻ തെരഞ്ഞെടുത്ത ഒരു പ്രത്യേക മേഖലയിൽ അയാൾ അന്വേഷണം നടത്തുന്നു. പുതുമയുടെ ഒരു ചെറു കണികയെങ്കിലും കണ്ടെത്താൻ കഴിയുമെന്ന പ്രതീക്ഷ അയാൾക്ക് ആനന്ദം നൽകുന്നു. കണ്ടുപിടുത്തങ്ങൾ യാദൃച്ഛികമാണെന്നു വാദിക്കുന്നവർ എപ്പോഴും മറന്നു പോകുന്ന ഒരു കാര്യമുണ്ട്: ശാസ്ത്രഗവേഷണത്തിന്റെ സുപ്രധാനമായ വശം, താൻ കണ്ടുപിടിക്കാൻ പോകുന്നതിന്റെ യഥാർഥ സ്വഭാവമെന്തെന്ന് ഗവേഷകൻ തിരിച്ചറിയുന്നു എന്നതാണ്. ശ്രദ്ധാപൂർവം ചിന്തിച്ചു തയ്യാറാക്കിയ പ്രവർത്തനപദ്ധതിയിലൂടെയല്ലാതെ കണ്ടു പിടുത്തങ്ങൾ വിരളമായേ സാധ്യമായിട്ടുള്ളൂ. മാസങ്ങളും വർഷങ്ങളും നീണ്ടു നിൽക്കുന്ന ചിട്ടയായ പഠനത്തിന്റെയും ഗവേഷണത്തിന്റെയും പരിണതഫലമാണ് അത്.

IX_Malayalam_Combine.indb 43 4/16/2019 12:57:04 PM



അടിസ്ഥാനപരമായിത്തന്നെ പുതുമകളുള്ള ഒരു കണ്ടുപിടിത്തത്തിന്റെ പ്രാധാന്യം ഉടൻതന്നെ ലോകം അംഗീകരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ, അത് പുതിയ ആശയങ്ങൾ അംഗീകരിക്കാനുള്ള വൈമനസ്യമാണോ എന്ന് സംശയിക്കേണ്ട കാര്യമൊന്നുമില്ല. ലോകം എന്നും എവിടെയും അങ്ങനെയാണ്. പുതിയ ആശയങ്ങൾ എപ്പോഴും സംശയദൃഷ്ടിയോടെ വീക്ഷിക്കപ്പെടും. നിരവധി വർഷത്തെ നിരന്തരമായ വാദവും ശക്തമായ നിരീക്ഷണങ്ങളുടെ പിൻബലവും കൊണ്ടു മാത്രമേ ഒരു പുതിയ കണ്ടുപിടുത്തം ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിയുകയുള്ളു. ലായനികളുടെ സ്വഭാവത്തെക്കുറിച്ച് താൻ നടത്തിയ ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ പ്രബന്ധം സ്റ്റോക്ക്ഹോം സർവകലാശാലയ്ക്ക് സമർപ്പിച്ച് കാത്തിരുന്ന അറീനിയസിന്റെ അനുഭവമാണ് ഓർമ വരുന്നത്. തന്റെ നിഗമനങ്ങൾക്ക് പിൻബലമായി പരീക്ഷണങ്ങളുടെ ഒരു ഭണ്ഡാഗാരം തന്നെ അദ്ദേഹം ഹാജരാക്കിയിരുന്നു. ഐതിഹാസികമായ തന്റെ കണ്ടുപിടുത്തത്തിന് സ്റ്റോക്ക്ഹോം സർവകലാശാല അദ്ദേഹത്തെ ബഹുമാനിച്ചത് അക്കാദമിക് ജോലികൾക്ക് എക്കാലത്തും അനർഹനാണെന്നു വിളംബരം ചെയ്യുന്ന ഒരു നാലാംക്ലാസ് ഡിഗ്രി നൽകിക്കൊണ്ടായിരുന്നു. അറീനിയസ് ഈ അനുഭവത്തെ സന്തോഷപൂർവം അതിജീവിച്ചു. അദ്ദേഹം നോബൽ സമ്മാനത്തിനു തന്നെ അർഹനായിത്തീർന്നു. തന്റെ രാജ്യത്തെ

IX_Malayalam_Combine.indb 44 4/16/2019 12:57:04 PM

ഏറ്റവും വലിയ ശാസ്ത്രജ്ഞൻ എന്ന ബഹുമതി നേടി. അതേസമയം, യുവപ്രതിഭകളെ അടിച്ചമർത്തി മുരടിപ്പിച്ച സംഭവങ്ങളും ശാസ്ത്രത്തിന്റെ ചരിത്രത്തിൽ കാണാം.

പ്രായം കൂടുന്നതിനനുസരിച്ച് വളർച്ച പ്രാപിക്കുന്ന യാഥാസ്ഥിതികത്വം മഹത്തായ നേട്ടങ്ങളെ തടസ്സപ്പെടുത്തുന്നു. ഏറ്റവും മഹത്തായ ആശയങ്ങൾ ഏറ്റവും എളുപ്പത്തിൽ രൂപംകൊള്ളുക യുവാക്കളുടെ മസ്തിഷ്കങ്ങളിലാണ്. അതേസമയം, ഒരു പുതിയ ആശയം ശരിയായ രീതിയിൽ വികസിപ്പിച്ചെടുക്കാൻ കാലദൈർഘ്യം വേണമെന്നതിനാൽ പ്രായം, പക്വത, അനുഭവജ്ഞാനം തുടങ്ങിയ ഘടകങ്ങളെ പാടേ തള്ളിക്കളയുന്നതും ശരിയല്ല. പ്രായത്തിന്റെ സന്തതിയായ യാഥാസ്ഥിതികത്വം ഒരളവോളം, യുവഭാവനകളുടെ വന്യമായ ആകാശസഞ്ചാരത്തിന് കടിഞ്ഞാണിടുമെന്നും ഞാൻ കരുതുന്നു. ഇനി വൃദ്ധന്മാർക്കും വേണമെങ്കിൽ യുവാക്കളുടെ ചൈതന്യവും കാഴ്ച്ചപ്പാടും തങ്ങളിൽ നിന്ന് നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കാവുന്നതേയുള്ളു. യുവപ്രതിഭകളെ മുരടിപ്പിക്കാൻ, പ്രായം ചെന്നവർ തങ്ങളുടെ യാഥാസ്ഥിതികത്വത്തെ ഉപയോഗിക്കാതിരുന്നാൽ തന്നെ ധാരാളമായി. യുവാക്കളെ അവരുടെ ഗവേഷണങ്ങളിൽ വഴികാട്ടാനും പ്രചോദിപ്പിക്കാനും അവർക്കു കഴിയും. പുതിയ തലമുറയിലെ പ്രതിഭകളെ കണ്ടെത്തി അവരുടെ ആരോഗ്യകരമായ വികാസത്തിനും ഉന്നമനത്തിനും ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് വൃദ്ധതലമുറയിൽപ്പെട്ട ശാസ്ത്രഗവേഷകരുടെ പ്രധാന കർത്തവ്യം.

IX_Malayalam_Combine.indb 45 4/16/2019 12:57:04 PM

അഭ്യാസം

I. പദപരിചയം

ബൗദ്ധികവീക്ഷണം, പരീക്ഷണാത്മകം, ഉദ്വേഗജനകം,

അമൂല്യരത്നം, സ്തോഭപൂർണം, വികാരാവേശം,

ശാസ്ത്രോപാസകൻ, പ്രലപനങ്ങൾ

II. വിപരീതപദം

അസുലഭം, അഭിലഷണീയം

III. വാക്യത്തിൽ പ്രയോഗിക്കുക

യാദൃശ്ചികം, അധിക്ഷേപാർഹം, ശ്രദ്ധാപൂർവ്വം

IV ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. എന്താണ് നാടകീയവും ഉദ്വേഗജനകവുമായ അവസ്ഥാവിശേഷങ്ങൾ സൃഷ്ടിക്കുന്നത്?

   അ) കണ്ടുപിടിത്തങ്ങൾ ആ) സിനിമ

   ഇ) നാടകം ഈ) സംഗീതം

2. ക്വാണ്ടം സിദ്ധാന്തം ആരുടേതാണ്?

   അ) സി. വി. രാമൻ ആ) പ്ലാങ്ക്

   ഇ) റോൺട്ജൻ ഈ) എ.പി.ജെ. അബ്ദുൽ കലാം

3. മഹത്തായ നേട്ടങ്ങളെ തടസ്സപ്പെടുത്തുന്നത് എന്താണ്?

   അ) വിജ്ഞാനം ആ) സാഹിത്യം

   ഇ) യാഥാസ്ഥിതികത്വം ഈ) വിവേകം

V ഉത്തരമെഴുതുക

1. ഏതുതരം കണ്ടുപിടിത്തങ്ങളെയാണ് ശാസ്ത്രം അംഗീകരിക്കുന്നത് എന്തുകൊണ്ട്?

2. കണ്ടുപിടിത്തങ്ങളെത്തുടർന്നുണ്ടാകുന്ന നാടകീയവും ഉദ്വേഗജനകവുമായ അവസ്ഥാവിശേഷങ്ങൾക്ക് ഉദാഹരണമെഴുതുക.

3. ശാസ്ത്രാന്വേഷകൻ അറിവിന്റെ കൂടി അന്വേഷകൻ ആണെന്ന് പറയാൻ കാരണമെന്ത്?

4. പാഠഭാഗത്തെ ആസ്പദമാക്കി ശാസ്ത്രത്തിന്റെ കാഴ്ചകൾ എന്ന വിഷയത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

IX_Malayalam_Combine.indb 46 4/16/2019 12:57:04 PM

വംശാനന്തരതലമുറ



വി. ആർ. സുധീഷ്

വി. ആർ. സുധീഷ്: [1961] മലയാളകഥയുടെ ഭാവുകത്വത്തെ പരിവർത്തിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച കഥാകൃത്താണ് വി. ആർ. സുധീഷ്. ഭാഷാപ്രയോഗചതുരതയും സൂക്ഷ്മനിരീക്ഷണ പാടവവും ഒത്തിണങ്ങിയ കഥനശൈലിയാണ് അദ്ദേഹത്തിന്റേത്. ക്രൂരഫലിതക്കാരൻ ദൈവം, ദൈവത്തിന് ഒരു പൂവ്, സ്വാതന്ത്ര്യത്തിന് വയസ്സാകുന്നു, മരക്കൂട്ടങ്ങൾക്കിടയിലെ നനഞ്ഞ മണ്ണ്, ഒരു വളർത്തു പൂച്ചയുടെ ജീവിതകഥ എന്നിവയാണ് പ്രധാന കൃതികൾ. 2014 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. വംശാനന്തരതലമുറ എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് കഥ.

കീറിമുറിക്കപ്പെടുന്നതിനുമുമ്പ് ആഴത്തിൽ പേടി നിറഞ്ഞ കണ്ണുകൾ തുറിച്ച് അത് കുട്ടികളെയെല്ലാം നിസ്സഹായമായി നോക്കുകയുണ്ടായി. ഭൂതകാലത്തിൽ നിന്നെന്നപോലെ പാളിവീണ ഒരു നോട്ടമായിരുന്നു അത്. എന്നിട്ടും ആ തവളക്കണ്ണുകളിൽ അജ്ഞാതമായ ഒരു സദ്ഭാവത്തിന്റെയും ജാഗരണത്തിന്റെയും മുകുളങ്ങൾ വിടർന്നു നിന്നിരുന്നു.

കാലങ്ങൾക്കു മുമ്പുള്ള ഒരു ജീവശാസ്ത്ര ക്ലാസ്സാണ്. ആറാം തരത്തിൽ തവളയുടെ ശരീരശാസ്ത്രം പഠിപ്പിക്കുകയാണ് ബാലക്കുറുപ്പുമാഷ്. ജീവനുള്ള ഒരു തവളയെ ആരെങ്കിലും കൊണ്ടുവന്നാൽ കീറിമുറിച്ചു പഠിപ്പിക്കാമെന്ന് കഴിഞ്ഞ ദിവസം മാഷ് പറഞ്ഞിരുന്നു. അന്ന് സ്കൂൾ വിട്ടപാടെ ആവേശത്തോടെ കുട്ടികൾ തവളയെ പിടിക്കാനിറങ്ങി. ഉച്ചയിലെ പട്ടിണിത്തളർച്ചപോലും കൂട്ടാക്കാതെ കുളത്തിലും പാടത്തിലും ചളിക്കുഴികളിലുമെല്ലാം അവർ തവളയെ തിരഞ്ഞുനടന്നു. പലർക്കും കിട്ടിയത് ചെറിയ തവളയെയായിരുന്നു. മൂന്നുനാലു പേർക്കാണ് വലിയ തവളയെ കിട്ടിയത്. പക്ഷേ, അവയ്ക്കൊന്നിനും കാലില്ലായിരുന്നു. തവളപിടുത്തക്കാർ കാലുവെട്ടിയെടുത്ത് കനിവോടെ ജീവിക്കാൻ വിട്ടവയായിരുന്നു അവ. വലിയ തവളയെ കൊണ്ടുവരാനാണ് മാഷ് പറഞ്ഞത്. ഏറ്റവും വലിയ തവളയെ കൊണ്ടുവന്നത് ഗോപിക്കുട്ടനായിരുന്നു. ഒരു പോത്താച്ചിത്തവളതന്നെയായിരുന്നു അത്. കാലുള്ളതും ജീവനുള്ളതുമായ ആ തവളയെത്തന്നെ കീറിമുറിക്കാൻ മാഷ് തെരഞ്ഞെടുത്തു.

സ്റ്റാഫ്റൂമിൽനിന്ന് കൊണ്ടുവന്ന ഒരു കാർഡ്ബോർഡിൽ തവളയുടെ കാലുകൾ ഇരുവശത്തേക്കും വലിച്ചുനീട്ടി ആണിയടിക്കുമ്പോൾ ഹരിതവർണ്ണങ്ങളുള്ള കണ്ണുകൾ കുട്ടികളെ മിഴിച്ചുനോക്കി. ക്ലാസ് മുറിയിൽ അന്ന് ഒരുത്സവംതന്നെയായിരുന്നു. ആ പോത്താച്ചിത്തവളയെ സ്കൂൾകുളത്തിൽ നിന്നും രാവിലെ പിടിച്ച് സഞ്ചിയിലാക്കിയ സാഹസിക

IX_Malayalam_Combine.indb 47 4/16/2019 12:57:05 PM



കഥ ഇടയ്ക്ക് ഗോപിക്കുട്ടൻ വിവരിക്കുന്നുണ്ടായിരുന്നു. നന്നെ രാവിലെ സ്കൂളിൽ വന്ന് അവൻ കുളക്കരയിൽ കാത്തിരിക്കുമ്പോഴാണ് തവള വെള്ളത്തിൽ നിന്നും എടുത്തു ചാടിയത്. ഉടുമുണ്ടെറിഞ്ഞാണ് അവൻ അതിനെ പിടിച്ചത്. ഏറ്റവും വലിയ തവളയെ കൊണ്ടുവന്ന് അവൻ ക്ലാസ്സിൽ ആളായെന്നുമാത്രമല്ല ബാലക്കുറുപ്പുമാഷുടെ പിശുക്കന്റെ നാണയം പോലുള്ള അഭിനന്ദനവും അടിച്ചെടുത്തുകളഞ്ഞു. അത് കുട്ടികളെയൊക്കെ തെല്ലൊന്നുമല്ല ചൊടിപ്പിച്ചത്.

മലർത്തി ആണിയടിച്ചുറപ്പിച്ച നെഞ്ചിടിപ്പുകൾ ഉയർത്തിക്കാട്ടുന്ന ആ ഉഭയജീവിയെ കീറിമുറിച്ചതും ഗോപിക്കുട്ടനായിരുന്നു.

മാഷ് മുന്നറിയിപ്പ് നല്കിക്കൊണ്ടിരിക്കെ തവളയുടെ ഉദരത്തിൽ ബ്ലേഡ് കൊണ്ട് ഗോപിക്കുട്ടൻ നെടുങ്ങനെ ഒരു വരയിട്ടു. ഇരുവശത്തേക്കും തൊലി മാറ്റിയപ്പോൾ അപകൃഷ്ടമായ ഔത്സുക്യത്തോടെ ശരീരരഹസ്യങ്ങൾ പുറത്തായി. തവളയുടെ പ്രത്യക്ഷമായ ആന്തരലോകം മാഷെ ശരിക്കും ഊർജസ്വലനാക്കി. മേശയ്ക്കു ചുറ്റും കൂടിനിന്ന കുട്ടികളോട് അതാതു സ്ഥാനങ്ങളിൽ ചെന്നിരിക്കാൻ മാഷ് പറഞ്ഞു. ബെഞ്ചിൽ പോയിരിക്കുമ്പോൾ ഒരു മനുഷ്യശരീരം കീറിമുറിച്ച അഹന്തയും ആനന്ദവും അവർക്കുണ്ടായിരുന്നു.

ഗോപിക്കുട്ടനെ മാത്രം അടുത്തുനിർത്തി ഉച്ചത്തിൽ മാഷ് ക്ലാസ് തുടങ്ങി. അന്തഃസ്രാവികളുമായി പിണഞ്ഞു കിടന്ന ഗ്രന്ഥികളിലൂടെ ചൂരലോടിച്ച മാഷ് പറഞ്ഞുതുടങ്ങി. ശ്രേണിക്ക് ഇരുവശങ്ങളിലുമായി കാണപ്പെടുന്ന പരന്നു വിസ്തൃതമായ തരുണാസ്ഥിയും പിത്തവാഹിനിയും ഗ്രസനിയുമെല്ലാം മാഷ് തൊട്ടുകാണിച്ചു. അപ്പോഴും തവളയുടെ ജീവൻ സ്പന്ദിച്ചുകൊണ്ടിരുന്നു. അതിന്റെ കരളിടിപ്പുകളും മലാശയത്തിനു ചുവടെ കണ്ട അവക്ഷിപ്തങ്ങളും കുട്ടികളെ രസിപ്പിച്ചിരുന്നു.

ക്ലാസ് അവസാനിച്ചപ്പോൾ അഭിനവമായ ഒരുന്മേഷം എല്ലാവർക്കുമുണ്ടായി. അസാധാരണമായ ചൈതന്യവിശേഷം മാഷുടെ മുഖത്തും കാണപ്പെട്ടു. സമീപകാലത്തൊന്നും ഇങ്ങനെയൊരു നിറഞ്ഞ ചാരിതാർത്ഥ്യത്തോടെ മാഷ് ക്ലാസടുക്കുകയുണ്ടായിട്ടില്ലെന്ന് സ്പഷ്ടം.

IX_Malayalam_Combine.indb 48 4/16/2019 12:57:05 PM

അനന്തരം ഗോപിക്കുട്ടനോട് തവളയുടെ കീറിമുറിച്ച ശരീരം തുന്നിക്കെട്ടാൻ മാഷ് പറഞ്ഞു. സഹായത്തിന് ഒന്നു രണ്ടു കുട്ടികളും കൂടി. സൂചിയും നൂലും സംഘടിപ്പിച്ച് വിദഗ്ദ്ധമായി തവളയുടെ ശരീരം മൂവരും ചേർന്ന് തുന്നിച്ചേർക്കാൻ തുടങ്ങി. കൗതുകത്തോടെ മാഷും കുട്ടികളും അത് കണ്ടുനിന്നു. അപ്പോഴും തവളയിൽ ബാക്കിയായ ജീവസ്പന്ദം എല്ലാവരെയും കൂടുതൽ ഉത്തേജിപ്പിച്ചു.

തുന്നിച്ചേർത്ത തവള ചെറുതായി ഒന്നു പിടഞ്ഞപ്പോൾ കുട്ടികൾ ഒന്നടങ്കം കൈയടിച്ചു. സ്കൂൾകുളത്തിൽ തന്നെ അതിനെ ഇറക്കിവിടാൻ മാഷ് കല്പിച്ചു: ജീവിക്കുന്നേല് ജീവിച്ചോട്ടെ. കൊണ്ടുപോയിട്.

കുട്ടികൾ ക്ലാസ്സിൽ നിന്നിറങ്ങി തുന്നിക്കെട്ടിയ തവളയെയുംകൊണ്ട് ഒരു ഘോഷയാത്രപോലെ കുളക്കരയിലേക്കു നടന്നുപോയി. ഇപ്പോൾ, തവള കീറിമുറിക്കപ്പെട്ട ഒന്നാണെന്ന് ആരും പറയുകയില്ല. അത് തീർത്തും തന്റെ ജീവിതാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഗോപിക്കുട്ടൻ അതിനെ കുളക്കരയിൽ ഇറക്കിവെച്ചതേയുള്ളൂ. അത് കുട്ടികളെയെല്ലാം തിരിഞ്ഞൊന്ന് നോക്കിയതുപോലെ തോന്നി. ആ ശരീരത്തിൽ വർദ്ധിച്ചുവന്ന ജീവചലനങ്ങൾ അവരെ ആവേശം കൊള്ളിച്ചു. കുട്ടികൾ ഒന്ന് ആർപ്പുവിളിക്കാനൊരുങ്ങവെ തവള ചെറുതായി മുന്നോട്ടു ചാടി. ഓരിയിട്ട് തുള്ളിച്ചാടുന്ന കുട്ടികളെ പിന്നെയും അതൊന്ന് തിരിഞ്ഞുനോക്കി വീണ്ടും ചാടി. കുളത്തിന്റെ ആഴങ്ങളിലേക്ക് ഒരു ചെറിയ ശബ്ദത്തോടെ അത് മുങ്ങിയിറങ്ങുന്നത് ഉച്ചത്തിലുള്ള ഘോഷങ്ങളുമായി കുട്ടികൾ കണ്ടുനിന്നു.

ആഴങ്ങളിലൂടെ ആ തവള തിരിച്ചു കിട്ടിയ ജീവിതവുമായി മുന്നോട്ട് നീങ്ങിപ്പോയി. അതിന്റെ സഞ്ചാരപഥങ്ങൾ ഇരുണ്ടതും ക്ലേശകരവുമായിരുന്നു. കാഴ്ചയ്ക്ക് വല്ലാതെ മൂടൽ വന്നുപെട്ടിരുന്നു. നീറിപ്പുകയുകയായിരുന്നു ശരീരം. എങ്ങനെയൊക്കെയോ ഉടലിൽ കരുത്ത് സംഭരിച്ച് ഒട്ടും സന്തപ്തനാകാതെ ആവുംവിധം നീന്തിപ്പോയ ആ തവള കുളത്തിന്റെ മറുകരയിലെ നിറയെ പൂപ്പലുള്ളതും പൊട്ടിയടർന്നതുമായ പടവുകൾക്കു കീഴെ ഇലപ്പച്ചകൾക്ക് മദ്ധ്യേയുള്ള തന്റെ വീട്ടിൽ ഒരുവിധം നീന്തിക്കയറി. അതൊരു ചന്ദ്രക്ഷയത്തിന്റെ രാത്രിയായിരുന്നു. കാത്തുകാത്ത് വിലപിച്ചവശരായി തളർന്നുകിടക്കുകയായിരുന്നു ഭാര്യയും കുഞ്ഞുങ്ങളും. ഭർത്താവിനെ കണ്ടപ്പോൾ പ്രിയതമയുടെയും അച്ഛനെ കണ്ടപ്പോൾ കുഞ്ഞുങ്ങളുടെയും കണ്ണുകളിൽ ആഹ്ലാദത്തിന്റെ



IX_Malayalam_Combine.indb 49 4/16/2019 12:57:05 PM

കൊള്ളിമിന്നലുകളുണ്ടായി. എല്ലാവരും ചേർന്ന് തവളയെ ആഞ്ഞു പുല്കിയപ്പോൾ ശരീരം വേദനിച്ച് അത് ഞരങ്ങി. ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും ഒന്നും മനസ്സിലായില്ല. കുടുംബ നാഥന്റെ ശരീരത്തിൽ ഒരു മാറ്റവും കാണാനായില്ല. ശരീരത്തിലെ തുന്നിച്ചേർക്കലുകളൊന്നും അവരുടെ ശ്രദ്ധയിൽപ്പെട്ടില്ല.

ഞങ്ങള് പേടിച്ചുപോയി... എവിടെയായിരുന്നു? ഉത്കണ്ഠാപൂർവമായ ചോദ്യത്തിന് പെട്ടെന്ന് മറുപടി കൊടുക്കാൻ ആ തവളയ്ക്കു കഴിഞ്ഞില്ല. അത് നീണ്ടുനിവർന്നു തളർന്നുകിടന്നു. ദീർഘമായി കിതയ്ക്കാൻ തുടങ്ങി. അതിന് എന്തോ പറ്റിപ്പോയിട്ടുണ്ടെന്ന് അപ്പോഴാണ് എല്ലാവർക്കും ബോധ്യമായത്. കുഞ്ഞുങ്ങൾ കരയാൻ തുടങ്ങി. അവരെ ആശ്വസിപ്പിച്ചുകൊണ്ട് തവള വിളിച്ചു:

മക്കളേ... പിന്നേയും ആ വിളി കേട്ടപ്പോൾ കുഞ്ഞുങ്ങൾ ശിരസ്സുയർത്തി. തവള പറഞ്ഞുതുടങ്ങി:

മഹത്തായ ഒരു കർമ്മനിർവഹണത്തിനുശേഷമാണ് അച്ഛൻ വരുന്നത്. ഈശ്വരപൂർണ്ണമായ ഒരു നന്മയിൽ എന്റെ ശരീരമാകെ കുതിർന്നിരിക്കുകയാണ്. അർത്ഥങ്ങൾ ഏറെയൊന്നും അവകാശപ്പെടാനില്ലാത്ത നമ്മുടെ വംശജീവിതത്തിന് നിത്യവും നിരതിശയകരവുമായ ഒരു പ്രകാശം ലഭിച്ചിരിക്കുന്നു. എന്റെ മക്കളിലേക്ക് അത് പകർന്നുകൊണ്ട് ഏറ്റവും ധന്യമായ ഒരു ജീവിതവുമായി അച്ഛന് ഇനി വിരമിക്കാമെന്ന് തോന്നുന്നു.

മിഴിച്ചുനോക്കിയതല്ലാതെ കുഞ്ഞുങ്ങൾക്ക് ഒന്നും മനസ്സിലായില്ല. ഹൃദയേശ്വരന് ഭ്രാന്തുപിടിച്ചുപോയോ എന്ന് പെൺതവളയ്ക്ക് സംശയമായി. നിങ്ങൾക്കെന്തുപറ്റി എന്നു ചോദിച്ച് അവൾ ഒന്നു കുലുക്കിയുണർത്തിയപ്പോൾ 'ങ്ഹാ' എന്ന് ശരീരത്തിലാകെ ഉഗ്രമായി വേദനിച്ച് ഒച്ചവെച്ച് ആ തവള പുളഞ്ഞുനിലവിളിച്ചു. അപ്പോഴാണ് പ്രിയതമന്റെ ശരീരത്തിലെ തന്തുക്കൾ അവളുടെ ദൃഷ്ടിയിൽ പെട്ടത്. ഉച്ചത്തിൽ ആക്രോശിക്കാൻ തുടങ്ങിയ അവളെ തലോടി ആ തവള വീണ്ടും ആശ്വസിപ്പിച്ചു. കരയരുതെന്ന് അഭ്യർ ത്ഥിച്ചു. താൻ പറയുന്നത് മുഴുവനും സാവകാശം കേട്ട് ആലോചിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചു.

അനന്തരം പ്രിയതമയും കുഞ്ഞുങ്ങളും കുടുംബനാഥൻ പറഞ്ഞ കഥ കേട്ടു. ആ ക്ലാസ്മുറിയിൽ നാല്പതോളം കുഞ്ഞുങ്ങൾക്കു മുന്നിൽ താനൊരു പാഠ്യവസ്തുവായി നിന്നുകൊടുത്ത ത്യാഗത്തിന്റെ കഥ ഒട്ടും സങ്കടച്ചുവയില്ലാതെ ആ തവള വിശദീകരിച്ചു. അറിവിന്റെ നന്മകൊണ്ട് സമ്പന്നമാക്കി, സ്നേഹകാരുണ്യംകൊണ്ട് ജീവിതത്തെ വെളിച്ചപ്പെടുത്തി ഏറ്റവും ഉദാരപൂർണ്ണമായ ഒരു മനുഷ്യഭാവി നിർമ്മിക്കാൻ വളർന്നുവരുന്ന കുട്ടികൾക്കുമുന്നിൽ ഒരു മണിക്കൂർ കീറിമുറിക്കപ്പെട്ട ശരീരവുമായി പാഠ്യോപകരണമായി കിടക്കാൻ കഴിഞ്ഞതിലെ സാഫല്യം ആ തവളയുടെ വാക്കുകളിൽ തുടിച്ചുനിന്നു. ഇപ്പോഴും അവശേഷിച്ചിട്ടുള്ള ശരീരത്തിലെ ജീവാംശങ്ങൾ ഐശ്വര്യസമൃദ്ധമായ മാനവികതയ്ക്കായി ത്രസിക്കുന്നുവെന്ന് അത് സാഭിമാനം പറഞ്ഞു നിർത്തി.

അച്ഛൻ പറഞ്ഞ കഥ കുട്ടികളെ പേടിപ്പിച്ചു കളഞ്ഞു. പെൺതവളയുടെ നിലവിളിയുയർന്ന് കുളത്തിലാകെ തരംഗങ്ങളുണർത്തി.

IX_Malayalam_Combine.indb 50 4/16/2019 12:57:05 PM

കരയരുത്....

കുടുംബനാഥന്റെ ഗാംഭീര്യമുള്ള ശബ്ദമുയർന്നു. പ്രിയതമയും കുഞ്ഞുങ്ങളും പെട്ടെന്ന് കരച്ചിൽ നിർത്തി.

ഞാൻ ഏറ്റവും ആഹ്ലാദിച്ചിരിക്കുമ്പോൾ നിങ്ങൾ കരയുന്നത് ശരിയാണോ?

അതിന്റെ ശരീരത്തിലെ തന്തുക്കളും ചോരപുരണ്ട പാടുകളും ഒന്നു കൂടി നോക്കിയപ്പോൾ പെൺതവളയ്ക്ക് പിടിച്ചുനില്ക്കാനായില്ല. അത് മൂർച്ഛിച്ചുവീണു. ഹൃദയേശ്വരൻ പറഞ്ഞതൊന്നും അവൾ പിന്നെ കേൾക്കുകയുണ്ടായില്ല. ബോധരഹിതയായ അമ്മയ്ക്കരികിൽ നിന്നും കുഞ്ഞുങ്ങൾ അച്ഛനു നേരെ മിഴികളുയർത്തി.

മക്കളേ... അച്ഛൻ പറഞ്ഞുതുടങ്ങി:

'അച്ഛന്റെ ജീവിതം വ്യർത്ഥമായില്ല. മഹത്തായ ദാനംകൊണ്ട് സർവാശ്ലേഷിയായിത്തീർന്നിരിക്കുന്നു എന്റെ ജീവിതം. ആ മനുഷ്യക്കുട്ടികളുടെ കൈയിൽ ചെന്നുപെട്ടത് എന്റെയും നിങ്ങളുടെയും ഭാഗ്യമെന്ന് വേണം പറയാൻ. എന്റെ ആമാശയവും മൂത്രസഞ്ചിയും പിത്തകോശവും തൊട്ടും കണ്ടും ഒരു തവളയുടെ ശരീരശാസ്ത്രത്തിന്റെ അറിവുകളാകെ ആ കുഞ്ഞുമസ്തിഷ്കങ്ങളിൽ നിറഞ്ഞു.'

ഒന്നു നിർത്തി അച്ഛൻതവള തുടർന്നു:

'എനിക്കിനി ജീവിക്കാനാവില്ല. ഞാനിതാ യാത്ര പറയുകയാണ്. ഒരിക്കലും ആ മനുഷ്യക്കുട്ടികളോട് നിങ്ങൾ സ്പർദ്ധയുള്ളവരാകരുത്. നാം ആരുടേയും വിധികർത്താവല്ല. കർമ്മങ്ങളിൽ പാപമുദ്രകൾ ആരോപിക്കാൻ പോലും നമുക്കവകാശമില്ല. കാലു വെട്ടിയെടുത്ത് നമ്മെ വലിച്ചെറിയുന്ന തവളപിടുത്തക്കാരെപ്പോലെ ദുഷ്ടന്മാരല്ല ആ മനുഷ്യക്കുട്ടികൾ. നിങ്ങളെയൊക്കെ അവസാനമായി കണ്ട് മരിക്കാൻ എന്നെ തിരിച്ചയച്ച നിഷ്കളങ്കരായ ആ പഠിതാക്കളോട് എന്നും കൂറുള്ളവരായിരിക്കുക.'

ഇത്രയും പറഞ്ഞ് ആ തവള ഒരശ്രുകണം പോലും പൊഴിക്കാതെ നിര്യാണം പ്രാപിച്ചു. അപ്പോഴും പെൺതവള മൂർച്ഛിച്ചു കിടക്കുകയായിരുന്നു. അച്ഛന്റെ വാക്കുകളിലെ ഗഹനമായ പ്രത്യാശയും ഉദാരമായ അനുഭാവവും 'മനസ്സിലോർത്ത് കുഞ്ഞുങ്ങൾ കരയാൻ



IX_Malayalam_Combine.indb 51 4/16/2019 12:57:05 PM

അറച്ചുനിന്നു. അച്ഛന്റെ മൃതശരീരത്തിൽ ക്ലാസ്മുറിയിൽനിന്നും കെട്ടിയ തന്തുക്കളിൽ വിരലോടിച്ച് അവ അമ്മ ഉണരുന്നതും കാത്തുകിടന്നു. അവളുണരുകയുണ്ടായില്ല. ഹൃദയേശ്വരന്റെ ത്യാഗമൃത്യുവെ അവൾ ആദരിച്ച് പിൻതുടർന്നു. അങ്ങനെ ചരമത്തിലും അവർ പങ്കാളികളായി. കാലം മാറിപ്പോയി. ബാലക്കുറുപ്പ് മാഷ് പെൻഷൻ പറ്റി. വൃദ്ധനായി. ആ തവളക്കുഞ്ഞുങ്ങളെക്കുറിച്ച് പിന്നീട് ഒരറിവുമില്ല. അവരുടെ അച്ഛനെ കീറിമുറിച്ച് ക്ലാസ്സിൽ ജീവശാസ്ത്രം പഠിച്ച ആ കുഞ്ഞുങ്ങളാകട്ടെ വളർന്നു വലുതായി. അവർ പിന്നെയും പലതും കീറിമുറിച്ചു. കീറി മുറിച്ചാണ് അവർ സ്നേഹം പഠിച്ചത്. കാരുണ്യവും നീതിയും സകല മനുഷ്യാവകാശങ്ങളും കീറിമുറിച്ചുതന്നെ പഠിച്ചു. കീറിമുറിച്ചുകൊണ്ട് അവർ ചരിത്രത്തിൽ തുടരുകതന്നെയാണ്.

പിതാക്കളുടെ അന്നത്തെ വീരമൃത്യുവെ സ്മരിക്കുകയാകണം കൂട്ടമായ കരച്ചിലിലൂടെ ഇന്നും പാടങ്ങളിലും കുളക്കരയിലും നാട്ടുവഴികളിലും വംശാനന്തര തലമുറ



IX_Malayalam_Combine.indb 52 4/16/2019 12:57:06 PM



വ്യാകരണം

I പ്രയോഗം

കർത്താവിനാണോ കർമത്തിനാണോ പ്രാധാന്യമെന്നു കാണിക്കാൻ വാക്യത്തിൽ വരുത്തുന്ന മാറ്റത്തെ പ്രയോഗമെന്നുപറയുന്നു. പ്രയോഗം രണ്ടുവിധം

കർത്തരി പ്രയോഗം

പേര് സൂചിപ്പിക്കുന്നതുപോലെ വാക്യത്തിൽ കർത്താവിനാണ് പ്രാധാന്യമെങ്കിൽ അതിനെ കർത്തരി പ്രയോഗം എന്ന് പറയുന്നു.

ഉദാ- കവി കാവ്യം രചിച്ചു.

കർമ്മണി പ്രയോഗം

വാക്യത്തിൽ കർമത്തിനാണ് പ്രാധാന്യമെങ്കിൽ അതിനെ കർമ്മണിപ്രയോഗം എന്ന് പറയുന്നു.

ഉദാ കാവ്യം കവിയാൽ രചിക്കപ്പെട്ടു.

പിരിച്ചെഴുതൽ

ലോകമെങ്ങും	–	ലോകം	+	എങ്ങും
മരപ്പണി	–	മര	+	പണി
വാഴയില	–	വാഴ	+	ഇല
ഒന്നാന്തരം	–	ഒന്നാം	+	തരം
രചന:	–	അപേക്ഷ, കത്ത്		

അഭ്യാസം

1. കർണ്ണൻ അർജുനനാൽ കൊല്ലപ്പെട്ടു.

   - പ്രയോഗം മാറ്റുക

2. ഇന്ത്യ ചൈനയെ ആക്രമിച്ചു.

   - പ്രയോഗം മാറ്റുക

3. നൂറ്റാണ്ട് ,കുറേക്കാലം, തിരുവോണം, പൊന്നിതൾ എന്നീ പദങ്ങൾ പിരിച്ചെഴുതുക.

IX_Malayalam_Combine.indb 53 4/16/2019 12:57:06 PM

ഭാഗം
4

പ്രകൃതിയുടെ മടിത്തട്ട്



പഠന ലക്ഷ്യങ്ങൾ

- പ്രകൃതിസ്നേഹത്തിലൂടെ നൈസർഗിക വാസന ഉണർത്തൽ.
- കാർഷികസംസ്കൃതിയെ കുറിച്ച് മനസ്സിലാക്കൽ.
- ജലം ആവാസവ്യവസ്ഥയായിട്ടുള്ള പക്ഷികളെകുറിച്ച് മനസ്സിലാക്കൽ.
- പ്രത്യയങ്ങളുടെ പ്രയോഗം പരിശീലിക്കൽ.

പാഠഭാഗങ്ങൾ

കവിത:	വർഷമയൂരം	- സുഗതകുമാരി
ഗദ്യം:	പാടം	- മുരളീധരൻ തഴക്കര
അധികവായനക്ക്:	ജലപ്പക്ഷികൾ (പ്രകൃതിപഠനം)	- ഷേക്ക് അലി
വ്യാകരണം	വിഭക്തിപ്രത്യയങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ തയ്യാറാക്കൽ	
അലങ്കാരം	ഉൽപ്രേക്ഷ	
വൃത്തം	മഞ്ജരി	

IX_Malayalam_Combine.indb 54 4/16/2019 12:57:06 PM

കവിത

വർഷമയൂരം

സുഗതകുമാരി



സുഗതകുമാരി [1934 -] തിരുവനന്തപുരത്ത് ജനിച്ചു. പാവം മാനവഹൃദയം, മുത്തുച്ചിപ്പി, രാത്രിമഴ, അമ്പലമണി തുടങ്ങി ധാരാളം കൃതികൾ അവരുടേതായുണ്ട്. സാഹിത്യത്തിലെ സമഗ്രസംഭാവനകൾക്ക് സർക്കാർ നൽകുന്ന എഴുത്തച്ഛൻ പുരസ്കാരത്തിന് 2009 -ൽ അർഹയായി. പ്രകൃതിസംരക്ഷണ യത്നങ്ങൾക്കുള്ള ഇന്ത്യാഗവൺമെൻറിന്റെ ആദ്യത്തെ വൃക്ഷമിത്ര അവാർഡ് ലഭിച്ചു. കേന്ദ്ര, കേരള സാഹിത്യ അക്കാദമി അവാർഡുകൾ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

അതിവൃഷ്ടി പ്രകൃതിയിലുണ്ടാക്കുന്ന വിവിധഭാവതരംഗങ്ങൾ തന്റേതു കൂടിയാണെന്ന് കവയിത്രി കരുതുന്നു. അവ അനുവാചകർക്ക് കൂടി പകർന്നുനൽകുന്ന വർഷമയൂരം എന്ന കവിത മുത്തുച്ചിപ്പി എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.



IX_Malayalam_Combine.indb 55 4/16/2019 12:57:07 PM

മുത്തുപോൽ വീഴും മഴ-
ത്തുള്ളികളേറ്റുംകൊണ്ടു
ചക്രവാളത്തിൻചോട്ടി-
ലേകനായ് നിന്നീടുമ്പോൾ,

താഴെയെൻ പാദങ്ങളെ-
ത്തഴുകിത്തളരുന്നോ-
രാഴിവീചികൾ വിങ്ങി
വിതുമ്പിക്കരയുമ്പോൾ,

മങ്ങുമാ മാനത്തേതോ-
ചിരിതന്നൊളി വീശി
മിന്നലല്ലല്ലോ, വെള്ളിൽ-
പ്പക്ഷികൾ പറക്കുമ്പോൾ,

ആഴമോരുവാനാവാ-
ത്താനന്ദം നുകർന്നേനീ-
യൂഴിയും ഗഗനവു-
മൊക്കെയുമെൻറെതല്ലോ!

IX_Malayalam_Combine.indb 56 4/16/2019 12:57:07 PM

ഈ മഴക്കാറും, കുട്ടി
ക്കളി മാറാത്തീക്കാറ്റു-
മീ നീലക്കടലിന്റെ
ദുഃഖവുമെന്റേതല്ലോ!-

കാറിരമ്പുന്നൂ, കടൽ-
ത്തിരകൾ കുതിച്ചുയർ-
ന്നാടുന്നൂ, വാരിക്കോരി-
പ്പേമാരി ചൊരിയുന്നൂ,

തെന്നലെൻ തലമുടി-
ചിന്നുന്നു, നനഞ്ഞുംകൊ
ണ്ടിങ്ങനെ നിന്നീ നിന്റെ
നർത്തനം കാണുന്നു ഞാൻ.

ഹേ, വിശ്വവിമോഹിനീ,-
യുച്ചണ്ഡഭേരീനാദ-
ഭാവിതം തവോന്മാദ
നർത്തനം കാണുന്നു ഞാൻ!

IX_Malayalam_Combine.indb 57 4/16/2019 12:57:07 PM

അഭ്യാസം

I. പദപരിചയം

മയൂരം, ചക്രവാളം, ആഴിവീചികൾ, ഒളി, ഊഴി, ഗഗനം, പേമാരി, തെന്നൽ, നർത്തനം, വിശ്വമോഹിനി, ഉച്ചണ്ഡം, ഭേരിനാദം.

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. മുത്തുപോൽ വീഴുന്നത് എന്താണ്?
   - അ) മഞ്ഞുതുള്ളികൾ
   - ആ) മഴത്തുള്ളികൾ
   - ഇ) കണ്ണുനീർത്തുള്ളികൾ
   - ഈ) വിയർപ്പുതുള്ളികൾ
2. ആരാണ് വിതുമ്പി കരയുന്നത്?
   - അ) ആഴിവീചികൾ
   - ആ) രാത്രി
   - ഇ) പ്രഭാതം
   - ഈ) മണൽപ്പരപ്പ്
3. വെള്ളിൽപ്പക്ഷികൾ പറക്കുന്നതെവിടെയാണ്?
   - അ) ആകാശത്തിൽ
   - ആ) മിന്നലിൽ
   - ഇ) ഭൂമിയിൽ
   - ഈ) മനസ്സിൽ
4. വർഷമയൂരം ആരുടെ കവിതയാണ്?
   - അ) ഒ. എൻ. വി. കുറുപ്പ്
   - ആ) സുഗതകുമാരി
   - ഇ) ബാലാമണിയമ്മ
   - ഈ) വൈലോപ്പിള്ളി ശ്രീധരമേനോൻ

III. ഉത്തരമെഴുതുക

1. എവിടെയാണ് കവി ഏകനായി നിൽക്കുന്നത്?
   എന്ത് ഏറ്റുവാങ്ങിക്കൊണ്ടാണ് നിൽക്കുന്നത്?
2. കവി തന്നേറതാണെന്ന് പറയുന്നത് എന്തൊക്കെയാണ്?
3. മഴയുടെ നർത്തനത്തെ കവി വർണിക്കുന്നതെങ്ങനെ?

IX_Malayalam_Combine.indb 58 4/16/2019 12:57:07 PM

പാടം

മുരളീധരൻ തഴക്കര



മുരളീധരൻ തഴക്കര: [1959]. ആലപ്പുഴ ജില്ലയിലെ മാവേലിക്കരക്കടുത്ത് തകഴിയിൽ ജനിച്ചു. റേഡിയോ പരിപാടികൾക്ക് സംസ്ഥാന, ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കൃഷിയിലെ നാട്ടറിവ്, തേൻ നുകരാം പണം നേടാം, ഓർമ്മയിലെ കൃഷിക്കാഴ്ചകൾ എന്നിവ പ്രധാനകൃതികളാണ്.

കാർഷികസംസ്കൃതിയുടെ പ്രതീകങ്ങളായ കലപ്പയും കർഷകനും ഏറെക്കുറെ അന്യമായിക്കൊണ്ടിരിക്കുന്ന ഇന്ന് ആ പഴയ ഗ്രാമീണ പാടത്തിലേക്കും കലപ്പയിലേക്കും കാളകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്ന പാടം എന്ന പാഠഭാഗം ഓർമ്മകളിലെ കൃഷിക്കാഴ്ചകൾ എന്ന കൃതിയിൽനിന്നെടുത്തതാണ്.

കൃഷി എന്ന വാക്കിനൊപ്പം നമ്മുടെ മനസ്സിലേക്കെത്തുന്ന ചിത്രം പാടത്തിന്റേതായിരിക്കും. ശാസ്ത്രസാങ്കേതികവിദ്യകളുടെ വളർച്ചയോടെ പാടത്തിന് നഷ്ടമായത് ജൈവികമായ ബന്ധങ്ങളാണ്. ട്രാക്ടറിന് വഴിമാറികൊടുത്ത കാളയും കലപ്പയും വിദ്യുച്ഛക്തികൊണ്ട് പ്രവർത്തിക്കുന്ന പമ്പുകൾക്ക് വഴി ഒഴിഞ്ഞുകൊടുത്ത ചക്രവും



IX_Malayalam_Combine.indb 59 4/16/2019 12:57:08 PM



തേക്കുകുട്ടയും ബോയിലറുകൾക്കു വേണ്ടി സ്ഥാനമൊഴിഞ്ഞ ചെമ്പുകുട്ടകവുമൊക്കെ ഇന്ന് വെറും ഓർമ്മകൾമാത്രം. പാടത്തുനിന്ന് മറഞ്ഞുകൊണ്ടിരിക്കുന്ന ചില കൃഷിക്കാഴ്ചകളാണ് ഇവിടെ പരിശോധിക്കുന്നത്.

ഉഴവുപകരണം എന്ന നിലയിൽ കലപ്പ വളരെയേറെ പ്രാധാന്യം അർഹിക്കുന്നു. കൃഷിയുടെ ആദിമകാലം മുതൽ ഇന്നോളവും വലിയ ഭേദങ്ങളൊന്നും കൂടാതെ കലപ്പയോ അതിന്റെ രൂപാന്തരങ്ങളോ നിലനിൽക്കുന്നു. കലപ്പയും കലപ്പയേന്തിയ കർഷകനും കാർഷികസംസ്കൃതിയുടെ ജീവസ്സുറ്റ സാക്ഷ്യമാണ്. വയലേലകൾ കൃഷിയോഗ്യമാക്കുവാൻ മനുഷ്യന്റെ ബുദ്ധിയിൽ ഉരുത്തിരിഞ്ഞ ആധുനിക കാർഷിക യന്ത്രോപകരണമായിരുന്നു കലപ്പ. എത്രയോ സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ കലപ്പയെക്കുറിച്ചുള്ള പരാമർശങ്ങൾ നമ്മുടെ പുരാണേതിഹാസങ്ങളിൽ കാണുന്നുണ്ട്.

ബലരാമന്റെ ആയുധംതന്നെ കലപ്പയായിരുന്നു. ഹലായുധനായ ബലരാമൻ യമുന യുടെ അഹന്ത ശമിപ്പിക്കാൻ കലപ്പ ഉപയോഗിച്ച് യമുനയെ വഴിതിരിച്ചുവിട്ടു എന്ന കഥയുണ്ട്. വൈലോപ്പിള്ളിയുടെ 'ജലസേചനം' എന്ന കവിത അതേക്കുറിച്ചാണ്. ഭൂമി ഉഴുതപ്പോൾ ആ കലപ്പച്ചാലിൽനിന്ന് ജനക മഹാരാജാവിന് സീതാദേവിയെ ലഭിച്ചെന്നാണല്ലോ കഥ.

നാടൻ കലപ്പയുടെ കൊഴുവ് ഒഴികെ ബാക്കിയെല്ലാം തടികൊണ്ട് ഉണ്ടാക്കിയതാണ്. ഉടൽഭാഗം 135 ചരിഞ്ഞ് വളഞ്ഞ ഭുജമാണ്. ഇതിന്റെ താഴെയറ്റത്ത് കൂർത്ത ഉരുക്കുകൊണ്ടുള്ള ഒരു കവചം ഉറപ്പിച്ചിരിക്കും. ഇതിനാണ് കൊഴു എന്നു പറയുന്നത്. കൊഴു മണ്ണിൽ ആഴ്ന്നിറങ്ങുമ്പോൾ ചാലുണ്ടാകുന്നു. ഉടലിന്റെ മുകളറ്റത്ത് ഉറപ്പിച്ചിരിക്കുന്ന 'പിടി'കൊണ്ട് കലപ്പയെ നിയന്ത്രിക്കാം. ഇതാണ് 'കലപ്പയുടെ സ്റ്റിയറിങ്'.

IX_Malayalam_Combine.indb 60 4/16/2019 12:57:08 PM

നാടൻ കലപ്പ 'V' ആകൃതിയിലുള്ള ഉഴവുചാലാണ് ഉണ്ടാക്കുന്നത്. ചാലുകൾക്കിടയിൽ കലപ്പയെത്താത്ത സ്ഥലം മുഴുവനും ഉഴാൻ നെടുകെയും കുറുകെയും ഒന്നിലധികം തവണ ഉഴുതുമറിക്കേണ്ടിവരുന്നു.

കലപ്പതന്നെ ഇപ്പോൾ പ്രധാനമായും രണ്ടുമൂന്നു തരമുണ്ട്. കൃഷിയിൽ മൃഗങ്ങളുടെ ശേഷികൂടി ഉപയോഗപ്പെടുത്തുവാൻ തുടങ്ങിയതുമുതൽ ആധുനിക കാലഘട്ടത്തിൽ പലവിധ കാർഷികയന്ത്രങ്ങൾ സാർവ്വത്രിക മായപ്പോൾപ്പോലും കലപ്പയുടെ രൂപകല്പന യിൽ വന്ന മാറ്റങ്ങളൊഴിച്ചാൽ കാര്യമായ പരിഷ്കാരങ്ങളൊന്നും ഇപ്പോഴും സംഭവിച്ചിട്ടില്ല. പ്ലാവിന്റെയോ ആഞ്ഞിലിയുടെയോ കാതലുള്ള വേരും തടിയുമാണ് കലപ്പയുണ്ടാക്കു ന്നതിനായി കൂടുതലായും ഉപയോഗിച്ചിരുന്നത്. കാളയെ കെട്ടുന്നതിന് നുകവും ഈയക്കോലും ഉണ്ട്. നുകവും കലപ്പയും തമ്മിൽ ബന്ധിക്കുമ്പോൾ, അതായത് നുകം വച്ചുകെട്ടുമ്പോൾ ഉഴവിന്റെ താഴ്ച ക്രമീകരിക്കും വിധം കലപ്പയിലെ കൊത കണക്കാക്കിയാണ് കെട്ടുന്നത്. അധികം ആഴത്തിൽ മണ്ണിളക്കുവാൻ മരക്കലപ്പകൊണ്ട് കഴിയില്ല. കൊയ്തൊഴിഞ്ഞ പാടങ്ങളിൽ വൈക്കോൽ ഒടിക്കുന്നതിനും, പൊടിയിൽ ഉഴവുന ടത്തുന്നതിനും, പൊഴി പിടിച്ച് വിത്തിടുന്നതിനുമാണ് പ്രധാനമായും മരക്കലപ്പ ഉപയോഗിക്കുന്നത്.

മരക്കലപ്പയുടെ കുറച്ചുകൂടി പരിഷ്കരിച്ച പതിപ്പാണ് ഇരുമ്പുകലപ്പ. മരക്കലപ്പകൊണ്ട് ഉഴവുനടത്തുമ്പോൾ മണ്ണ് മുറിഞ്ഞുമാറി ഇരുവശങ്ങളിലേക്കും മാറുമ്പോൾ ഇരുമ്പുകലപ്പയുടെ കൊഴുവ് ആഴത്തിൽ ഉഴുത് മണ്ണ് ഒരുവശത്തേക്ക് മറിച്ചിടുന്നു. ഇരുമ്പുകൊണ്ടുള്ള താരതമ്യേന വലിയ കൊഴുവിന് മുകളിൽ മണ്ണ് കയറിമറിയുന്നതിന് ഒരു ചിറകുമുണ്ടെന്നതാണ്



IX_Malayalam_Combine.indb 61 4/16/2019 12:57:08 PM

ഈ കലപ്പയുടെ സവിശേഷത. ആധുനിക കൃഷിസമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നമ്മുടെ വികസന ബ്ലോക്കുകൾ വഴി ഈ കലപ്പകൾ വിതരണം ചെയ്ത്, ഇതിനാവശ്യമായ പ്രചരണം നടത്തിയതുകൊണ്ടുമാകാം നമ്മുടെ കൃഷിക്കാർ ഇതിനെ ബ്ലോക്ക് കലപ്പയെന്നാണ് വിളിച്ചുപോന്നത്.

മകരക്കൊയ്ത്ത് കഴിഞ്ഞ് അതായത് രണ്ടാംവിള കൊയ്തെടുത്തശേഷം നിലം ഉഴുന്നതിനും വിരിപ്പ് കൃഷിക്കുശേഷം നിലം ഉഴവു നടത്തുന്നതിനും ഈ കലപ്പയാണ് ഉപയോഗിച്ചിരുന്നത്. ഇവയ്ക്ക് ഭാരം താരതമ്യേന കൂടുതലായതിനാൽ കാളകൾക്ക് വലിക്കുന്നതിന് പ്രയാസമുണ്ടെന്നതാണ് ഇരുമ്പുകലപ്പയുടെ ന്യൂനത. മറ്റൊരു തരം കലപ്പയാണ് 'ബോസ് കലപ്പ'. ഇരുമ്പുകലപ്പയുടെ കുറച്ചുകൂടി പരിഷ്കരിച്ച ഒരു ഘടന. ഇരുമ്പു കൊണ്ടുണ്ടാക്കിയ ഇതിന്റെ ചിറകിന് വലിപ്പം കുറവായതിനാൽ മണ്ണ് നന്നായി ഇളകിമറിയുന്നു. അതേ സമയം കാളകൾക്ക് വലിക്കുന്നതിന് ആയാസം അധികം വേണ്ടിവരുന്നുമില്ല.

കാളയും കലപ്പയും നുകവും ഉഴവുമൊക്കെ കേവലം ഓർമ്മയായി മാറുകയാണ്. നോക്കെത്താദൂരത്ത് വിശാലമായി കിടന്ന നെൽപാടങ്ങളും പാടശേഖരങ്ങളുടെ മധ്യത്തിൽകൂടിയുള്ള നടവരമ്പുകളും തലക്കുളങ്ങളും പാച്ചാലുകളുമൊക്കെ കാണക്കാണെ നമ്മുടെ കൺമുമ്പിൽനിന്ന് അപ്രത്യക്ഷമാകുന്നു. ഒരു തിരുശേഷിപ്പുപോലെ അങ്ങിങ്ങായി അവശേഷിക്കുന്ന നെൽപാടങ്ങളിൽ ടില്ലറുകളും ട്രാക്ടറുകളും മറ്റ് യന്ത്രങ്ങളും ഇറങ്ങിയതോടെ കാളയും കലപ്പയുമൊക്കെ കാണാമറയത്തായിരിക്കുന്നു.

IX_Malayalam_Combine.indb 62 4/16/2019 12:57:08 PM

അഭ്യാസം

I. പദപരിചയം

ശാസ്ത്രസാങ്കേതികവിദ്യ, ജൈവികം, കലപ്പ, ഉഴവുപകരണം

ആദിമകാലം, കാർഷികസംസ്കൃതി, കൃഷിയോഗ്യം,

സഹസ്റാബ്ദം, പുരാണേതിഹാസങ്ങൾ, ഹലായുധൻ,അഹന്ത, കവചം, സാർവത്രികം,ന്യൂനത.

II. വിപരീതപദമെഴുതുക.

ആധുനികം, സാധാരണം,സന്തോഷം,പ്രധാനം.

III. വാക്യത്തിൽ പ്രയോഗിക്കുക.

ആദിമകാലം,പ്രചരണം, സാർവത്രികം,കാണക്കാണെ,അപ്രത്യക്ഷം.

IV. ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.

1. കലപ്പയേന്തിയ കർഷകൻ ഏത് സംസ്കൃതിയുടെ സാക്ഷ്യമാണ്?

   അ) കാർഷികം

   ആ) നാഗരികം

   ഇ) പൗരാണികം

   ഈ) ആധുനികം

2. ബലരാമന്റെ ആയുധം എന്തായിരുന്നു?

   അ) അമ്പും വില്ലും

   ആ) ഗദ

   ഇ) കലപ്പ

   ഈ) ബ്രഹ്മാസ്ത്രം

3. മരക്കലപ്പയുടെ പരിഷ്കരിച്ച പതിപ്പ് എന്താണ്?

   അ) ബോസ് കലപ്പ

   ആ) ഇരുമ്പു കലപ്പ

   ഇ) സ്റ്റീൽ കലപ്പ

   ഈ) പ്ലാസ്റ്റിക് കലപ്പ

4. ഏത് കാലം മുതൽക്കാണ് കലപ്പ ഉപയോഗിച്ചിരുന്നത്?

   അ) ആദിമകാലം

   ആ) ആധുനികകാലം

   ഇ) വൈദികകാലം

   ഈ) സമീപകാലം

IX_Malayalam_Combine.indb 63 4/16/2019 12:57:08 PM

5. എന്തിന്റെ വളർച്ചയോടെയാണ് പാടത്തിന്റെ ജൈവികമായ ബന്ധങ്ങൾ നഷ്ടപ്പെട്ടത്?

   അ) ആയുധവിദ്യ

   ആ) സാഹിത്യവിദ്യ

   ഇ) ശാസ്ത്രസാങ്കേതികവിദ്യ

   ഈ) ചെപ്പടിവിദ്യ

6. വൈലോപ്പിള്ളിയുടെ ഏത് കവിതയാണ് ലേഖകൻ പരാമർശിക്കുന്നത്?

   അ) മാമ്പഴം

   ആ) ജലസേചനം

   ഇ) കണ്ണീർപാടം

   ഈ) സഹ്യന്റെ മകൻ

IV ഉത്തരമെഴുതുക

1. കാർഷികസംസ്കൃതിയുടെ ജീവസ്സുറ്റ സാക്ഷ്യമെന്ത്?

2. ഉപകരണമെന്ന നിലയിൽ കലപ്പയുടെ പ്രാധാന്യമെന്ത്?

3. കലപ്പയുണ്ടാക്കാൻ ഉപയോഗിക്കുന്ന മരങ്ങളേവ?

4. മരക്കലപ്പ പ്രധാനമായും ഉപയോഗിക്കുന്നതെന്തിന്?

5. ബ്ലോക്ക് കലപ്പ എന്ന പേര് ഉണ്ടായതെങ്ങനെ?

6. ഇരുമ്പ് കലപ്പയുടെ ന്യൂനതയെന്ത്?

7. നമ്മുടെ കൺമുമ്പിൽ നിന്ന് അപ്രത്യക്ഷമാകുന്നതായി ലേഖകൻ പറയുന്നത് എന്തെല്ലാം?

IX_Malayalam_Combine.indb 64 4/16/2019 12:57:08 PM

ജലപക്ഷികൾ



ഷേക്ക് അലി [1966] തിരുവനന്തപുരത്തിനടുത്ത് നന്ദൻകോട് എന്ന സ്ഥലത്താണ് ഷേക്ക് അലിയുടെ ജനനം. വിദ്യാലയകാലഘട്ടം മുതൽ പക്ഷി വളർത്തലിൽ തൽപരനായിരുന്നു. ഷേക്ക് അലിയുടെ വളർത്തു പക്ഷികൾ എന്ന കൃതിയിൽ നിന്നെടുത്ത ജലപ്പക്ഷികൾ എന്ന ഭാഗം കൗതുകവും ജിജ്ഞാസയും ഉണർത്തുന്നതാണ്.

പുഴകൾ, തടാകങ്ങൾ, കടൽ, മഞ്ഞുമൂടിയ പ്രദേശങ്ങൾ തുടങ്ങി ജലത്തിലും ജലസാമീപ്യമുള്ള പ്രദേശങ്ങളിലും ജീവിക്കുന്ന അറുന്നൂറിൽപരം പക്ഷിയിനങ്ങളുണ്ട്. കൊക്കുകൾ (Storks), കൊക്കുവർഗ്ഗത്തിൽപ്പെട്ട സാരസക്കൊക്കുകൾ (Cranes), വാത്തകൾ (Goose), താറാവുകൾ (Ducks), അരയന്നങ്ങൾ (Swans), കടൽപ്പക്ഷികളായ ഗൾ (Gulls), കടൽക്കാക്കകൾ (Terns), ഓക് (Auks), വലിപ്പമേറിയ ചിറകുള്ള ആൽബട്രോസുകൾ

(Albatrosses), പെലിക്കനുകൾ (Pelicans), ഫ്ളെമിങ്ഗോകൾ (Flamingos) മഞ്ഞിൽ വസിക്കുന്ന പെൻഗ്വിനുകൾ (Penguins) തുടങ്ങിയവ പ്രധാന ജലപ്പക്ഷികളാണ്. നിറത്തിന്റെയും സ്വഭാവത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ ഇവയ്ക്കോരോന്നിനും അനേകം ഉപജാതികളുമുണ്ട്. കടൽപ്പക്ഷികൾതന്നെ 260 ഓളം ഉണ്ടത്രെ. പെലിക്കനുകൾ എട്ടിനമുണ്ട്, പതിനേഴിനം പെൻഗ്വിനുകളും ഏഴിനം അരയന്നങ്ങളും. എല്ലാ ഇനങ്ങളെയും വളർത്തുപക്ഷികളായി ഗണിക്കാറില്ലെങ്കിലും പക്ഷിവളർത്തലുകാർക്ക് ഇവ ഹരം പകരുന്നവയാകയാൽ പൊതുവായി ഒരു വിവരണം ഇവിടെ നൽകുന്നു.

ലഭ്യമാകുന്ന ഏതെങ്കിലും ജലപ്പക്ഷിയെ വളർത്തണമെങ്കിൽ അത്യാവശ്യം വേണ്ടത് വിസ്തൃതമായ പുരയിടത്തിൽ ഒരു ജലാശയമാണ്. അത് കുളം, തോട് തുടങ്ങിയവപോലെ പ്രകൃതിദത്തമോ ആമ്പൽക്കുളം, നീന്തൽക്കുളം തുടങ്ങിയവ പോലെ കൃത്രിമമായുണ്ടാക്കുന്നവയോ ആകാം. പറക്കുന്നതും അല്ലാത്തതുമായ ജലപ്പക്ഷികളുണ്ടെങ്കിലും പറക്കുന്നവയാണ് കൂടുതൽ.


ഓക് (Auks)

അങ്ങനെയുള്ളവയെ വളർത്തുമ്പോൾ വിശാലമായ കൂടുകൾക്കുള്ളിൽത്തന്നെ ജലാശയമുണ്ടാകണം. കൂടുതൽ പറക്കാത്ത ഇനങ്ങളായ നമ്മുടെ നാട്ടിൽ ലഭ്യമായ മണിത്താറാവ്, വാത്ത (goose) തുടങ്ങിയവയെ വീട്ടുപറമ്പിൽ തുറന്നു വിടാവുന്നതാണ്. എന്നാൽ എപ്പോഴും

IX_Malayalam_Combine.indb 65 4/16/2019 12:57:09 PM



എന്തെങ്കിലും തിന്നുകയും വിസ്സർജ്ജിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇവ വീട്ടിൽ നട്ടിരിക്കുന്ന ചെടികളെയെല്ലാം തിന്ന് നശിപ്പിക്കാനിടയുണ്ട്.

എല്ലാത്തരം ജലപ്പക്ഷികളെയും നമ്മുടെ നാട്ടിൽ വളർത്താനായി ലഭ്യമല്ല. സ്ഥലപരിമിതി, വ്യത്യസ്തകാലാവസ്ഥ തുടങ്ങി പല കാരണങ്ങൾ കൊണ്ടാണ് ഇവയെ വളർത്താൻ പക്ഷിവളർത്തലുകാർ അത്ര ഉത്സാഹം കാട്ടാത്തത്. നമ്മുടെ നാട്ടിൽ സാധാരണയായി താറാവ്, മണിത്താറാവ്, വാത്ത തുടങ്ങിയ ജലപ്പക്ഷികളെയാണ് വളർത്താറുള്ളത് ജലപ്പക്ഷികളിൽ പലതും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നവയാണ്. അരയന്നങ്ങളെയും മറ്റുചില ജലപ്പക്ഷികളെയും വളർത്തുന്നത് പല രാജ്യങ്ങളും നിരോധിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ അപൂർവമായി ചിലയിടങ്ങളിൽ അരയന്നങ്ങളെ വളർത്തുന്നത് ഞാൻ കണ്ടിട്ടുണ്ട്. മിക്ക ജലപ്പക്ഷികളുടെയും മുഖ്യാഹാരം മത്സ്യമാണെങ്കിലും ചില താറാവിനങ്ങളും മറ്റുചില ജലപ്പക്ഷികളും സസ്യഭോജികളാണ്.

താറാവ്

മുട്ടയ്ക്കും മാംസത്തിനും വേണ്ടി മനുഷ്യർ വളർത്തുന്ന ജലപ്പക്ഷിയാണ് താറാവ്. സാധാരണ താറാവും മണിത്താറാവുമാണ് നമ്മുടെ നാട്ടിൽ മിക്കവാറും വളർത്താറുള്ളതെങ്കിലും വുഡ് ഡക്ക് (Wood duck), ഷോവലർ (Shoveler), മാൻഡറിൻ (Mandarin duck) തുടങ്ങിയ ഇനങ്ങളും വളർത്താൻ പറ്റിയവയും കാണാൻ ഭംഗിയുള്ളവയുമാണ്. വീടിനു ചുറ്റുമുള്ള പറമ്പിലും മറ്റും അലഞ്ഞുനടക്കുന്ന മണിത്താറാവ് സ്വന്തമായൊരിടം കണ്ടെത്തി മുട്ടയിട്ട് അടയിരുന്ന് കുഞ്ഞിനെ വിരിയിക്കാറാണ് പതിവ്.

IX_Malayalam_Combine.indb 66 4/16/2019 12:57:09 PM



വുഡ് ഡക്ക് (Wood duck)

പെൻഗ്വിൻ

മഞ്ഞുമൂടിയ പ്രദേശങ്ങളിലും വെള്ളത്തിലുമായി ജീവിതകാലം ചെലവിടുന്ന പെൻഗ്വിനുകളെ വിദേശ രാജ്യങ്ങളിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ വളർത്താറുണ്ട്. ഇവയെ പരിശീലിപ്പിച്ചാൽ പല അഭ്യാസങ്ങളും കാണിക്കും. ആകൃതിയിലും സ്വഭാവത്തിലും വ്യത്യസ്തത പുലർത്തുന്ന നിരവധിയിനം പെൻഗ്വിനുകളുണ്ട്. ചിലയിനം ഒരു മുട്ടയും ചിലവ രണ്ടു മുട്ടയുമിടും. രാജ പെൻഗ്വിനും (King penguin), ചക്രവർത്തി പെൻഗ്വിനും (Emperor Penguin) 16 ദിവസം വരെ അടയിരുന്ന് മുട്ട വിരിയിക്കുന്നു. ആൺപെൻഗ്വിനുകളും അടയിരിക്കാൻ സഹായിക്കും. അഡെലീ (Adelie), ജെന്റു (Gentoo),



ഫ്ളെമിങ്ഗോകൾ (Flamingos)

IX_Malayalam_Combine.indb 67 4/16/2019 12:57:09 PM



കാനഡവാത്ത (Canada goose)



പെൻഗ്വിനുകൾ (Penguins)

ചിൻസാപ്പ് (Chinstrap), റോക്ക് ഹൂപ്പർ (Rock hoopper), മക്കാറോനി (Macaroni) എന്നിവ പ്രധാന പെൻഗ്വിൻ ഇനങ്ങളാണ്.

ഫ്ളെമിങ്ഗോ

കുഴലുപോലെ നീണ്ട കഴുത്തുള്ള ഫ്ളെമിങ്ഗോ (Flamingo) വളർത്താൻ പറ്റിയതും ഭംഗിയുള്ളതുമായ ജലപ്പക്ഷികളാണ്. തെക്കൻ യൂറോപ്പിലും ആഫ്രിക്കയിൽ റിഫ്റ്റ് വാലിയിലെ തടാകങ്ങളിലും കണ്ടുവരുന്ന ഇവയുടെ മുഖ്യാഹാരം ആൽഗകൾ, പുഴുക്കൾ, ലാർവകൾ എന്നിവയാണ്. ചെളി ഉപയോഗിച്ച് സ്വയം നിർമ്മിക്കുന്ന കൂടുകളിലാണ് ഇവ മുട്ടയിടാറ്. ചിലയിനം ഫ്ളെമിങ്ഗോകൾ ഒരു മുട്ട മാത്രമിട്ട് വിരിയിക്കുന്നു.

പെലിക്കൻ

ജലപ്പക്ഷികളിൽ കൂടുതൽ പ്രാചീനത അവകാശപ്പെടാവുന്നവയാണ് പെലിക്കനുകൾ (Pelicans). മുഖ്യമായും മത്സ്യങ്ങളെ ഭക്ഷിക്കുന്ന ഈ വലിയ പക്ഷികളെ മൃഗശാലകളിലും മറ്റും വളർത്താറുണ്ടെങ്കിലും വ്യക്തികൾ വളർത്തുന്നത് അപൂർവമാണ്. വലിപ്പമേറിയ



പെലിക്കൻ (Pelican)

IX_Malayalam_Combine.indb 68 4/16/2019 12:57:10 PM



ചക്രവർത്തി വാത്ത
(Emperor goose)

നീണ്ട ചുണ്ടുകൾ ഇവയുടെ പ്രത്യേകതയാണ്. വലിയ പക്ഷിയാണെങ്കിലും പറക്കാനുള്ള ശേഷിയുണ്ട്. എട്ടോളം പെലിക്കൻ ഇനങ്ങളുണ്ട്. ബൾഗേറിയ, റഷ്യ, മംഗോളിയ എന്നീ രാജ്യങ്ങളിൽ കാണാറുള്ള ഡാൾമേഷ്യൻ പെലിക്കൻ (Dalmatian/ Crested Pelican), ആഫ്രിക്കയിലെ പിങ്ക് മുതുകുള്ളവ (Pink backed pelican), ഏഷ്യയിലും യൂറോപ്പിലുമുള്ള വെള്ളപെലിക്കൻ (White pelican), അമേരിക്കയിലെ തവിട്ട് പെലിക്കൻ (Brown pelican) എന്നിവ പ്രസിദ്ധ ഇനങ്ങളാണ്.



മാൻഡറിൻ (Mandarin duck)

വാത്ത

പൂന്തോട്ടത്തെ തിന്നു നശിപ്പിക്കുന്ന വാത്ത (goose) പരിചയമില്ലാത്തവരെ കണ്ടാൽ കൊത്തി ഓടിക്കും. നീണ്ട കഴുത്തുള്ള വാത്ത കാണാൻ ഭംഗിയുള്ള പക്ഷിയാണ്. പതിനഞ്ചോളം ഇനത്തിലുള്ള വാത്തകളുണ്ട്. വളരെ ദൂരം പറക്കാൻ കഴിവുള്ളവയാണിവ. കാനഡവാത്ത(Canada goose) സൈബീരിയയിലെ ചക്രവർത്തി വാത്ത (Emperor goose) എന്നിവ പ്രധാന വാത്തയിനങ്ങളാണ്.

IX_Malayalam_Combine.indb 69 4/16/2019 12:57:11 PM



മാൻഡറിൻ (Mandarin duck)



ഷോവലർ (Shoveler)



റോക്ക് എപ്പർ (Rock; hoopper)



അഡെലീ (Adelie)



ജെന്റു (Gentoo)

IX_Malayalam_Combine.indb 70 4/16/2019 12:57:12 PM



വ്യാകരണം

വിഭക്തി

ഒരു വാക്യത്തിലെ മറ്റു പദങ്ങളുമായുള്ള ബന്ധത്തെ കുറിക്കാൻ നാമത്തിൽ ചേർക്കുന്ന പ്രത്യയത്തെ വിഭക്തി എന്നു പറയുന്നു.

വിഭക്തി 7 വിധം

	വിഭക്തി	പ്രത്യയം	ഉദാഹരണം
1.	നിർദേശിക	പ്രത്യയം ഇല്ല	രാമൻ
2.	പ്രതിഗ്രാഹിക	എ	രാമനെ
3.	സംയോജിക	ഓട്	രാമനോട്
4.	ഉദ്ദേശിക	ക്ക്, വ്	രാമന്, സീതയ്ക്ക്
5.	പ്രയോജിക	ആൽ	രാമനാൽ
6.	സംബന്ധിക	ൻറെ, ഉടെ	രാമൻറെ, സീതയുടെ
7.	ആധാരിക	ഇൽ, കൽ	രാമനിൽ, രാമങ്കൽ

അലങ്കാരം

ഉൽപ്രേക്ഷ

ലക്ഷണം: മറ്റൊന്നിൻ ധർമ്മയോഗത്താ

ലതുതാനല്ലയോയിത്

എന്നു വർണ്യത്തിലാശങ്ക-

യുൽപ്രേക്ഷാഖ്യയലംകൃതി

ഉദാഹരണം- കോകസ്ത്രീ വിരഹത്തീയിൻ

പുകയല്ലോ തമസ്സിത്

IX_Malayalam_Combine.indb 71 4/16/2019 12:57:12 PM

വൃത്തം

മഞ്ജരി

ലക്ഷണം- ശ്ലഥകാകളി വൃത്തത്തിൽ
രണ്ടാം പാദത്തിലന്ത്യമാം
രണ്ടക്ഷരം കുറഞ്ഞീടി-
ലതു മഞ്ജരിയായിടും

ഉദാഹരണം- മെല്ലവേ തന്നുടെ മന്ദിരം പൂകിനാൻ
അല്ലിത്താർ മാനിനീ കാന്തനപ്പോൾ.

അഭ്യാസം

താഴെ തന്നിരിക്കുന്ന വാക്യങ്ങളിലെ വിഭക്തി കണ്ടുപിടിക്കുക

1. രാമൻ എന്ന രാജാവ്
2. ചിദംബരം ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ ശിവനാണ്
3. ദാമു അവനോട് സംസാരിച്ചു
4. അവൾക്ക് കുപ്പായം നല്കി
5. അവന് ഒന്നാംസമ്മാനം കിട്ടി
6. അമ്മയുടെ സ്നേഹം കുഞ്ഞിന് ലഭിച്ചു
7. അവന്റെ പേനയാണ്
8. അവനിൽനിന്ന് ധാരാളം പുസ്തകം കിട്ടി.

- ഉൽപ്രേക്ഷയുടെ ലക്ഷണം വ്യക്തമാക്കുക
- മഞ്ജരി വൃത്തത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക

IX_Malayalam_Combine.indb 72 4/16/2019 12:57:12 PM

ഭാഗം

5

ജീവിതപുരോഗതിയിലൂടെ



പഠനലക്ഷ്യങ്ങൾ

- കവിതയിൽ തെളിയുന്ന മനുഷ്യപ്രയത്നത്തിന്റെ ശക്തിസൗന്ദര്യങ്ങൾ ആസ്വദിക്കൽ
- ജീവിതവുമായി അഭേദ്യബന്ധം പുലർത്തുന്ന ഇരുമ്പിന്റെ സവിശേഷതകൾ അറിയൽ
- സഹജീവിസ്നേഹത്തിന്റെ പവിത്രത തിരിച്ചറിയൽ

പാഠഭാഗങ്ങൾ

കവിത:	തൊഴിലാളി	-വൈലോപ്പിള്ളി ശ്രീധരമേനോൻ
ഗദ്യം:	ഇരുമ്പ്	-പി.കെ.എൻ.പണിക്കർ
അധികവായനക്ക്:	ശബ്ദിക്കുന്ന കലപ്പ (കഥ)	-പൊൻകുന്നം വർക്കി
വ്യാകരണം:	സമാസം	
രചന:	ഉപന്യാസം	

IX_Malayalam_Combine.indb 73 4/16/2019 12:57:12 PM

കവിത

തൊഴിലാളി

വൈലോപ്പിള്ളി ശ്രീധരമേനോൻ

കവിയെ പരിചയപ്പെടാം



വൈലോപ്പിള്ളി ശ്രീധരമേനോൻ [1911-1985]: എറണാകുളം ജില്ലയിൽ കലൂർ ഗ്രാമത്തിൽ ജനിച്ചു. പുരോഗമന കലാസാഹിത്യ സംഘത്തിന്റെ പ്രഥമ പ്രസിഡന്റായിരുന്നു. 1951-ലും 1959-ലും മലയാളത്തിന്റെ പ്രതിനിധിയായി ഡൽഹി ഭാഷാസമ്മേളനത്തിലും കവിസമ്മേളനത്തിലും പങ്കെടുത്തു. 1968മുതൽ 1971 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു. സാഹിത്യ നിപുണൻ ബഹുമതി, സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ആശാൻ പ്രൈസ്, എം.പി.പോൾ പ്രൈസ് എന്നിവ ലഭിച്ചു.

കന്നിക്കൊയ്ത്ത്, ശ്രീരേഖ, കുടിയൊഴിക്കൽ, ഓണപ്പാട്ടുകാർ, വിത്തും കൈക്കോട്ടും, കയ്പവല്ലരി, മകരക്കൊയ്ത്ത് എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ. മനുഷ്യസ്നേഹവും പ്രയത്നവും ഭൂമിയിൽ നാഗരികതയും സമൃദ്ധിയും വിളയിച്ചെടുത്തതെങ്ങനെയെന്ന് പഴയൊരു കഥയുടെ പശ്ചാത്തലത്തിൽ വർണ്ണിക്കുന്ന കവിതയാണ് തൊഴിലാളി. വൈലോപ്പിള്ളിയുടെ സമ്പൂർണ്ണകൃതി (വാള്യം1) യിലെ കയ്പവല്ലരി എന്ന ഭാഗത്തുനിന്നെടുത്തതാണ് ഈ കവിത.

വേനലിൽ ചാരച്ച പുല്ലും കഷണ്ടിയും
വേവുന്ന ചെങ്കല്ലണിച്ചെറുകുന്നുകൾ

അക്കുന്നുകൾക്കിടയ്ക്കത്തുതക്കാഴ്ചയായ്
നിൽക്കുന്നു തെങ്ങും കവുങ്ങും കദളിയും



നീടെഴും കുമ്പളവള്ളി പടർന്നോരു
മാടവും, മുറ്റത്തു കൊച്ചുകിടാങ്ങളും

ഭംഗിയിൽ കായ നിറഞ്ഞതാ,ണീയിളം
തെങ്ങുപോലിത്തൊഴിലാളിതൻഗേഹവും

കണ്ടീല ഞാനാ വരണ്ട ചെമ്മണ്ണിന്റെ
തണ്ണീർ നറുംപാൽ കറന്നേകിയീവധം

IX_Malayalam_Combine.indb 74 4/16/2019 12:57:13 PM

ഊട്ടിയീ നൽച്ചമയങ്ങളെ,മക്കളെ,-
പ്പോറ്റുമാക്കർഷക ദമ്പതിമാർകളെ,

ഇങ്ങടുത്തെങ്ങോ കിണഞ്ഞവ,രിശ്യാമ-
മംഗളത്തിനിഴ നെയ്കയാമിപ്പൊഴും.



ഓർത്തു ഞാൻ,തേൻകനിയേതു ഭുജിക്കയാ-
ലാട്ടിയോടിച്ചിതെന്നാദിപിതാക്കളെ[1]

അക്കനിതൻമണിവിത്തുകൾ പാകിയി-
ട്ടുൾക്കനിവാർന്നോരവരുമമ്മക്കളും

കല്ലിൻപരപ്പിലുമുണ്ടാക്കി,യീഡനെ
വെല്ലുന്ന മോഹനപ്പൂങ്കാവനങ്ങളെ[2]

അച്ചുണയേറും പരമ്പരയിൽപെട്ട-
തിച്ചെറുവീട്ടിലെ നാരിയും നാഥനും.



പാപികളാകട്ടെ,യെന്നാലവളുമാ-
പ്പാണിപിടിച്ചവൻതാനുമിണങ്ങവേ,

മൂകമാം തൻ ദൃഢപ്രേമത്തിനെ,പ്രേമ-
സാഹസികമാം മഹായാസയജ്ഞത്തിനെ

മാനിച്ചു വാരിക്കെടുക്കുന്നു ധാത്രി,ഹാ
നാണിച്ചുനില്പൂ പിതാവും പിശാചുമേ

1. ആദിപിതാക്കളായ ആദാമും അവ്വായും,വിലക്കപ്പെട്ട പാപക്കനി തിന്നുകയാൽ, പൂർവ്വ സങ്കേതമായ ഈഡൻ തോട്ടത്തിൽനിന്ന് ഈശ്വരനാൽ ആട്ടിയോടിക്കപ്പെട്ടുവത്രേ.
2. ആ ദമ്പതിമാർ പിന്നീടു ഭൂമിയിലെ മരുവിലും മലഞ്ചെരുവിലും കൃഷിചെയ്തു കുടിവെച്ചു പെരുകിപ്പരന്നു. മനുഷ്യപ്രേമവും തന്റേടവും പ്രയത്നവും വിജയിച്ചു.

IX_Malayalam_Combine.indb 75 4/16/2019 12:57:13 PM

അഭ്യാസം

I. പദപരിചയം

ചാരച്ച, ചെങ്കല്ല്, നീടെഴും, മാടം, ഗേഹം, തണ്ണീർ, കർഷകൻ, ദമ്പതിമാർ, ശ്യാമം, കനി, ഭുജിക്കുക, ആദിപിതാക്കൾ, ഉൾക്കനിവ്, ഈഡൻ, വെല്ലുക, ചുണ, പാണി, മൂകം, ദ്യുഢം, സാഹസം, മഹായാസം, യജ്ഞം, ധാത്രി

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. തെങ്ങും കവുങ്ങും കദളിയും അത്ഭുതക്കാഴ്ചയായ് നിൽക്കുന്നത് എവിടെയാണ്?

   അ. മലമുകളിൽ　　ആ. കുന്നുകൾക്കിടയിൽ

   ഇ. പുഴയോരത്ത്　　ഈ. കടൽത്തീരത്ത്

2. മാടത്തിൽ പടർന്നുകിടക്കുന്നതെന്താണ്?

   അ. കുമ്പളവള്ളി　　ആ. മുന്തിരിവള്ളി

   ഇ. പാവൽവള്ളി　　ഈ. മുല്ലവള്ളി

3. ഏത് കനിയുടെ മണിവിത്തുകളെയാണ് കവി പരാമർശിക്കുന്നത്?

   അ. വിലക്കപ്പെട്ട കനി　　ആ. താമരക്കനി

   ഇ. തേൻകനി　　ഈ. മാങ്കനി

4. ധാത്രിയുടെ ഉദാരതകണ്ട് നാണിച്ചുനിൽക്കുന്നതാര്?

   അ. പിതാവും പുത്രനും　　ആ. പിതാവും പിശാചും

   ഇ. പിശാചും മനുഷ്യനും　　ഈ. പിതാവും മാതാവും

III. ഉത്തരമെഴുതുക

1. തൊഴിലാളിയുടെ വീടിന് ഭംഗി നൽകുന്നതെന്തൊക്കെയാണ്?
2. ആദിപിതാക്കളെ ആട്ടിയോടിച്ചത് എന്തിനായിരുന്നു?
3. പിതാവും പിശാചും നാണിച്ചുനിന്നതെപ്പോൾ?
4. ഈ കവിതയുടെ ആശയം സ്വന്തം വാക്യത്തിലെഴുതുക

IX_Malayalam_Combine.indb 76　　4/16/2019 12:57:13 PM

ഗദ്യം

ഇരുമ്പ്

പി.കെ.എൻ പണിക്കർ



പി.കെ.എൻ പണിക്കർ [1935-]: ൽ പത്തനംതിട്ട ജില്ലയിലെ കവിയൂരിൽ ജനിച്ചു. ശാസ്ത്ര സാഹിത്യ മേഖലയിലും മറുനാടൻ മലയാളികളുടെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിലും തനതായ സംഭാവനകൾ നൽകിയിട്ടുള്ള പണിക്കർ ഇപ്പോൾ മദിരാശി കേരള സമാജം പ്രസിഡന്റാണ്. ശാസ്ത്രലേഖകൻ, വിവർത്തകൻ എന്നീ നിലകളിൽ പ്രശസ്തനാണ്. ലോകനാടോടിക്കഥകൾ, മലയാളത്തിലെ പ്രശസ്തകവികളായ എ.അയ്യപ്പൻ, വൈലോപ്പിള്ളി, പി.കുഞ്ഞിരാമൻ നായർ, അക്കിത്തം, വിഷ്ണു നാരായണൻ നമ്പൂതിരി എന്നിവരുടെ കവിതകൾ എന്നിവ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. ലോഹങ്ങളുടെ ലോകം, ആൾക്കഹോൾ, ആഫ്രിക്കൻ നാടോടിക്കഥകൾ, ഏഷ്യൻ നാടോടിക്കഥകൾ, ഏഷ്യൻ -ആഫ്രിക്കൻ നാടോടിക്കഥകൾ, അമേരിക്കൻ നാടോടിക്കഥകൾ തുടങ്ങിയവയാണ് പ്രധാന കൃതികൾ. ഇംഗ്ലീഷിലും മലയാളത്തിലും സാഹിത്യരചന നടത്തുന്ന പി.കെ.എൻ പണിക്കരുടെ ലോഹങ്ങളുടെ ലോകം എന്ന കൃതിയിൽനിന്ന് എടുത്തതാണ് ഇരുമ്പ് എന്ന പാഠഭാഗം. ചെമ്പിൽനിന്ന് ഇരുമ്പിലേക്കുള്ള മാനവരാശിയുടെ പുരോഗതിയും അതുവഴിയുണ്ടായ നാഗരികതയും മനസ്സിലാക്കാൻ സഹായകമാണ് ഈ പാഠം.

മനുഷ്യജീവിതത്തിൽ ഇരുമ്പിനുള്ള സ്ഥാനം നിർണയിക്കുക പ്രയാസമാണ്. ഇരുമ്പ് അശേഷമില്ലാത്ത ഒരു ലോകത്തിൽ സസ്യശ്യാമളമായ വനങ്ങളും മലയോരങ്ങളും താഴ്വരകളും ഉണ്ടായിരിക്കയില്ല. ചെടികളും മരങ്ങളുമെല്ലാം കരിഞ്ഞുണങ്ങി നശിക്കും. മനുഷ്യരാശിയുടെ നിലനില്പു പോലും അസാധ്യമായിത്തീരും. മനുഷ്യനുമായി അഭേദ്യബന്ധം പുലർത്തുന്ന ഇരുമ്പിന്റെ ഗുണങ്ങൾ നിരവധിയാണ്.

ഓരോ മനുഷ്യന്റെയും രക്തത്തിൽ 13മില്ലിഗ്രാം ഇരുമ്പ് ഇല്ലാതെ പോയാൽ അവന് ജീവിക്കാൻ കഴിയുകയില്ല. മനുഷ്യന്റെ മാത്രമല്ല എല്ലാ ജന്തുക്കളുടെയും രക്തത്തിൽ ഇരുമ്പ് ചേർന്നിരിക്കുന്നു. ശരീരത്തിലാകമാനം പ്രാണവായു (ഓക്സിജൻ) വഹിച്ചുകൊണ്ടു പോകുന്ന രക്തത്തിന്റെ ഒരു പ്രധാനഘടകമായ ഹീമോഗ്ലോബിനിൽ ഇരുമ്പ് അടങ്ങിയിട്ടുണ്ട്. രക്തത്തിന് ചുവപ്പു നിറം നൽകുന്നത് ഇരുമ്പാണ്. മനുഷ്യരക്തത്തിൽ ഇരുമ്പ് ഉണ്ടെന്ന് ആദ്യമായി കണ്ടുപിടിച്ചത് ഫ്രഞ്ച് ശാസ്ത്രജ്ഞനായ മെരി ആണെന്ന് കരുതപ്പെടുന്നു.

ഒരു മനുഷ്യന്റെ രക്തത്തിൽ വേണ്ടത്ര ഇരുമ്പ് ഇല്ലെങ്കിൽ അയാൾ ക്ഷീണിതനാവുകയും ഉശിരില്ലാത്തവനാവുകയും ചെയ്യും. കൂടെക്കൂടെ അയാൾക്ക് തലവേദനയുണ്ടാകും. സിദ്ധവൈദ്യത്തിലും ഇരുമ്പ് ചേർന്ന മരുന്നുകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ആധുനിക വൈദ്യശാസ്ത്രത്തിലും ഇരുമ്പ്

IX_Malayalam_Combine.indb 77 4/16/2019 12:57:14 PM

പല ഔഷധങ്ങളുടെയും ഘടകമാണ്.1783-ൽ ഇക്കണോമിക് ജർണൽ എന്ന പ്രസിദ്ധീക രണത്തിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇരുമ്പ് ഒരു നല്ല ഔഷധമാണ്. ഇരുമ്പിന്റെ പൊടി അങ്ങനെത്തന്നെയോ അല്ലെങ്കിൽ മധുരം കലർത്തിയോ കഴിക്കുന്നത് പ്രയോജനകര മാകാം എന്ന് എഴുതിയിരുന്നു. അതേ പ്രബന്ധത്തിൽത്തന്നെ ഇരുമ്പ് കലർന്ന ചില ഔഷധ ങ്ങളെക്കുറിച്ചും വിവരിച്ചിട്ടുണ്ട്. ഇരുമ്പിന്റെ പല രാസയൗഗികങ്ങളും ഔഷധങ്ങളായി നാം ഉപയോഗിച്ചുവരുന്നു.

മനുഷ്യന്റെ നാഗരികവളർച്ചയുടെ ചരിത്രത്തിൽ ഇരുമ്പിന്റെയത്ര സുപ്രധാന പങ്കു വഹിച്ചിട്ടുള്ള മറ്റൊരു ലോഹവുമില്ല. പല പുരാതന സമൂഹങ്ങളും ഇരുമ്പ് സ്വർണ്ണത്തേ ക്കാളും വിലപ്പെട്ടതാണെന്നു കരുതിയിരുന്നു. ഒരു കാലത്ത് സമുദായത്തിലെ സമ്പന്നർക്കു മാത്രമേ ഇരുമ്പ് കൊണ്ടുള്ള ആഭരണങ്ങൾ അണിയുവാൻ കഴിഞ്ഞിരുന്നുള്ളൂ. പുരാതന റോമിൽ കല്യാണമോതിരങ്ങൾ വരെ നിർമിച്ചിരുന്നത് ഇരുമ്പ് കൊണ്ടത്രെ!

ലക്ഷക്കണക്കിന് ടൺ ഉൽക്കാപിണ്ഡങ്ങൾ ബഹിരാകാശത്തിൽനിന്നും ഭൂമിയിൽ പതിക്കുന്നുണ്ട്. ഇവയിൽ പലതിലും 90 ശതമാനം വരെ ഇരുമ്പുണ്ടെന്ന് കരുതപ്പെടുന്നു. ആഫ്രിക്കയിൽ ഫോബോവെസ്റ്റ് എന്നറിയപ്പെടുന്ന പ്രദേശത്ത് വീണ ഫോബോ എന്ന ഉൽക്കയാണ് പുരാതനകാലങ്ങളിൽ വീണ ഇരുമ്പ് ഉൽക്കകളിൽവെച്ച് ഏറ്റവും വലുത്. അതിന്റെ ഭാരം 60 ടണ്ണിനടുത്ത് ഉണ്ടായിരുന്നു. 1896-ൽ അമേരിക്കൻ അന്വേഷകനായ റോ ബർട്ട് പെരി, ഗ്രീൻലാൻഡിൽ 33 ടണ്ണിനടുത്ത് ഭാരം വരുന്ന ഒരു ഉൽക്കാപിണ്ഡം കണ്ടെ ത്തുകയുണ്ടായി. അത് വളരെ കഷ്ടപ്പെട്ട് ന്യൂയോർക്കിലെത്തിച്ചു.ഇന്നും അതവിടെ സൂക്ഷി ച്ചിരിക്കുന്നു. 1891-ൽ അരിസോണോ മരുഭൂമിയിൽ കണ്ടെത്തിയ 1200 മീറ്റർ വ്യാസവും 175 മീറ്റർ ആഴവുമുള്ള ഒരു ഗർത്തം(crater) അതിപുരാതനകാലത്ത് ഭൂമിയിൽ പതിച്ച



IX_Malayalam_Combine.indb 78 4/16/2019 12:57:19 PM

ബൃഹത്തായ ഒരു ഉൽക്കയുടെ ആഘാതംകൊണ്ട് ഉണ്ടായതാണെന്ന് അനുമാനിക്കപ്പെടുന്നു.

ആദിമകാലങ്ങളിൽ ഉൽക്കാപിണ്ഡങ്ങളിൽ നിന്നും കിട്ടിയിരുന്ന ഇരുമ്പുകൊണ്ട് ആയുധങ്ങളും കരുക്കളും ഉണ്ടാക്കാൻ മനുഷ്യൻ പഠിച്ചു. അവർ ഇരുമ്പുഖനിജങ്ങൾക്കുവേണ്ടി തിരയുകയും ഖനിജങ്ങളിൽനിന്ന് ഇരുമ്പ് ഉൽപാദിപ്പിക്കാൻ പഠിക്കുകയും ചെയ്തു. അതോടെ അവർ ചെമ്പുയുഗത്തിൽ നിന്നു ഇരുമ്പ് യുഗത്തിലേക്ക് പ്രവേശിച്ചു. ഭൂമിയിൽ ഏറ്റവും വ്യാപകമായി കിട്ടുന്ന ലോഹങ്ങളിൽ ഒന്നാണ് ഇരുമ്പ്. ഭൂബാഹ്യപടലത്തിന്റെ 5 ശതമാനം ഇരുമ്പാണെന്ന് കണക്കാക്കിയിരിക്കുന്നു. എങ്കിലും ഇതിന്റെ നാല്പതിൽ ഒരംശം മാത്രമാണ് ഖനിജങ്ങളുടെ രൂപത്തിലുള്ള ഇരുമ്പ് നിക്ഷേപങ്ങളായിട്ടുള്ളത്.

ഇരുമ്പിന്റെ പ്രധാന ഖനിജങ്ങൾ മാഗ്നറ്റൈറ്റും, ഹേമറ്റൈറ്റും, സിഡൈറൈറ്റും ആണ്. കാന്തികഗുണമുള്ള മാഗ്നറ്റൈറ്റിൽ 72 ശതമാനം വരെ ഇരുമ്പ് കാണും. ഏതാണ്ട് 70 ശതമാനം ഇരുമ്പുള്ളതും ചുവന്ന നിറമുള്ളതുമായ ഹേമറ്റൈറ്റിന് ആ പേര് കിട്ടിയത് രക്തം എന്നർത്ഥമുള്ള ഹേയ്മാ എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്. അതുപോലെ റഷ്യൻ ഭാഷയിൽ ഇരുമ്പിന്റെ പേരായ ഷൈലസോവ് എന്ന വാക്കിന്റെ മൂലം സംസ്കൃതത്തിലെ ജ്വാല എന്നാണെന്നും കരുതുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തുതന്നെ ഇരുമ്പ് വൈജ്ഞാനികരംഗത്ത് അതിന്റെ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞിരുന്നു. 1778-ൽ ഇരുമ്പ് കൊണ്ടുള്ള ആദ്യത്തെ പാലം പണിതു. ഇതേ വർഷം തന്നെ ഇരുമ്പ് കൊണ്ടുള്ള പൈപ്പുകൾ ജലവിതരണത്തിന് ഉപയോഗിക്കുവാൻ തുടങ്ങി. 1816ൽ ഇരുമ്പ് കൊണ്ട് നിർമ്മിച്ച ആദ്യത്തെ കപ്പൽ വെള്ളത്തിൽ ഇറക്കി. 1822 ൽ ലണ്ടനിൽ നിർമിച്ച മറ്റൊരു ഇരുമ്പ് കപ്പൽ ലണ്ടനും പാരീസിനുമിടയ്ക്ക് തുടർച്ചയായി യാത്ര ചെയ്തു തുടങ്ങി.1825 ൽ ആദ്യത്തെ തീവണ്ടിയും ബ്രിട്ടനിൽ ആരംഭിച്ചു.

വിശ്വവിഖ്യാതമായ ഈഫൽ ടവറിന്റെ പണി 1889 ൽ ഫ്രഞ്ച് എഞ്ചിനീയറായ ഗുസ്താവ് ഈഫൽ തുടങ്ങി. അദ്ദേഹത്തിന്റെ സമകാലികരിൽ പലരും, 300 മീറ്റർ ഉയരമുള്ള ആ ടവറിന്റെ ബലത്തിൽ സംശയം പ്രകടിപ്പിച്ചു.എന്നാൽ ഈഫൽ താൻ പണിതുയർത്തിയ ആ ടവർ കുറഞ്ഞത് 50 കൊല്ലമെങ്കിലും കേടുകളൊന്നും കൂടാതെ നിൽക്കുമെന്ന് വാദിച്ചു. ഏതായാലും 100 വർഷങ്ങൾക്ക് ശേഷവും ഈഫൽ ടവർ പാരിസ് നഗരത്തിന്റെ അന്തസ്സിന്റെ പ്രതീകമായി ഉയർന്നുനിൽക്കുന്നു.

ഈഫൽ ടവറിന്റെ ഉറപ്പിന്റെ പ്രധാന രഹസ്യം അതിന്റെ പുറത്ത് അടിച്ചിട്ടുള്ള പെയിന്റാണ്. ഇരുമ്പിന്റെ ഏറ്റവും വലിയ എതിരാളി അന്തരീക്ഷത്തിൽ അതിനുണ്ടാകുന്ന രാസക്ഷാരണത്തെയാണ് നാം തുരുമ്പിക്കുക എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്.

തുരുമ്പിക്കൽ എന്ന പ്രക്രിയയെക്കുറിച്ച് പൗരാണികകാലം മുതൽക്കേ മനുഷ്യർ ശ്രദ്ധിച്ചിരുന്നു. ക്രി.മു.5-ാം ശതകത്തിൽ തന്നെ ഗ്രീക്ക് ചരിത്രകാരനായ ഹിരോദോത്തസ് ഇരുമ്പ് സാമഗ്രികളുടെ പുറത്ത് വെള്ളീയം പൂശുന്ന സമ്പ്രദായത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.ഏതാണ്ട് 1600 വർഷം മുമ്പ് തന്നെ ഒരു ക്ഷാരണനിരോധസംഘടന ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നുവെന്നും, 1500 വർഷങ്ങൾക്കു മുമ്പ് കൊണരാക്കിലെ സൂര്യദേവന്റെ ആലയത്തിന്റെ പണികളിൽ ആ സംഘടന സഹായം

IX_Malayalam_Combine.indb 79 4/16/2019 12:57:19 PM

എത്തിച്ചിരുന്നുവെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. പിന്നീട് ആ ദേവാലയം സമുദ്രത്തിന്റെ ആക്രമണത്തിന് വിധേയമാവുകയും,സമുദ്രജലത്തിൽ വളരെക്കാലം മുങ്ങിക്കിടക്കുകയും ചെയ്തുവെങ്കിലും അതിലുണ്ടായിരുന്ന ഇരുമ്പുദണ്ഡുകളും മറ്റും കേടുകൂടാതെയിരുന്നു. അത് പോലെത്തന്നെ ന്യൂഡൽഹിയിലെ ഇരുമ്പുസതംഭം ഇന്നും സന്ദർശകരായ വൈജ്ഞാനികളെ ആശ്ചര്യപ്പെടുത്തുന്നു. ജവഹർലാൽ നെഹ്റു 'ഡിസ്കവറി ഓഫ് ഇന്ത്യ' എന്ന പുസ്തകത്തിൽ പറയുന്നത് പോലെ ആ സ്തംഭം ഒരു കാലത്ത് ഇന്ത്യയിലുണ്ടായിരുന്ന വൈജ്ഞാനിക വ്യാവസായിക മേഖലകളിലെ പുരോഗതിയെ എടുത്തു കാട്ടുന്നു. അന്തരീക്ഷത്തിൽ കാറ്റും മഴയും വെയിലും ഏറ്റുകൊണ്ട് പല ശതവർഷങ്ങൾ നിന്നിട്ടും തുരുമ്പിക്കാത്ത ആ സ്തംഭത്തിന്റെ പണിക്ക് ഉപയോഗിച്ച ഉരുക്കിന്റെ ഉൽപാദനം എങ്ങനെ ആയിരുന്നിരിക്കണം എന്നത് ആധുനിക ലോഹകർമ്മികൾക്കുപോലും മനസ്സിലായിട്ടില്ല. പൗരാണിക ഇന്ത്യയുടെ വൈജ്ഞാനിക വളർച്ചയെ എടുത്തു കാണിക്കാൻ ഇതിൽ കൂടുതലായ ഒരു ഉദാഹരണം ആവശ്യമില്ല.

ലോഹങ്ങളുടെ ലോകത്തിലെ അതികായനും പ്രതാപിയുമാണ് ഇരുമ്പ്. 19-ാം നൂറ്റാണ്ടിന്റെ അവസാനകാലത്തുതന്നെ ലോകമൊട്ടുക്കുള്ള ലോഹങ്ങളുടെ മൊത്ത ഉപയോഗത്തിൽ 96 ശതമാനവും ഇരുമ്പായിരുന്നു. പുതിയ നഗരങ്ങളുടെ വളർച്ചയ്ക്കും കൃഷിയുടെ വികസനത്തിനും വ്യവസായശാലകളുടെ നിർമ്മാണത്തിനുമെല്ലാം ഇരുമ്പ് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ആധാരഘടകമാണ്. ഇരുമ്പിന് പല വെല്ലുവിളികളും നേരിടേണ്ടി വന്നിട്ടുണ്ട്. അലുമിനിയം, ടൈറ്റാനിയം, വനേഡിയം, ബെറീലിയം, സിർകോണിയം എന്നിങ്ങനെ പല ലോഹങ്ങളും പ്രധാനപ്പെട്ട പല ജോലികളിൽനിന്നും ചുമതലകളിൽ നിന്നും ഇരുമ്പിനെ പുറത്താക്കിയിട്ടുണ്ട്. എങ്കിലും ലോഹങ്ങളുടെ ലോകത്തിലെ ആ പിതാമഹൻ അത്ര പെട്ടെന്ന് തന്റെ ജോലികളിൽനിന്ന് വിരമിക്കാൻ തയ്യാറാകുമെന്ന് തോന്നുന്നില്ല. 5000 വർഷമെന്ന് പറഞ്ഞാൽ അതത്ര വലിയ വയസ്സാണോ എന്നാണ് അതികായന്റെ ചോദ്യം. ഒരു പക്ഷേ ഭാവി മറ്റു ലോഹങ്ങളുടേതായിരിക്കാം. എന്നാലും ഇന്നും ലോഹകർമ്മപ്രക്രിയകളുടെയെല്ലാം ആധാരം നമ്മുടെ നാഗരികവളർച്ചയുടെ ഭാരം ചുമന്നു നിൽക്കുന്ന ആ അതികായനാണെന്നതിൽ സംശയമില്ല.





IX_Malayalam_Combine.indb 80 4/16/2019 12:57:20 PM



ഇരുമ്പ് നല്ല കാര്യങ്ങൾക്കുമാത്രമാണ് പ്രയോജനപ്പെട്ടതെന്ന് വിചാരിക്കരുത്. ചരിത്രത്തിന്റെ ഏടുകളിൽ ഇരുമ്പും ഉരുക്കും കൊണ്ടുള്ള ആയുധങ്ങൾ മനുഷ്യരക്തം ചൊരിഞ്ഞതിന്റെ കഥകളാണ് ഒന്നിന് പുറകെ ഒന്നായി കാണാൻ കഴിയുന്നത്. ഇരുമ്പും ഉരുക്കും ഉപയോഗിച്ച് പടുത്തുയർത്തിയ നഗരങ്ങൾ നശിപ്പിക്കാൻ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിൽ ഇരുമ്പും ഉരുക്കും ഉപയോഗിച്ച് നിർമ്മിച്ച ലക്ഷക്കണക്കിന് ബോംബുകളും ഷെല്ലുകളും ഉപയോഗിക്കുകണ്ടായി. ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് റോമൻ സാഹിത്യകാരനും ശാസ്ത്രജ്ഞനുമായ പ്ലിനി എഴുതി : "പരസ്പരം നശിപ്പിക്കാനായി ഇരുമ്പിന് ചിറകുകൾ കൊടുത്തതാണ് മനുഷ്യന്റെ ഏറ്റവും ഹീനമായ കൃത്യം. പക്ഷേ നാം അതിന് ഇരുമ്പിനെ കുറ്റപ്പെടുത്തുന്നത് ശരിയായി തോന്നുന്നില്ല." അതേ, ആധുനിക യുഗത്തിലെയും കാതലായ പ്രശ്നങ്ങളിൽ ഒന്നാണിത്.

സൂചന :

ഈഫൽ ഗോപുരം

പാരീസിലെ വിശിഷ്ടദൃശ്യമായ ഇരുമ്പ്-ഉരുക്ക് ഗോപുരം. 300 മീറ്റർ ഉയരം. അലക്സാണ്ടർ ഗുസ്താവ് ഈഫൽ എന്ന വിശ്വപ്രസിദ്ധനായ ഫ്രഞ്ച് എഞ്ചിനീയർ (1832-1923) രൂപകൽപനചെയ്തു നിർമ്മിച്ചത്. 1889-ൽ പാരീസിൽ നടന്ന അന്താരാഷ്ട്രപ്രദർശനത്തോടനുബന്ധിച്ച് നിർമ്മിച്ച ഇതിന്റെ പണി ആരംഭിച്ചത് 1887 ലാണ്. രണ്ടു വർഷം കൊണ്ട് പണിപൂർത്തിയാക്കി. 7000 ടൺ ഇരുമ്പും ഉരുക്കും ഇതിന്റെ നിർമ്മാണത്തിനുപയോഗിച്ചു. നിർമ്മാണച്ചെലവ് 10 ലക്ഷം ഡോളർ. ഗോപുരത്തിന്റെ മുകളിലെത്തുന്നതിന് ചവിട്ടുപടികൾക്കുപുറമെ നാലു ലിഫ്റ്റുകളും പ്രവർത്തിക്കുന്നു. ഏറ്റവും മുകളിൽ അന്തരീക്ഷപഠനസാമഗ്രികൾ, വയർലസ് സ്റ്റേഷൻ, ടെലിവിഷൻ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിരിക്കുന്നു. പാരീസിലെ ഏറ്റവും പ്രധാന ആകർഷണകേന്ദ്രമായ ഈഫൽ ഗോപുരം പ്രതിവർഷം ലക്ഷക്കണക്കിന് ജനങ്ങൾ സന്ദർശിക്കുന്നു. ഗോപുരത്തിനു മുകളിലുള്ള മൂന്നു നിരീക്ഷണവേദികളിലൊന്നിൽ ഒരു ഭക്ഷണശാലയുമുണ്ട്.

IX_Malayalam_Combine.indb 81 4/16/2019 12:57:20 PM

അഭ്യാസം

I. പദപരിചയം:

അശേഷം, അഭേദ്യം, പ്രതിപാദനം, ഗർത്തം, ആഘാതം, ആദിമകാലം, വിഖ്യാതം, പ്രതീകം, രാസക്ഷാരണം, ആലയം, സ്തംഭം, പിതാമഹൻ

II. വാക്യത്തിൽ പ്രയോഗിക്കുക

ഹീനകൃത്യം, അഭേദ്യബന്ധം

III. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. രക്തത്തിന് ചുവപ്പുനിറം നൽകുന്ന ഘടകം.

   അ. ചെമ്പ് ആ. ഇരുമ്പ്

   ഇ. ഈയം ഈ. വെള്ളി

2. ഏത് ഭാഷയിലാണ് ഇരുമ്പ് ഷൈലസോവ് എന്നറിയപ്പെടുന്നത്?

   അ. ഗ്രീക്ക് ആ. ജർമ്മൻ

   ഇ. റഷ്യ ഈ. സംസ്കൃതം

3. ഇരുമ്പുകൊണ്ട് നിർമ്മിച്ച കപ്പൽ വെള്ളത്തിലിറക്കിയത് ഏത് വർഷമാണ്?

   അ. 1816 ആ. 1822

   ഇ. 1889 ഈ. 1825

IV. ഉത്തരമെഴുതുക

1. മനുഷ്യരക്തത്തിൽ വേണ്ടത്ര ഇരുമ്പ് ഇല്ലെങ്കിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?
2. ഇരുമ്പിന്റെ ഔഷധഗുണത്തെക്കുറിച്ച് ഇക്കണോമിക്ക് ജേർണലിൽ പ്രസിദ്ധീകരിച്ചത് എന്താണ്?
3. ഹോഗോ എന്ന ഉൽക്കയെക്കുറിച്ച് നിങ്ങൾക്ക് എന്തെല്ലാമറിയാം?
4. ഇരുമ്പിന്റെ പ്രധാന ഖനിജങ്ങൾ ഏവ?
5. വൈജ്ഞാനികരംഗത്ത് ഇരുമ്പ് അതിന്റെ ആധിപത്യം സ്ഥാപിച്ചതെങ്ങനെയെല്ലാമാണ്?
6. തുരുമ്പിക്കുക എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
7. ലോഹങ്ങളുടെ ലോകത്തിലെ അതികായനും പ്രതാപിയുമാണ് ഇരുമ്പ് വിവരിക്കുക.
8. 'പരസ്പരം നശിപ്പിക്കാനായി ഇരുമ്പിന് ചിറകുകൾ കൊടുത്തതാണ് മനുഷ്യന്റെ ഏറ്റവും ഹീനമായ കൃത്യം ' എന്ന് പ്ലിനി പറയാനുണ്ടായ കാരണം എന്താണ്?

IX_Malayalam_Combine.indb 82 4/16/2019 12:57:20 PM

അധികവായനക്ക്

ശബ്ദിക്കുന്ന കലപ്പ

കഥ

പൊൻകുന്നം വർക്കി



പൊൻകുന്നം വർക്കി [1911–2004]: കോട്ടയം ജില്ലയിലെ പാമ്പാടിയിൽ ജനിച്ചു. കഥകളെഴുതിയതിന്റെ പേരിൽ അദ്ധ്യാപനജോലിയിൽനിന്ന് പുറത്താക്കപ്പെട്ടു. യാഥാസ്തികത്വത്തിനെതിരെ വിമർശനമുയർത്തിയ കഥകളായിരുന്നു വർക്കിയുടേത്. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെയും നാഷണൽ ബുക്ക്സ്റ്റാളിന്റെയും സ്ഥാപകരിൽ ഒരാളും കേരള സാഹിത്യ അക്കാദമി പ്രസിഡന്റും ആയിരുന്നു. അന്തോണി നീയും അച്ഛനായോടാ, ഒരു പിശാചുകൂടി, പള്ളിച്ചെരുപ്പ്, ഇടിവണ്ടി, ശബ്ദിക്കുന്ന കലപ്പ തുടങ്ങിയവയാണ് പ്രധാനകൃതികൾ.

കാളയെന്നുവെച്ചാൽ എല്ലാം മറക്കും അവുസേപ്പുചേട്ടൻ. കാളപ്രാന്തനെന്നാണ് മറ്റു കൃഷിക്കാർ അയാളെ വിളിക്കുക. അയാളുടെ കണ്ണനെപ്പറ്റി അത്ഭുതപ്പെടാത്ത കൃഷിക്കാരില്ല. അവുസേപ്പുചേട്ടന്റെ ജീവനാണ് കണ്ണൻ. ചാരനിറം, നല്ല ഉടലായം, കൂൺ മൊട്ട് പോലുള്ള കൊമ്പ്, നടും പുറത്തു മദ്ധ്യത്തിൽ നിന്ന് ഉപ്പുണ്ണിയോടടുത്ത തെളിഞ്ഞ ചുഴി, വെളിയിലേക്കു തെറിച്ചു നിൽക്കുന്ന കണ്ണുകൾ. കണ്ണന്റെ നടപ്പിനുതന്നെ ഒരു പ്രത്യേക ചന്തമുണ്ട്. പൂട്ടുന്നിടത്തും മറ്റും അവുസേപ്പുചേട്ടൻ മനസ്സിൽ കാണുന്നത് കണ്ണൻ മനസ്സിലാക്കിക്കഴിയും. പലക പിടിക്കുന്നിടത്ത്, കട്ടയടിക്കുന്നിടത്ത്, എവിടെ എന്താണ് അയാൾ ഉദ്ദേശിക്കുന്നത് അതു മനസ്സിലാക്കാനുള്ള കഴിവ് ആ കാളയ്ക്കുണ്ട്. ഓങ്ങുകയല്ലാതെ അയാൾ അതിനെ അടിക്കാറില്ല. മറ്റു ചില കൃഷിക്കാരെപോലെ കാളേ പൂളേ എന്നൊന്നും അയാൾക്ക് ഒച്ചപ്പാടു കൂട്ടേണ്ടതുമില്ല. സ്നേഹിതന്മാരോടെന്ന



IX_Malayalam_Combine.indb 83 4/16/2019 12:57:22 PM

പോലെയാണ് അയാൾ അവനോട് സംസാരിക്കുക. മറ്റു കാളകൾ എത്രയുണ്ടെങ്കിലും അവയ്ക്കെല്ലാം നേതൃത്വം നൽകുന്നത് കണ്ണനായിരിക്കും. ഒരു കണ്ടം പൂട്ടിത്തീരുമ്പോൾ മറ്റേ കണ്ടത്തിലേക്കു കയറുന്നതിന് കണ്ണനധികം അറിയിപ്പൊന്നും ആവശ്യമില്ല. അതൊക്കെ എപ്പോൾ എങ്ങനെ വേണമെന്ന് അവനറിയാം. അടുത്ത കണ്ടത്തിലേക്കു കൈയെടുത്തു കുത്തുമ്പോളായിരിക്കും അവുസേപ്പുചേട്ടൻ ഒരു വിട്ടുവീഴ്ച കണ്ണനോടാവശ്യപ്പെടുന്നത്:"എടാ ഒന്നു നിക്ക്, ഞാനൊന്നു മുറുക്കട്ടെടാ, എത്ര നേരമായി ഒന്നു മുറുക്കീട്ട്"

അതു കേട്ടു കഴിയുമ്പോൾ കാലടി ഉറപ്പിക്കയായി കണ്ണൻ. പതം കൂടിയ മുറുക്കു കഴിഞ്ഞ് ആ കൃഷിക്കാരൻ മൂളും. കണ്ണൻ വീണ്ടും പണിതുടങ്ങും. ഒരു കണ്ടം വിട്ട് മറു കണ്ടത്തിലേക്കു കടക്കുമ്പോഴും മറ്റും എത്ര സൂക്ഷിച്ചാണെന്നോ അവൻ കാലെടുത്തുകുത്തുക. ആ വരമ്പിലെങ്ങും അവൻ കുളമ്പുകുത്താറില്ല. അവനറിയാം വായ്ത്തലപോലെ കട്ടികുറഞ്ഞ ആ വരമ്പു തകരാൻ മനസ്സറിഞ്ഞ് ഒന്നു ചവുട്ടിയാൽ മതിയെന്ന്.

പറയുന്നത് മനസ്സിലാക്കുന്ന കണ്ണനെ അങ്ങനെ കെട്ടേണ്ട ആവശ്യവുമില്ല. പൂട്ടുകഴിഞ്ഞ് ചിറയിലേക്കും മറ്റും സ്വതന്ത്രനായി അവനെ വിടാം. അങ്ങനെ വിടുമ്പോൾ ആവശ്യമുള്ള താക്കീതുമാത്രം അയാൾ കൊടുക്കും. എടാ വല്ലതുമൊക്കെ തപ്പിപ്പിടിച്ചു പള്ളയൊന്നു വീർപ്പിക്ക്.നീ ആ വാഴയെ കണ്ണുവെച്ചേക്കരുത് കേട്ടോ" പാടുപെട്ടു വച്ചുപിടിപ്പിക്കുന്ന വാഴയോ തെങ്ങിൻ തൈയ്യോ ഒന്നും അവൻ കടിക്കാറില്ല. അതിൽ ചാടിക്കടിക്കുന്നതിൽ ഭേദം അതുവച്ചുപിടിപ്പിക്കുന്നവരെ കൊമ്പുകൊണ്ടു കുത്തിയേക്കുകയാണെന്നു അവനറിയാം. പൂട്ടുകഴിഞ്ഞാലുടനെ കണ്ണന്റെ ദേഹത്തുപറ്റുന്ന ചേറും ചെളിയും കഴുകിക്കളയുന്നതിൽ അവുസേപ്പുചേട്ടന് വളരെ നിർബന്ധമുണ്ട്.

"വലത്തെക്കാലിങ്ങോട്ടുപൊക്കെടാ. നീയെന്താ ഈ തലകുലുക്കുന്നത്. പിന്നെ കൊമ്പെങ്ങാനുമെന്റെ ദേഹത്തുകൊണ്ടാലുണ്ടല്ലൊ! എടാ ഒന്നടങ്ങി നിക്കാനേ-"അവുസേപ്പുചേട്ടന്റെ അഭിമുഖസംഭാഷണത്തിൽ ഓരോ വാക്കും അവനു മനസ്സിലാകും. എന്നാൽ കണ്ണന്റെ ഒറ്റയ്ക്ക് അതൊക്കെ മറുഭാഷയാണ്. കുളിപ്പിക്കുന്നതിൽ തന്നെ അവനു പ്രതിഷേധമുണ്ട്. എങ്കിലും ആ കൃഷിക്കാരന്റെ സ്നേഹത്തിനു മുമ്പിൽ അവനും തല കുനിക്കും. സ്നേഹിക്കാൻ പാടവമുള്ള ഹൃദയം ഉപയോഗിക്കാനറിഞ്ഞുകൂടാത്ത ചില കൃഷിക്കാർ പറയാറുണ്ട്-ഏതു പാതാണിക്കാളയുമാകട്ടെ അവുസേപ്പിന്റെ കൈകൊണ്ട് ഒരു നേരം വല്ലതും കൊടുത്തുകഴിഞ്ഞാൽ "വിതം" മാറുമെന്ന്. അവൻ കാളയുമായി ഒരു തരം കിന്നാരം പറയുമെന്ന്. ദിവസത്തിൽ അധികസമയവും ആ കൃഷിക്കാരൻ കാളയുടെ ആഹാരസാധനങ്ങൾക്കായിരിക്കും അലയുക. കന്നുകാലിയെ രക്ഷിക്കുന്ന കാര്യം സംബന്ധിച്ച് സംസാരിക്കുമ്പോൾ അവുസേപ്പുചേട്ടനു വെറുപ്പിളകും. അയാൾ ചോദിക്കാറുണ്ട്.

"കന്നുകാലിയെ രക്ഷിക്കണം രക്ഷിക്കണം എന്ന് എല്ലാവരും പ്രസങ്കിക്കാറുണ്ട്. ഒരു കരയിൽ ഒരു വയലെങ്കിലും സർക്കാരീന്നു തരുന്നുണ്ടോ? പിന്നെങ്ങനെ? താടിമീശ കൊടുത്താണോ കന്നുകാലിയെ രക്ഷിക്കേണ്ടത്?"

കാളയുടെ വയർനിറയുമ്പോൾ മാത്രമേ അയാളുടെ വിശപ്പുകെടൂ. കന്നുകാലി കൂട്ടിൽ പട്ടിണി നിന്നാൽ ആ വീടിന്റെ ഐശ്വര്യം കെട്ടുപോകുമെന്നാണ് അയാളുടെ വിശ്വാസം. ഒരു നേരം കുറേ കപ്പത്തണ്ടാണു കൊടുക്കുന്നതെന്നു വിചാരിക്കുക, അത് ചെറുതാ

IX_Malayalam_Combine.indb 84 4/16/2019 12:57:22 PM

യി ഒന്ന് ചതച്ചുനുറുക്കിയേ അയാൾ കൊടുക്കൂ.അഥവാ രണ്ടു കൈതപ്പോളയാണ് എന്നു വരട്ടെ. അവയിലെ മുള്ള് ചീകിക്കളഞ്ഞ് ഭംഗിയായി നുറുക്കി മാത്രമേ അവുസേപ്പുചേട്ടൻ അതു കാളയുടെ അടുക്കൽ കൊണ്ടുചെല്ലൂ.

വെളിയിൽ വല്ലേടത്തും പോയി തിരിച്ചുവന്നു മുറ്റത്തു കയറുമ്പോൾ തന്നെ അയാൾ വിളിക്കും 'എടാകണ്ണാ!' സ്വരം കേൾക്കേണ്ട താമസമേയുള്ളൂ. സ്നേഹശീലനായ ആ കാള അമറിത്തുടങ്ങാൻ. അയാൾ അടുക്കൽ ചെല്ലുന്നതുവരെ തലയുയർത്തിപ്പിടിച്ച് അവൻ നോക്കി നിൽക്കും. ഒന്നുകിൽ ഒരു പിടി പച്ചപ്പുല്ല്:-അഥവാ രണ്ടു പഴത്തൊലി-എന്തെങ്കിലുമൊരു സമ്മാനവുമായിട്ടായിരിക്കും അയാൾ ചെല്ലുക. ആ കൈയ്യിൽനിന്നുതന്നെ അവനതു കഴിക്കും. സ്നേഹത്തോടുകൂടി ആ ശരീരം തടവിത്തുടങ്ങുന്ന അവുസേപ്പുചേട്ടനെ ചിലപ്പോൾ ആ കാളയും നക്കിത്തുടങ്ങും.അയാളുടെ ശരീരത്തിൽ ഉണങ്ങിപ്പിടിച്ചിരിക്കുന്ന വിയർപ്പിന്റെ ഉപ്പ് വളരെ പ്രിയമാണ് അവന്.

ഏത് ഒച്ചപ്പാടിന്റെ ഇടയിൽ നിന്നും കണ്ണൻ അവുസേപ്പുചേട്ടന്റെ ശബ്ദം തിരിച്ചറിയും. അതു കേൾക്കുമ്പോൾ ഇടിയൊച്ച കേൾക്കുന്ന മയിലിനേപോലെ അവൻ ആഹ്ലാദിക്കും. പൂട്ടുന്നിടത്ത് അവുസേപ്പുചേട്ടൻ തന്നെ പുറകിൽ നിൽക്കണമെന്ന് അവനു നിർബന്ധമുണ്ട്. അല്ല മറ്റുവല്ലവരുമായാൽ ചില കുസൃതികളൊക്കെ അവൻ കാണിച്ചു തുടങ്ങും. അതു നിറുത്തണമെങ്കിൽ അയാൾ വിലക്കണം: 'അരുതെടാ നമ്മുടെ കുട്ടപ്പനല്ലേ; നീ അറികേലേ?' അയാൾ സന്ധിസംഭാഷണം നടത്തും. പൂട്ടുന്നിടത്ത് വാക്കോ വാക്യമോ ഇല്ലാത്ത ഒരു രംഗാലാപമുണ്ട്. അവുസേപ്പുചേട്ടൻ അതു ഭംഗിയായി അന്തരീക്ഷത്തിൽ ഉയർത്തും. 'ഹോ...ഓ..ഓ..ഓ..ഓ..ഓ..' എന്ന്. ഒന്നും രണ്ടും മിനിട്ട് അത് തെളിഞ്ഞ് നിൽക്കും.

പ്രേമഗാനങ്ങളിലോ സമൂഹഗാനങ്ങളിലോ ഒക്കെ കേൾക്കാറുള്ള ഹമ്മിംഗിന്റെ ഒരു പ്രാകൃതരൂപം. കന്നുകാലിപ്രണവം എന്നു പറയുന്നതായിരിക്കും കുറേകൂടി ശരി. അവുസേപ്പുചേട്ടന്റെ ഹമ്മിംഗ് ഉയരുമ്പോൾ ക്ലേശവും നൊമ്പരവും വിയർപ്പും മറന്ന് കണ്ണൻ അതിൽ ലയിക്കും. കഴുത്തിലേ മണിയൊച്ചയും ഇടതടവില്ലാതെ ചെളിയിലേക്കു താഴുന്ന കുളമ്പുകളും അതിന്റെ താളവട്ടം സൂക്ഷിക്കും. ഒരിക്കൽ ഒരു തമാശയുണ്ടായി. തുണ്ടത്തിൽ കേളന്റെ മകൻ പാച്ചനാണ് അന്നു കലപ്പ പിടിച്ചിരുന്നത്. ഒരു മുടന്തൻ പനി നിമിത്തം അന്ന് അവുസേപ്പച്ചൻ കിടപ്പിലായിരുന്നു. അവുസേപ്പുചേട്ടന്റെ ഒരേരുകാളയുടെ കുറവുണ്ടായാൽ അന്നു കേളന്റെ കണ്ടം തീരുകയില്ല. അതുകൊണ്ട് എന്തുമാകട്ടെ എന്നു വിചാരിച്ച് അയാൾ കണ്ണനെയും കൂട്ടുകാരനെയും വിട്ടുകൊടുക്കുകയാണുണ്ടായത്. മറ്റുകാളകളോടൊപ്പം കൂട്ടുകാരനോടുകൂടി കണ്ണനും കണ്ടത്തിലിറങ്ങി. ഒരു കണ്ടം ഒരു ചാലു പൂട്ടിക്കഴിഞ്ഞു. അടുത്തതു തുടങ്ങിയപ്പോൾ പാച്ചന് ഒരു ഹമ്മിംഗിന്റെ ആവശ്യം തോന്നി. കണ്ണന്റെ പുറകിൽ നിന്ന് പാച്ചൻ ഒരു രാഗാലാപം. സംഗീതമെന്നു പറയുന്നത് അവന്റെ അയൽപക്കത്തുകൂടി പോയിട്ടില്ല. പിന്നെ എന്തുകൊണ്ടെന്നു ചോദിച്ചാൽ അവനു പാടണമെന്നു തോന്നി അത്രമാത്രം. ആ ദരിദ്രസംഗീതമുയർന്നപ്പോൾ കണ്ണന് എന്തെന്നില്ലാത്ത വെറുപ്പിളകി കൂടെക്കൂടെ തലവെട്ടിച്ച് അവൻ പ്രതിഷേധമറിയിച്ചു. പാച്ചൻ കൂട്ടാക്കുന്നില്ല. അവന്റെ വിചാരം അത് കേമമാകുന്നുണ്ടെന്നായിരുന്നു. പാട്ടിനെ സം

IX_Malayalam_Combine.indb 85 4/16/2019 12:57:22 PM



ബന്ധിച്ചുള്ള ഒരു വാസ്തവം. പാടുന്നവർ ആർക്കും തന്നെ തങ്ങളുടെ പാട്ടുമോശമെന്ന് ഉത്തമവിശ്വാസമില്ലെന്നുള്ളതാണല്ലോ. കുറേ നേരം കണ്ണൻ തന്റെ പ്രതിഷേധം വ്യക്തമാക്കി. ഒരു തരത്തിലും പാച്ചൻ കൂട്ടാക്കുന്നില്ല പാച്ചന്റെ കൂട്ടുകാർക്കാണെങ്കിൽ ലോകത്തിലെ എല്ലാ രാഗവും ഒന്നാണ്. കണ്ണന് അവരിൽനിന്ന് നീതി കിട്ടിയില്ല. തൊണ്ട തുറന്നുവെച്ച് സംഗീതത്തെ അപമാനിച്ച പാച്ചന്റെ വലതുകാലിന്റെ പുല്ലൂരിനോക്കി കണ്ണൻ ഒരു തൊഴി വച്ചുകൊടുത്തു. ആ സംഗീതക്കാരൻ വീട്ടിൽ കുത്തിയിരുന്നു മൂന്നു ദിവസം അനത്തിത്തിരുമ്മേണ്ടിവന്നു.

ഏതാണ്ട് പന്ത്രണ്ടുകൊല്ലത്തോളം ഇടതടവില്ലാതെ കണ്ണൻ അവുസേപ്പു ചേട്ടനെ സഹായിക്കുന്നു. ഇതിനിടയ്ക്കു കന്നിക്കൊയ്ത്തും മീനക്കൊയ്ത്തും പലകുറി കടന്നുപോയി. ഹേമന്തവും ശിശിരവും അനേകവട്ടം വൃക്ഷലതാദികളെ തടവി. നാട്ടുരാജാക്കന്മാർ മനുഷ്യന്റെ മേൽ ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്ന ചെങ്കോലുകളും കിരീടങ്ങളും താഴെ വീണു. അത്ഭുതങ്ങളായ മാറ്റങ്ങൾ പലതും സംഭവിച്ചു. മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യാത്ത പുതിയ വ്യവസ്ഥിതി എന്നും മറ്റുമുള്ള ഈടേറിയ വാക്യങ്ങൾ അന്തരീക്ഷത്തിൽ ഉയരുന്നുണ്ട്. പക്ഷേ അവുസേപ്പുചേട്ടൻ അയാളുടെ പ്രിയപ്പെട്ട കാളകളെ വിൽക്കാൻ നിർബന്ധിതനായിത്തീർന്നിരിക്കുന്നു. അന്നം വിളയുന്ന ഭാഗ്യകേദാരമായ കണ്ടംതന്നെ പണയമെഴുതിക്കഴിഞ്ഞു. മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും അങ്ങനെ ചെയ്തേ പറ്റൂ. അയാൾ ഒരു പിതാവാണ്. വിവാഹപ്രായം കഴിഞ്ഞു നിൽക്കുന്ന ഒരു പുത്രിയുടെ സ്നേഹശീലനായ അച്ഛനാണ്. സ്ത്രീധനം ചോദിക്കുന്ന നീതികേട് അതിന് അയാളെ നിർബന്ധിച്ചു. ആയിരത്തിഅഞ്ഞൂറു രൂപയ്ക്കാണ് കണ്ടം എഴുതിയത്. അതു സ്ത്രീധനത്തിനായി. കല്ല്യാണച്ചെലവിനു വേറെ വേണം. അതിന് എത്രമാത്രം പ്രിയപ്പെട്ടതാണെങ്കിലും കാളകളെ വിൽക്കാതെ തരമില്ല.

IX_Malayalam_Combine.indb 86 4/16/2019 12:57:23 PM

രാപകലില്ലാതെ പത്തിരുപതുകൊല്ലമായി അയാൾ അധ്വാനിക്കുന്നു. നല്ല ഒരു കൃഷിക്കാരനാണ് അയാൾ. പക്ഷേ ഫലമെന്ത്? അയാളുടെ തലമുടി നരച്ചു. കണ്ണിന്റെ കാഴ്ച്ച കുറഞ്ഞു. തൊലി ചുളിഞ്ഞു. വാതം മാറാത്ത കൂട്ടുകാരനുമായി. പിശ്ശാത്തികൊണ്ട് കുത്തിയാൽ പോലും കയറാത്ത തഴമ്പുണ്ട് ആ കൈകളിൽ. പക്ഷേ എന്തു ചെയ്യാം? ഏതാണ്ട് പത്തയ്യായിരക്കാലങ്ങൾക്കുമുമ്പുള്ള ആ പഴയ കൃഷിയായുധങ്ങളുമായിട്ടാണ് അയാളും നിലകൊള്ളുന്നത്. മണ്ണിന്റെ വീര്യം കെട്ടു. വളമാണെങ്കിൽ ഇല്ല. ഋഗ്വേദഗാനങ്ങളുമായിട്ടാണ് അവുസേപ്പുചേട്ടന്റെ നില. ലോകോത്തരയജ്ഞമായ കൃഷിക്ക് സഹായിക്കാൻ വരുണഭഗവാനോടും മേഘത്തോടും പർവ്വതത്തോടും കാറ്റിനോടുമൊക്കെ പ്രാർത്ഥിച്ചുകൊണ്ട്! ആ പ്രാർത്ഥനായുഗത്തിന്റെ നിസ്സഹായതയിൽനിന്ന് ഇന്നും അയാൾ ഉയർന്നിട്ടില്ല. എന്നാൽ അയാളെ അപമാനിക്കുന്ന വിപണികളും ചൂഷണമാർഗ്ഗങ്ങളും വളർന്നിട്ടുണ്ട്.

കണ്ണനെ കയർ മാറുന്ന നേരത്ത് അവുസേപ്പുചേട്ടൻ അവിടെ നിന്നില്ല. കയർ മാറുമ്പോൾ ഒരു രൂപ കയറ്റുകാണം കിട്ടുന്നതാണ്. എത്ര രൂപ കൊടുത്താലും കിട്ടാത്ത കണ്ണുനീർതുള്ളികളോടുകൂടി അയാൾ മാറിക്കളഞ്ഞു. ആ മുറ്റത്തുനിന്നിറങ്ങാൻ കണ്ണനു മനസ്സില്ലായിരുന്നു. അവൻ തന്റെ ജീവന്റെ ജീവനായ രക്ഷിതാവിനെ കാണാൻ തലപൊക്കി അവിടെയൊക്കെ നോക്കി.കാര്യം ഏതാണ്ടു കുഴപ്പമാണല്ലോ എന്നു വിചാരിച്ച് അവൻ ഒന്നുരണ്ടമറി. ആ സമയം തെക്കേപ്ലാവിന്റെ ചുവട്ടിൽ കണ്ണുതുടച്ച് കൊണ്ട് ഒരു മനുഷ്യൻ നിൽക്കുന്നുണ്ടായിരുന്നു. ആരോടും ഒന്നും പറയാനില്ലാത്ത ഒരു മനുഷ്യൻ.

വാചാലതയും പ്രകടനങ്ങളും സ്നേഹത്തിന്റെ ആത്മാവിലുള്ളതല്ല. ദുഃഖിക്കാൻ കഴിവുള്ള മനസ്സുകൾ തമ്മിലുള്ള അടുപ്പമാണ് സ്നേഹമെങ്കിൽ കണ്ണനെപ്പോലെയും അവുസേപ്പുചേട്ടനെ പോലെയും അടുത്തവർ ലോകത്തിലില്ല. ബുദ്ധിമുട്ടിന്റെ കാര്യം അവർ അങ്ങോട്ടോ ഇങ്ങോട്ടോ പറഞ്ഞിട്ടുമില്ല. അതുകൊണ്ട് ആ ഹൃദയങ്ങൾ അകലാൻ വേദനിക്കുന്നു.

സ്വന്തം നാട്ടിൽ അപമാനിതനും നിസ്സഹായരുമായിത്തീരുമ്പോൾ കൃഷിക്കാരിൽ ചിലർ വയനാടൻ കാടുകളിലേക്കു പുറപ്പെടുന്നു.

'അറിക്കേം കേക്കുകേമില്ലാത്ത നാട്. കൂടപ്പിറപ്പുകൾക്കോ വേണ്ടപ്പെട്ടവർക്കോ എത്തിപ്പെടാൻ വയ്യാത്ത ദൂരം. മലമ്പനീടെ കൊള്ള നടക്കുന്ന സ്ഥലോം.എങ്ങനാ അവുസേപ്പു മാപ്ലേ. അറിഞ്ഞോണ്ടെങ്ങനെ സമ്മതിക്കും?' അയൽക്കാരൻ കിട്ടുശ്ശാർ മലബാർ പ്രശ്നത്തെപ്പറ്റി സംസാരിച്ച അവുസേപ്പുചേട്ടനോടു ചോദിച്ചു.

'ഞാമ്പിന്നെന്തുചെയ്യും, കിട്ടുശ്ശാരെ?എനിക്കു വീര്യമൊള്ള കൊറച്ചു പച്ചമണ്ണുതാ. മണ്ണിന്റെ മണം കിട്ടാനില്ലേൽ എന്റെ മനസ്സു പൊരിയും' ആ കൃഷിക്കാരൻ അറിയിച്ചു

വേദന നിറഞ്ഞ ആ കൃഷിക്കാരന്റെ ജീവിതം ലക്ഷ്യമില്ലാത്ത കാറ്റുപോലെ നീങ്ങുകയാണ്. ഇന്ന് നാളെ എന്നു പറഞ്ഞ് ആ മലബാർ യാത്ര നീളുന്നു. മാത്രമല്ല താമസിക്കുന്ന ആ ഏഴുസെന്റ് തക്കവിലയ്ക്ക് ഒന്ന് വിൽക്കുകയും വേണം. മറ്റൊരു പ്രശ്നവുമുണ്ട്. അവുസേപ്പച്ചന്റെ മകൾ കത്രിക്കുട്ടി ഗർഭിണിയാണ്. കടിഞ്ഞൂലല്ലേ? ആ കൊച്ചുമുഖവുംകൂടി ഒന്നു കണ്ടിട്ടാകട്ടെയെന്ന് ഒരു രഹസ്യവുമുണ്ട്.

IX_Malayalam_Combine.indb 87 4/16/2019 12:57:23 PM



അന്നു നോമ്പുവീടലാണ്. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഏതു പാവപ്പെട്ടവന്റെ വീട്ടിലും അത് ആഹ്ലാദപൂർണ്ണമാണ്. അടുക്കളയിൽ നിന്ന് ഇറച്ചിക്കറിയുടെ ഉന്മേഷകാരിയായ ഗന്ധം പരക്കുന്ന ദിവസമാണ്. ചീനച്ചട്ടിയിൽനിന്ന് കിശുകിശാ ശബ്ദത്തോടുകൂടി വെള്ളേപ്പം മദം നിറഞ്ഞ മണം പരത്തുന്ന ദിവസം. തേങ്ങാക്കൊത്തും കറിവേപ്പിലയും കലർന്ന ചൂടുള്ള ഇറച്ചിക്കറിയും വെള്ളേപ്പവും ഉണ്ടെങ്കിൽ അതൊരു കുശാലാണ്. ആ നല്ലൊരു ദിവസത്തിൽ അതില്ലാത്ത വീടു ചുരുങ്ങും. പക്ഷേ അവു സേപ്പുചേട്ടൻ നെടുവീർപ്പോടുകൂടി ഇരിക്കയാണ്. അടുത്തെവിടെയോ പൂട്ടുന്നു. അവിടെനിന്ന് ഭംഗിയേറിയ കന്നുകാലി പ്രണവം ഉയരുന്നുണ്ട്. ആ കൃഷിക്കാരന്റെ മനസ്സിനെ അതു പൊള്ളിക്കുന്നു. കന്നുകാലിക്കൂടിനു മുകളിൽ ചുക്കിലിവല പിടിച്ചിരിക്കുന്ന പ്രിയപ്പെട്ട കലപ്പ കണ്ട് അയാളുടെ ഉള്ളിൽ നിന്ന് നെടുവീർപ്പുകൾ ഉയരുന്നു. കണ്ണനെപ്പോലെ രണ്ടുകാളയും നാലഞ്ചേക്കർ നിലവും ഈ കലപ്പയും എന്റെ ദുഃഖം നിറഞ്ഞ ജീവിതത്തിൽ ഇനി ഉണ്ടാകാൻ പോകുന്നോ! ഹാ, അത്തരം ഒരു ഭാഗ്യത്തിന് കാലമുണ്ടാകുമോ. ആ നിസ്സഹായൻ ചിന്തിക്കുകയാണ്.

ഇത്തരം കാര്യങ്ങളെപ്പറ്റി ഭർത്താവിനോടൊപ്പം മറിയച്ചേടത്തിയും വിഷമിക്കുന്നുണ്ടായിരുന്നു. പ്രസവാനന്തരമര്യാദകളോടുകൂടി മകളേയും കുട്ടിയേയും പിറ്റേദിവസം ഭർത്തൃഗൃഹത്തിലേക്ക് പറഞ്ഞയക്കണം. കുട്ടി ആണാണ്. അതു ഭാഗ്യമായി. അതുകൊണ്ട് പൊന്നും പൊടിയുടേയും കാര്യത്തിൽ സമാധാനമുണ്ട്. എങ്കിലും ഒരു വെള്ളിയരഞ്ഞാണമെങ്കിലും കുഞ്ഞിന്റെ അരയിൽ ഇടണം. ഒരു കുട്ടിയുടുപ്പും വേണം.

പണച്ചുരുക്കം നിമിത്തം കത്രിക്കുട്ടിക്ക് വേണ്ടപോലെ മുണ്ടോ ചട്ടയോ ഒന്നും കൊടുത്തിട്ടില്ല. അക്കാര്യം ചൊല്ലി അവളുടെ അമ്മായിഅമ്മയും നാത്തൂന്മാരും അവളെ

IX_Malayalam_Combine.indb 88 4/16/2019 12:57:23 PM

ആക്ഷപിക്കാറുണ്ട്. എങ്ങനെയായാലും മുന്നുമുറി മുണ്ടും ചട്ടയും അവൾക്കു കൊടുത്തേ പറ്റൂ. കാൽപ്പെട്ടി, പലഹാരം, കറവപ്പശു ഇത്തരം മര്യാദകളൊയ്ക്കെ കണ്ടില്ലെന്നു വെയ്ക്കാം. അത്യാവശ്യം വേണ്ടതു കൊടുക്കാതിരിക്കാനൊക്കുമോ? ഇതൊക്കെ എങ്ങനെയെന്നു വിഷമിച്ചിരിക്കുമ്പോൾ ആ മാതൃഹൃദയത്തിനുനേരെ ഒരു ഭാഗ്യം ഓടിച്ചെന്നു. ഒരു ചിട്ടിയുണ്ടായിരുന്നു. വിശക്കുന്നിടത്തു മുണ്ടു വരിഞ്ഞ് മുറുക്കിയുടുത്തും പിടിയരി സൂക്ഷിച്ചും അവർ അത് നടത്തിപ്പോന്നു. ആ മാസത്തെ കുറി അവർക്കു കിട്ടി. നാൽപ്പതു രൂപയുണ്ട്. അവുസേപ്പു ചേട്ടനതറിഞ്ഞു കൂടാ. വിഷാദഭാരത്തോടുകൂടി ഇരുന്ന ഭർത്താവിനെ നോക്കി മറിയച്ചേടത്തി അറിയിച്ചു-

'നിങ്ങൾ മനുഷ്യനേ, മുനിയെപ്പോലെ ഇങ്ങനെ ഇരുന്നാലോ? പെണ്ണിനെ നാളെ പറഞ്ഞയക്കേണ്ടേ? ഞാനൊരു ചിട്ടിനടത്തുന്നുണ്ടായിരുന്നു. ദൈവസഹായം കൊണ്ട് ഈ മാസത്തേത് കിട്ടിയിരിക്കയാ. നാൽപ്പതു രൂപാ ഒണ്ട്.
നിങ്ങൾ കോട്ടേത്തിനൊന്നു പോ; അത്യാവശ്യമുള്ളതൊക്കെ മേടിക്കാൻ.'

അവുസേപ്പുചേട്ടന് ആശ്വാസമായി. 'മിടുക്കി!' ഹൃദയം തുറന്ന് അയാൾ ഭാര്യയെ അഭിനന്ദിച്ചു. താനാണ് അത് ഉണ്ടാക്കേണ്ടിയിരുന്നത്. തന്നെക്കൊണ്ട് അത് പറ്റിയില്ല. വിഷമം പിടിച്ച ആ പ്രശ്നത്തിന് ഭാര്യ പരിഹാരമുണ്ടാക്കിയിരിക്കുന്നു. സന്തോഷത്തോടുകൂടി മുറുക്കാൻ പാത്രമടച്ചുവെച്ചുകൊണ്ട് അയാൾ പറഞ്ഞു: 'ശരി പോയേക്കാം'

'അപ്പാ, ചട്ടത്തുണിക്ക് കൊറച്ചു കട്ടിയിരുന്നോട്ടേ.' കത്രിക്കുട്ടി പിതാവിന് മുന്നറിയിപ്പ് കൊടുത്തു.

'കരം കെട്ടിയില്ല. അതൂടങ്ങ് കൊടുത്തേരെ.' മറിയച്ചേടത്തി അറിയിച്ചു.

'എല്ലാത്തിനുംകൂടി ഇതല്ലേ തൊക?' അയാൾ പരാതി പറഞ്ഞു.

'ങ്ങ്ആ, എന്തുകാണിച്ചാലും കൊള്ളാം. രണ്ടുചട്ട എനിക്കും വേണം' മറിയച്ചേടത്തി കൂട്ടിച്ചേർത്തു.

'പെണ്ണിനു മുണ്ടും ചട്ടേം. നിനക്ക് ചട്ട രണ്ട്. കരോം കെട്ടണം. ആകെക്കൂടി നാൽപതു രൂപയും; ഒരു കാര്യംചെയ്യ്. കോട്ടയത്തിനു നീ തന്നെ പൊയ്ക്കോ. എന്നെക്കൊണ്ടു പറ്റത്തില്ല'. അവുസേപ്പുചേട്ടൻ അറിയിച്ചു.

'വല്ലതും കാലമാക്കാനും വീടു നോക്കാനുമാ പെണ്ണുങ്ങൾ. ആക്കിയടുപ്പിക്കുന്നതാണുങ്ങളാ. അതിനുവേണ്ടിയാ ചെറുപ്പത്തിലെ ഒരു മീശക്കാരന്റെ കൈയിൽ പിടിച്ചുതന്നത്. എന്നാലൊരു കാര്യം ചെയ്യ്; അടുക്കളേലോട്ട് കേറി തീ ഊതുകയോ പാത്രം തേച്ചുമെഴുക്കുകയോ ഒക്കെ ചെയ്യ്. മീശേം വെച്ചോണ്ട്.'

അമ്മയുടെ വർത്തമാനം കേട്ട് കത്രിക്കുട്ടി വായ്പൊത്തി ചിരിയൊതുക്കി.

അവുസേപ്പുചേട്ടൻ, കക്ഷത്തിൽ കുടയും തോളിൽ തോർത്തും മടിയിൽ പൊതിയുമായി പുറപ്പെട്ടു.

നോമ്പുവീടലിന്റെ കോലാഹലം കോട്ടയത്തും കുറവല്ലായിരുന്നു. ക്രിസ്ത്യാനികളുടെ കടകളൊന്നും തുറന്നിട്ടില്ല. എങ്കിലും ജവുളിക്കടകൾ പലതുണ്ട്. ഒന്നു രണ്ടുകടകളിൽ കയറി തുണിത്തരങ്ങളുടെ ഇനവും വിലയും അയാൾ അന്വേഷിച്ചു.

'അയ്യയ്യോ! തീ പിടിക്കുന്ന വില!' തുണിത്തരങ്ങൾക്കൊന്നും ഇത്രത്തോളം വില ആവശ്യമില്ലെന്നായിരുന്നു ആ വൃദ്ധന്റെ അഭിപ്രായം. ഏതായാലും രണ്ടുമൂന്നു കടകളിൽക്കൂടി തിരക്കീട്ടാകട്ടെ എവിടാ ഒരണ കുറച്ചു കിട്ടുന്നെതെന്നറിയാമോ? അയാൾ അങ്ങനെ നടക്കുകയാണ്. ആ യാത്രയിൽ അയാൾ മുനിസിപ്പാലിറ്റി കെട്ടിടത്തിന്റെ വാ

IX_Malayalam_Combine.indb 89 4/16/2019 12:57:23 PM

തിൽക്കലിലെത്തി. അവിടെ ഭിത്തിക്ക് വെളിയിലായി കുറെ കാളകളെ ഒരേ നിരയായി കെട്ടിയിരിക്കുന്നു. നെടിയ എല്ലിന്റെ ഓരോ വട്ടും പ്രത്യേകം പ്രത്യേകം എണ്ണത്തക്കതര ത്തിൽ എല്ലും തൊലിയും ശേഷിച്ചിരിക്കുന്ന കോലങ്ങൾ! അങ്ങേയറ്റം പ്രായമെത്തിയത്. വാലിനും മറ്റും മൂന്നും നാലും ഒടിവുള്ളത്. വണ്ടിയുമായുള്ള ദീർഘകാല പരിചയത്താൽ പുറംകഴുത്തിൽ ഇരുണ്ട കട്ടിയേറിയ തഴമ്പോടുകൂടിയത്; മൂത്തുമുരടിച്ച കൊമ്പുകളോടു കൂടിയത്; മനുഷ്യന്റെ ജീവകാരുണ്യദാരിദ്ര്യം വിളിച്ചറിയിക്കുന്നത്- ഇങ്ങ നെ പലതും ആ കാളകളിൽ നിന്ന് കാണാമായിരുന്നു. എല്ലാറ്റിന്റെയും ശരീരത്തിൽ മുനിസി പ്പാലിറ്റി അതിന്റെ കറുത്ത മരണമുദ്ര കുത്തിയിരിക്കുന്നു. നോമ്പുവീടലു പ്രമാണിച്ച് മനു ഷ്യൻ തിന്നാൻ പോകുന്ന ഇറച്ചിയുടെ ആകെത്തുകയാണ് അവയിൽ ശേഷിച്ചിരിക്കുന്നത്. മുനിസിപ്പാലിറ്റിയിലെ അധികൃതർ മുദ്രകുത്തി അനുവദിക്കാത്ത ഉരുക്കളെ കൊല്ലുന്ന പക്ഷം ആ കശാപ്പുകടക്കാരന്റെ മേൽ കേസ്സെടുക്കും. മറ്റെന്തിനേക്കാളും മീതെ പൊതുജനങ്ങളുടെ ആരോഗ്യം ആഗ്രഹിക്കുന്ന മുനിസിപ്പാലിറ്റിക്ക് ആ പരിശോധനയിൽ വിട്ടുവീഴ്ച്ചയില്ല. പ രിശോധിച്ച് മുദ്രകുത്തുക എന്ന ഏർപ്പാടില്ലെങ്കിൽ കശാപ്പുകാർ കണ്ട കെട്ടതിനെയൊക്കെ കൊന്ന് മനുഷ്യരെ തുലയ്ക്കും. അക്കാര്യത്തിൽ മുനിസിപ്പാലിറ്റിയുടെ ഉന്നതമായ സേവന മാണ് ആ മുദ്രകളിൽ കൂടി അവുസേപ്പുചേട്ടൻ കാണുക. ആ കാളകളിൽ പലതിനും വാസ് തവത്തിൽ ആശ്വസിക്കാനാണ് വക. കാരണം അന്നെങ്കിലും ജീവിതത്തിന് ഒരു നീക്കുപോ ക്കുണ്ടാകുന്നു. ആകാവുന്ന കാലത്ത് അറുതിയില്ലാത്ത പാടുപെട്ടു. അവശരായപ്പോൾ നിന്ദയ്ക്കും ക്രൂരതയ്ക്കും വിധിക്കപ്പെടുന്നു. നിന്ദയും ക്രൂരതയും നിറഞ്ഞ ജീവിത ത്തേക്കാൾ എത്രയോ ഭേദമാണ് മരണം. ആ കാഴ്ച്ച കണ്ട് അവുസേപ്പുചേട്ടൻ കുറേ നേരം അവിടെ നിന്നുപോയി. അയാളുടെ ഹൃദയത്തിൽ ഒതുങ്ങിനിന്ന ജീവകാരുണ്യം വേദനിച്ചു. ആകെ പത്തുനാൽപതു ഉരുക്കളുണ്ട്. ചിലർ ആ മുദ്രക്ക് വേണ്ടി പിന്നെയും ഉരുക്കളെ കൊണ്ടുവന്നുകൊണ്ടിരിക്കുന്നു. കൊലക്കുറ്റത്തിന് വിധിക്കപ്പെട്ടിരിക്കുന്ന സ്നേ ഹിതന്മാരെയെന്ന വിധം ഓരോന്നിനെയും നോക്കി നോക്കി അവുസേപ്പുചേട്ടൻ വടക്കോട്ടു നീങ്ങി.

അത്ഭുതം! അയാൾ ആകെ ഒന്നു ഞടുങ്ങി. കാഴ്ച കുറഞ്ഞു തുടങ്ങിയ ആ കണ്ണു കൾ ചതിക്കുകയാണോ എന്നറിയാൻ എല്ലും തൊലിയും തമ്മിൽ മത്സരിക്കുന്ന ആ ഉരു വിന്റെ മേൽ സൂക്ഷിച്ചു നോക്കുകയാണ്. ആ വൃദ്ധന്റെ ഹൃദയത്തിന് തീ പിടിച്ചു. കണ്ണിൽ ഇരുട്ടു കയറി. ശരീരം വിറച്ചു. അതേ, അത് കണ്ണൻ തന്നെ!

'കണ്ണാ!' സ്നേഹം നിറഞ്ഞ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് ആ വിളിയുയർന്നു. ഒറ്റക്കുതിയാലെന്ന വണ്ണം അയാൾ ആ മൃഗത്തിന്റെ അടുക്കലെത്തി. ഏതൊരു ശബ്ദമാണോ ആ മൃഗത്തിന്റെ കാതുകൾക്ക് കുളിർമ്മയും ആവേശവും നൽകാറുള്ളത് ആ ശബ്ദത്തിന്റെ ആഗമനം ആ മൃഗത്തിനു കോരിത്തരിപ്പുണ്ടാക്കി. ഗംഭീരമായ ആ കെട്ടിടത്തിന്റെ മുമ്പിൽ കുനിഞ്ഞ തലയോടു കൂടി അത് നിൽക്കുകയായിരുന്നു. ജീവിതം വീണ്ടും അതിന്റെ ചെ വിയിൽ മാറ്റൊലി കൊണ്ടു. തലയുയർത്തി അത് നാലുപാടും നോക്കി. 'മകനേ നീ എന്നെ അറീമോടാ? ഈ നെലേലാണല്ലോടാ നിന്നെ കാണേണ്ടി വന്നത്. ആ മൃഗത്തിന്റെ തല സ് നേഹസ്പന്ദനങ്ങൾ മുഴങ്ങുന്ന മാറിനോട് അടുപ്പിച്ചുകൊണ്ട് അയാൾ ആ പുരികത്തടവും നെറ്റിയും തടവി. ആ കൈത്തലോടലേറ്റപ്പോൾ അതിന്റെ വാലു താനെ പൊങ്ങി. ശബ്ദം ഉയരാതെ ഹൃദയം കൊണ്ട് അത് അമറി. കണ്ണന്റെ ദേഹത്ത് മുദ്രകുത്തീട്ടുണ്ടോ എന്ന് അയാൾ നോക്കി. അതാ ഒരു കൈത്തളത്തിൽ തെളിഞ്ഞുകിടക്കുന്നു. മായുമെങ്കിൽ അത്

IX_Malayalam_Combine.indb 90 4/16/2019 12:57:24 PM

മായുന്നതിനുവേണ്ടി ആ സ്നേഹാന്ധൻ അതു തൂത്തു. മുനിസിപ്പാലിറ്റിയുടെ ആ കറുത്ത പാട് അങ്ങനെ മായുന്നതല്ല.

കണ്ണന്റെ വയറ്റടിയിൽ ഒരു വ്യണമുണ്ട്. ഈച്ച അതിൽ പറന്നടുത്തുകൊണ്ടിരിക്കുന്നു.

'തന്റെ കൈയ്യിൽ നിന്ന കാളയാണോ ഇത്?'കശാപ്പുകാരിൽ ഒരാൾ അവുസേപ്പുചേട്ടനോട് ചോദിച്ചു.

'താനാണോ ഇതിനെ കൊണ്ടു വന്നത്? അയാൾ അങ്ങോട്ടും ചോദിച്ചു.

'അതേ.' കടക്കാരൻ ഉത്തരം കൊടുത്തു.

വിയർപ്പു പറ്റിപ്പിടിച്ചിരിക്കുന്ന ആ സ്നേഹശീലന്റെ മാറ് കണ്ണൻ നക്കി തുടങ്ങി. ആ വിയർപ്പ് വീശിത്തണുപ്പിക്കാൻ അവൻ അവന്റെ ജീവിതത്തിന്റെ അധികവും സമ്മാനിച്ചു. അന്ത്യയാമത്തിലും ആ വിയർപ്പ് അവൻ നക്കിത്തുടച്ചു തുടങ്ങി. അവന്റെ ജീവിതത്തോട് ഒട്ടിച്ചേർന്നു നിൽക്കുന്ന ഒരു വിയർപ്പാണ് അത്. വൃദ്ധനായ ആ കൃഷിക്കാരന്റെ ചൂടുള്ള കണ്ണുനീർ തുള്ളികൾ കണ്ണന്റെ മുഖത്തേക്ക് അടർന്നു വീണു.

'വിട്-പോകാൻ വൈകി. ഉച്ചയ്ക്കു മുമ്പ് കടയിൽ കൊടുക്കേണ്ട എറച്ചിയാ ഇത്. കടക്കാരൻ ആ അഭിമുഖ സംഭാഷണക്കാർക്ക് താക്കീത് കൊടുത്തു. രണ്ടുമൂന്നു കാളയുമായി യാത്ര തിരിച്ച കച്ചവടക്കാരൻ കണ്ണനെക്കൂടി കൂട്ടത്തിലേക്കു വിടാൻ അറിയിപ്പു നൽകി. അതേ, ഒന്നു രണ്ടു മണിക്കൂറിനകം കണ്ണൻ നോമ്പു വീടിലുകാർക്കു ഇറച്ചിയാകണം.

നേരം എരിഞ്ഞടങ്ങിത്തുടങ്ങി. 'എടീ പെണ്ണേ, വെളക്ക് വെക്കുന്നേനു മുമ്പ് നീ ഇത്തിണ്ണയൊന്ന് തൂത്തെറുക്ക്.' അവുസേപ്പുചേട്ടനു വഴിക്കണ്ണുമായി കാത്തിരിക്കുന്ന മറിയച്ചേടത്തി മകളോടു പറഞ്ഞു.

'അപ്പനെന്താമ്മേ താമസിക്കുന്നത്.?

കത്രി അന്വേഷിച്ചു.

'ഒരു വഴിക്കു പോയതല്ലേ, വരട്ടെ' മറിയച്ചേടത്തി സമാധാനം പറഞ്ഞു.

'കോട്ടയത്തിനു പോയാൽ ഈ നേരത്തിനു മുമ്പ് ഇങ്ങു വരുന്നതാണല്ലോ'. മുണ്ടും ചട്ടത്തുണിയും കാണാൻ കൊതിയോടുകൂടി കാത്തിരിക്കുന്ന കത്രി ക്ഷമകേട് അറിയിച്ചു. വഴിയിലേക്കു തന്നെയാണ് അവളുടെ ദൃഷ്ടികൾ പറന്നു പറ്റുന്നത്. മറിയച്ചേടത്തിയും നോക്കുന്നുണ്ട്. അവുസേപ്പുചേട്ടനെ കാണുന്നില്ല. വിളക്കു വച്ചു.

താഴെ ഒരു വെള്ളായം കണ്ടു. 'അപ്പൻ വരുന്നൊണ്ട്. അതേ, ദേ അപ്പനാ' ആഹ്ളാദപൂർവ്വം കത്രി പറഞ്ഞു. ആദ്യം കണ്ടത് താനാണല്ലോ എന്നതിൽ അവൾ അഭിമാനിച്ചു. ഏകാഗ്രതയോടുകൂടി അമ്മയും മകളും നോക്കി നിന്നു.

'അവുസേപ്പുചേട്ടൻ തന്നെയാണോ? അങ്ങേ വീട്ടിലെ മാത്തു ചോദിച്ചു. അവനു തയ്യലറിയാം. ചട്ട മൂന്നും രാത്രിയിൽ തന്നെ തയ്ച്ചു തീരണം. കത്രിക്കു രാവിലെ തന്നെ പോകണം. അതിനു കാര്യങ്ങൾ പ്ലാനനുസരിച്ചുതന്നെ പൊയ്ക്കൊള്ളട്ടെ എന്നു വിചാരിച്ച് തയ്യൽക്കാരൻ മാത്തുവിനെ വിളിച്ചു നിർത്തിയിരിക്കുകയാണ്.

തുണിക്കെട്ടു കാണാൻ കൊതിച്ചു നിന്ന കണ്ണുകളുടെ മുമ്പിലേക്ക് ആ കുടുംബനാഥൻ കണ്ണനുമായി കടന്നുചെന്നു.

'അയ്യോ! ദേ കണ്ണൻ !' കത്രി അത്ഭുതത്തോടുകൂടി പറഞ്ഞു:

IX_Malayalam_Combine.indb 91 4/16/2019 12:57:24 PM

'തുണിയെവിടെ?' മറിയച്ചേടത്തി ചോദിച്ചു. തന്റെ പഴയ മുറ്റത്തു കടന്നപ്പോൾ ആഹ്ളാദത്തോടുകൂടി കണ്ണൻ അമറി.

ആയിരം നാക്കുകളും പതിനാലായിരം ചോദ്യങ്ങളും അവിടെ ഉയർന്നു.

മൂകനായി താടിക്കു കൈയ്യും കൊടുത്ത് അവുസേപ്പുചേട്ടൻ അവിടെ ഇരിയ്ക്കയാണ്. മറിയച്ചേടത്തി തട്ടിട്ടു തുള്ളുന്നുണ്ട്. സങ്കടം സഹിച്ചു കൂടാഞ്ഞു കത്രി കരയുന്നു. ഒരക്ഷരം പോലും ആ കുറ്റക്കാരൻ മിണ്ടുന്നില്ല. വിയർപ്പുകൊണ്ട് ആ ശരീരം നനഞ്ഞു.

'അപ്പാ അപ്പനെന്നോടിതു ചെയ്യുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചില്ല.' കണ്ണുനീരോടുകൂടി കത്രി പറഞ്ഞു.

'മോളേ' ഇടറിയ കാണ്ഠത്തോടുകൂടി ആ പിതാവ് പറഞ്ഞു: ഇനിക്കു നിന്നെപ്പോലെ അവനും. കശാപ്പുകാരൻ..... തോർത്തു പൊക്കി ആ ദു:ഖിതൻ കണ്ണു തൂത്തു. ആ വാക്യം മുഴുവനാക്കാൻ അയാൾക്കു കഴിഞ്ഞില്ല.

ആ രാത്രി അത്ര മാത്രം ക്രൂരമായിരുന്നു. ഉറങ്ങാതെ തന്നെ അവർ രാത്രിയുടെ യാമങ്ങൾ തള്ളിനീക്കി.

കിഴക്കു വെള്ളക്കാലുവീശി. കണ്ണന്റെ വയറ്റടിയിലെ വ്രണത്തിനു പുക്കാറക്കരി ചേർത്ത് ഒരു മരുന്നുണ്ടാക്കിക്കൊണ്ട് ആ കൃഷിക്കാരൻ കൂട്ടിലേക്കു നടന്നു. ഒന്നാന്തരം ഒരു മരുന്നാണ് അത്. കന്നുകാലിയുടെ രോഗങ്ങൾക്ക് അവുസേപ്പുച്ചേട്ടന്റെ കൈയ്യിൽ കൈകണ്ട ചില ഒറ്റമൂലികളുണ്ട്. അതിലൊന്നു വെളുക്കുന്നതിനുമുമ്പുതന്നെ അയാൾ തയ്യാറാക്കിയത്. മരുന്നുമായി അയാൾ കൂട്ടിൽചെന്നു കയ്യും കാലും ശരിക്കു നിവർത്തി കഴുത്ത് മേൽപ്പോട്ടു വെച്ചു കണ്ണൻ കിടക്കുകയാണ്.

'കണ്ണാ! എടാ! അയാൾ വിളിച്ചു. അതെ,തന്നെ സ്നേഹിക്കുന്ന ഹൃദയത്തിന്റെ മുമ്പിൽ ആ സ്നേഹം ലയിച്ചു. അവൻ ഇനി ഉണരുകില്ല. ഒരു വേള നിർഭാഗ്യവാനായ തന്നെ ചൊല്ലി ആ കുടുംബം വേദനിക്കുന്നത് കാണാതിരിക്കാനായിരിക്കാം അവൻ കടന്നുകളഞ്ഞത്.

കണ്ണന്റെ മൃതദേഹത്തിനും വേദനിക്കുന്ന ആ കൃഷിക്കാരന്റെ ഹൃദയത്തിനും മുകളിൽ ആ ചുക്കിലിപിടിച്ച കലപ്പയിലിരുന്ന് ഒരു പല്ലി എന്തെക്കൊയോ ചിലച്ചു.

IX_Malayalam_Combine.indb 92 4/16/2019 12:57:24 PM

വ്യാകരണം

സമാസം

ശബ്ദങ്ങൾ ഒന്നിച്ച് ഏകപദമായി ഒരർത്ഥം കാണിക്കുന്ന പദങ്ങളെ സമാസം എന്നു പറയുന്നു.

ഉദാ:

മഞ്ഞപ്പട്ട്:	മഞ്ഞയായ പ്പട്ട്
കാലടി :	കാലിന്റെ അടി
വിദ്യാധനം :	വിദ്യയാകുന്ന ധനം
രാമബാണം :	രാമന്റെ ബാണം

താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ വിഗ്രഹിക്കുക

രാജപുത്രി, മരക്കൊമ്പ്, സൂര്യകിരണം

സമാസത്തിലെ ആദ്യപദത്തെ പൂർവ്വപദമെന്ന് പറയുന്നു. (രാജപുത്രിയിലെ രാജ പൂർവ്വപദമാണ്.) അതിനുശേഷം വരുന്ന പദത്തെ ഉത്തരപദമെന്ന് പറയുന്നു. (രാജപുത്രിയിലെ പുത്രി ഉത്തരപദമാകുന്നു.)

സമാസവർഗീകരണം

അവ്യയീഭാവസമാസം, തത്പുരുഷസമാസം, ദ്വന്ദ്വസമാസം, ബഹുവ്രീഹിസമാസം

രചന: ഉപന്യാസം

IX_Malayalam_Combine.indb 93 4/16/2019 12:57:24 PM

ഭാഗം

6

കലയും ജീവിതസൗന്ദര്യവും



പഠനലക്ഷ്യങ്ങൾ

- ജീവിതസൗന്ദര്യത്തിന്റെ കാവ്യഭംഗി ആസ്വദിക്കൽ
- കലാസൗന്ദര്യം സൃഷ്ടിക്കുന്ന പുത്തൻ ഉണർവ് തിരിച്ചറിയൽ
- ക്ഷമ നൽകുന്ന ശ്രേഷ്ഠജീവിതഭംഗി മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത:	സൗന്ദര്യലഹരി	- ചങ്ങമ്പുഴ
ഗദ്യം:	നവോത്ഥാനത്തിന്റെ പ്രതീകം	- പ്രൊഫ.എം.കെ.സാനു
അധികവായനക്ക്:	ശിക്ഷയുടെ മധുരം (കഥ)	- ടി.വി. കൊച്ചുബാവ
വ്യാകരണം:	സന്ധി	
രചന:	ആശയവിപുലനം	

IX_Malayalam_Combine.indb 94 4/16/2019 12:57:26 PM

കവിത

സൗന്ദര്യലഹരി

ചങ്ങമ്പുഴ കൃഷ്ണപിള്ള

കവിയെ പരിചയപ്പെടാം



ചങ്ങമ്പുഴ കൃഷ്ണപിള്ള [1911-1948]: ലളിതകോമളകാന്തപദാവലി കൊണ്ടും സംഗീതാത്മകമായ പ്രണയഗീതികൾകൊണ്ടും മലയാള കവിതയെ പുളകംകൊള്ളിച്ച കവിയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള. മുപ്പത്തിയേഴ് വയസ്സിനുള്ളിൽ കവിതാസമാഹാരങ്ങളും ഖണ്ഡ കാവ്യങ്ങളും പരിഭാഷകളും നോവലും ലേഖനസമാഹാരങ്ങളു മായി അമ്പത്തിയേഴോളം കൃതികൾ രചിച്ച അത്ഭുതപ്രതിഭയാണ് ചങ്ങമ്പുഴ. രമണൻ, നീറുന്ന തീച്ചൂള, പാടുന്ന പിശാച്, ബാഷ്പാ ഞ്ജലി, സ്വരരാഗസുധ, സ്പന്ദിക്കുന്ന അസ്ഥിമാടം തുടങ്ങിയവ അവയിൽപ്പെടുന്നു.

ബാഷ്പാഞ്ജലി എന്ന സമാഹാരത്തിൽ നിന്നെടുത്ത ഒരു കവിതയാണ് സൗന്ദര്യ ലഹരി.

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്രകാലമാ,യെന്നാലിനിയും തീർന്നീലല്ലോ!
ഓരോരോ ദിവസവുമത്യനർഘമായിടും
ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ,നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!
പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-

IX_Malayalam_Combine.indb 95 4/16/2019 12:57:27 PM

ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും;
വാനിലുല്ലസീച്ചീടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തീടും രജനിയും;-
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും, ഹാ! ജീവിതത്തെ മധുരിപ്പിച്ചീടുന്നു!
കുളിർത്ത മണിത്തെന്നൽ സൗരഭോന്മാദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവേ;
അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തൻതിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവേ;
വല്ലികനാടികൾ നൽ പല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ;
അറിയാതവരോടുകൂടി നമ്മളു,മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.
ഈവിധം മനോഹരവസ്തുക്കളെല്ലാം, നമ്മെ-
"ജ്ജീവിക്കൂ,ജീവിക്കൂ" കെ,ന്നുദ്ബോധിപ്പിപ്പൂ നിത്യം,



IX_Malayalam_Combine.indb 96 4/16/2019 12:57:28 PM

അഭ്യാസം

I. പദപരിചയം

അനർഘം, അന്തരംഗാന്തരം, ചാരുത, രജനി, പശ്ചിമാംബരം, പാടലം, പൂർവ്വദിങ്മുഖം, മരന്ദം, വല്ലിക, വാർമതി, സൗരഭം, തരുക്കൾ

II. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. പൂവിനെച്ചിരിപ്പിക്കാൻ വന്നെത്തുന്നതാര്?

   അ) കാറ്റ് ആ) മഴ

   ഇ) പുലരി ഈ) സന്ധ്യ

2. മുല്ലമൊട്ടുകൾ വാരി വിതറി എത്തുന്നതാര്?

   അ) പ്രഭാതം ആ) സന്ധ്യ

   ഇ) രാത്രി ഈ) കാറ്റ്

3. വാർമതി ഉല്ലസിക്കുന്നതെവിടെയാണ്?

   അ) വാനത്തിൽ ആ) ഭൂമിയിൽ

   ഇ) ഉദ്യാനത്തിൽ ഈ) മൈതാനത്ത്

4. പൂഞ്ചോലകൾ ഒഴുകിയത്

   അ) അഹങ്കാരത്തോടെ ആ) ആമന്ദം

   ഇ) കുതിച്ചുകൊണ്ട് ഈ) പുഞ്ചിരിച്ചുകൊണ്ട്

III. ഉത്തരമെഴുതുക

1. ഈ പ്രപഞ്ച ജീവിതം നാം വെറുക്കാത്തത്എന്തുകൊണ്ടെന്നാണ് കവി പറയുന്നത്?
2. പുലരി, സന്ധ്യ, രാത്രി, എന്നിവയുടെ വരവിനെ കവി അവതരിപ്പിക്കുന്നതെങ്ങനെ?
3. പ്രകൃതിവസ്തുക്കൾ നിരന്തരം നമ്മോട് ഉദ്ബോധിപ്പിക്കുന്നതെന്ത്? എങ്ങനെ?

IX_Malayalam_Combine.indb 97 4/16/2019 12:57:28 PM

ഗദ്യം

നവോത്ഥാനത്തിന്റെ പ്രതീകം

പ്രൊഫ.എം.കെ.സാനു



പ്രൊഫ.എം.കെ.സാനു [1928-]: സാഹിത്യ വിമർശകൻ, വാഗ്മി, ചിന്തകൻ എന്നീ നിലകളിൽ പ്രശസ്തനാണ്. കേരളത്തിലെ വിവിധ കോളേജുകളിൽ അദ്ധ്യാപകനായിരുന്നു. വിമർശനം, വ്യഖ്യാനം, ബാലസാഹിത്യം, ജീവചരിത്രം തുടങ്ങി വിവിധ സാഹിത്യശാഖകളിലായി നാല്പതോളം കൃതികളുടെ കർത്താവാണ്. കേരള സാഹിത്യ അക്കാദമി പുരസ്കാരം, വയലാർ അവാർഡ്, പത്മപ്രഭാ പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, തുടങ്ങിയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. അശാന്തിയിൽ നിന്ന് ശാന്തിയിലേക്ക്, ആശാൻ പഠനത്തിന് ഒരു മുഖവുര, മൃത്യുഞ്ജയം കാവ്യജീവിതം, ചങ്ങമ്പുഴ കൃഷ്ണപിള്ള:നക്ഷത്രങ്ങളുടെ സ്നേഹഭാജനം, ബഷീർ:ഏകാന്തവീഥിയിലെ അവധൂതൻ തുടങ്ങിയവയാണ് പ്രധാന കൃതികൾ.

ലിയൊണാർഡോ ഡാവിഞ്ചി എന്ന വിശ്വപ്രസിദ്ധ ചിത്രകാരന്റെ ജീവിതത്തെ പരിചയപ്പെടുത്തുന്ന' നവോത്ഥാനത്തിന്റെ പ്രതീകം എന്ന ലേഖനം 'ഉന്നതാത്മാക്കളുടെ ജീവരക്തം' എന്ന പുസ്തകത്തിൽ നിന്നെടുത്തതാണ്.

"മരണത്തിന് ഏതാനും മണിക്കൂറുകൾക്ക് മുമ്പ് ആ വയോധികനുമായി ഞാൻ വർത്തമാനത്തിലേർപ്പെട്ടു. തനിക്ക് നൂറു വയസ്സ് കഴിഞ്ഞെന്ന് അദ്ദേഹം പറഞ്ഞു. ശരീരത്തിനു കുറച്ച് ക്ഷീണമുണ്ടെന്നല്ലാതെ, കാര്യമായ രോഗമൊന്നും തനിക്കില്ലെന്നുകൂടി അദ്ദേഹം പറഞ്ഞു. കാഴ്ചയിലും അദ്ദേഹത്തിനെന്തെങ്കിലും അസുഖമുള്ളതായി തോന്നിയില്ല. അത്യന്തം ശാന്തമായിട്ടാണ് അദ്ദേഹം മരണമടഞ്ഞത്.

"അദ്ദേഹത്തിന്റെ മൃതദേഹം കീറി ഞാൻ പരിശോധിച്ചു. അത്രയും പ്രശാന്തമായി മരണമടയാൻ കഴിഞ്ഞതിന്റെ കാരണമറിയുകയായിരുന്നു എന്റെ ലക്ഷ്യം. ഹൃദയത്തിൽ രക്തമെത്തിച്ചു കൊടുക്കുന്ന ധമനികൾ ബലഹീനമായതിലൂടെ മാത്രമാണ് മരണം സംഭവിച്ചതെന്ന് ഞാൻ കണ്ടു."

ഒരു ഡോക്ടറോ ശരീരശാസ്ത്രജ്ഞനോ കുറിച്ചുവെച്ച വാക്കുകളാണിവയെന്നറിഞ്ഞാൽ ആരും അത്ഭുതപ്പെടുകയില്ല. എന്നാൽ ഒരു കലാകാരന്റെ പരീക്ഷണകൗതുകമാണിതെന്നറിയുമ്പോഴോ? വിശ്വസിക്കാൻ പ്രയാസം തോന്നും.

ഇപ്രകാരം എത്രയോ പരീക്ഷണങ്ങളാണ് ലിയൊണാർഡോ ഡാവിഞ്ചി നടത്തിയിട്ടുള്ളത്! ശരീരശാസ്ത്രത്തിന്റെ മേഖലയിൽ മാത്രമല്ല, ഊർജ്ജതന്ത്രം, ഗണിതശാസ്

IX_Malayalam_Combine.indb 98 4/16/2019 12:57:28 PM



ത്രം, രസതന്ത്രം, വാനശാസ്ത്രം, എഞ്ചിനീയറിങ് മുതലായ വിഷയങ്ങളുടെ മേഖലയിലും അദ്ദേഹം ഊർജ്ജിതമായ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. അനേകം ശാസ്ത്രസത്യങ്ങൾ കണ്ടെത്തുന്നതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. താൻ കണ്ടെത്തിയ ശാസ്ത്രസത്യങ്ങളെയും അവ പ്രയോഗിക്കുന്നതിൽ താൻ നടത്തിയ പരീക്ഷണങ്ങളെയും സംബന്ധിക്കുന്ന വിവരണങ്ങൾ സൂക്ഷ്മതയോടെ കുറിച്ചുവെക്കുന്നതിൽ അദ്ദേഹം ഉത്സാഹം കാണിച്ചു. ആവശ്യമായത്ര ചിത്രങ്ങൾ, (ശാസ്ത്രീയ ചിത്രങ്ങൾ) വിവരണങ്ങളെ വിശദമാക്കുന്നതിനുവേണ്ടി, ആ കടലാസുകളിൽ വരച്ചുവെക്കുകയും ചെയ്തു. പാഠപുസ്തകങ്ങളിൽ ഇന്നും ചേർക്കാൻ പറ്റിയ ചിത്രങ്ങൾ.

ആയിരങ്ങൾ വരുന്ന ആ കടലാസുകളെല്ലാം ലോകത്തിൽ അവശേഷിച്ചിട്ടില്ല. പലതും നഷ്ടപ്പെട്ടുപോയി. സൂക്ഷിച്ചുവെക്കുവാൻ ചുമതലപ്പെട്ടവർ അവയുടെ പ്രാധാന്യമെന്തെന്ന് മനസ്സിലാക്കിയില്ല. അവരെ കുറ്റം പറയാനും വയ്യ. കണ്ണാടിയിൽ പ്രതിഫലിപ്പിച്ചു മാത്രം വായിക്കാവുന്ന രീതിയിലാണ്, വലത്തു നിന്ന് ഇടത്തോട്ട്, ആ കുറിപ്പുകൾ ലിയണാർഡോ എഴുതിവെച്ചിരിക്കുന്നത്. അദ്ദേഹം ഇടതുകൈയനായിരുന്നതുകൊണ്ടുമാത്രമല്ല അങ്ങനെ എഴുതിയത്.പ്രതിഭാശാലികളിൽ പലരിലും കണ്ടുവരാറുള്ള 'തലതിരിവ്' അദ്ദേഹത്തിലുമുണ്ടായിരുന്നു. അതിന്റെ പ്രകടനങ്ങളിലൊന്നാണ് ഇപ്രകാരം എഴുതിവെക്കുന്നതിൽ നാം കാണുന്നത്.

അതുകൊണ്ടെന്തുപറ്റി? രണ്ടു നൂറ്റാണ്ടുകൾ കഴിയേണ്ടിവന്നു, ലിയണാർഡൊയുടെ നോട്ടുബുക്കുകൾ ലോകത്തിന് മനസ്സിലാക്കാൻ! അതിനകം അനേകം താളുകൾ നഷ്ടപ്പെട്ടുപോയത് സ്വാഭാവികം മാത്രം. കണ്ണാടിയിൽ പ്രതിഫലിപ്പിച്ചു വായിച്ചുനോക്കിയ

IX_Malayalam_Combine.indb 99 4/16/2019 12:57:29 PM

പ്പോഴാണ് അദ്ദേഹം ശാസ്ത്രീയ ഗവേഷണങ്ങളിൽ എത്രമാത്രം മുഴുകിയിരുന്നു എന്നു വ്യക്തമായത്.

അതിലെ ഒരു നുണുങ്ങു മാത്രമാണ് പ്രാരംഭത്തിൽ ഉദ്ധരിച്ച വാക്കുകളിലുള്ളത്. വൃദ്ധശരീരത്തിന്റെ പ്രത്യേകതകൾ മനസ്സിലായതുകൊണ്ടു മാത്രം ലിയൊണാർഡൊ തൃപ്തനായില്ല. രണ്ടു വയസ്സുള്ള ഒരു ശിശുവിന്റെ മൃതദേഹവും അദ്ദേഹം കീറിമുറിച്ച് പരിശോധിച്ച് സവിശേഷതകൾ മനസ്സിലാക്കി.അതിന്റെ അടിസ്ഥാനത്തിൽ വാർദ്ധക്യം ശരീരത്തിനു വരുത്തുന്ന മാറ്റങ്ങളെപ്പറ്റി അദ്ദേഹം എഴുതിവെച്ചിട്ടുമുണ്ട്. അദ്ദേഹത്തിന്റെ ആ കുറിപ്പുകളെ ആധുനിക ശാസ്ത്രം സ്ഥിരീകരിക്കുന്നു. ആധുനികകാലത്ത് എടുത്തിട്ടുള്ള എക്സറേ ഫോട്ടോകളുമായി അവയെ താരതമ്യം ചെയ്തുനോക്കിയപ്പോൾ ശാസ്ത്രജ്ഞന്മാർ അത്ഭുതപ്പെട്ടുപോയി. എക്സറേയിലും റേഡിയോ ആക്ടീവ് ട്രെയ്സറിലും കൂടി നേടിയിട്ടുള്ള ചിത്രങ്ങൾ, ആന്തരികാവയവങ്ങളുടെ ചിത്രങ്ങൾ, ലിയൊണാർഡൊ പതിനഞ്ചാം നൂറ്റാണ്ടിൽ തന്നെ, സ്വന്തം നിരീക്ഷണത്തെ ആധാരമാക്കി, കണ്ടുപിടിച്ചിരുന്നു.

ആകാശത്തിൽ പറവകളെപ്പോലെ പറക്കുന്നതിനു പറ്റിയ വാഹനം നിർമ്മിക്കുന്നതിനെപ്പറ്റിയും അദ്ദേഹം തന്റെ കുറിപ്പുകളിൽ വിവരിച്ചിടുണ്ട്- ചിത്രങ്ങളോടുകൂടി. അദ്ദേഹം വിഭാവനം ചെയ്ത വിമാനം വായുവിൽ സഞ്ചരിക്കേണ്ടത് ചിറകുകൾ ചലിപ്പിച്ചാണ്(പക്ഷികളെപ്പോലെ). ആ വഴിക്ക് പരീക്ഷണങ്ങൾ തുടർന്നിരുന്നുവെങ്കിൽ യഥാർത്ഥ വിമാനത്തിന്റെ ഘടനയിൽ അദ്ദേഹം എത്തിച്ചേരുമയിരുന്നു. (ഒരു വിമാനം നിർമ്മിച്ച് ലിയൊണാർഡൊ പറക്കാൻ ശ്രമിച്ചതായും കഥയുണ്ട്.)

ഒരു ഭരണാധികാരിക്ക് അദ്ദേഹം അയച്ച കത്ത് ജീവചരിത്രങ്ങളിലെല്ലാം കാണാം. യുദ്ധത്തിൽ വിജയം വരിക്കുന്നതിനാവശ്യമായ പലതും താൻ കണ്ടു പിടിച്ചിട്ടുണ്ടെന്നും രാജ്യത്തിന് ആവശ്യമുണ്ടെങ്കിൽ തന്റെ സേവനം നൽകാൻ സന്തോഷമാണെന്നും അതിൽ ആമുഖമായി എഴുതിയിരിക്കുന്നു. അതിനുശേഷം, തനിക്കു നിർമ്മിക്കാൻ കഴിയുന്നതെന്തൊക്കെയാണെന്ന് അദ്ദേഹം അക്കമിട്ട് വിവരിച്ചിരുന്നു.

ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകാവുന്ന പാലങ്ങൾ (ഉറപ്പുള്ളതെങ്കിലും ഭാരമില്ലാത്ത പാലങ്ങൾ), പീരങ്കികൾ,വെടിമരുന്ന്(ബോംബ് പോലുള്ള ആയുധങ്ങളെപ്പറ്റിയും വിവരണമുണ്ട്.) കപ്പലുകൾ, കപ്പലുകളിൽ ഘടിപ്പിക്കാവുന്ന ആയുധങ്ങൾ-അങ്ങനെപോകുന്നു ആ ലിസ്റ്റ്.

ശാസ്ത്രത്തിൽ മാത്രമല്ല, രാഷ്ട്രതന്ത്രം, നഗരാസൂത്രണം, യുദ്ധവിദ്യ മുതലായ ശാഖകളിലും ലിയൊണാർഡൊ അത്ഭുതകരമായ പ്രാവീണ്യം നേടിയിരുന്നു.

എങ്കിലും ലോകം ലിയൊണാർഡൊ ഡാവിഞ്ചിയെ ഓർമ്മിക്കുന്നത് ശാസ്ത്രജ്ഞനായിട്ടല്ല, കലാകാരനായിട്ടാണ്. സമകാലികരായ മൈക്കൽ ആഞ്ജലോ, റാഫേൽ, ബോട്ടിചെല്ലി തുടങ്ങിയവർ നിർമ്മിച്ചിട്ടുള്ളത്രയും ചിത്രങ്ങളോ ശിൽപങ്ങളോ ലിയൊണാർഡൊ നിർമ്മിച്ചിട്ടില്ല. പക്ഷേ, അദ്ദേഹത്തിന്റെ കലാസൃഷ്ടികൾ അതുല്യങ്ങളാണ്. നാനാവിധമായ വ്യാഖ്യാനങ്ങൾക്ക് അനുവാചകരെ പ്രേരിപ്പിക്കുന്നവയുമാണ്. ഇറ്റാലിയൻ നവോത്ഥാനത്തിലെ ഏറ്റവും ഉയർന്ന സമഗ്രവ്യക്തിത്വമായി ചിന്തകന്മാർ അദ്ദേഹത്തെ പ്രകീർത്തിക്കുന്നു.

അവസാനത്തെ അത്താഴം, മൊണാലിസ, പാറകളിലെ കന്യാമറിയം മുതലായ ചിത്രങ്ങൾ നമ്മുടെ നാട്ടുകാർക്ക് സുപരിചിതമാണ്. അനേകം ഭവന

IX_Malayalam_Combine.indb 100 4/16/2019 12:57:29 PM



ങ്ങളുടെ ഭിത്തികളിൽ അവയുടെ പകർപ്പുകൾ നമുക്കു കാണാം. മൊണാലിസയുടെ പുഞ്ചിരിയിൽ നിഗൂഢമായിരിക്കുന്ന ഭാവവിശേഷങ്ങളെപ്പറ്റി എത്ര കലാവിമർശകരാണ് വ്യാഖ്യാനങ്ങളെഴുതിയിട്ടുള്ളത്! വ്യാഖ്യാനങ്ങൾക്ക് വഴങ്ങാതെ മനുഷ്യഹൃദയങ്ങളെ വശീകരിച്ചുകൊണ്ട് ആ പുഞ്ചിരി ഇന്നും ശോഭിക്കുന്നു. നിത്യതയുടെ നിഗൂഢത കലർന്ന പുഞ്ചിരി.

അത്രയധികം സർഗാത്മകവൈഭവവും പ്രയത്നശേഷിയുമുണ്ടായിരുന്നിട്ടും ലിയൊണാർഡൊ ഡാ വിഞ്ചി എന്തുകൊണ്ട് കൂടുതൽ കലാസൃഷ്ടികൾക്ക് രൂപം നൽകിയില്ല.? ഈ ചോദ്യം അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ പലരും ഉന്നയിച്ചിട്ടുണ്ട്.

ചിത്രങ്ങളും പ്രതിമാശില്പങ്ങളും നിർമ്മിക്കാൻ അദ്ദേഹം ധാരാളം കുറിപ്പുകൾ എഴുതി വെച്ചിരുന്നു. പ്രപഞ്ചത്തെ മുഴുവൻ തന്റെ സൃഷ്ടികളിൽ ഉൾക്കൊള്ളിക്കാൻ ആ അനുഗ്രഹീതപ്രതിഭ വെമ്പിയിരുന്നു എന്ന് ആ കുറിപ്പുകളിൽ നിന്ന് മനസ്സിലാക്കാം. അവയിൽ പലതും അദ്ദേഹം തുടങ്ങിവെക്കുകയും ചെയ്തു. അവയൊന്നും മുഴുമിപ്പിച്ചില്ല. എന്തുകൊണ്ട് പൂർത്തീകരിച്ചില്ല എന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ അസാധാരണമായ സ്വഭാവപ്രകൃതത്തിലാണ് ഉത്തരം കാണേണ്ടത്. ആ സ്വഭാവം ആഴമേറിയതാണ്. ഒന്നിലും തൃപ്തിപ്പെടാത്ത പ്രകൃതം അതിന്റെ സജീവഘടകം.

ചിലപ്പോൾ ചിത്രം വരക്കാൻ പരിശ്രമിച്ചുകൊണ്ട് ക്യാൻവാസിന്റെ മുമ്പിൽ ഒരു ദിവസം മുഴുവൻ അദ്ദേഹം ഇരിക്കും. പക്ഷേ, രണ്ടോ, മൂന്നോ

IX_Malayalam_Combine.indb 101 4/16/2019 12:57:30 PM

പ്രാവശ്യം മാത്രമേ ബ്രഷ് നീങ്ങുകയുള്ളൂ. അടുത്ത ദിവസം അദ്ദേഹം അതങ്ങ് കഴുകിക്കളയും. വീണ്ടും വരയ്ക്കാൻ തുടങ്ങും. വീണ്ടും, ഇടയ്ക്കുവെച്ച്, അതങ്ങുപേക്ഷിക്കുകയും ചെയ്യും. ഇതായിരുന്നു സ്ഥിരം രീതി.

തന്റെ ചിത്രങ്ങളിൽ ലിയണാർഡൊ ഒപ്പുവെയ്ക്കാത്തതിന്റെ കാരണമായി പലരും പറയുന്നത്,അവയൊന്നും പെർഫെക്ട് ആണെന്ന്(തികവുറ്റതാണെന്ന്) അദ്ദേഹം കരുതിയിരിക്കയില്ല എന്നാണ്. ആവോ. നിശ്ചയമില്ല.

ധനികനായ ഒരു വക്കീലിന് പാവപ്പെട്ട ഒരു കർഷകകുടുംബത്തിലെ പതിനാറുകാരിയിൽ ജനിച്ച കുട്ടിയാണ് ലിയൊണാർഡൊ. (ജനനം1492)അവർ വിവാഹിതരായിരുന്നില്ല. പിതാവ് വേറെ വിവാഹം കഴിക്കുകയും ചെയ്തു. അതിൽ ആദ്യകാലത്ത് കുട്ടികൾ ജനിച്ചില്ല. അതുകൊണ്ട് അദ്ദേഹം ലിയൊണാർഡൊ എന്ന ശിശുവിനെ അവന്റെ അമ്മയിൽ നിന്ന് എടുത്തുകൊണ്ടുപോയി തന്റെ പുത്രനായി വളർത്തി. പിന്നീട് ലിയൊണാർഡൊയ്ക്ക് തന്റെ അമ്മയെ ഒന്ന് കാണാൻ പോലും കഴിഞ്ഞില്ല. അമ്മയാരെന്ന് അറിയാനും കഴിഞ്ഞില്ല. എന്നാൽ, അമ്മയുടെ സ്നേഹവാത്സല്യങ്ങൾ ആ മനസ്സിൽ മധുരരൂപങ്ങളായി തുടിച്ചുനിന്നു. ഭൂഭാഗങ്ങൾ വരച്ചപ്പോഴും കന്യാമറിയത്തെ വരച്ചപ്പോഴും മാലാഖയെ വരച്ചപ്പോഴും അവയിൽ മധുരാകൃതികളായി പിറന്നുവീണത് ആ മാതൃസങ്കൽപങ്ങളാണ്.

ഫ്ളോറൻസിനടുത്തുള്ള ആഢ്യഗൃഹത്തിൽ ലിയൊണാർഡൊ വളർന്നു. മനോഹരമായ ചുറ്റുപാടുകൾ. പ്രകൃതിഭംഗിയുടെ നൃത്തം. അവയ്ക്കിടയിൽ ആ ബാലൻ കവിതയെഴുതിയും ചിത്രം വരച്ചും പാട്ടുപാടിയും വളർന്നു.അവന്റെ ആത്മവിശ്വാസം സുദൃഢമായിരുന്നു. സ്വന്തം ഇച്ഛയ്ക്കാണ് അവൻ എപ്പോഴും പ്രാധാന്യം നൽകിയത്. ഏകാന്തതയിലിരുന്ന് ദിവാസ്വപ്നങ്ങളിൽ മുഴുകുക എന്ന പ്രകൃതവും അവനുണ്ടായിരുന്നു. സ്വഭാവത്തിലെ ഈ രണ്ടു വശങ്ങളും ജീവിതത്തിൽ അവസാനം വരെ ആധിപത്യം ചെലുത്തുന്നതായി കാണാം.ആത്മവിശ്വാസം കലർന്ന ഇച്ഛാശക്തിയും സൗന്ദര്യോപാസനയും.

മകന് ചിത്രരചനയിൽ വൈഭവമുണ്ടെന്ന് പിതാവ് നേരത്തെ തിരിച്ചറിഞ്ഞു. അവനെ അദ്ദേഹം അക്കാലത്ത് ഏറ്റവും പ്രഗല്ഭനെന്ന് കീർത്തികേട്ട ഒരു ഗുരുവിന്റെ വിദ്യാലയത്തിൽ ചേർക്കുകയും ചെയ്തു. ആ ഗുരു ബഹുമുഖപ്രതിഭയായിരുന്നു. ചിത്രരചന, പ്രതിമാശിൽപം, വാസ്തുവിദ്യ, സംഗീതം, ഗണിതശാസ്ത്രം, പ്രകൃതിശാസ്ത്രം മുതലായ വിഷയങ്ങളിലെല്ലാം അദ്ദേഹം ഒരു പോലെ പ്രാവീണ്യം നേടിയിരുന്നു. ബഹുമുഖമായ ആ കഴിവു കണ്ട് ഏവരും അമ്പരന്നുപോന്നു. പക്ഷേ, ഈ പുതിയ ശിഷ്യൻ, ലിയൊണാർഡൊ അദ്ദേഹത്തെ കടത്തിവെട്ടുന്നവനാണെന്ന് വേഗത്തിൽ വെളിപ്പെട്ടു. അവന് താൽപര്യമില്ലാത്ത വിഷയങ്ങളില്ല. ഏതിലും അവൻ അനായാസമായി വൈഭവം നേടുകയും ചെയ്തു.

വിചിത്രമായ രൂപമുള്ള ആളുകളെ കണ്ടാൽ ലിയൊണാർഡൊ അവരുടെ പിന്നാലെ പോകും. അവരുടെ സ്കെച്ചുകൾ തയ്യാറാക്കും. ആസ്പത്രിയിൽ ആസന്നമരണരായവരെ കാണാൻ പോകും. അവർ മരിക്കുന്ന രംഗം ശ്രദ്ധയോടെ നിരീക്ഷിക്കും. തൂക്കിക്കൊല്ലുന്ന കാഴ്ച കാണാൻ പോകുന്നതും ലിയൊണാർഡൊയുടെ വിനോദമായിരുന്നു. ഗുസ്തി പിടിക്കുക, കുതിരകളെ മെരുക്കി അവയുടെ പുറത്തുകയറി ഓടുക എന്നിവ സ്ഥിരം വിനോദങ്ങൾ. ഇപ്രകാരം വിചിത്രമായ താൽപര്യങ്ങളാണ് ആ കുട്ടിക്കുണ്ടായിരുന്നത്.

ആരോഗ്യവും സൗന്ദര്യവും ലിയൊണാർഡൊയുടെ സിദ്ധികളായിരുന്നു.

IX_Malayalam_Combine.indb 102 4/16/2019 12:57:30 PM

ശിഷ്യന്റെ പ്രതിഭാവിലാസം മനസ്സിലാക്കിയ ഗുരു അവനെ സ്വന്തം വഴിക്കു വിട്ടു. ഗുരുവിന്റെ ആശീർവാദത്തോടുകൂടി ലിയൊണാർഡൊ വിശാലമായ ലോകത്തിലേക്കിറങ്ങി. പ്രഭുക്കൾക്കും ഭരണാധികാരികൾക്കുംവേണ്ടി അയാൾ പ്രതിമകൾ നിർമ്മിക്കുകയും ചിത്രങ്ങൾ വരയ്ക്കുകയും ചെയ്തു. ഇതര മേഖലകളിലും തന്റെ കഴിവുകൾ പ്രകടമാക്കി.

ചിത്രങ്ങൾ വരയ്ക്കുന്നതിന് വിശദാംശങ്ങൾ മനസ്സിലാക്കാൻ ലിയൊണാർഡൊ സ്ഥിരമായി പരിശ്രമിച്ചുപോന്നു. മൃതദേഹം കീറിമുറിച്ച് പേശികളുടെയും അസ്ഥികളുടെയും നാഡീവ്യൂഹത്തിന്റെയും മറ്റും ഘടന അദ്ദേഹം ആഴത്തിൽ മനസ്സിലാക്കാൻ എപ്പോഴും യത്നിച്ചുകൊണ്ടിരുന്നു. പ്രകൃതിയെന്നതിൽ മനുഷ്യപ്രകൃതിയും പെടും. വിശദമായി വിശകലനം ചെയ്തു പഠിച്ചതിനു ശേഷം തന്റെ കലാസൃഷ്ടികളിൽ ബാഹ്യരൂപസാദൃശ്യം നിലനിർത്തിക്കൊണ്ട് ഭാവകേന്ദ്രം ആവിഷ്കരിക്കുക എന്നതായിരുന്നു ലിയൊണാർഡൊയുടെ ആദർശം. അദ്ദേഹത്തിന്റെ സൃഷ്ടികളിൽ ആധിപത്യം ചെലുത്തുന്ന സമവായം എന്ന ഗുണം അതിന്റെ ഫലമാണ്. ദിവാസ്വപ്നങ്ങൾക്ക് രൂപം നൽകുമ്പോൾ പോലും അതിൽ ചിട്ടയും ക്രമവുണ്ടായിരിക്കും.

സർഗാത്മകമായ ഉന്മേഷത്തെ ആഴവും പരപ്പുമുള്ള പഠനത്തിൽനിന്നു നേടുന്ന അറിവിനോടിണക്കി സൃഷ്ടികർമ്മത്തിലേർപ്പെടുക എന്നത് നവോത്ഥാനഘട്ടത്തിലെ കലാകാരന്മാരുടെയെല്ലാം പൊതുസ്വഭാവമായിരുന്നു. ആ സൃഷ്ടികർമ്മത്തിലെ കേന്ദ്രബിന്ദു എപ്പോഴും മനുഷ്യനായിരുന്നു. അതുകൊണ്ടാണ് മനുഷ്യാത്മാവിനെ എന്നപോലെ മനുഷ്യശരീരത്തെയും മനസ്സിലാക്കാൻ ആ കലാകാരന്മാർ ശാസ്ത്രീയമായി പരിശ്രമിച്ചത്. ശാസ്ത്രം ഒരിക്കലും അവർക്ക് അന്യമായിരുന്നില്ല. ശാസ്ത്രത്തെ കലാസൃഷ്ടിയുടെ തോഴിയായി അവർ എപ്പോഴും സ്വീകരിക്കുകയാണ് ചെയ്തത്.

അത് ഗുണപ്രദമായി ഭവിച്ചു. മനുഷ്യനെ അവന്റെ യഥാർത്ഥമായ മഹനീയതയോടു കൂടി, അളവറ്റ നിലീനസിദ്ധികളോടുകൂടി, കണ്ടെത്തുന്നതിൽ അവർ വിജയിച്ചു. മനുഷ്യൻ മനുഷ്യനെ കണ്ടെത്തുന്നതാണല്ലോ നവോത്ഥാനം. കണ്ടെത്തൽ സാർവജനീനമാക്കുക എന്നതും നവോത്ഥാനനായകരുടെ ധർമ്മമാണ്.

ആ മഹനീയാദർശത്തിന്റെ സനാതന പ്രതീകമാണ് ലിയൊണാർഡൊ ഡാ വിഞ്ചി. ആത്മാവിൽ എന്നും ഏകാകിയായിരുന്നുവെങ്കിലും 1519-ൽ മരണമടയുന്നതുവരെ കലാമൂല്യവും വിജ്ഞാനവും സാർവജനീനമാക്കുന്നതിനാണ് അദ്ദേഹം പരിശ്രമിച്ചത്.

IX_Malayalam_Combine.indb 103 4/16/2019 12:57:30 PM

അഭ്യാസം

I. പദപരിചയം

വയോധികൻ, അത്യന്തം, നുണുങ്ങ്, പ്രാരംഭം, വിഭാവനം, സമകാലികർ, നിഗൂഢത, സർഗ്ഗാത്മകവൈഭവം, സുദൃഢം, ഇച്ഛാശക്തി, സൗന്ദര്യോപാസന, സമവായം, ദിവാസ്വപ്നം, നിലീനം, നവോത്ഥാനം

II. വാക്യത്തിൽ പ്രയോഗിക്കുക

പ്രാരംഭം, താരതമ്യം, അത്ഭുതകരമായ, ആധിപത്യം, ബഹുമുഖപ്രതിഭ

III. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ലോകം ലിയാണർഡൊയെ ഓർമ്മിക്കുന്നത് ആരായിട്ടാണ്?

   അ. ശരീര ശാസ്ത്രജ്ഞൻ　　ആ. ഭരണാധികാരി

   ഇ. കലാകാരൻ　　ഈ. ചരിത്രകാരൻ

2. നമ്മുടെ നാട്ടുകാർക്ക് സുപരിചിതമായ ലിയാണാർഡൊയുടെ ചിത്രമേതാണ്?

   അ. ശകുന്തള　　ആ. മൊണാലിസ

   ഇ. ഡേവിഡ്　　ഈ. അവസാനത്തെ അത്താഴം

3. ലിയണാർഡോ വളർന്ന സ്ഥലം?

   അ. ലോസ് ഏഞ്ചൽസ്　　ആ. ഫ്ളോറൻസ്

   ഇ. സെന്റ് പീറ്റേഴ്സ് ബർഗ്　　ഈ. ലണ്ടൻ

4. ലിയണാർഡോയുടെ സൃഷ്ടികർമ്മത്തിലെ കേന്ദ്രബിന്ദു?

   അ. പ്രകൃതി　　ആ. മനുഷ്യൻ

   ഇ. പ്രപഞ്ചം　　ഈ. പൂക്കൾ

IV. ഉത്തരം എഴുതുക

1. ലിയണാർഡോ പരീക്ഷണങ്ങൾ നടത്തിയ ശാസ്ത്രമേഖലകൾ ഏതെല്ലാം?
2. ലിയണാർഡോയുടെ പല ചിത്രങ്ങളും നഷ്ടപ്പെടാനുണ്ടായ സാഹചര്യമെന്ത്?
3. ആധുനിക ശാസ്ത്രജ്ഞന്മാർ ലിയണാർഡോ ചിത്രത്തിൽ കണ്ട അത്ഭുതം എന്തായിരുന്നു.?

IX_Malayalam_Combine.indb 104　　4/16/2019 12:57:30 PM

4. കുട്ടിക്കാലത്ത് ലിയണാർഡോവിൽ കണ്ട വിചിത്രമായ താത്പര്യങ്ങൾ എന്തെല്ലാമായിരുന്നു?

5. നവോത്ഥാനകാലഘട്ടത്തിലെ കലാകാരന്മാർക്കുള്ള പൊതുസ്വഭാവം എന്തായിരുന്നു.?

V. വിശദമായി ഉത്തരമെഴുതുക

കലാമൂല്യവും വിജ്ഞാനവും സാർവജനീനമാക്കുന്നതിന് പരിശ്രമിച്ച വ്യക്തിത്വമാണ് ലിയണാർഡോ-പരിശോധിക്കുക

VI. തുടർപ്രവർത്തനങ്ങൾ

രാജാരവിവർമ്മ,വിൻസന്റ് വാൻഗോഗ്, പാബ്ലോ പിക്കാസോ തുടങ്ങിയവരുടെ പ്രശസ്തമായ ചിത്രങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

IX_Malayalam_Combine.indb 105 4/16/2019 12:57:30 PM

അധികവായനക്ക്

ശിക്ഷയുടെ മധുരം

കഥ

ടി.വി.കൊച്ചുബാവ



ടി.വി.കൊച്ചുബാവ [1955 – 1999]: തൃശൂർ ജില്ലയിലെ കാട്ടൂരിൽ ജനനം. പ്രമേയത്തിന്റെ വ്യത്യസ്തതകൊണ്ടും അത് അവതരിപ്പിക്കുന്നതിന്റെ പ്രത്യേകതകൊണ്ടും സവിശേഷമായ അനുഭവസാന്നിധ്യമുണ്ടാക്കുന്ന കഥകളാണിദ്ദേഹത്തിന്റേത്. വീടിപ്പോൾ നിശ്ശബ്ദമാണ്, ഭൂമിശാസ്ത്രം, അവതാരിക ഭൂപടങ്ങൾക്ക്, പ്രാർത്ഥനകളോടെ നിൽക്കുന്നു (കഥകൾ), വൃദ്ധസദനം, പെരുങ്കളിയാട്ടം (നോവലുകൾ) എന്നിവയാണ് പ്രധാന കൃതികൾ.

'നിങ്ങൾക്കൊരു കറുത്ത ഇല' എന്ന സമാഹാരത്തിൽ നിന്നെടുത്തിട്ടുള്ളതാണ് 'ശിക്ഷയുടെ മധുരം' എന്ന കഥ

'അങ്ങു പറഞ്ഞ കാലാവധി ഇന്നത്തോടെ തീർന്നു. രണ്ടു വർഷത്തെ അടിമവേല ഞാൻ പൂർത്തിയാക്കിക്കഴിഞ്ഞു. ഇനി എനിക്കു പുറത്തു പോകാമല്ലോ, അന്നത്തെ എന്റെ കൈപ്പിഴയ്ക്ക് ദൈവത്തിന്റെ മുമ്പിൽ അങ്ങ് എന്നോടു ക്ഷമിച്ചുവെന്ന് ഇനിയും സമ്മതിക്കില്ലേ.'

ചെറുപ്പക്കാരന്റെ വാക്കുകൾ പ്രഭു മന്ദഹാസത്തോടുകൂടി കേട്ടുകൊണ്ടിരുന്നു. എത്ര നിഷ്കളങ്കനും സംസ്കാരമുള്ളവനുമാണ് ഈ ചെറുപ്പക്കാരൻ. പ്രഭു ചിന്തിച്ചു. രണ്ടു വർഷം അവൻ തനിക്കുവേണ്ടി യാതൊരു വീഴ്ച്ചയും വരുത്താതെ അടിമവേല ചെയ്തു. താൻ കൽപ്പിച്ചിരുന്ന ഏതൊരു ജോലിയും-അതെത്ര നിന്ദ്യമായിരുന്നാലും-മടിയില്ലാതെ അവൻ ചെയ്തു. ഒരിക്കൽ പോലും അവനെ ശാസിക്കേണ്ടികൂടി വന്നിട്ടില്ല. 'ക്ഷമിച്ചിരിക്കുന്നു' എന്ന തന്റെ ഒരു വാക്കിനു വേണ്ടിയാണ് അവൻ രണ്ടുവർഷം ഈ അടിമവേല ചെയ്തത്. അവൻ കാണിച്ച കുറ്റമോ? വഴിയാത്രയ്ക്കിടയിൽ വിശന്നു തളർന്നപ്പോൾ, നദിയുടെ കരയിൽ കിടന്ന ഒരു നാരങ്ങ പൊളിച്ചുതിന്നുവെന്നതും

'വിശന്നു തളർന്നിരുന്നതുകൊണ്ട് ആരുടെ മുതലാണെന്നൊന്നും നോക്കിയില്ല. ഞാനതു പൊളിച്ചുതിന്നു. വിശപ്പ് അല്പം ശമിച്ചപ്പോഴാണ് ചെയ്തുപോയ തെറ്റിനെക്കുറിച്ച് ഞാൻ മനസ്സിലാക്കിയത്.' നദിയിലൂടെ ഒലിച്ചു വന്നതാണെങ്കിലും ആ നാരങ്ങയ്ക്ക് ഒരവകാശിയുണ്ടാവുമെന്നും,അദ്ദേഹത്തിന്റെ സമ്മതം ചോദിക്കാതെ നാരങ്ങ തിന്നതു തെറ്റായെന്നും ഞാനോർത്തു.നാരങ്ങ ഒലിച്ചുവന്ന ലക്ഷ്യം കണക്കാക്കി നടന്നപ്പോൾ,നദിക്കരയിലുള്ള നിങ്ങളുടെ നാരങ്ങതോട്ടം കണ്ടു....തീർച്ചയായും ആ നാരങ്ങയുടെ ഉടമസ്ഥൻ നിങ്ങളായിരിക്കണം. അതുകൊണ്ടു ദൈവത്തിന്റെ മുമ്പിൽ അങ്ങ് എന്നോടു ക്ഷമിച്ചുവെന്നു ദയവായി പറയണം."

രണ്ടു വർഷം മുമ്പ് ചെറുപ്പക്കാരൻ തന്റെ മുമ്പിൽനിന്നു പറഞ്ഞ വാക്കുകൾ പ്രഭു അപ്പോൾ ഓർത്തു.എന്നിട്ടു താൻ ചെറുപ്പക്കാരനു കൊടുത്ത ശിക്ഷയോ? ക്ഷമിക്കണെങ്കിൽ

IX_Malayalam_Combine.indb 106 4/16/2019 12:57:30 PM

തന്റെ വീട്ടിൽ രണ്ടു വർഷം അടിമവേല ചെയ്യണമെന്നും. ഇന്നു രണ്ടു വർഷം പൂർത്തിയാ യിരിക്കുന്നു. അവൻ പോകാൻ സമ്മതം ചോദിക്കുകയാണ്." അങ്ങൊന്നും പറയാത്തതെ ന്ത്?" പെട്ടെന്ന് ചെറുപ്പക്കാരൻ ചോദിച്ചു. പ്രഭു വീണ്ടും മന്ദഹസിച്ചു.

" അന്നു ഞാൻ ഒരു നിബന്ധന കൂടിയുണ്ടെന്നു പറഞ്ഞിരുന്നു.മറന്നു പോയോ? പ്രഭു ചോദിച്ചു.

" എന്താണത്?" ചെറുപ്പക്കാരൻ വിനയപൂർവ്വം ആരാഞ്ഞു.ഇനിയും മറ്റൊരു ശിക്ഷകൂടി വഹിക്കേണ്ടി വരുമോ എന്നവൻ കാര്യമായി ഭയന്നു.അവന്റെ ഭയം ശരിയായി രുന്നു.

" ഒരു ബന്ധുവീട്ടിൽ താമസിക്കുന്ന എന്റെ മകളെക്കുറിച്ച് നീ കേട്ടിരിക്കുമ ല്ലോ. അവൾക്ക് കണ്ണില്ല. കാലില്ല. അവളെ നീ വിവാഹം കഴിക്കണം. പ്രത്യേകമാ യി ചടങ്ങൊന്നും ഞാൻ നടത്തുന്നില്ല. ഇന്നു രാത്രി മണിയറയിൽ വധു നിന്നെ കാത്തിരിക്കും."

ചെറുപ്പക്കാരൻ സത്യത്തിൽ കരഞ്ഞുപോയി. ദൈവമേ, ഇതെന്തൊ രു വിധി! കൈയ്യും കാലുമില്ലാത്ത വിരൂപിയായ ഒരു യുവതിയെ ഭാര്യയായി സ്വീ കരിക്കുക. ജീവിതകാലം മുഴുക്കെ അവളോടൊത്തു കഴിയുക. ദൈവവിധിയാ യിരിക്കണം ഇതും. അന്യന്റെ മുതൽ സമ്മതം ചോദിക്കാതെ താൻ കഴിച്ചുപോ യല്ലോ. ഇനി അയാൾ ക്ഷമിക്കാതെ ദൈവത്തിനു മുമ്പിൽ താൻ നീതീകരിക്കപ്പെടുകയില്ല. ഏതു ശിക്ഷയും സ്വീകരിക്കുകതന്നെ.....

"നിനക്കിതു സമ്മതമല്ലെങ്കിൽ ഇവിടെനിന്ന് സ്വതന്ത്രമായി ഇറങ്ങിപ്പോ കാം. പക്ഷേ,ഞാൻ നിന്നോടു ക്ഷമിച്ചുവെന്നു മാത്രം കരുതരുത്." പ്രഭു ചെറുപ്പക്കാരന്റെ പുറത്തു തട്ടിക്കൊണ്ടു പറഞ്ഞു.

"എനിക്കു സമ്മതമാണ്." ചെറുപ്പക്കാരൻ യാതൊരു മടിയും കൂടാതെ സമ്മതിച്ചു.

കല്ല്യാണച്ചടങ്ങോ താലികെട്ടോ ഒന്നുമുണ്ടായില്ല.പകൽ ചെറുപ്പക്കാരൻ തന്റെ മു റിവിട്ട് പുറത്തിറങ്ങിയതുപോലുമില്ല. രാത്രിയായി, ചെറുപ്പക്കാരൻ പ്രഭുവിന്റെ നിർദ്ദേശാനുസരണം മണിയറയിലേക്കു ചെന്നു.മണിയറയിലേക്കു കാലുകുത്തിയ നിമിഷം അയാൾ ഞെട്ടി പിറകോട്ടുമാറി. മണിയറയിൽ സർവ്വാഭരണവിഭൂഷിതയായി സുന്ദരിയായ ഒരു യുവതിയിരിക്കുന്നു.

തീർച്ചയായും തനിക്കു മണിയറ തെറ്റിപ്പോയിരിക്കുന്നു. തന്റെ വധു വിരൂപിയാണ്. അവൾ ഇവളല്ല. ഇവൾ മറ്റാരോ ആണ്- ചെറുപ്പക്കാരൻ പകപ്പോടെ ചിന്തി ച്ചു. പ്രഭുവിന്റെ അടുത്തുപോയി വിവരം ചോദിച്ചറിയാൻ ലജ്ജ അയാളെ അനുവദിച്ചില്ല. മുറിയിൽ നിന്നു പുറത്തുകടന്ന അയാൾ, അരമതിലിൽ ചാരിനിന്ന് ഉറങ്ങാതെ നേരം വെളു പ്പിച്ചു.

രാവിലെ തനിക്കു മുമ്പിൽ ദു:ഖിതനായി വന്നു നിൽക്കുന്ന ചെറുപ്പക്കാരനെയാണ് പ്രഭു കണ്ടത്.

" എന്താ. എന്റെ മകളെ നിനക്കിഷ്ടമായില്ലെന്നുണ്ടോ? പ്രഭു ചോദിച്ചു.

" അതല്ല പ്രഭോ കാര്യം, ഇന്നലെ എനിക്കൊരു അപകടം പറ്റി. ഇന്നലെ രാത്രി എനി ക്കു മണിയറ തെറ്റി. ചെന്നു കയറിയ മണിയറയിൽ ഒരു സുന്ദരിയായ സ്ത്രീയെയാണു കണ്ടത്. സത്യത്തിൽ എനിക്കു തെറ്റു പറ്റിയതു തന്നെയാണ്. ആ സ്ത്രീ എന്നെ തെറ്റിദ്ധരി ക്കാൻ ഇടയുണ്ട്.

IX_Malayalam_Combine.indb 107 4/16/2019 12:57:30 PM

ചെറുപ്പക്കാരന്റെ ദു:ഖകാരണമറിഞ്ഞു പ്രഭു ഉറക്കെ പൊട്ടിച്ചിരിച്ചുപോയി.

" നീ എത്ര നല്ല സ്വഭാവഗുണമുള്ളവനാണ്." പ്രഭു ആഹ്ലാദപൂർവ്വം പറഞ്ഞു. അങ്ങനെയുള്ള നിന്നെ ഞാൻ ശിക്ഷിക്കുമെന്നു കരുതിയോ? നിന്റെ സഹാനുഭൂതിയും ക്ഷമയും പരീക്ഷിച്ചറിയാൻ വേണ്ടി മാത്രമാണ് ഞാൻ നിന്നെക്കൊണ്ടു രണ്ടു വർഷം ക്ലേശമായ അടിമവേല ചെയ്യിച്ചത്.സൽവൃത്തിക്ക് എപ്പോഴും നല്ല ഫലമേ കിട്ടൂ.-"

"പക്ഷേ പ്രഭോ, ആ സ്ത്രീ ...." ചെറുപ്പക്കാരൻ.

" ആ സ്ത്രീ തന്നെയാണ് നിന്റെ വധു". പ്രഭു പറഞ്ഞു.

ചെറുപ്പക്കാരൻ അത്ഭുതപ്പട്ടുപോയി. വിരൂപിയെന്നു പറഞ്ഞ ആ യുവതി തന്റെ വധുവോ...?

" എന്റെ മകൾക്ക് കണ്ണില്ലെന്നു ഞാൻ പറഞ്ഞു. ചീത്ത കാര്യങ്ങൾ നോക്കുന്ന കണ്ണവൾക്കില്ലെന്നാണു ഞാൻ പറഞ്ഞത്. കൈയ്യില്ലെന്നു ഞാൻ പറഞ്ഞു. ചീത്തക്കാര്യങ്ങൾ ചെയ്യുന്ന കൈയ്യവൾക്കില്ലെന്നാണു ഞാൻ പറഞ്ഞത്. കാലിലെന്നു പറഞ്ഞു, ചീത്തപ്രവർത്തിയിലേക്കു അവളെ നയിക്കുന്ന കാലില്ലെന്നാണു ഞാൻ പറഞ്ഞത്."

ചെറുപ്പക്കാരന്റെ ആഹ്ലാദത്തിന് അതിരുണ്ടായില്ലെന്നു പറഞ്ഞാൽ കഥ തീർന്നല്ലോ.



IX_Malayalam_Combine.indb 108 4/16/2019 12:57:31 PM

വ്യാകരണം

സന്ധി

സന്ധി എന്ന പദത്തിന്റെ അർത്ഥം പദങ്ങൾ തമ്മിലുള്ള 'ചേർച്ച' എന്നാകുന്നു.താഴെ കൊടുത്ത പദങ്ങൾ ചേർത്തുനോക്കുക.

ഇത്	+	അല്ല	=	ഇതല്ല
ഗതി	+	ഇല്ല	=	ഗതിയില്ല
തല	+	കെട്ട്	=	തലക്കെട്ട്
എൺ	+	നൂറ്	=	എണ്ണൂറ്

ഇതിൽ 'ഇത് + അല്ല' എന്നത് ചേർത്തെഴുതിയപ്പോൾ സംവൃതോകാരം (ു) ലോപിച്ചു. എന്നാൽ 'ഗതി+ ഇല്ല' എന്നത് ചേർത്തെഴുതിയപ്പോൾ ' യ' പുതുതായി കടന്നു വന്നു. അഥവാ ആഗമിച്ചു. 'തല+കെട്ട്' എന്നു ചേർത്തെഴുതിയപ്പോൾ 'ക' കാരം ഇരട്ടിച്ച് 'ക്ക' എന്നായി. 'എൺ + നൂറ്' ത വർഗ്ഗം - 'ന' 'ട' വർഗ്ഗമായി [ണ] ആദേശം ചെയ്യപ്പെട്ടു.
പദങ്ങൾ വെറുതെ ചേർത്തെഴുതുകയല്ലെന്നും അവയ്ക്ക് മാറ്റം ഉണ്ടെന്നുമാണ് ഇവിടെ തെളിയുന്നത്. അതായത് സന്ധി ചെയ്യുമ്പോൾ 'വർണ്ണവികാരം' ഉണ്ടാകുന്നു. ഉച്ചാരണസൗകര്യത്തിനുവേണ്ടിയാണ് പദങ്ങൾ തമ്മിൽ സന്ധി ചെയ്യുന്നത്.

സന്ധി: വർഗ്ഗീകരണം

ലോപസന്ധി

1	വരുന്നു	+	ഏ	=	വരുന്നേ (ഉ)
2	അറിവ്	+	ഉള്ള	=	അറിവുള്ള (ു)
3	പോരാ	+	എങ്കിൽ	=	പോരെങ്കിൽ (ആ)

ഇവിടെ എല്ലായിടത്തും വർണ്ണങ്ങൾക്ക് ലോപം (നഷ്ടം) സംഭവിക്കുന്നുണ്ട്. നഷ്ടപ്പെടുന്ന വർണ്ണങ്ങൾ വലയത്തിനുള്ളിൽ കൊടുത്തിരിക്കുന്നത് നോക്കുക. ഇപ്രകാരം സന്ധിക്കുന്ന വർണ്ണങ്ങളിൽ ഒന്ന് ഇല്ലാതെയാകുന്ന സന്ധിയെ ലോപസന്ധി എന്നു പറയുന്നു.

അലങ്കാരം	:	രൂപകം
വൃത്തം	:	മഞ്ജരി
രചന	:	ആശയവിപുലനം

IX_Malayalam_Combine.indb 109 4/16/2019 12:57:31 PM

ഭാഗം

7

മാറുന്നനാടും മറയുന്ന നാട്ടുകാഴ്ചകളും



പഠനലക്ഷ്യങ്ങൾ

- ക്ഷേത്രങ്ങളിലെ ആഘോഷങ്ങളെക്കുറിച്ച് മനസ്സിലാക്കൽ
- പഴയകാല ആചാരങ്ങൾ അറിയൽ
- ഓണത്തെക്കുറിച്ച് മനസ്സിലാക്കൽ
- സംസ്കാരം-ആചാരം എന്നിവയെ അടുത്തറിയൽ
- ധർമ്മ-സത്യങ്ങളെ അടുത്തറിയൽ

പാഠഭാഗങ്ങൾ

കവിത:	പൂരത്തിനു പോയിട്ട്	-പി.കുഞ്ഞിരാമൻ നായർ
ഗദ്യം:	ഓണം: ഓർമ്മകളായും മറവികളായും	-പി.സുരേന്ദ്രൻ
അധികവായനക്ക്:	വേനൽ പരീക്ഷകൾ (കഥ)	-പി.വത്സല
വ്യാകരണം:	സന്ധി: ആഗമസന്ധി	
രചന:	നിവേദനം	

IX_Malayalam_Combine.indb 110 4/16/2019 12:57:32 PM

കവിത

പൂരത്തിനു പോയിട്ട്

പി.കുഞ്ഞിരാമൻ നായർ

കവിയെ പരിചയപ്പെടാം



പി.കുഞ്ഞിരാമൻ നായർ [1905-1978] കേരളീയപ്രകൃതി സൗന്ദര്യം കവിതകളിലേക്കാവാഹിച്ച കവിയായിരുന്നു പി.കുഞ്ഞിരാമൻ നായർ. പൂർണ്ണമായും ഭാവനയുടെ ലോകത്ത് ജീവിച്ച കുഞ്ഞിരാമൻ നായർ ഒരു നിത്യസഞ്ചാരിയായിരുന്നു. കേരളത്തിന്റെ പച്ചപ്പ്, ആചാരനുഷ്ഠാനങ്ങൾ തുടങ്ങിയവയെല്ലാം ഉൾക്കൊണ്ട കാവ്യജീവിതമായിരുന്നു മഹാകവി പി.യുടേത്. കേരളസാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കളിയച്ഛൻ, പൂക്കളം, താമരത്തോണി, താമരത്തേൻ, സൗന്ദര്യദേവത, രഥോത്സവം, പാടുന്ന മണൽത്തരികൾ തുടങ്ങി നാൽപതോളം കാവ്യഗ്രന്ഥങ്ങളും രംഗമണ്ഡപം, ഉപാസന തുടങ്ങിയ നാടകങ്ങളും കവിയുടെ കാൽപ്പാടുകൾ, നിത്യകന്യകയെത്തേടി, എന്നെ തിരയുന്ന ഞാൻ എന്നീ ആത്മകഥകളും പി.യുടെ പ്രധാന കൃതികളാണ്.

താമരത്തേൻ എന്ന കൃതിയിൽനിന്ന് എടുത്തതാണ് പൂരത്തിന് പോയിട്ട് എന്ന കവിത.

ചങ്ങാതിമാരുമായന്തിമയങ്ങുമ്പോ-
ളെങ്ങുപോയിന്നലെത്തോഴൻ?
താരും,തളിരുമണിയും വെടിക്കെട്ടു-
പൂരത്തിനിന്നലെപ്പോയി.
പഞ്ചാസ്യനേറിയ പൊന്നും കൊടിമരം
തഞ്ചുന്ന കാവുണ്ടകലെ;
കാട്ടുതീ കാളും കരിമലക്കെട്ടുകൾ
നീട്ടിയ കാവുണ്ടകലെ;
പൊന്മണിനാഗങ്ങളാടുന്ന പാലകൾ
പൊങ്ങിയ കാവുണ്ടകലെ.



IX_Malayalam_Combine.indb 111 4/16/2019 12:57:40 PM

നീളുന്നു പൂക്കുമിലഞ്ഞിമലർമണം
മീനച്ചുടുകാറ്റിലെങ്ങും.
കേളീകലരുമക്കാവിൻ മഹോത്സവ-
വേലനാളന്തിക്കു പോയീ.
പൊന്നണീദീപസഹസ്രമണിമാല
മിന്നുമക്കാവിൻ നടുവിൽ,
വാടാതെ വേനൽവറുതിയിൽ ചെന്തളിർ
ചൂടുമരയാലു കാണാം;
ആയിരം പൊൻതിരി നിന്നെരിയുന്നതാ-
'മാലുവിളക്കു'കണക്കെ.
ചന്തമെഴുമാ മഹോത്സവരംഗത്തി-
ലെൻതോഴനെന്തോന്നു കണ്ടു?
നീരദസോപാനമാർഗ്ഗമിറങ്ങിയ
താരാസഹസ്രം കണക്കെ
അമ്പിൻ നിലാവിലുലഞ്ഞാടി നിൽക്കുന്നൊ-
രാമ്പലപ്പൊയ്ക കണക്കെ
വിങ്ങുമൂഷ്മാവിലിരുളും വെളിച്ചവും
നീങ്ങുന്ന പൂരപ്പറമ്പിൽ
തൂവെൺമയിൽനിന്നു പൂത്ത പുരുഷാര-
മെങ്ങും നിരന്നതു കണ്ടു.
പൊന്നും വിഷുക്കണിവെച്ചു തിളങ്ങുന്ന
കൊന്നമലർക്കുലപോലെ
ആൽത്തറതോറുമാ മഞ്ഞവരക്കുറി
ചാർത്തിയ മങ്കമാർ നിന്നു.
ആർത്തുതിമർത്തങ്ങു മാലപ്പടക്കങ്ങ-
ളൊത്തു പുളപ്പു കിടാങ്ങൾ



IX_Malayalam_Combine.indb 112 4/16/2019 12:57:41 PM

അഭ്യാസം

I. പുതിയപദങ്ങൾ

താര്, നാഗം, സഹസ്രം, സോപാനം, ഉണ്മ, മർത്യൻ, പാര്

II. ശരിയായ ഉത്തരമെഴുതുക

1. തോഴൻ അന്തിമയങ്ങിയപ്പോൾ എങ്ങോട്ടാണ് പോയത്?

   (അ) പൂരത്തിന്

   (ആ) ചന്തയിൽ

   (ഇ) വീട്ടിലേക്ക്

   (ഈ) നഗരത്തിലേക്ക്

2. എന്തിലാണ് നാഗങ്ങൾ ആടുന്നത്

   (അ) അമ്പലത്തിൽ

   (ആ) കൊടിമരത്തിൽ

   (ഇ) പാലമരത്തിൽ

   (ഈ) നാഗക്കളത്തിൽ

3. ആലുവിളക്കിൽ എത്ര തിരികളാണ് എരിയുന്നത്?

   (അ) നൂറ്

   (ആ)ആയിരം

   (ഇ)പതിനായിരം

   (ഈ) ഏഴ്

III. ചുരുക്കി ഉത്തരമെഴുതുക

1. പൂരത്തിനു പോയ തോഴൻ കണ്ട കാഴ്ചകൾ ഏവ?
2. തോഴൻ പൂരപ്പറമ്പിൽ എന്തെല്ലാമാണ് ചെയ്തത്?
3. പൂരക്കാഴ്ചകൾ ചുരുക്കി വിവരിക്കുക?

IX_Malayalam_Combine.indb 113 4/16/2019 12:57:41 PM

ഗദ്യം

ഓണം: ഓർമ്മകളായും മറവികളായും

പി.സുരേന്ദ്രൻ



പി.സുരേന്ദ്രൻ [1961 -]: അദ്ധ്യാപകനും കഥാകൃത്തുമായ പി.സുരേന്ദ്രൻ മഞ്ചേരിക്കടുത്ത് പാപ്പിനിപ്പാറയിൽ ജനിച്ചു. അങ്കണം അവാർഡ്, ഓടക്കുഴൽ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, കേരള ലളിതകലാ അക്കാദമി അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. പിരിയൻ ഗോവണി, അഭയാർത്ഥികളുടെ പൂന്തോട്ടം, പുരുഷൻ, ക്രമേണ, കഥയും മതം, ആത്മീയത, വിമോചനം(ലേഖന സമാഹാരം) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ.

പത്ത്നാൽപ്പതു വർഷം മുമ്പ് താൻ ജനിച്ചു വളർന്ന ഏറനാടൻ ഗ്രാമത്തെക്കുറിച്ചും-ഗ്രാമജീവിതത്തെക്കുറിച്ചുള്ള ചില ധാരണകളും, നിരീക്ഷണങ്ങളും പ്രതിപാദിക്കുന്ന പി. സുരേന്ദ്രന്റെ 'മലയാളപ്പച്ച' എന്ന ലേഖന പരമ്പരയിൽ നിന്നും എടുത്ത ഒരു ഭാഗമാണ് ഈ പാഠഭാഗം.

കർക്കടകത്തിലെ പെരുമഴകൾ കഴുകിയെടുത്ത മണ്ണിലെ ചിങ്ങപ്പിറവികളിൽ നിന്നാണ് ഓണത്തെക്കുറിച്ചുള്ള ഓർമ്മകൾ ആരംഭിക്കുന്നത്.

ഏറനാട്ടിലെ മഴ ഗംഭീരമായിരുന്നു. അത്രക്കു തീവ്രമായി പിന്നീടൊരിക്കലും ഞാൻ മഴ അനുഭവിച്ചിട്ടുമില്ല. കുന്നുകളാൽ ചുറ്റപ്പെട്ടതായിരുന്നു ഏറനാട്ടിലെ എന്റെ ജന്മദേശം. കുന്നിൽമുകളിൽ നിന്ന് കുത്തി ഒഴുകി വരുന്ന വെള്ളത്തിൽ പാടവും തോടും ഒന്നായിത്തീരും. ആഴ്ച്ചകളോളം സൂര്യവെളിച്ചം അപ്രത്യക്ഷമാവും. മഴ തന്നെ മഴ. എങ്കിലും ആ മഴയെ ഞങ്ങളാരും വെറുത്തിരുന്നില്ല. ഭയന്നിട്ടുമില്ല. പ്രകൃതി സമ്മാനിക്കുന്ന കളിപ്പാട്ടങ്ങൾ മാത്രം മോഹിക്കാനുണ്ടായിരുന്ന കാലത്ത് മഴയും ഒരുപാടു കളിപ്പാട്ടങ്ങൾ സമ്മാനിച്ചിട്ടുണ്ട്. ജലത്തിൽ നിന്ന് കിട്ടുന്നതും വെള്ളം വറ്റുമ്പോൾ അപ്രത്യക്ഷമാവുന്നതുമായ കളിപ്പാട്ടങ്ങൾ, ആ കളിപ്പാട്ടങ്ങൾ നഷ്ടപ്പെട്ടാലും മറ്റു ചിലതിനെ വെയിൽ കൊണ്ടുവന്നുതരും.

മഴപെയ്യുന്ന വേളകളിൽ ചെടികളിൽ വല്ലാത്ത ഭാരം കയറ്റിവെക്കപ്പെടുന്നുണ്ട്. ഇലകൾക്കും മ്ലാനതയാണപ്പോൾ. മൂടിക്കെട്ടിയ പച്ചിലമുഖത്തിന് ഒരു തരം കറുപ്പ്. ആ മ്ലാനതയെ മാറ്റി ഇലകളെ ചിരിപ്പിക്കാനും ജ്വലിപ്പിക്കാനും ചിങ്ങത്തിലെ വെയിലുതന്നെ വേണം.തെളിഞ്ഞ പച്ചയിൽ അതോടെ നിറങ്ങൾ മൊട്ടിട്ടു തുടങ്ങുകയായി. കൊടുംമഴകൾക്കു ശേഷമുള്ള വെയിലിനു മാസ്മരത്വം ഏറും.

IX_Malayalam_Combine.indb 114 4/16/2019 12:57:41 PM



വീട്ടിൽ പൂന്തോട്ടമൊന്നുമില്ലായിരുന്നു.കുന്നുകളൊക്കെയും പൂന്തോട്ട മായിരുന്ന കാലത്ത് വീട്ടുമുറ്റത്തു മാത്രമായി അതെന്തിന്!കുന്നിൻചെരിവിലെ പൂക്കൾക്ക് അപാരമായ വൈവിധ്യമുണ്ടായിരുന്നു.

നിറത്തിൽ

ഗന്ധത്തിൽ

വലിപ്പത്തിൽ

എങ്കിലും അവയിൽ കുറച്ചെണ്ണത്തിനു മാത്രമേ ശരിക്കും പേരുകൾ ഉണ്ടായിരുന്നുള്ളു.അവ യൊക്കെ സസ്യശാസ്ത്രത്തിലെ പേരുകൾ ആവണമെന്നുമില്ല. ആകൃതിക്കും നിറത്തിനും ഗന്ധത്തിനും അനുസരിച്ചു ചാർത്തിക്കൊടുത്ത നാട്ടു പേരുകൾ. പേരില്ലാത്തവക്കു ഞങ്ങൾ തന്നെ പേരിട്ടു. എല്ലായ്പ്പോഴും ഒരു പേര് തന്നെ ആവണമെന്നില്ല. പൂക്കളുടെ പേരിനെച്ചൊല്ലി എത്ര തർക്കിച്ചിരുന്നു ഞങ്ങൾ!

കുന്നിൻ പുറത്ത് ഇല്ലാത്ത ചിലത് പുരയിടത്തിന്റെ അതിരിലുണ്ടാവും. ചെമ്പരത്തിയോ?

നന്ത്യാർവട്ടമോ?

ചിങ്ങവെയിലിലേക്ക് ആദ്യം പിറന്നു വീഴുന്ന പൂ ഏതായിരുന്നു?

കാശിത്തുമ്പ?

കണ്ണാന്തള്ളി?

കൃഷ്ണകിരീടം?

IX_Malayalam_Combine.indb 115 4/16/2019 12:57:42 PM

അറിഞ്ഞുകൂടാ. പാറകൾക്കിടയിലൂടെ ഇടവഴിയിലേക്കു തലനീട്ടി ഏതോ ഒരു പൂവ് പറയുന്നു.

'ഓണം അടുത്തെത്തീലോ'

കുട ചുരുക്കി ആകാശത്തേക്കു നോക്കുമ്പോൾ സൂര്യവെളിച്ചം കണ്ണിൽ കൊള്ളുന്നു.ചിരി വരും അപ്പോൾ. സൂര്യന്റെ ചൂടേൽക്കുന്നതോടെ കാലത്തിനു വേഗത കൂടുകയായി.

കർക്കിടകത്തിന്റേത് കൂറ്റൻ ഇരുമ്പു ചക്രങ്ങളിൽ ഇരുളുന്ന റോഡിന്റെ സമയമാണ്.ഇ ഴഞ്ഞ സഞ്ചാരം മഴയുടെ തീരാത്ത പയ്യ്യാരം പറച്ചിൽ! എന്റെയൊക്കെ കുട്ടിക്കാലത്തും കർക്കിടകം പഞ്ഞമാസം തന്നെയായിരുന്നു.എന്നാലും മഴയെ നോക്കിയുള്ള ഇരുത്തം രസ മായിരുന്നു. ഭക്ഷണത്തിനു യാതൊരു വൈവിധ്യവും ഉണ്ടാവില്ല. അതിനാൽ വീട്ടകങ്ങളിൽ വാഴനാരിന്റെ കുരുക്കിൽ തൂങ്ങിയാടുന്ന വെള്ളരിക്കകളെ ഞങ്ങൾ കുട്ടികൾ കൊഞ്ഞനം കുത്തുമായിരുന്നു.

'കെട്ട്പൊയ്ക്കൂടെ നിങ്ങൾക്ക്?'

ശപിച്ചിട്ട് കാര്യമൊന്നുമില്ല.

മലിനമാകാത്ത മണ്ണിൽ നിന്നു വരുന്ന അവ മാസങ്ങളോളം കേടുവരാതിരിക്കും.അവ മോ രിനും വാളൻ പുളിക്കും ഒരുപോലെ പാകം. ചിങ്ങം പിറന്നാൽ പിന്നെ ഭക്ഷണത്തിനു കുറേശ്ശെ വൈവിധ്യങ്ങളായി. മാസങ്ങളായി മറന്നു കിടക്കുന്ന രുചികളെ ഒന്നൊന്നായി ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു.

ചിങ്ങവെയിലുകൾ കാലത്തിന്റെ വേഗം വർദ്ധിപ്പിക്കുന്നതോടെ എത്ര പെട്ടെന്നായി രിക്കും അത്തം വരുന്നത്?. പെരുമഴയുടെ വരവോടെ അകന്നുപോയ കളിക്കൂട്ടങ്ങൾ വെയി ലിലേക്ക് ഒത്തുചേരുകയായി.പൂവിളികൾ ഒന്നൊന്നായി കുന്നിൻ മുകളിലേക്ക് കയറിപ്പോ വുകയായി.പൊന്തകൾക്കിടയിലൂടെ വെള്ളമൊഴുകി അൽപ്പം വഴുക്കലുള്ള ചാലുകളാണ് നടവഴി. മേടത്തിലെ അവസാന കശുമാങ്ങയും വീണുകഴിയുമ്പോൾ ഞങ്ങൾ ഉപേക്ഷിച്ചു പോന്ന കുന്നുകളിലേക്ക് വീണ്ടും ചെല്ലുന്നത് ചിങ്ങത്തിലായിരിക്കും. കുന്നിലെമ്പാടും കശു മാവുകളുണ്ടായിരുന്നു.

തെളിഞ്ഞ ആകാശത്തിനു കീഴിൽ പർവ്വതനിരകൾ വ്യക്തമായിക്കിട്ടും. ആ മലനി രകളാണ് ദൂരം എന്ന അത്ഭുതം കൊണ്ട് ഞങ്ങളെ മോഹിപ്പിച്ചിരുന്നത്. ഏറ്റവും അടുത്ത് കാണുന്നത് പന്തല്ലൂർമല. ആ മലക്കു തുടർച്ചകൾ ഇല്ലായിരുന്നു. ഒറ്റക്കു വലിയൊരു പീഠം വെച്ചപോലെ.

പൂവിളികൾ ഓണക്കാലം അനുവദിച്ചു തരുന്ന സ്വതന്ത്ര്യസംഗീതമാണ്. സന്ധ്യ ചായുംവരെയും കുന്നുകളിൽ അലഞ്ഞു നടക്കാം. പ്രഭാതത്തിൽ പൂക്കളം മെഴുകാനുള്ളത് തലേന്നു തന്നെ ശേഖരിച്ചു വെക്കലായിരുന്നു രീതി. സൗമ്യമായ കാലാവസ്ഥയിൽ പറിച്ചെ ടുക്കുന്ന പൂക്കൾക്ക് യാതൊരു കേടും പറ്റിയിരുന്നില്ല.

മുറ്റത്തു കളമെഴുകാനായി പൂക്കൾ പറിച്ചെടുക്കുമ്പോൾ ചില വിലക്കുകൾ ഉണ്ടായി രുന്നു. ചില പൂക്കൾ കൊണ്ട് കളം തീർത്തു കൂടാ എന്നുണ്ട്. ശവംനാറിപ്പൂവ് അതിൽപ്പെടും.

IX_Malayalam_Combine.indb 116 4/16/2019 12:57:42 PM



പാടലവർണ്ണമാർന്ന ശവംനാറിപ്പൂക്കൾക്ക് വളരെ സൗമ്യതയുണ്ടായിരുന്നു. പക്ഷേ സൗമ്യത ക്ക് പൂക്കളത്തിൽ സ്ഥാനമില്ല.

മരവാഴവർഗ്ഗത്തിൽപ്പെട്ട ചില പൂക്കളുണ്ട്. തീജ്വാല പോലുള്ളത്. കടും വർണ്ണത്തിൽ അത്തരം പൂക്കൾക്കുമേൽ എപ്പോഴും ഈച്ചകൾ പാറിക്കളിക്കും. തേനീച്ചകളല്ല, അഴുകിയ മാംസത്തിന്റെ ഗന്ധത്തിലേക്കു വരുന്ന മണിയനീച്ചകൾ. ആ പൂക്കളെ ഭ്രന്തൻപൂക്കളെന്നു വിളിച്ചു. അവയെ തൊട്ടാൽ ഭ്രാന്തു വരുമെന്നു പേടിച്ചു. ഇത്തരം വിശ്വാസങ്ങളുടെ അടി ത്തറ എന്തായിരുന്നു? അറിഞ്ഞുകൂടാ, വിശ്വസിച്ചിരുന്നു എന്നു മാത്രം.

കുട്ടികളൊക്കെ ഇപ്പോൾ ഏറെ മാറിപ്പോയി, പതിനഞ്ചു പൂവിന്റെ പേരെഴുതാൻ ഒരിക്കൽ കുട്ടികളോടു പറഞ്ഞുനോക്കി. അഞ്ചെണ്ണത്തിനപ്പുറം പോയില്ല. പ്രാസമൊപ്പിച്ചു കുറെ ഇംഗ്ലീഷ് പേരുകൾ.

'ഈ ഇംഗ്ലീഷ് പൂക്കളൊക്കെ വീട്ടിലുണ്ടോ?'

'ഇല്ല സാർ'

'കണ്ടിട്ടുണ്ടോ?'

'ഉണ്ട് സാർ, ടീവിയിൽ കണ്ടിട്ടുണ്ട് സാർ'

പ്രകൃതിയുടെ സമസ്തഭാവങ്ങളും ഇപ്പോൾ ഐ.റ്റി. യുഗത്തിന്റെ സ്ക്രീനിലൂടെ മിന്നി മായുകയാണ്. അതിനാൽ പൂക്കളം വെറുമൊരു ആശയമായി മാറുന്നു. അതിനാൽ ആർക്കും അതിനെ തൊടണമെന്നില്ല. മണക്കണമെന്നില്ല.

നമ്മുടെ ഐ.റ്റി. സംസ്കാരം പ്രാന്തവൽക്കരിച്ചുകളഞ്ഞ ലോകത്തിൽ വംശനാശം സംഭവിച്ച എത്ര പൂക്കൾ ഉണ്ടായിരിക്കും? എത്ര സസ്യങ്ങൾ എന്നാണല്ലോ ചോദിക്കേണ്ടത് അല്ലേ? ഇതിന്റെ ഉത്തരം സസ്യശാസ്ത്രജ്ഞർ കണ്ടുപിടിക്കട്ടെ. ശാസ്ത്രീയവിജ്ഞാ

IX_Malayalam_Combine.indb 117 4/16/2019 12:57:42 PM



നങ്ങളും വിസ്ഫോടനങ്ങളുമൊക്കെ പ്രകൃതിയെ പരിരക്ഷിക്കുവാനും സർഗ്ഗാത്മകമായി നിയന്ത്രിക്കാനുമുള്ള ഉപാധികൾ മാത്രമാവേണ്ടതാണ്. പ്രകൃതി നൽകുന്ന വരദാനങ്ങൾക്കപ്പുറത്ത് ആത്മീയമോ ഭൗതികമോ ആയ യാതൊരു നിലനിൽപ്പും ജീവികുലത്തിനില്ല.

ജീവിതരീതിയും ചിന്താരീതിയും മാത്രമല്ല മാറിയത്. മനുഷ്യന്റെ ഘടന തന്നെ മാറുന്നു. മനുഷ്യന്റെ മാറ്റത്തെ പ്രകൃതിയും തിരിച്ചറിയുന്നുണ്ട്. കുട്ടികൾ പൂക്കളെ പരിഗണിക്കാതിരിക്കുമ്പോൾ അവയും സങ്കടത്തോടെ പിൻവാങ്ങുന്നുണ്ടാവാം. കുട്ടികളെ ആട്ടിയകറ്റിയതോടെ വസന്തം വരാതായ പൂന്തോട്ടത്തെകുറിച്ച് ഒരു കഥയില്ലേ? കുട്ടികളെ ആട്ടിയകറ്റിയ രാക്ഷന്റെ കഥ? ഇവിടെ ആട്ടിയിറക്കപ്പെടലില്ല.പൂന്തോട്ടങ്ങളെ കുട്ടികൾ താനേ ഉപേക്ഷിക്കുകാണ്. ഐ.റ്റി എന്ന രാക്ഷസന്റെ വായിലേക്കു നടന്നു പോവുകയാണ്. ആ വായിലെ മായക്കാഴ്ചകൾക്ക് അത്രക്ക് ആകർഷകത്വമുണ്ട്. പേപ്പറില്ലാത്ത ഒരു കാലം തീർച്ചയായും ശാസ്ത്രത്തിന്റെ കാവ്യാത്മകമായ സാക്ഷാത്കാരം തന്നെയാണ്. സമ്മതിക്കുന്നു. അതിൽ നിന്നുണ്ടാകുന്ന ഒരു വികസനസംസ്കാരത്തിന്റെ പേരിൽ പ്രകൃതി അപായകരമായ മലിനീകരണത്തിൽ നിന്നു മുക്തമാവേണ്ടതാണ്. പക്ഷേ ഒന്നും സംഭവിക്കുന്നില്ല. അദ്ധ്വാനഭാരം ലഘൂകരിക്കപ്പെടുന്തോറും ഒഴിവുസമയം കൂടിവരുന്നു. എന്നാൽ ഒരു മരത്തിനു കീഴിൽ ധ്യാനിച്ചിരിക്കാൻ പൂമ്പാറ്റയേയും പറവകളെയും ആകാശത്തേയും നോക്കി, നോക്കിയിരിക്കാൻ ആർക്കുമില്ല നേരം. ആ നേരം കൂടി തിന്നും കുടിച്ചും ഭോഗിച്ചും ആത്മീയ ശൂന്യതയിലേക്ക് എടുത്തെറിയപ്പെടുന്ന മനുഷ്യർ ഉണ്ടാക്കുന്ന മുറിവുകൾ പ്രകൃതിയിൽ വർദ്ധിച്ചുവരികയാണ്. എങ്കിൽ ഈ വികസനസംസ്കാരം എന്തിനെന്നു ചോദിച്ചു പോകുന്നു.

IX_Malayalam_Combine.indb 118 4/16/2019 12:57:43 PM

അഭ്യാസം

I. പദപരിചയം

തീവ്രം, അപ്രത്യക്ഷം, മ്ലാനത, ജ്വലിക്കുക, വൈവിധ്യം, എമ്പാടും, സൗമ്യത, പ്രാന്തവൽക്കരിക്കുക, സർഗ്ഗാത്മകം, നിഷിധം

II. വിപരീതപദം

പ്രത്യക്ഷം, കറുപ്പ്, ആധുനികം, അല്പം, പ്രഭാതം, സുഗന്ധം, കാരണം

III. വാക്യത്തിൽ പ്രയോഗിക്കുക

ഉപാധി, ശാസ്ത്രീയം, ആകർഷണം, ആഘോഷം

IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഓണം ഏതു മാസമാണ് ആഘോഷിക്കുന്നത്?

   അ. കർക്കിടകം ആ. ചിങ്ങം ഇ. മേടം ഈ. മിഥുനം

2. പഞ്ഞമാസമായി കണക്കാക്കുന്നത് ഏതു മാസമാണ്?

   അ. മിഥുനം ആ. ഇടവം ഇ. കർക്കിടകം ഈ. കന്നി

3. അത്തംമുതൽ എത്ര ദിവസമാണ് ആഘോഷം?

   അ. പത്ത് ആ. ഏഴ് ഇ. പന്ത്രണ്ട് ഈ. എട്ട്

4. ഐ.റ്റി. സംസ്കാരം വന്നതോടുകൂടി കുട്ടികൾ ഉപേക്ഷിക്കുന്നതെന്ത്?

   അ. പറവകൾ ആ. പൂക്കൾ ഇ. പൂമ്പാറ്റകൾ ഈ. വൃക്ഷങ്ങൾ

V. ഉത്തരമെഴുതുക

1. ഏറനാട്ടിലെ മഴയെക്കുറിച്ച് എഴുതുക?
2. ചിങ്ങമാസത്തിൽ പ്രകൃതിക്കുണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം?
3. ചിങ്ങമാസത്തിൽ പിറന്നുവീഴുന്ന പൂക്കൾ ഏതെല്ലാം?
4. ഐ.റ്റി. സംസ്കാരം വന്നതോടെ കുട്ടികളിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാം?

പ്രവർത്തനം

ഓണത്തെക്കുറിച്ചുള്ള ഐതിഹ്യത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക

IX_Malayalam_Combine.indb 119 4/16/2019 12:57:43 PM

അധികവായനക്ക്

വേനൽ പരീക്ഷകൾ

കഥ

പി.വത്സല



പി.വത്സല [1938-]: പ്രശസ്ത കഥാകൃത്തും നോവലിസ്റ്റുമായ വത്സല കോഴിക്കോട്ട് ജനിച്ചു.ഗവ. ട്രൈനിംഗ് സ്കൂളിൽ പ്രധാന അധ്യാപികയായിരുന്നു കേരളസാഹിത്യ അക്കാദമി പ്രസിഡണ്ട് ആയിരുന്നു. പത്മപ്രഭ പുരസ്കാരം, മുട്ടത്തു വർക്കി പുരസ്കാരം, കേരളസാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. നെല്ല്, കൂമൻകൊല്ലി, നിഴലുറങ്ങുന്ന വഴികൾ (നോവലുകൾ), എന്റെ പ്രിയപ്പെട്ട കഥകൾ, ഗൗതമൻ, മൈഥിലിയുടെ മകൾ, അശോകനും അയാളും (കഥകൾ) എന്നിവയാണ് പ്രധാന കൃതികൾ. അശോകനും അയാളും എന്ന സമാഹാരത്തിൽ നിന്നുമെടുത്തിട്ടുള്ള കഥയാണ്. 'വേനൽ പരീക്ഷകൾ'

ചുട്ടുപൊള്ളുന്ന സിമന്റ് പടികൾ കുറേശ്ശേ തണുക്കാൻ തുടങ്ങി. കുട്ടി നിൽപ്പ് മതിയാക്കി മുൻവശത്തെ പടികളിലൊന്നിൽ ഇരുന്നു. ഉടുപ്പും പോയവർഷത്തെ പാഠപുസ്തകങ്ങളും മുടികൊഴിഞ്ഞുപോയ ഒരു പാവക്കുട്ടിയെയും നിറച്ച പുസ്തകസഞ്ചി അവളുടെ അടുത്ത് കാത്തിരുന്നു. അമ്മ വരേണ്ട സമയം കഴിഞ്ഞിരുന്നു. അവസാനത്തെ പരീക്ഷയുടെ അന്ന് ഉച്ചതിരിയുംമുമ്പ് അമ്മ ഹോസ്റ്റലിൽ എത്തുമായിരുന്നു.എല്ലാ കുട്ടികളും അവരുടെ മാതാപിതാക്കളുടെ വിരലിൽ തൂങ്ങി പടിയിറങ്ങി പോകുന്നത് കുട്ടി നോക്കിയിരുന്നു. ആദ്യം ഒരുങ്ങിയത് അവളാണ്. പരീക്ഷ എഴുതാൻ ക്ലാസ്റൂമിലേക്കു പോകും മുമ്പ് സഞ്ചിയിൽ അവളുടെ സമ്പത്തെല്ലാം അവൾ ഒരുക്കിവെച്ചു. പേന പുറത്തെ പോക്കറ്റിൽ. പരീക്ഷാ ഹാളിൽനിന്ന് ഒരു കുതിപ്പ്. ആദ്യം ഹോസ്റ്റലിനകത്തു കയറിയതും ബാഗുമായി പുറത്തുകടന്നതും പൂമുഖത്തെ ചവിട്ടുപടിയിൽ നിലയുറപ്പിച്ചതും അവളാണ്. വീതികൂടിയ ചവിട്ടുപടികൾ ഇറങ്ങി അവളുടെ ഇരുവശത്തൂടെയും അച്ഛനമ്മമാരും കുട്ടികളും ഇറങ്ങിപ്പോയി. കൂടെപ്പഠിക്കുന്ന സരിത അവളെ ചൂണ്ടിക്കാണിച്ചിട്ട് തന്റെ അമ്മയോടു പറഞ്ഞു, 'ഈ നിക്ക്ണത് അനൂപ. അവൾടെ അമ്മ എന്നും നേരത്തേ വരാറുള്ളതാണ്'.

സരിതയുടെ അമ്മ കുട്ടിയെ ഒന്നു തിരിഞ്ഞുനോക്കിയതേ ഇല്ല.

ബോഗൻവില്ല തഴച്ചു നില്ക്കുന്ന ഗേറ്റിലൂടെ അവർ പുറത്തേക്കൊഴുകി. ആരും അകത്തേക്കു വരുന്നില്ല. ഇപ്പോൾ സിമന്റുപടികൾ കുറേകൂടി തണുത്തു. ഒരു ആർദ്രമായ കാറ്റ് ഒഴുകിയെത്തി കുട്ടിയെ വാരിപ്പുണർന്നു. കാറ്റിൽ അമ്മയുടെ പുടവയുടെ മണം പിടിച്ചെടുക്കാൻ അവൾ ശ്രമിച്ചു. വരണ്ട മണ്ണിന്റെ മണം മാത്രം. ഈയിടെ അമ്മയുടെ പുടവയ്ക്ക് ഏതോ ഒരു അസാധാരണ പരിമളം ഉണ്ടെന്ന് അവളോർത്തു. പഴയസാരിക്കു പകരം ഒരു പുതിയ നീല സാരിയും ചുമന്ന ബ്ലൗസും ധരിച്ചാണ് അമ്മ അരക്കൊല്ലപ്പരീക്ഷയുടെ അവസാനദിവസം അവളെ വീട്ടിലേക്കു കൊണ്ടുപോകാൻ

IX_Malayalam_Combine.indb 120 4/16/2019 12:57:43 PM

വന്നത്. അവൾ വിസ്മയിച്ചു. ആനന്ദിച്ചു. നല്ല സാരി ചുറ്റിയപ്പോൾ മറ്റെല്ലാവരുടെയും അമ്മ മാരെക്കാൾ സുന്ദരിയായിരുന്നു അവളുടെ അമ്മ. മൂക്കിൽ ചുവന്ന മൂക്കുത്തി. കഴുത്തിൽ ചു വപ്പും സ്വർണ്ണനിറവുമുള്ള മണികൾ കോർത്ത ഒരു മാല. ഇത്ര കാലവും അമ്മ ഇതൊന്നും ധരിക്കാതിരുന്നതെന്തേ? മറ്റുള്ളവരുടെ അമ്മമാരെപ്പോലെ, തന്റെ അമ്മയും ഉടുത്തൊരുങ്ങി വരാൻ തുടങ്ങിയതിൽ അവൾ അഭിമാനിച്ചു. സരിതയുടെ മുമ്പിൽ ചെന്നു നിന്നു പറയണം.

'ഇതാ എന്റെ അമ്മ വന്നിരിക്കുന്നു.ഞാൻ പോകട്ടെ, കുട്ടീ?'

അതിനു മുമ്പേ സരിത അവളുടെ അമ്മയുടെ കൂടെ ചിരിച്ചു തിമിർത്തു പരീക്ഷ കഴിഞ്ഞ സന്തോഷത്തോടെ ഓടിപ്പോയി.

ഇപ്പോൾ വിശാലമായ മുറ്റം വിജനമായിരിക്കുന്നു. തോട്ടക്കാരൻ ചെടികൾ നനയ്ക്കുന്നു. സിസ്റ്റർ വാർഡൻ ആപ്പീസുമുറിയിൽ നിന്നു വരാന്തയിറങ്ങി നിന്നു നീരസത്തോടെ ചോദി ക്കുന്നു: 'നിന്റെ മമ്മി ഇനിയും വന്നിട്ടില്ല അല്ലെ?' അവൾ എന്തോ കുറ്റം ചെയ്ത ഭാവമാണ് സിസ്റ്ററുടെ സ്വരത്തിൽ.ഗേറ്റിനരികിലേക്കു നോക്കി അവർ പറഞ്ഞു:

'നിന്റമ്മയ്ക്ക് നിന്നെ വേണ്ടായിരിക്കും.'

കുട്ടി നടുങ്ങി. ഹോസ്റ്റൽ കെട്ടിടത്തിന്റെ അകവും പുറവും നിറഞ്ഞുനിന്ന ഏകാ ന്തത അവളെ പേടിപ്പെടുത്തി. ചെകിടു കേൾക്കാനരുതാത്ത തോട്ടക്കാരൻ തൊമ്മി മാത്ര മാകും തന്റെ കൂട്ടിന് എന്ന ചിന്ത അവളെ ആകുലയാക്കി.

ആപ്പീസുമുറിയിലെ മേശ ഒതുക്കിവച്ച് സിസ്റ്റർ കതകടച്ചു പൂട്ടുകയാണ്. അവർ നീര സത്തോടെ തോട്ടക്കാരനോടു വിളിച്ചു പറഞ്ഞു,'തൊമ്മീ അനൂപ ഇവുടെ നിപ്പുണ്ട്. അവൾ ടെ അമ്മ ഇപ്പഴ് വരും'

തോട്ടക്കാരൻ തിരിഞ്ഞു നോക്കാതെ തലയാട്ടി. ജപമണികളുടെ കിലുക്കം അകന്നകന്നു പോയി. അടച്ചിട്ട കതകിനു മുമ്പിൽ ഭൂമിയിലേക്കിറങ്ങിപ്പോകുന്ന പടികൾക്കു മീതെ അനൂപ എന്ന കുട്ടി കാത്തിരിപ്പ് തുടർന്നു.

നന കഴിഞ്ഞ് ഉണങ്ങിയ പൂക്കളിൽ നിന്ന് ഏതാനും വിത്തുകൾ ശേഖരിച്ച് തൊമ്മി ഗേറ്റിനടുത്തേക്കു നടന്നു. കുട്ടിക്ക് സമാധാനമായി. അയാളോട് ഒരക്ഷരം നേർക്കുനേരെ പറയാനൊക്കില്ല. നിശ്ശബ്ദനായ അയാൾ തോട്ടത്തിൽ പണിയെടുത്തു നിൽക്കുമ്പോൾ, പഴ യ രാക്ഷസന്റെ കഥയാണ് അവൾക്ക് ഓർമ്മ വരിക. ഒരു പൂ തൊടാനോ, ഒരു പൂമ്പാറ്റയുടെ പുറകെ തോട്ടത്തിലൂടെ ഓടാനോ അയാൾ അനുവദിക്കില്ല. സൂര്യന്റെ ഇതളുകൾ പോലുള്ള പൂവുകൾ കാറ്റിൽ തലയാട്ടി അവളെ വിളിച്ചു. കുട്ടി തോട്ടത്തിലിറങ്ങി. പൂവിത്തുകൾ നുള്ളി യെടുത്തു സ്കർട്ടിന്റെ പോക്കറ്റിലിട്ടു. ഗ്രാമത്തിൽ കുഴൽ വെള്ളം എത്തീട്ടുണ്ട്. വീട്ടിന്റെ മുറ്റത്ത് ഒരു കൊച്ചു പൂന്തോട്ടം ഉണ്ടാക്കുന്നതിനെ പറ്റി അമ്മ പറഞ്ഞിരുന്നു.

നാലുതരം ചെടികളുടെ വിത്തുകൾ ശേഖരിച്ചു കഴിഞ്ഞപ്പോൾ അവൾക്ക് അമ്മയെ ക്കാണാൻ തിടുക്കമായി. പൊതുവഴിയിലേക്കുള്ള പടിവാതിൽ തുറന്നു കിടന്നു. തൊമ്മി കൂട്ടുകാരനുമായി ഉറക്കെയുറക്കെ സംസാരിക്കുകയാണ്. അപ്പോഴും പുറത്തേക്കുള്ള വഴി ശൂന്യം. അമ്മ വരാത്തതെന്ത്?

IX_Malayalam_Combine.indb 121 4/16/2019 12:57:43 PM

സിമന്റുപടികൾ തീർത്തും തണുത്തു. നാട്ടിപ്പണി കഴിഞ്ഞു വൈകുന്നേരം വീടെത്താറുള്ള അമ്മയുടെ കൈകൾ പോലെ. അവൾ ഉള്ളംകൈകൾ പരത്തി പടികളിൽ ഊന്നി.

പുറത്ത് വാഹനങ്ങൾ ഇരമ്പിപ്പായുന്നു. പൂമ്പാറ്റകൾ വീടുകളിലേക്കു പോയ്ക്കഴിഞ്ഞു. ഒരേയൊരു വണ്ടുമാത്രം പരുത്ത ശബ്ദത്തിൽ മൂളിമൂളി ചെടികൾക്കിടയിലൂടെ പറന്നു കളിക്കുന്നു.

കെട്ടിടത്തിന്റെ അടഞ്ഞുകിടക്കുന്ന ജാലകങ്ങൾ അവളെ പൂർവ്വാധികം ഭയപ്പെടുത്തി. വലിയ പോർച്ച് വാ പിളർത്തി വിഴുങ്ങാനായുന്നു.

അവൾ ഭാരിച്ച ബാഗ് തൂക്കി ചുമലിലൂടെ പുറത്തേക്കിട്ട് അതിവേഗം ഗേറ്റിലേക്കു കുതിച്ചു. ഭാരത്തിന്റെ കിതപ്പ് അവളെ ശ്വാസം മുട്ടിച്ചു.

അപ്പോഴും കൂട്ടുകാരനുമായി വെടിപറഞ്ഞു നിൽക്കുന്ന തൊമ്മി ചോദിച്ചു:'അവസാനം നിന്റെ തള്ളേം വന്നു, അല്ലേ?'

അയാൾ തിരിഞ്ഞു നോക്കിയില്ല.

തലങ്ങും വിലങ്ങും ഓടിപ്പോകുന്ന വാഹനങ്ങളുടെ ഒഴുക്കു നോക്കി കുട്ടി അന്തിച്ചു നിന്നു.ബസ്റ്റാന്റിലേക്കുള്ള വഴിയിലൂടെ അവൾ നടന്നു. ഒരു സൈക്കിളിന്റെ ഹാന്റ് ലിൽ കൊളുത്തി അവളുടെ മുടിക്കെട്ടിന്റെ റിബ്ബൺ അഴിഞ്ഞുപോയി.

സ്റ്റാന്റിൽ അവളുടെ ഗ്രാമത്തിലേക്കുള്ള ബസ് വന്നണയുന്ന ദിക്കിൽ അനൂപ കാത്തു നിന്നു. പെട്ടെന്ന് ആകാശത്തിന്റെ ചെരിവുകൾ കറക്കുകയും തീപ്പറത്തുന്ന ഒരു നോട്ടം അവളെ ഭീതയാക്കുകയും ചെയ്തു. അദൃശ്യമായ തണുത്ത കൈയ്യുകൾ അവളെ കെട്ടിപ്പിടിച്ചു.

ഭയംകൊണ്ടു കുട്ടിയുടെ മിഴികൾ ഉരുണ്ടു. നിമിഷനേരം കൊണ്ട് അവ എണ്ണയൊഴിച്ച കരിവിളക്കുകൾ പോലെ നിറഞ്ഞു തിളങ്ങി.

ചുവപ്പും നീലയും വരകളുള്ള ബസ്സ് അവളുടെ മുമ്പിൽ വന്നു നിന്നു.അമ്മയെ എന്ന പോലെ അവൾ വണ്ടിയെ തിരിച്ചറിഞ്ഞു.

ഇതാ തേര് വന്നു ചേർന്നിരിക്കുന്നു. രാജകുമാരി ഒറ്റയ്ക്ക് യാത്രയ്ക്കൊരുങ്ങുകയാണ്. അമ്മയുടെ ഇടം ദിവ്യദൃഷ്ടികൊണ്ട് അറിയാൻ കഴിയുന്ന തേര്.ചുവന്ന മെത്തയുള്ള ഇരിപ്പിടം. ആരോ അവളുടെ പുസ്തകസഞ്ചി താങ്ങി അകത്തെത്തിച്ചു

ഡ്രൈവറുടെ ഇടതുവശത്തുള്ള ഒറ്റ സീറ്റിൽ അവൾ മുന്നോട്ടു നോക്കിയിരുന്നു.ഇരുണ്ട ആകാശത്തിന്റെ നിറമുള്ള പാത.പാതയിലേക്ക് ആകാശത്തിന്റെ കയ്യുകൾ ആലിപ്പഴങ്ങൾ വാരിയെറിയുന്നു. മഴമുത്തുകൾ വർഷിക്കുന്നു. ഉടലിൽ പൊടിപുരണ്ട നീർക്കണങ്ങൾ ഉരുണ്ടു വീണു പ്രണമിക്കുന്നു.അവൾ മഴത്തുള്ളികളെ നോക്കി മെല്ലെ ചിരിച്ചു.

പെട്ടെന്ന് ഒരു വലിയ പരുപരുത്ത കൈത്തലം അവളുടെ കൺമുമ്പിലേക്ക് നീണ്ടു വന്നു.

IX_Malayalam_Combine.indb 122 4/16/2019 12:57:43 PM

അവൾ ഞെട്ടി. വണ്ടിക്കൂലി!

അവൾ തന്റെ കൊച്ചുസ്കർട്ടിന്റെ കീശയിൽ കയ്യിട്ട് ഒരു തൂവാല പുറത്തെടുത്തു. തൂവാലത്തുമ്പിലെ കെട്ടഴിച്ച് എണ്ണിനോക്കി. ഒരു രൂപ എൺപത്തഞ്ചു പൈസ. പലപ്പോഴായി മിഠായി മേടിക്കാൻ അമ്മ കൊടുക്കാറുള്ള നാണ്യങ്ങൾ. നാണ്യങ്ങൾ അവൾ ഒരിക്കലും താഴെ വച്ചിരുന്നില്ല.ഒരു തൂവാലത്തുമ്പിൽ ഭദ്രമായി കെട്ടി ഉടുപ്പിന്റെ പോക്കറ്റിൽ കൊണ്ടു നടന്നു. കുട്ടികളുടെ കൈവശം ഒരു പൈസപോലും കണ്ടുപോകരു തെന്നാണ് സിസ്റ്ററുടെ നിർദ്ദേശം. ഒരു മോശമായ വസ്തു എന്ന പോലെ ആരെയും കാ ണിക്കാതെ അവൾ തൂവാല കൊണ്ടു നടന്നു. നാണ്യങ്ങൾ മുഴുവനും കണ്ടക്ടറുടെ കയ്യിൽ ചൊരിഞ്ഞു കൊടുത്ത് അവൾ ആശ്വാസത്തോടെ സീറ്റിൽ ചാരിയിരുന്നു. വീട്ടിലെത്തട്ടെ! അമ്മയുടെ പക്കൽ നിന്നും രണ്ടു രൂപ മേടിക്കണം.രണ്ടിന്റെ ഒറ്റ നാണ്യം. തൂവാലയിൽ കെട്ടാൻ സുഖം.

അമ്മ എന്നെ കൊണ്ടുപോരാൻ വന്നില്ലല്ലോ. എനിക്കറിയാം; ഒറ്റയ്ക്ക് വരാൻ. ഇനി എന്നും ഞാൻ തനിച്ചു തന്നെ വന്നോളാം. ഇടയ്ക്ക് മഴമുത്തുകൾ വാരിയെറിഞ്ഞ് മേഘ ങ്ങൾ അതിവേഗം ഓടിപ്പോകുന്നു. അടുത്തുകൂടെ കടന്നുപോയ കണ്ടക്ടർ ചോദിച്ചു:

'ഇന്നെവിടെ പോയി നിന്റെ അമ്മ?'

'ഞാൻ വലുതായില്ലേ?ഇനി തനിച്ചാ പോക്കുവരവ്!' കുട്ടി അഭിമാനത്തോടെ പറഞ്ഞു.

ബാക്കി പൈസ?

പെട്ടെന്നു അവൾക്കു കരച്ചിൽ വന്നു.

'പതിനഞ്ചു പൈസയല്ലെ! സാരല്ല്യ.ഇനി ഒന്നും തന്നില്ലെങ്കിലും നിന്നെ ഞങ്ങൾ നാട്ടി ലെത്തിച്ചേനെ.' കണ്ടക്ടർ മറുഭാഗത്തേക്ക് നടന്നു.അയാളുടെ വാക്കുകളുടെ മധുരം കണ്ണീ രിനെ വറ്റിച്ചു. ഇപ്പോൾ അവൾ ചിന്തിക്കുന്നത് ഇരുട്ടിനെ കുറിച്ചാണ്.

ബസ്സിലിറങ്ങിയാൽ കുറച്ചു ദൂരം നടക്കണം. റോഡിനിരുവശത്തും അരിപ്പൂക്കാടാണ്. മിന്നാമിനുങ്ങുകളുണ്ടാവും. എന്നാലും ഇരുട്ടിന്റെ കറുപ്പ് കാണുമ്പോൾ.

അമ്മ ബസ്റ്റാന്റിൽ കാത്തു നിൽക്കുന്നുണ്ടാവുമോ?

നേരിയ പ്രത്യാശയോടെ അവൾ അനങ്ങാതിരുന്നു. സഞ്ചിയുടെ ഭാരം അവൾക്കൊ രു പ്രശ്നമായിരുന്നില്ല. മാധവേട്ടന്റെ കടയിൽ വച്ചിട്ടുപോകാം. പിന്നീട് അമ്മ വന്നിട്ട് എടു ത്തുകൊള്ളും.

എന്തേ അമ്മ വരാഞ്ഞത്? ഇപ്പോൾ മറ്റെല്ലാ ചിന്തകളും അവളുടെ മനസ്സിന്റെ വഴിക ളിൽ അടിഞ്ഞുകൂടി. ഒരൊറ്റ വഴിയിൽ വല്ലാത്ത വെളിച്ചം. പിന്നെ ഇരുട്ട്. അമ്മ എന്തു ചെ യ്യുകയാണ്? സിസ്റ്ററുടെ വാക്കുകൾ അവളുടെ മനസ്സിൽ തികട്ടിവന്നു:

'നിന്റമ്മയ്ക്ക് നിന്നെ...?' പൊട്ടിക്കരയണമെന്നു തോന്നി. ആൾക്കാരുടെ മുഴുവൻ നോട്ടം. അവൾ തൂവാല മുഴുവനും തിരുകിത്തിരുകി കൊച്ചുവായ്ക്കകത്താക്കി. ശ്വാസംമുട്ടുന്നതു പോലെ നിറയെ ആൾക്കാർ തിങ്ങിയ വണ്ടിക്കകത്ത് ഒരു കരച്ചിൽ പോലെ. കാറ്റ് ചൂളം കുത്തുന്നു. മുളക്കൂട്ടങ്ങൾ വിറയ്ക്കുന്നു.ഏതോ ഒരു കൈ നീണ്ടുവന്ന് അവളുടെ വായിൽ

IX_Malayalam_Combine.indb 123 4/16/2019 12:57:43 PM

നിന്ന് ഒറ്റവലിക്ക് തൂവാല പുറത്തെടുക്കുന്നു. ലജ്ജകൊണ്ട് അവൾക്കു തിരിഞ്ഞുനോക്കാൻ കഴിഞ്ഞില്ല.ഏതോ ഒരു യാത്രക്കാരൻ? കണ്ടക്ടർ? വൈകി വീട്ടിലേക്കു മടങ്ങുന്ന മറ്റൊരു സ്കൂൾ കുട്ടി? അങ്ങനെ മറ്റൊരു ഹതഭാഗ്യകൂടി ഈ ബസ്സിനകത്തുണ്ടോ? പൊടുന്നനെ അവൾക്ക് അൽപ്പം സമാധാനം തോന്നി. മുഖം തിരിക്കാതെ മിഴികൾ പാതി തുറന്ന് അവൾ ഇടവും വലവും നോക്കി.

ഗ്രാമത്തിലെ ഒരു സ്ത്രീ. കാളി. കാളിയുടെ മടിയിൽ അരിയും സാധനങ്ങളും നിറച്ച ഒരു സഞ്ചിയും കുട്ടിയും.

'തുണി തൊള്ളേൽ തിരുക്യാ ചത്തുപോകില്ലേ' കാളി ചോദിച്ചു.

അവൾ കീഴ്പ്പോട്ട് നോക്കി സ്വയം ഒളിച്ചു. കാളി താമസിക്കുന്നത് ഗ്രാമത്തിൽ അവളുടെ വീടിനും അപ്പുറത്താണ്. കാളിയുടെ കൂടെ നടന്നുപോകാം. അവൾക്കു സമാധാനമായി. കാളിയോട് പണ്ടില്ലാതിരുന്ന അടുപ്പം തോന്നി. അവളുടെ സഞ്ചിയിൽ നിന്ന് വീഴാൻ ഭാവിച്ച പൊതിക്കെട്ട് കുട്ടി ഒതുക്കി വച്ചുകൊടുത്തു.പെൻസിൽ ബോക്സിലുള്ള മിഠായി ഈ കുട്ടിക്ക് കൊടുക്കണം. ഒരു കഷണം കളർ ചോക്ക് കൊടുക്കാം.രണ്ടു മിഠായി ഉള്ളതിനാൽ ഒന്നു മതി അമ്മയ്ക്ക്, സ്കൂളിൽ വരാത്തതിന്റെ ശിക്ഷ.കൊണ്ടുപോകാൻ വന്നില്ലല്ലോ?

അവൾ ബാഗിന്റെ സൈഡ് പോക്കറ്റ് തുറന്ന് ഒരു മിഠായിയെടുത്ത് കുഞ്ഞിന് നൽകി. പൊതി അഴിക്കാതെ കുട്ടി മിഠായി വായിലിട്ടു.

'അയ്യേ കടലാസ്സ് തൊണ്ടയിൽ കുടുങ്ങും!' അവൾ പരിഭ്രമിച്ചു. സൂത്രത്തിൽ അമ്മ മിഠായിക്കടലാസ്സ് കുഞ്ഞിന്റെ വായിൽ വിരലു കടത്തി പുറത്തെടുത്തു. കണ്ണീർ നിറഞ്ഞു നിന്ന മിഴികൾ കൊണ്ട് കുഞ്ഞ് അനൂപയെ നോക്കി. വലിയ വാ തുറന്ന് ചിരിച്ചു. മിഠായി അവൻ നൊണ്ണിനും നാവിനും ഇടയിൽ ഇറുക്കി വച്ചു.

അവൾക്ക് ഒരനിയനില്ല.

എനിക്കെന്താ അനിയനില്ലാത്തത് അമ്മേ?

ഉണ്ടാവും.

എന്നിട്ടെവിടെ?

കുറച്ചുകൂടി കഴിയട്ടെ

അവൾ അച്ഛന്റെ മുഖം ഓർമ്മിച്ചെടുക്കാൻ ശ്രമിച്ചു. താടിവടിക്കാതെ മൂർച്ചയുള്ള ഉമ്മകൾ തരുന്ന അച്ഛൻ.അച്ഛൻ അവളോട് ചോദിക്കുമായിരുന്നു:

'നിനക്ക് അച്ഛനെയോ അമ്മയെയോ കൂടുതലിഷ്ടം?'

എന്തു മറുപടി പറഞ്ഞു എന്നോർമ്മയില്ല.ഇപ്പോൾ അച്ഛൻ ഒരോർമ്മ മാത്രമാണ്. അന്യനാട്ടിലെ തൊഴിൽ തേടിപ്പോയ അച്ഛനെ അമ്മപോലും മറന്നുവോ?

അച്ഛൻ വല്ലപ്പോഴും കയറിവരുമ്പോൾ വീട്ടിൽ പൊട്ടിമുളയ്ക്കുന്ന വഴക്കുകൾ അവളെ ഭീതയാക്കി. കണ്ണിറുക്കിയടച്ച് അകത്തെ മൂലയിൽ പതുങ്ങി നിന്ന് അവൾ അറിയാതെ ചെവിയോർക്കും. അടി വീഴുന്ന ഒച്ച കേൾക്കുന്നുണ്ടോ? ഒരിക്കൽ ഒരലർച്ചയോടെ അമ്മ

IX_Malayalam_Combine.indb 124 4/16/2019 12:57:43 PM

നിലംപതിച്ചു. അവൾ വിറച്ചുപോയി. അമ്മയുടെ നെറ്റിയിൽ നിന്നു പുരികങ്ങളിലൂടെ ചോര ഒഴുകി. ഒരു കുറിപോലെ കല. അമ്മയുടെ തൂനെറ്റിയിൽ അഭംഗി ഉളവാക്കിയ ആ കല അവ ളെ അച്ഛന്റെ ക്രൂരതയെക്കുറിച്ചോർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇന്ന് അച്ഛൻ വന്നിട്ടുണ്ടാവാമെന്ന ചിന്ത അവളെ കിടിലംകൊള്ളിച്ചു. മഴക്കാറുകൾ മൂടിയ മൂവന്തിയിലേക്ക് അവൾ ബസ്സിറങ്ങി.ഇറങ്ങിയവരെല്ലാം ധൃതിയിൽ നടന്നുപോയി. ആരും അവളെ ശ്രദ്ധിച്ചില്ല. ഈ ഭൂമിയുടെ മാറിൽ അവൾ തീർത്തും അനാഥയായി. ദിക്ക റിയാൻ വയ്യ. ഒരേയൊരു കറുത്ത ഇരുട്ട്. പൊന്തകളും മരങ്ങളും അവളെ തിരിച്ചറിഞ്ഞു. കണ്ണു ചിമ്മിത്തുറന്ന് അവ അവളെ വീണ്ടും വീണ്ടും നോക്കി. മിന്നാമിനുങ്ങുകൾ വഴി കാ ണിച്ചു.

കാളിയെ കണ്ടില്ല.

കടയിൽ നിന്ന് ഓരോരുത്തരായി ഇറങ്ങിപ്പോകുന്നു. ഇടയ്ക്ക് അവൾ ആകാശത്തി ന്റെ ഹൃദയത്തിലേക്ക് നോക്കുന്നു. പാതി തേഞ്ഞ ചന്ദ്രക്കലയും മായുന്നു.

തന്റെ ഭാരിച്ച സഞ്ചി കൈവെടിയാൻ അവൾ ആഗ്രഹിച്ചില്ല.

വെളിച്ചം നഷ്ടപ്പെട്ട ഒരു രാവങ്ങ് കുറെ നേരം അവളെ പിന്തുടർന്നു. അത് നിശ്ശബ്ദമായ അന്തരീക്ഷത്തിൽ അദൃശ്യവൃത്തങ്ങൾ വരച്ചുകൊണ്ടിരുന്നു.

കുട്ടി പുസ്തകസഞ്ചി ചുമലിലൂടെ പുറത്തേക്കിട്ടു. കടത്തിണ്ണയിൽ വയ്ക്കാമെന്ന ആദ്യചിന്ത അവൾ വെടിഞ്ഞു. തനിക്ക് സ്വന്തമായിട്ട് ഈ ഭൂമിയിൽ ഈയൊരു സഞ്ചിമാ ത്രമെ അഭയമായുള്ളു എന്ന ചിന്ത അവളെ ഗ്രസിച്ചു. ഭാരമേറിയ സഞ്ചിയേക്കാൾ ഭാരം പുറത്തേ ഇരുട്ടിനാണെന്ന് അവൾ അറിഞ്ഞു. ഇരുട്ട് അവളെ ഏകാകിയാക്കിയിരുന്നു. ഇരു ട്ടിന്റെ അറിയാത്ത ഭാവം കണ്ട് അവളുടെ ചുണ്ടുകൾ വിതുമ്മി. പിറന്ന ഗ്രാമത്തെ അന്യമാ ക്കിയിരുന്ന ഈ അന്ധകാരം ഇതിനുമുമ്പൊരിക്കലും അവൾ കണ്ടിട്ടില്ല.

അവൾ കുണ്ടും കുഴിയും നിറഞ്ഞ പാതയിലൂടെ മിന്നാമിനുങ്ങുകൾ അലങ്കരിച്ച പൊന്തകൾക്കിടയിലൂടെ മുന്നോട്ടുപോയി.വരണ്ട വയലിൽ കിടന്ന് ഒരു രാപ്പാടി കരയുന്നു. വഴി ഒരു വളവിലെത്തിയെന്ന് അവളറിഞ്ഞു. മൂന്ന് രാക്ഷസന്മാർ ആകാശം മുട്ടെ വളർന്നു നിൽക്കുന്ന വളവിലെത്തിയപ്പോൾ കാട്ടാറിന്റെ ഇരമ്പൽ കാതിലലച്ചു.

കടയിൽ നിന്നിറങ്ങിയ അവസാനത്തെ രണ്ടുപേർ രാത്രിയോടു മെല്ലെ മെല്ലെ വർത്ത മാനം പറഞ്ഞുകൊണ്ട് അവൾക്ക് പുറകെ വരുന്നുണ്ടായിരുന്നു.അവരുടെ ശബ്ദത്തിൽ നിന്നു ഗ്രാമത്തിലുള്ളവർ തന്നെ എന്നു കുട്ടി തീരുമാനിച്ചു. ഇപ്പോൾ അവൾക്കു ഭയമില്ല. സഞ്ചിയു ടെ ഭാരം അവളെ ഭൂമിയുടെ മാറിലേക്കമർത്തിക്കൊണ്ടിരുന്നു. കാലിലെ ഹവായി ചെരുപ്പുകളി ലൊന്ന് ഇരുട്ടിലെങ്ങോ ഊരി വീണുപോയെന്ന് അവളറിഞ്ഞു. നേർത്ത നാട്ടുവെളിച്ചത്തിൽ നഷ്ടപ്പെട്ട ചെരിപ്പു കണ്ടെത്താൻ പറ്റില്ലെന്നറിഞ്ഞ് അവൾ നടന്നു.ഒരു പാദം കൊണ്ട് അവൾ ഭൂമിയുടെ നെഞ്ചിടിപ്പറിഞ്ഞു. സ്കൂളിൽ ചേരുന്നതിനുമുമ്പ് ഓടിക്കളിച്ചിരുന്ന പാതയിലെ കല്ലുകളെ അറിഞ്ഞു.മറ്റെ കാലിന്റെ ബന്ധനം അസുഖകരമായി. അവൾ രണ്ടാമത്തെ ചെരി പ്പും ഊരിക്കളഞ്ഞു. കൂർത്തകല്ലുകളുടെ സാന്നിദ്ധ്യത്തിൽ മുന്നോട്ടു നടന്നു. മുമ്പെന്നോ ടാ റിട്ടു തകർന്നു തരിപ്പണമായ പാതയുടെ പഴയ ഓർമ്മകളിൽ പാദമൂന്നുന്ന വേളയിൽ അവൾ വീണ്ടും അമ്മയെ ഓർത്തു.

IX_Malayalam_Combine.indb 125 4/16/2019 12:57:43 PM

നിരത്തുവക്കിലെ കുടിലിലെ വെളിച്ചം അവൾ ദൂരെ നിന്നു തന്നെ കണ്ടു. കറുത്ത അന്ധകാരത്തിൽ ഒരു ചിതപോലെ കാണപ്പെട്ട അത്താഴത്തിന്റെ അടുപ്പിനു മുമ്പിൽ നിഴലി ളകുന്നു. അരി വെന്ത മണം രാക്കാറ്റിൽ ഒഴുകിയെത്തുന്നു. വളവിലെ രാക്ഷസന്റെ ചുമലിലി രുന്ന് ഒരു കൂമൻ മൂളുന്നു. മറുത്തൊരു മൂളൽ അക്കരെനിന്നു കേൾക്കാവുന്നു.

കിതച്ചുകൊണ്ട് ഒരു മത്സരയോട്ടത്തിന്റെ അവസാനത്തിലെന്നപോലെ അവൾ മിനു സമാർന്ന മുറ്റത്തു കാലൂന്നുന്നു. അമ്മ തേച്ചു മെഴുകി മിനുപ്പിച്ച വലിയ മുറ്റം. മുറ്റത്തിന്റെ കോണിൽ നിന്നു ടോമി എന്ന പട്ടി ഒറ്റച്ചാട്ടത്തിനു കുട്ടിയുടെ അടുത്തെത്തി. മുട്ടിയുരുമ്മി. രണ്ടു പ്രദക്ഷിണംവച്ചു. പിന്നെ ദീനവും പതുങ്ങിയതുമായ ഒരു വിലാപത്തോടെ ആ ജന്തു അവളോടെന്തോ പറഞ്ഞുകൊണ്ടിരുന്നു.

ആരാണത്?തിണ്ണയിലേക്കിറങ്ങി നിന്ന നിഴൽ ചോദിക്കുന്നു. അച്ഛന്റെ പരുക്കൻ സ്വരം. ഒരു പൊട്ടിക്കരച്ചിൽ അവളുടെ തൊണ്ടയിൽ തലതിരുകി ശ്വാസംമുട്ടിച്ചു.

അടുപ്പിലെ ചിത ചൊരിയുന്ന വെളിച്ചത്തിൽ അവൾ അച്ഛന്റെ മുഖം തിരിച്ചറിഞ്ഞു. വീട്ടിൽ അമ്മയില്ലാ എന്ന ഉള്ളറിവിൽ അവളുടെ പാദങ്ങൾ കരുത്താർജിച്ചു. അവൾ പിന്തി രിഞ്ഞ് ഇരുട്ടിന്റെ കയത്തിലേക്ക് കൂപ്പുകുത്തി.



IX_Malayalam_Combine.indb 126 4/16/2019 12:57:43 PM

വ്യാകരണം

ആഗമസന്ധി

തീ + ആട്ടം = തീയാട്ടം (യ)

കൈ + ഉറ = കൈയുറ(യ)

തിരു + ഓണം= തിരുവോണം(വ)

ഭൂ + ഉടമ = ഭൂവുടമ(വ)

ഇവിടെയെല്ലാം രണ്ടുവർണ്ണങ്ങൾ തമ്മിൽ കൂടിച്ചേരുമ്പോൾ പുതുതായി ഒരു വർണ്ണം കടന്നുവരുകയാണ് ചെയ്യുന്നത്.(അപ്രകാരം ആഗമിച്ച വർണ്ണങ്ങൾ വലയത്തിനുള്ളിൽ കൊടുത്തിരിക്കുന്നു.)

രണ്ടു വർണ്ണങ്ങൾ സന്ധിക്കുമ്പോൾ പുതുതായി ഒരു വർണ്ണം കടന്നുവരുന്ന സന്ധിയെ ആഗമസന്ധി എന്ന് പറയുന്നു. ഉദാഹരണങ്ങൾ ശ്രദ്ധിച്ചാൽ ആഗമിക്കുന്ന വർണ്ണങ്ങൾ 'യ' 'വ' ആണെന്ന് കാണാം.

അലങ്കാരം - ദീപകം

വൃത്തം - കേക

രചന - നിവേദനം

IX_Malayalam_Combine.indb 127 4/16/2019 12:57:43 PM

ഭാഗം

8

ധർമ്മാധിഷ്ഠിത ദർശനങ്ങളിലൂടെ



പഠനലക്ഷ്യങ്ങൾ

- ഭാഷയുടെ പ്രയോഗവൈവിധ്യം മനസ്സിലാക്കൽ
- സത്യത്തിന് നിത്യജീവിതത്തിലുള്ള സ്ഥാനം അറിയൽ.

പാഠഭാഗങ്ങൾ

കവിത:	നഗ്നസത്യം	-കൽപ്പറ്റ നാരായണൻ
ഗദ്യം:	പന്തിരുകുലത്തിന്റെ കർമ്മഭൂമി	-ആലങ്കോട് ലീലാകൃഷ്ണൻ
അധികവായനക്ക്:	വഴിപാട്	-എം. സുകുമാരൻ.
വ്യാകരണം:	സന്ധി: ആദേശസന്ധി	
രചന:	കത്തുകൾ	

IX_Malayalam_Combine.indb 128 4/16/2019 12:57:43 PM

കവിത

നഗ്നസത്യം

കൽപറ്റ നാരായണൻ

കവിയെ പരിചയപ്പെടാം



കൽപറ്റ നാരായണൻ [1952-]: വയനാട്ടിലെ കൽപറ്റയ്ക്കടുത്ത് കരിക്കുറ്റിയിൽ ജനിച്ചു. കവി, സാംസ്കാരിക വിമർശകൻ, നോവലിസ്റ്റ്, നിരൂപകൻ എന്നീ നിലകളിൽ പ്രശസ്തനാണദ്ദേഹം. അനുഭവജ്ഞാനത്തെ തന്റെ കൃതികളിലൂടെ തീക്ഷ്ണമായി പ്രകാശിപ്പിക്കുന്ന രീതിയാണ് അദ്ദേഹത്തിന്റേത്. വി.ടി കുമാരൻ കാവ്യപുരസ്കാരവും അയനം എ അയ്യപ്പൻ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

ഒഴിഞ്ഞ വൃക്ഷഛായയിൽ, ഒരു മുടന്തന്റെ സുവിശേഷം, സമയപ്രഭു(കവിതകൾ), കോന്തല(സ്മരണകൾ), ഇത്രമാത്രം (നോവൽ), മറ്റൊരുവിധമായിരുന്നെങ്കിൽ, ഏതിലും മധുരിക്കുന്ന കാടുകളിൽ എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ.ഒരു മുടന്തന്റെ സുവിശേഷം എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് 'നഗ്നസത്യം' എന്ന കവിത. സത്യത്തിന്റെ പക്വതയും മന്ദഗതിയും നുണയുടെ തിടുക്കവും സഞ്ചാരവേഗവും ചിത്രീകരിച്ചുകൊണ്ട് ഈ കവിത ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളെയും കുറിച്ച് ചിന്തിക്കാൻ പ്രേരണ നൽകുന്നു.

പണ്ട് പണ്ട്
ഒരു പ്രഭാതത്തിൽ നേരും നുണയും കുളിക്കാനിറങ്ങി.
കരയിൽ ഉടുപ്പഴിച്ചുവെച്ച്
അവരാറ്റിലിറങ്ങി.
നുണയ്ക്ക് എപ്പോഴും തിടുക്കമാണ്.
നുണയൊന്നും അറിഞ്ഞാസ്വദിക്കാറില്ല.
തലേന്ന് പറഞ്ഞത് മാറിപ്പോകാതിരിക്കാൻ
തന്നെ മറന്നുറങ്ങാറു പോലുമില്ല.
എവിടെവിടെ എത്രയെത്ര ചുമതലകളാണ്;
നുണ നൊടിയിടയിൽ കുളിച്ചു കയറി.
നുണ അതേ വസ്ത്രം വീണ്ടും ധരിക്കാറില്ല
മറ്റാരുടേയോ വസ്ത്രത്തിൽ ആണതിനെപ്പോഴും
വെമ്പൽ

IX_Malayalam_Combine.indb 129 4/16/2019 12:57:44 PM

കരയിലഴിച്ചുവെച്ച സത്യത്തിന്റെ ഉടുപ്പെടുത്തിട്ട്
നുണ ധൃതഗതിയിൽ പുറപ്പെട്ടു.

സത്യത്തിന് തിടുക്കമില്ല.
എത്താനാവാത്തിടത്ത് കൃത്യസമയത്തെത്താമെന്ന്
പറഞ്ഞിട്ടില്ല.
സ്വന്തം സമയം മറ്റാരുടേതുമായി കൂട്ടികെട്ടിയിട്ടില്ല.
സത്യം സാവകാശത്തിൽ കുളിച്ചു കയറി.
കരയിൽ തന്റെ ഉടുപ്പിരുന്നിടത്ത് നുണയുടെ ഉടുപ്പ്.
സത്യം മറ്റാരുടേയും ഉടുപ്പിടാറില്ല.
സത്യത്തിന് ഒന്നും കാട്ടാനില്ല
പാപം ചെയ്യാത്തതിനാൽ ലജ്ജയില്ല
സത്യം ഒന്നും ധരിക്കാതെ പുറപ്പെട്ടു.
സത്യത്തിന്റെ ചമയത്തെയല്ലാതെ
സത്യത്തെ കണ്ടിട്ടില്ലാത്തവർ
സത്യത്തെ തിരിച്ചറിഞ്ഞതുമില്ല.



IX_Malayalam_Combine.indb 130 4/16/2019 12:57:44 PM

അഭ്യാസം

I പദപരിചയം

ഉടുപ്പ്, നൊടിയിട, വെമ്പൽ, ലജ്ജ, തിടുക്കം, ആസ്വദിക്കുക, പ്രഭാതം, ആറ്.

II ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.

1 എപ്പോഴും തിടുക്കം ആർക്കാണ്?

അ. സത്യത്തിന് ആ. നുണയ്ക്ക്

ഇ. കവിയ്ക്ക് ഈ. പുഴക്ക്

2 സാവകാശത്തിൽ കുളിച്ചു കയറിയതാര്?

അ. നുണ ആ. സത്യം

ഇ. കവി ഈ. കിളി

III ഉത്തരമെഴുതുക

1. പ്രഭാതത്തിൽ കുളിക്കാൻ ഇറങ്ങിയതാര്?
2. നുണയുടെ തിടുക്കം എന്തിനൊക്കെ വേണ്ടിയായിരുന്നു?
3. സത്യത്തിന്റെ സവിശേഷതകൾ ഏവ?

IX_Malayalam_Combine.indb 131 4/16/2019 12:57:44 PM

ഗദ്യം

പന്തിരുകുലത്തിന്റെ കർമ്മഭൂമി

ആലങ്കോട് ലീലാകൃഷ്ണൻ



ആലങ്കോട് ലീലാകൃഷ്ണൻ [1960-]: കവിയും സാംസ്കാരിക പ്രവർത്തകനുമായ ലീലാകൃഷ്ണൻ പൊന്നാനിയിലെ ആലങ്കോട് ഗ്രാമത്തിൽ ജനിച്ചു. വള്ളുവനാടൻ പൂരക്കാഴ്ചകൾ, ഏകാന്തം, പി.യുടെ പ്രണയ പാപങ്ങൾ, താത്രിക്കുട്ടിയുടെ സ്മാർത്ത വിചാരം എന്നിവയാണ് പ്രധാന കൃതികൾ.

നിളാനദീതീരത്തുള്ള ഐതിഹ്യസ്മാരകങ്ങളെ പരിചയപ്പെടുത്തുന്ന ലേഖനങ്ങളുടെ സമാഹാരമായ 'നിളയുടെ തീരങ്ങളിലൂടെ' എന്ന ഗ്രന്ഥത്തിൽ നിന്നെടുത്ത ഒരു ഭാഗമാണ് പാഠഭാഗം. കേരളത്തിലെ ഐതിഹ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പറയിപെറ്റപന്തിരുകുലത്തിന്റെ കഥ. മലയാളക്കരയുടെ സാംസ്കാരികമഹിമ വിളിച്ചോതുന്ന കഥകളിലൊന്നാണിത്.

നിളയുടെയും സഖിയായ തൂതപ്പുഴയുടെയും തീരങ്ങളിൽ പന്തിരുകുലത്തിന്റെ മഹാകഥയുമായി ഒട്ടേറെ സ്മാരകങ്ങൾ ചിതറിക്കിടപ്പുണ്ട്. ചരിത്രസ്മാരകങ്ങളെന്നതിനേക്കാൾ ഇവയെ ഐതിഹ്യസ്മാരകങ്ങളെന്നുവിളിക്കുന്നതാവും ശരി. നിളാതീരത്തിലൂടെ ഏതോ ചരിത്രകാലത്ത് ഒരു സാസ്കാരിക പലായനം നടന്നിട്ടുണ്ടെന്നും അതിന്റെ സ്മാരകങ്ങളാണിവയെന്നും ചില ചരിത്രകാരന്മാർ പറയുന്നുണ്ടെങ്കിലും വസ്തുനിഷ്ഠമായ തെളിവുകൾ നിരത്താൻ തക്ക രേഖകളൊന്നും നമ്മുടെ കൈവശമില്ല. എങ്കിലും ഒരുപാട് മരിക്കാത്ത കഥകളുമായി ഈ ഐതിഹ്യസ്മാരകങ്ങൾ നിളാതീരത്തുണ്ടെന്നുള്ളത് സത്യമാണ്. കഥകളെ സനേഹിക്കുന്ന ഒരു മനസ്സുമായി ഈ പുഴയോരത്ത് നടന്നാൽ ഇവയുടെ നന്മകളെ നമുക്ക് തൊട്ടറിയാം. യുക്തിയുടെ കത്തികൊണ്ട് കീറിമുറിച്ച് ശാസ്ത്രത്തിന്റെ കമ്പ്യൂട്ടറിൽ വെച്ചപഗ്രഥിക്കാൻ മെനക്കെടാതിരുന്നാൽ മനുഷ്യസ്നേഹത്തിന്റെ ഒരുപാട് വെളിച്ചങ്ങൾ നമുക്കീ സ്മാരകങ്ങളിൽ നിന്നുലഭിക്കും.

ഇനി നാടോടിപ്പാട്ടിന്റെ തോണിയേറുകയാണ്.

നിളയുടെ കിനാവിന്റെ കടവുകളേറെ പിന്നിട്ട് തൃത്താലക്കടവിൽ വരരുചിപ്പഴമയുടെ ഭൂതകാലത്തിലേക്കാണ് തോണിയിറങ്ങുന്നത്.

ദൂരെ മേഴത്തോളഗ്നിഹോത്രിയുടെ യജ്ഞഭൂമികാണാം. വെള്ളിയാങ്കല്ലു കടവിനക്കരെ അഗ്നിഹോത്രി തൊണ്ണൂറ്റിയൊമ്പതു യാഗങ്ങൾ പൂർത്തിയാക്കിയ യജ്ഞവാടം. യജ്ഞേശ്വരമെന്നാണീ ക്ഷേത്രത്തിനു പേർ.

IX_Malayalam_Combine.indb 132 4/16/2019 12:57:44 PM

യജ്ഞേശ്വരം ക്ഷേത്രത്തിനരികിൽ പുരാതനമായ ഒരാൽവൃക്ഷവും തെല്ലൂദൂരെ അരിക്കുന്നെന്നറിയപ്പെടുന്ന ചെറിയൊരു കുന്നും കഞ്ഞിത്തോടെ ന്നു വിളിക്കുന്ന തോടും കാണാം.അഗ്നിഹോത്രിയുടെ യാഗങ്ങളുടെ സ്മാരകങ്ങളത്രെ ഇവ.യാഗാവശ്യത്തിനുള്ള അരിയിലെ കല്ല് പെറുക്കിക്കൂട്ടിയുണ്ടായ കുന്ന് 'അരിക്കുന്നും' കഞ്ഞിവെള്ളമൊഴുക്കിക്കളഞ്ഞ തോട് 'കഞ്ഞിത്തോടുമായെന്നാണ്' വിശ്വാസം.

അഗ്നിഹോത്രിയാണ് കേരളത്തിലാദ്യമായി യാഗം തുടങ്ങിയതെന്നും കരുതപ്പെടുന്നു. അഗ്നിഹോത്രിയിൽ നിന്ന് യജ്ഞകർമ്മീകളായ ബ്രാഹ്മണരുടെ പരമ്പരകൾ നിളാതീരത്തു വളർന്നു.

വരരുചിക്ക് പറയപ്പെണ്ണിലുണ്ടായ ആദ്യത്തെ പുത്രനാണ് അഗ്നിഹോത്രി എന്നാണ് കഥ. ഓരോ കുഞ്ഞു പിറന്നപ്പോഴും വായുണ്ടെങ്കിൽ കുട്ടി പിഴച്ചുകൊള്ളുമെന്ന ന്യായം പറഞ്ഞ് ഉപേക്ഷിക്കുകയായിരുന്നുവത്രെ വരരുചി ചെയ്തുകൊണ്ടിരുന്നത്. അഗ്നിഹോത്രിയെ ഒരു ബ്രാഹ്മണകുടുംബം എടുത്തു വളർത്തുകയാൽ അദ്ദേഹം ബ്രാഹ്മണനായിത്തീർന്നു.



ഉപ്പുകൂറ്റൻ
ഒരു രേഖാചിത്രം

IX_Malayalam_Combine.indb 133 4/16/2019 12:57:44 PM

കാവേരിപ്പുഴയിലെ 'കൊള്ളട'മെന്ന സ്ഥലത്ത് ചോളരാജാവ് കെട്ടിയ അണക്കെട്ടുറയ്ക്കുവാൻ അഗ്നിഹോത്രിയെ വരുത്തി യജ്ഞകർമ്മങ്ങൾ ചെയ്യിച്ചതായി ഒരു കഥയുണ്ട്. അഗ്നിഹോത്രിയുടെ യജ്ഞകർമ്മങ്ങളാൽ അണക്കെട്ടുറയ്ക്കുകയും സംപ്രീതയായിത്തീർന്ന പരാശക്തി അഗ്നിഹോത്രിക്ക് സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ഇരുമ്പിന്റെയും മൂന്ന് ശൂലങ്ങൾ സമ്മാനിക്കുകയും ചെയ്തുവെന്നാണ് കഥ.സ്വർണ്ണശൂലം അഗ്നിഹോത്രി സ്വന്തം ഇല്ലത്തും വെള്ളിശൂലം വെള്ളിയാങ്കല്ലിലും ഇരുമ്പുശൂലം കൊടിക്കുന്നത്തും സ്ഥാപിച്ചുവത്രെ.

പുഴ പറയുന്ന കഥകൾ കാതറിഞ്ഞ് .യജ്ഞേശ്വരത്തിന്റെ പ്രദക്ഷിണവഴിയിൽ ചുറ്റിനടന്ന ഒരു സായന്തനത്തിൽ അഗ്നിഹോത്രിയുടെ ഇല്ലത്തും പോയി. അഗ്നിഹോത്രി സ്വർണ്ണശൂലം പ്രതിഷ്ഠിച്ചിരുന്ന ഇല്ലത്തെ നടുമുറ്റത്ത് എല്ലാ കാലത്തും പൂക്കളുണ്ടാവുന്ന ഒരു തെച്ചിപ്പൊന്തയിൽ പൂക്കളവസാനിക്കുന്ന കാലത്ത് അഗ്നിഹോത്രിയുടെ വംശം കുറ്റിയറ്റു പോവുമെന്നത്രേ വിശ്വാസം.

വേമഞ്ചേരി മനയ്ക്കലെ നൂറുവയസ്സുകഴിഞ്ഞ മുത്തശ്ശി പന്തിരുകുലപ്പെരുമയുടെ കുറെ കഥകൾ പറഞ്ഞു.

പന്ത്രണ്ടു കുലക്കാരായ മക്കളെല്ലാം ആണ്ടിലൊരിക്കൽ അച്ഛന്റെ ശ്രാദ്ധമൂട്ടുവാനൊത്തുകൂടിയിരുന്നത് ഈ ഇല്ലത്തായിരുന്നുവത്രെ. ഇവിടുത്തെ നമ്പൂതിരിമാരും തൊട്ടടുത്തുള്ള പാക്കനാർ കോളനിയിലെ പറയസമുദായക്കാരും തമ്മിൽ ഇന്നും പുലബന്ധമാചരിച്ചു പോരുന്നുണ്ടെന്നുള്ളതാണ് പന്തിരുകുലകഥയുടെ ഏറ്റവും മഹത്തായ അനുഷ്ഠാനം. അയിത്താശുദ്ധ നിയമങ്ങൾ കൊടികുത്തി വാണിരുന്ന കാലത്തും മാനവികതയുടെ മഹാചൈതന്യമുയർത്തിയ കഥയാണത്. കഥകളൊക്കെ കെട്ടുകഥകളായാലും മനുഷ്യസ്നേഹത്തിന്റെ ഈ ഭ്രാതൃഭാവം പാഴാവില്ലല്ലോ.



IX_Malayalam_Combine.indb 134 4/16/2019 12:57:45 PM

അഗ്നിഹോത്രിയുടെ ഇല്ലത്തുനിന്ന് തൃത്താലയ്ക്കു പോകുന്ന വഴിയിൽ രണ്ടു ഫർലോംഗ് നടന്നാൽ പാക്കനാരുടെ കോളനിയിലെത്താം. ഇവിടെയാണത്രെ കുലപുരുഷനായ പറയനാർ ജീവിച്ചിരുന്നത്.

പത്തു മുറം വില്ക്കാൻ പത്തു പടി കയറിയിറങ്ങി പാക്കനാർ. ഓരോ വീട്ടിലും ചെന്ന് മുറത്തിനു വിലപേശി പാക്കനാർ തെറ്റിപ്പിരിഞ്ഞു. പോകുമ്പോൾ കൊടുത്ത മുറം തിരിച്ചു വാങ്ങിയില്ല. മുറം തിരിച്ചു വാങ്ങാൻ മറന്നു പോയ പാക്കനാരുടെ വങ്കത്തമോർത്തും വെറുതെ കിട്ടിയ മുറത്തിന്റെ ലാഭമോർത്തും വീട്ടുകാർ ആഹ്ലാദിച്ചു ചിരിച്ചു. അങ്ങനെ ഒമ്പതു മുറവും വെറുതെ കൊടുത്തു കഴിയുമ്പോൾ പത്താമത്തെ മുറം കിട്ടിയ വിലയ്ക്ക് വിറ്റ് അന്നത്തെ അത്താഴത്തിനുള്ള വകയും നേടി പാക്കനാർ കുടിലിൽ തിരിച്ചെത്തി. പിറ്റേന്നും പത്തു മുറം കുത്തിയുണ്ടാക്കി തന്റെ കർമ്മകാണ്ഡമാവർത്തിച്ചു.

ജീവിതകാലത്ത് തന്നാലാവുന്ന കർമ്മങ്ങളെല്ലാം ചെയ്യുകയും കർമ്മഫലത്തിൽ അഷ്ടിക്കു വേണ്ടുന്ന വകമാത്രം സ്വന്തമാക്കുകയും ബാക്കിയെല്ലാം ലോകനന്മയ്ക്കായി വെറുതെ നൽകുകയും വേണമെന്ന മഹത്തായൊരു കർമ്മസിദ്ധാന്തം തന്റെ ജീവിതംകൊണ്ട് സാക്ഷാത്കരിക്കുകയായിരുന്നു പാക്കനാർ. ഈറ്റ വെട്ടുമ്പോൾ ചിതറിത്തെറിച്ച സ്വർണ്ണനാണയങ്ങൾ കണ്ട് ആളെക്കൊല്ലിയെന്നു നിലവിളിച്ച് പാക്കനാരോടിയ കഥയും പ്രസിദ്ധമാണല്ലോ. ധനം ആളെക്കൊല്ലിയാണെന്നു പറയുന്നതിലൂടെ നിസ്വജീവിതത്തിന്റെ നേരറിയിക്കുകയായിരുന്നു പാക്കനാർ.

തനതായൊരു നാടോടിവഴക്കത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള പാക്കനാർതോറ്റം വള്ളുവനാട്ടിലെ പുരാതനമായ നാടോടിപ്പാട്ടുകളിലൊന്നാണ്. ഒരിക്കൽ പാക്കനാർ കോളനിയിൽ ചെന്നപ്പോൾ പാക്കനാരുടെ പിന്മുറക്കാരനായ പാർക്കനും കൂട്ടരും ചേർന്ന്



പാണനാർ
– ചിത്രകാരന്റെ ഭാവനയിൽ

IX_Malayalam_Combine.indb 135 4/16/2019 12:57:45 PM

പാക്കനാർതോറ്റം പാടിത്തന്നു. വരരുചിയുടെയും പറയപ്പെണ്ണിന്റെയും യാത്രമുതൽ പാക്കനാരുടെ മരിക്കാത്ത കഥകൾവരെ നാടോടിത്തനിമയുള്ളൊരീണത്തിൽ വാമൊഴിവഴക്കത്തിൽ വിചിത്രമായൊരു താളത്തിൽ മനസ്സിൽ വന്നുനിറഞ്ഞപ്പോൾ പന്തിരുകുലകഥനിളയ്ക്കു സമ്മാനിച്ച മൗലികമായ ഒരു പാട്ടിന്റെ സംസ്കാരമറിഞ്ഞു.

പാക്കനാർ കോളനിയിൽ പാക്കനാരുടെ പുരാതനമായൊരു മണ്ഡകമുണ്ട്. കൊല്ലംതോറും പാക്കനാർ തോറ്റം പാടി ഇവിടെ ഉത്സവമാചരിച്ചു വരുന്നു. നിളാതീരത്തെ പ്രസിദ്ധമായ പാക്കനാർ കാഞ്ഞിരത്തിൽ നിന്നാണ് പൂരം കൊട്ടിപ്പുറപ്പെടുക.

പാക്കനാർ കോളനിയിൽനിന്ന് പരന്ന നെൽപ്പാടം കടന്നു ചെന്നാൽ പുരാതനമായൊരു ഗ്രാമീണകർഷകഭവനിലെത്താം. പന്തിരുകുലത്തിൽ പെട്ട വളരെ പ്രശസ്തനല്ലാത്ത വടുതല നായരുടെ പിന്മുറക്കാരാണത്രെ ഈ പഴയ തറവാട്ടുകാർ. വള്ളുവനാട്ടിലെ കാർഷിക സംസ്കാരം വടുതല നായരുമായി ബന്ധപ്പെട്ടു കിടക്കുന്നു.

മേഴാറ്റൂരിൽനിന്ന് കൂടല്ലൂർ വഴി കുമ്പിടിയിൽ ചെന്നാൽ പ്രസിദ്ധമായ പന്നിയൂർ മഹാവരാഹമൂർത്തിക്ഷേത്രം കാണാം. വൈദികകാലത്തിന്റെ സംസ്കാരമായ ഈ മഹാക്ഷേത്രവുമായി ബന്ധപ്പെട്ടാണ് പന്തിരുകുലത്തിലെ പ്രശസ്തനായ പെരുന്തച്ചന്റെ കഥകൾ നിളാതീരത്തു പ്രചരിച്ചിട്ടുള്ളത്.

പന്നിയൂർ ക്ഷേത്രത്തിൽ ഇന്ദ്രസഭാസമാനമായ കുത്തമ്പലം പണി തീർത്തത് പെരുന്തച്ചനാണത്രെ. പന്നിയൂർ-ശുകപുരം കുറു പണി മത്സരങ്ങളിൽ പിന്നീട് തകർന്നു പോയ കൂത്തമ്പലത്തിന്റെ തറ ഇന്നും ക്ഷേത്രത്തിന്റെ അങ്കണത്തിൽ കാണാം. ശ്രീകോവിലിന്റെ ഭിത്തിക്കുള്ളിലമർന്നുപോയ നിലയിൽ പെരുന്തച്ചന്റെ ഉളിയും ഭിത്തിയിൽ പ്രത്യേകം അടയാളപ്പെടുത്തിയിരിക്കുന്ന മുഴക്കോലും ഇവിടെ കാണാനുണ്ട്. പെരുന്തച്ചന്റെ മുഴക്കോലിന്റെ ആധികാരികമായ കണക്കുതേടി തച്ചന്മാർ ഇപ്പോഴും ഇവിടെ വരാറുണ്ടത്രെ.



പന്നിയൂർ മഹാവരാഹമൂർത്തിക്ഷേത്രം

IX_Malayalam_Combine.indb 136 4/16/2019 12:57:45 PM



തന്റെ കുലത്തിൽ പിറന്നവർക്ക് (തച്ചന്മാർക്ക്) എന്നും തൊഴിൽ ലഭിക്കുന്നതിനു വേണ്ടി പന്നിയൂരമ്പലം പണിമുടിയില്ലെന്നു പാതി അനുഗ്രഹവും പാതി ശാപവുമായൊരു വരവും പെരുന്തച്ചൻ നൽകിയതായി ഒരു കഥയുണ്ട്. ആ കഥയെ ശരിവെച്ചുകൊണ്ട് പന്നിയൂരമ്പലം ഇന്നും പണിതീരാതെ കിടക്കുന്നു.

പെരുന്തച്ചനെപ്പറ്റി പ്രസിദ്ധമായ മറ്റൊരു കഥയുള്ളത് തിരുനാവായയിലാണ്. തിരുനാവായ നാവാമുകുന്ദക്ഷേത്രത്തിൽ പുഴയ്ക്കഭിമുഖമായി നിൽക്കുന്ന ദീപസ്തംഭത്തിലെ തിരികൾ ഏതു കാറ്റിലും കോളിലും കെട്ടുപോവാതിരിക്കാൻ നാലു നാഴിക ദൂരെ പട്ടർ നടക്കാവിനടുത്ത് പെരുന്തച്ചൻ ഒരു കൂറ്റൻ സൂത്രക്കല്ല് നാട്ടിയെന്നാണ് കഥ. നാലുനാഴിക ദൂരെ നിൽക്കുന്ന ആ ഒരൊറ്റക്കല്ലിന്റെ മറവുകൊണ്ട് നാവാമുകുന്ദന്റെ ദീപസ്തംഭത്തിലെ തിരികൾ എന്നും വിറയ്ക്കാതെ നിന്നു കത്തി. പെരുന്തച്ചന്റെ ആ സൂത്രക്കല്ല് ഇപ്പോഴും പട്ടർ നടക്കാവിനടുത്തുള്ള ഒരു സ്കൂൾ വളപ്പിൽ കാണാം.ദീപസ്തംഭം ഏതോ വെള്ളപ്പൊക്കത്തിലൊലിച്ചുപോയിരിക്കുന്നു.

പെരുന്തച്ചന്റെ തച്ചുശാസ്ത്രവൈദഗ്ദ്ധ്യത്തിന്റെയും സൂത്രപ്പണിയുടെയും കഥകൾ ഇങ്ങനെ നിരവധിയാണ്. പെരുന്തച്ചൻ വഴി തനതായൊരു വാസ്തുശിൽപ്പവേലയും തച്ചുശാസ്ത്രവും നിളയ്ക്ക് സ്വന്തമായി.

പന്തിരുകുലത്തിലെ ഒടുക്കത്തെ സന്തതിയായ വായില്ലാക്കുന്നിലപ്പന് നിളാതീരത്ത് ഒരു ക്ഷേത്രം തന്നെയുണ്ട്. കടമ്പഴിപ്പുറത്തെ വായില്ലാക്കുന്ന് ക്ഷേത്രത്തിലാ

IX_Malayalam_Combine.indb 137 4/16/2019 12:57:46 PM

ണ് വായില്ലാത്ത കുട്ടി ദൈവമായിരിക്കുന്നത്. 'വായുള്ളകുട്ടി പിഴച്ചുകൊള്ളു' മെന്ന ന്യാ യത്തിൽ പതിനൊന്നു കുട്ടികളേയും വരരുചി വഴിയിൽ ഉപേക്ഷിച്ചപ്പോൾ പന്ത്രണ്ടാമത്തെ കുഞ്ഞിനെയെങ്കിലും തനിക്ക് ലഭിക്കുവാൻ ഈകുട്ടിക്ക് വായില്ലെന്ന് അമ്മ നുണപറഞ്ഞു, അപ്പോൾ ആ കുട്ടി യഥാർത്ഥത്തിൽ വായില്ലാത്തവൻ തന്നെയായിത്തീർന്നു.

കടമ്പഴിപ്പുറത്തെ വായില്ലാക്കുന്ന് ക്ഷേത്രസമുച്ചയങ്ങൾക്ക് താഴെ വയൽക്കരയിൽ ഒറ്റപ്പെട്ടു നിൽക്കുന്ന വായില്ലാക്കുന്നിലപ്പന്റെ നടയിൽ തൊഴുതു നിന്നപ്പോൾ തല തിരിഞ്ഞ വർത്തമാനകാലത്തിന്റെ പ്രാർത്ഥനയാണ് മനസ്സിൽ വന്നത്.

വായില്ലാത്ത ദൈവമേ, അങ്ങയുടെ കാലം പുലരുകയാണ്. പ്രതികരിക്കുവാനും പ്രതിഷേധിക്കുവാനുമറിയാത്ത ഒരു തലമുറ ഈ പുഴയുടെ പുതിയ കാലത്തിന്റെ സമ്പാദ്യ മാകുന്നു. വന്ധ്യമാക്കപ്പെട്ട ഞങ്ങളുടെ പ്രതിഷേധത്തിന്റെ അകങ്ങളിൽ തിളയ്ക്കുന്നൊരു മൗനം ബാക്കിയുണ്ട്. അതുകൂടി സ്വീകരിക്കുക!.

പിന്നെ കവളപ്പാറ മൂപ്പിൽ നായരുടെ കോവിലകം ചുറ്റി കാരക്കാട്ടേക്ക് പോന്നു. കവ ളപ്പാറ കൊമ്പന്റെയും ആര്യങ്കാവിന്റെയുമൊക്കെ കഥകൾ പുലർന്ന ഈ കോവിലകത്തിന്റെ പുരാതന സമൃതികളിൽ പന്തിരുകുലത്തിലെ ഒരേയൊരു മഹിളയായ കാരയ്ക്കൽ മാതാവി ന്റെ കഥകളുമുണ്ടാവും. ഇവിടെയാണത്രെ കാരയ്ക്കലമ്മ വളർന്നത്. 'കാരക്കാടെ'ന്ന ദേശ ത്ത് കാരയ്ക്കലമ്മയെ പ്രതിഷ്ഠിച്ച ഒരു ക്ഷേത്രമുണ്ട്.

പന്തിരുകുലത്തിലെ ഏറ്റവും പ്രസിദ്ധനായ നാറാണത്തുഭ്രാന്തനാണ് നിളാതീരങ്ങ ളിൽ കൂടുതൽ സ്മാരകങ്ങളുള്ളത്.

തൂതപ്പുഴയുടെ കരയിലെ ചെത്തല്ലൂർ ഗ്രാമത്തിലാണത്രെ നാറാണത്തുഭ്രാന്ത ന്റെ ബാല്യകാലം. നിനച്ചിരിക്കാതെ മഴപെയ്ത ഒരു ശ്രാവണമാസസായാഹ്നത്തിലാണ് ചെത്തല്ലൂരിൽ ചെന്നത്. മഴയിൽ നിന്നു രക്ഷപ്പെടുവാൻ പുഴവക്കത്തെ തോണിപ്പുരയിൽ കയ റി നിന്നു .കടത്തുകാരൻ പയ്യനാണ് ചെത്തല്ലൂരിലെ നാറാണത്തുമനയിലെത്തിച്ചുതന്നത്. അവിടുത്തെ മൂത്ത നമ്പൂതിരി പറഞ്ഞു:

'നാറാണത്തുഭ്രാന്തനായുള്ള ബന്ധം പൂർവ്വീകമായി കാത്തു പോരുന്നവരാണ് ഞങ്ങൾ. രായിരനെല്ലൂർ മലയുടെ താഴത്തും ഞങ്ങളുടെ ശേഷക്കാരുണ്ട്. എന്റെ അനുജനാ ണ് രായിരനെല്ലൂരെ അമ്പലത്തിൽ ശാന്തി.'

തിരിച്ചു പോരുമ്പോൾ ഒരു ഭ്രാന്തൻ തമാശയാണ് തോന്നിയത്. കവി പാടിയതു പോലെ നാറാണത്തു ഭ്രാന്തൻ ഇന്നനാഥനല്ലെ.? ഭ്രാന്തന്റെ അവകാശികൾ പലരാണിന്നു വള്ളുവനാട്ടിൽ.നാറാണത്തെന്നും നാരായണമംഗലത്തെന്നുമൊക്കെ പേരുള്ള കുറെ ഇല്ലങ്ങളുണ്ടിവിടെ. അവരിൽ പലരും ഇന്ന് ഭ്രാന്തന്റെ പിന്തുടർച്ച അവകാശപ്പെടുന്നുണ്ട്. ചെത്തല്ലൂരിൽ കുറച്ചുവർഷങ്ങളായി ഭ്രാന്തൻ ദിനവും ആചരിച്ചു വരുന്നു. ലോകത്തിലെവി ടെയും ഇത്രയേറെ ബഹുമതി ഒരു ഭ്രാന്തനു ലഭിച്ചുകാണില്ല.

രായിരനെല്ലൂരിലെ പ്രസിദ്ധമായ മലയുമായി ബന്ധപ്പെട്ടാണ് നാറാണത്തുഭ്രാന്തൻ കല്ലുരുട്ടിയ കഥ പറഞ്ഞു കേൾക്കുന്നത്. മലമുകളിൽ ഭ്രാന്തൻ പ്രതിഷ്ഠ നടത്തിയതാണെ ന്നു കരുതപ്പെടുന്ന ഒരു ക്ഷേത്രവുമുണ്ട്. എല്ലാ കൊല്ലവും തുലാമസം ഒന്നാംതീയതി നട ത്തുന്ന രായിരനെല്ലൂർ മലകയറ്റം പ്രസിദ്ധമാണ്.

IX_Malayalam_Combine.indb 138 4/16/2019 12:57:46 PM

ഭ്രാന്തൻ സ്മാരകങ്ങൾ കഴിഞ്ഞില്ല.

രായിരനെല്ലൂർ മലയ്ക്കു തൊട്ടടുത്തു തന്നെ ഭ്രാന്താചലമെന്നൊരു ക്ഷേത്രമുണ്ട്.അ വിടെയാണത്രെ ഭ്രാന്തൻ അവസാനകാലത്ത് ബന്ധനസ്ഥനായിക്കിടന്നതും ഒടുവിൽ മരിച്ച തും. ആ ബന്ധനത്തിന്റെ സ്മാരകപ്രതീകമായി മരത്തോടിഴുകിച്ചേർന്ന നിലയിൽ ഒരിരുമ്പു ചങ്ങലയും കാണാം. പട്ടാമ്പിയിൽ നിന്നും കൊപ്പത്തേക്ക് വരുന്ന വഴിയിൽ കാണുന്ന ഉണ്ണി ഭ്രാന്തൻ കാവും നാറാണത്തുഭ്രാന്തന്റെ കഥയുമായി ബന്ധപ്പെടുത്തി പറഞ്ഞുകേട്ടിട്ടുണ്ട്.

വെയിൽ കത്തിനിന്ന് ഒരു നട്ടുച്ചയ്ക്കാണ് ഒറ്റയ്ക്ക് രായിരനെല്ലൂർ മല കയറുവാൻ തോന്നിയത്. ജന്മാന്തരങ്ങൾ സമ്മാനിച്ച് ഏതോ ഉന്മാദത്തിന്റെ നിയോഗമാവാം കാരണം. വിയർത്തൊലിച്ച് ഏകാന്തവിജനമായ രായിരനെല്ലൂർ മല കയറുമ്പോൾ ഭ്രാന്തൻ പഠിപ്പിച്ച വിചിത്രമായ ജീവിതസത്യം ഞാനോർത്തു.

ജീവിതരോഗാതുരമായ ഈ ലോകത്തിനു ഭ്രാന്താണ്. അസ്തമയം വരെ കഠിനാദ്ധ്വാ നം ചെയ്ത് ജീവിതഭ്രാന്തിന്റെ കല്ല് സ്വപ്നത്തിന്റെ മലമുകളിലേക്കുരുട്ടിക്കയറ്റി അന്തിക്കത് താഴേക്ക് തട്ടിയെറിയേണ്ടി വരുന്ന പാവം മനുഷ്യരെ ചൊല്ലിയാണ് തത്ത്വജ്ഞാനിയായ ഭ്രാന്തൻ ചിരിച്ചത്. രായിരനെല്ലൂർ മലയുടെ അടിതൊട്ട് മുടിയോളം ഭ്രാന്തന്റെ ചിരി പടരുക യാണ്. കണ്ണീരല്ല ചിരിയാണ് സത്യമെന്ന് പറഞ്ഞ ഋഷിയും ഭ്രാന്തൻ തന്നെയാണ്.

പന്തിരുകുലത്തിലെ സന്തതികൾ മിക്കവരും കർമ്മത്തെ ഈ വിധം വ്യാഖ്യാനിച്ച തത്ത്വജ്ഞാനികളായിരുന്നുവല്ലോ. അക്കൂട്ടത്തിൽ ഉപ്പുകൂറ്റനെ മറക്കുവാൻ വയ്യ. പൊന്നാ നിയിലായിരുന്നുവത്രെ ഉപ്പുകൂറ്റൻ ജീവിച്ചിരുന്നത്. മഹാബ്രാഹ്മണനായിരുന്ന വരരുചിയു ടെ ഈ പുത്രൻ ഇസ്ലാം മതത്തിലാണ് വളർന്നതെന്നും കരുതപ്പെടുന്നു. ഉപ്പു സുലഭമാ യി ലഭിച്ചിരുന്ന പൊന്നാനിയിൽ പാലക്കാട്ടു നിന്ന് ഉപ്പു കൊണ്ടുവന്നു വിൽക്കുകയായിരു



നാറാണത്തുഭ്രാന്തന്റെ ശിൽപം

IX_Malayalam_Combine.indb 139 4/16/2019 12:57:47 PM

ന്നുവത്രെ ഉപ്പുകൂറ്റൻ ചെയ്തു കൊണ്ടിരുന്നത്. വ്യവഹാരജീവികളെ സംബന്ധിച്ച് ഇതും ഭ്രാന്തു തന്നെയാണല്ലോ.

നിഷ്കാമകർമ്മികളായ ഈ ദാർശനികന്മാരോ, അവരെക്കുറിച്ചുള്ള കഥയുടെ പിറകിൽ മറഞ്ഞിരുന്ന നല്ലവനായ ഏതോ നാടോടിക്കവിയോ സമ്മാനിച്ചതാണ് നന്മകൾ നിറഞ്ഞ നിളാതീരത്തിന്റെ ജീവിതദർശനം. മഹാബ്രാഹ്മണനായ അഗ്നിഹോത്രിയും പറയനായ പാക്കനാരും മുസൽമാനായ ഉപ്പുകൂറ്റനുമെന്നല്ല, വരരുചിക്കു പിറന്ന് പന്ത്രണ്ടുകുലങ്ങളിൽ വളർന്നവരെല്ലാം ഒരമ്മപെറ്റ മക്കളാണെന്നും സോദരത്വേന വാഴേണ്ടതാണെന്നും പഠിപ്പിക്കുന്ന മനുഷ്യസ്നേഹത്തിന്റെ മഹാകഥയാണത്. അമ്മയെയും അനുജാതരെയും കൊല്ലുവാനൊരുക്കിയ ആയുധപ്പുരകളായി മനുഷ്യഹൃദയങ്ങൾ മാറിക്കൊണ്ടിരിക്കുന്ന പുതിയ കാലത്തും പേരറിയാത്തൊരു കവി നിളാതീരത്തിരുന്ന് ആർക്കും വേണ്ടാത്ത മനുഷ്യസ്നേഹത്തിന്റെ മഹാകഥകൾ പാടിക്കൊണ്ടിരിക്കുകയാണ്. ആ പഴങ്കഥതന്നെയാണ് നിള എന്നും സാധകം ചെയ്തു പോരുന്നത്.

സൂചനകൾ

വരരുചി:

വിക്രമാദിത്യരാജാവിന്റെ സദസ്യനായിരുന്നു വരരുചി എന്നാണ് ഐതിഹ്യം. നല്ല പൗരാണികനും ജ്യോതിശാസ്ത്രജ്ഞനും ആയിരുന്നു അദ്ദേഹം. അദ്ദേഹത്തിൽ നിന്നാണ് പന്തിരുകുലത്തിന്റെ ഉത്ഭവമെന്ന് വിശ്വസിക്കപ്പെടുന്നു.

പന്തിരുകുലം:

വരരുചി എന്ന ബ്രാഹ്മണന് പറയപ്പെണ്ണിലുണ്ടായ 12 മക്കൾ: മേഴത്തോൾ അഗ്നിഹോത്രി, രജകൻ, ഉളിയന്നൂർതച്ചൻ, വള്ളുവൻ, വടുതലനായർ, ഉപ്പുകൂറ്റൻ, പാണനാർ, നാറാണത്തു ഭ്രാന്തൻ, അകവൂർ ചാത്തൻ, പാക്കനാർ, കാരയ്ക്കലമ്മ, വായില്ലാകുന്നിലപ്പൻ.

IX_Malayalam_Combine.indb 140 4/16/2019 12:57:47 PM

അഭ്യാസം

I. പദപരിചയം

വസ്തുനിഷ്ഠം, ഐതിഹ്യം, അനുഷ്ഠാനം, ദാർശനികന്മാർ, നിഷ്കാമം, ഉന്മാദം, തത്ത്വജ്ഞാനി

II. വിപരീതപദം

പുരാതനം, ഗ്രാമീണം, നന്മകൾ

III. വാക്യത്തിൽ പ്രയോഗിക്കുക

കഠിനാദ്ധ്വാനം, അവകാശം, നിഷ്കാമം

IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. പന്തിരുകുലത്തിന്റെ പിതാവ്

   അ. ധന്വന്തരി　　ആ. വരാഹമിഹിരൻ

   ഇ. വരരുചി　　ഈ. അമരസിംഹൻ

2. കേരളത്തിലാദ്യമായി യാഗം തുടങ്ങിയതാരാണെന്നാണ് കരുതപ്പെടുന്നത്?

   അ. പരശുരാമൻ　　ആ. അഗ്നിഹോത്രി

   ഇ. വരരുചി　　ഈ. പരാശരൻ

3. പത്തുമുറം വില്ക്കാൻ പത്തുപടി കയറിയിറങ്ങിയത് ആര്?

   അ. പാക്കനാർ　　ആ. ഉപ്പുകൂറ്റൻ

   ഇ. രജകൻ　　ഈ. ചാത്തൻ

4. പന്നിയൂരമ്പലം പണിമുടിയില്ലെന്ന് വരം നൽകിയത് ആര്?

   അ. ഉളിയനൂർ തച്ചൻ　　ആ. വടുതല നായർ

   ഇ. അകവൂർ ചാത്തൻ　　ഈ. പാക്കനാർ

V. ഉത്തരമെഴുതുക

1. അഗ്നിഹോത്രിയെ കുറിച്ചെഴുതുക
2. പാക്കനാർ തോറ്റം എന്നാലെന്ത്?
3. പാക്കനാരുടെ കഥയിലെ കർമ്മസിദ്ധാന്തമെന്ത്?
4. നാറാണത്തുഭ്രാന്തൻ പഠിപ്പിച്ച വിചിത്രമായ ജീവിത സത്യം എന്ത്?
5. പെരുന്തച്ചന്റെ തച്ചുശാസ്ത്ര വൈദഗ്ദ്ധ്യത്തിനുള്ള തെളിവുകൾ എന്തെല്ലാം?

IX_Malayalam_Combine.indb 141　　4/16/2019 12:57:47 PM

അധികവായനക്ക്

വഴിപാട്

കഥ

എം. സുകുമാരൻ



എം.സുകുമാരൻ [1943-2018]: പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ജനിച്ചു. കേരളസാഹിത്യ അക്കാദമി പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം, പത്മരാജൻ പുരസ്കാരം,കേരളഗവൺമെന്റിന്റെ മികച്ച കഥയ്ക്കുള്ള ചലച്ചിത്ര അവാർഡ് തുടങ്ങി ഒട്ടനവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സംഘഗാനം, ഉണർത്തുപാട്ട് എന്നീ കൃതികൾ ചലച്ചിത്രമാക്കിയിട്ടുണ്ട്.

'എം.സുകുമാരന്റെ കഥകൾ' എന്ന സമാഹാരത്തിൽ നിന്നുമെടുത്തിട്ടുള്ള കഥയാണ് 'വഴിപാട്'.

അവൾ പുഴയിൽ നിന്നും ധൃതിയിൽ കുളിച്ചു കയറി. പടിഞ്ഞാറെ ആകാശം നിറം മങ്ങിയ ഒരു ചുവന്ന ചേലപോലെ കാണാമായിരുന്നു. അപ്പോൾ അസ്തമിക്കാൻ പോകുന്ന സൂര്യൻ എവിടെ? പാറക്കൂട്ടങ്ങളുടെയും കരിമ്പനകളുടെയും അപ്പുറത്തു മറഞ്ഞുനിൽക്കുകയാവും.

ആൽത്തറയിൽ പ്രതിഷ്ഠിച്ച വിഗ്രഹത്തിന്റെ ശിരസ്സിൽ ഒരു ചെമ്പരത്തിപ്പൂവുണ്ടായിരുന്നത് തൊഴുമ്പോൾ അവൾ ശ്രദ്ധിച്ചു.

നടക്കുമ്പോൾ ഈറൻ മുണ്ട് കണങ്കാലിൽ തട്ടി ശബ്ദമുണ്ടാക്കികൊണ്ടിരുന്നു.

പൊടിപടലമുയർത്തിക്കൊണ്ട് ഒരു പറ്റം ആട്ടിൻകൂട്ടം വരുന്നതുകണ്ടപ്പോൾ അവൾ പാതയോരത്തിലുള്ള തോട്ടുപാലത്തിൽ കയറിനിന്നു. ആടുകളുടെ നെറ്റിയിൽ ചുവന്ന പൊട്ടുകളുണ്ടായിരുന്നു. ചെമ്മണ്ണിന്റെ നിറമുള്ള തോർത്ത് തലയിൽ ചുറ്റിയ മുച്ചിറിയൻ നായാടിച്ചെറുക്കൻ കയ്യിലുണ്ടായിരുന്ന നീളൻ ചാട്ടവാറുകൊണ്ട് ഇടയ്ക്കിടെ വായുവിൽ പ്രഹരിച്ച് ശബ്ദമുണ്ടാക്കികൊണ്ടിരുന്നു. ആടുകളെ എവിടേക്കാണ് കൊണ്ടു പോകുന്നത് എന്നവൾക്കറിയാം. പുഴയുടെ അക്കരെയുള്ള അത്തറുറാവുത്തറിന്റെ കശാപ്പുകടയിലേക്ക്.

ആട്ടിൻപറ്റം കടന്നുപോയി.

മൂക്കിൽ പൊടി കയറാതിരിക്കാൻ ചുമലിട്ടിട്ടുള്ള നനഞ്ഞ തോർത്തുമുണ്ടുകൊണ്ട് മൂക്കു പൊത്തി. വയൽ വരമ്പിലേക്കിറങ്ങി. വളർന്നുനിൽക്കുന്ന കറുകപ്പുല്ലുകളുടെ ശിരസ്സിൽ ചവിട്ടി നടന്നു. വീട്ടിന്റെ പടിക്കലെത്തി. കുറേ ശ്ലോകിതക്കുന്നുണ്ടായിരുന്നു.അലക്കിയ മൽമുണ്ടും, കയ്യിറക്കമുള്ള റവുക്കയുമിട്ട്, കോലായിലിരുന്ന്, നാളികേരത്തിന്റെ നാരുകൾ കളയുകയായിരുന്നു അമ്മ. മുറ്റത്തിന്റെ കിഴക്കേമൂലയിൽ ഭസ്മച്ചൂള പുകയുന്നുണ്ട്. ഇന്ന് ശിവരാത്രിയാണല്ലോ.

'മീനു വേഗം പുറപ്പെട്, സമയമായി.'

ഇടനാഴിയിൽ നിലവിളക്കെരിയുന്നു. അവൾ അകത്തുകടന്നു. ഈറൻ മാറാൻ വേണ്ടി പെട്ടി തുറന്നപ്പോൾ സംശയിച്ചു. ഏതു വസ്ത്രമാണ് ധരിക്കേണ്ടത്.? നിറപ്പകിട്ടുള്ള വസ്ത്ര

IX_Malayalam_Combine.indb 142 4/16/2019 12:57:47 PM

ങ്ങളോട് വെറുപ്പാണ്. കല്യാണത്തിനു മുമ്പേ എന്തു ഭ്രമമായിരുന്നു വർണ്ണങ്ങളോട്. ഇന്ന് മുഷിഞ്ഞ വസ്ത്രങ്ങളേ ഇഷ്ടപ്പെടുന്നുള്ളൂ. പക്ഷേ ഇന്ന് ശിവരാത്രിയായിട്ട് അമ്പലത്തിൽ പോകുമ്പോൾ മുഷിഞ്ഞതുടുത്താൽ അമ്മ ചീത്ത പറയാൻ തുടങ്ങും. ഒടുവിൽ നെഞ്ചത്തടിയാണ്. പിന്നെ കുറേ ഛർദ്ദിക്കും. പിന്നീട് കിടക്കും. വീട്ടിലെ വയസ്സൻ നായയെപ്പോലെ വലിച്ചു വലിച്ച്.

അതിനൊന്നും ഇട വരുത്തേണ്ട.

അവൾ അവജ്ഞയോടെ അലക്കിയ ഗാഢമുണ്ട് ഉടുത്തു. കസവു പിടിപ്പിച്ച നേര്യത് പുതച്ച് അറ്റം ഇടുപ്പിൽ തിരുകി. മുടി തുമ്പു കെട്ടിയിട്ടു. നെറ്റിയിൽ കുങ്കുമം തൊടണോ? സംശയിച്ചില്ല. താൻ സുമംഗലിയാണ്. മാസത്തിലൊരിക്കൽ ഭർത്താവ് പൊള്ളാച്ചിയിൽ നിന്നും വരാറുണ്ട്.വരുമ്പോൾ ധാരാളം പച്ചക്കറികൾ കൊണ്ടുവരും. എട്ട് ദിവസത്തെ അവധി കഴിഞ്ഞ് മടങ്ങിപ്പോകുന്നു.അടുത്ത മാസത്തിൽ വീണ്ടും വരുന്നു. പോകുന്നു.

അങ്ങിനെ അഞ്ചു വർഷങ്ങൾ കഴിയുന്നു.

ഇരുവശത്തും കടലക്കാടുകളുള്ള പാതയിലൂടെ ഇളകിയാടി ഓടുന്ന ബസ്സിലിരുന്ന് ഭർത്താവ് യാത്രക്കാർക്കുള്ള ടിക്കറ്റെഴുതികൊടുക്കുന്നത് ഒരിക്കൽ അവൾ കണ്ടിട്ടുണ്ട്. വഴിപാട് നടത്താൻ വേണ്ടി പഴനിയ്ക്കു പോകുമ്പോൾ ഭർത്താവിന്റെ ബസ്സിലാണ് പോയത്.അന്നു വേറൊരു കണ്ടക്ടറായിരുന്നു ബസ്സിൽ. തിരക്കുണ്ടായിരുന്നത് കൊണ്ട് ഭർത്താവ് അയാളെ അന്നു സഹായിച്ചു.

വഴിപാടുകൾക്കും നേർച്ചകൾക്കും ഒരു കുറവും വരുത്തിയിട്ടില്ല.

കോയമ്പത്തൂർ ആസ്പത്രിയിലേക്ക്, ഗുരുവായൂർക്ക്, പഴനിയ്ക്ക്.

കാവടികളും ആൾരൂപങ്ങളും തുലാഭാരങ്ങളും...

ഛേ! ഇപ്പോൾ അതൊക്കെ എന്തിനാണ് ഓർത്തത്!

അവൾ ഒരുങ്ങി.

അമ്മ പിച്ചളത്തണ്ടിൽ നാളികേരവും പഴവും ധൂപക്കൂട്ടവും ശംഖുപുഷ്പങ്ങളുമായി മുറ്റത്തിറങ്ങി നിൽപ്പുണ്ടായിരുന്നു.

ഇടവഴിയിലെ റബർമരങ്ങൾക്കിടയിൽ ഇരുട്ട് തിക്കിതിരക്കി കയറിനിൽക്കുന്നു.

തലേന്നു രാത്രി മഴ പെയ്തതുകൊണ്ട് നടക്കുമ്പോൾ കാലടികൾ ഒട്ടുന്നതുപോലെ തോന്നി.

അമ്മ നടക്കുമ്പോൾ പുറത്തിന് അൽപ്പം കൂനുള്ളതുപോലെ തോന്നും.

വഴിയിൽ പരിചയക്കാരെ പലരെയും കണ്ടു. അമ്മ എല്ലാവരോടും കുശലം ചോദിക്കുന്നു. അവൾ എപ്പോഴും, ആരെക്കണ്ടാലും അമ്മയുടെ പിറകിലൊതുങ്ങി ചുണ്ടിൽ ഒരു മങ്ങിയ ചിരിയുമായി നിൽക്കും.

പഴയന്നൂർ ഭഗവതിയെ തൊഴുതു. കൊടിമരത്തിൽ പതാക പാറിപ്പറക്കുന്നുണ്ട്. ഇരുപത്തേഴാം തീയതി കൊങ്ങൻപട ഉത്സവം. വഴിവിളക്കുകൾ പെട്ടെന്നു തെളിഞ്ഞു. പകൽ വെളിച്ചം പൂർണ്ണമായും മറഞ്ഞിട്ടില്ല. ഇപ്പോൾ ആകെ ഒരു മഞ്ഞ നിറം. കൊങ്ങു രാജാവിനെ തോൽപ്പിച്ചോടിച്ച് നാടിനെ രക്ഷിച്ച ചിറ്റൂർ ഭഗവതിയുടെ ക്ഷേത്രത്തിന് ചുറ്റുമുള്ള അത്താണിക്കല്ലുകളിൽ ചെറുപ്പക്കാർ ഇരുന്നു തമാശ പറഞ്ഞു ചിരിക്കുന്നുണ്ടായിരുന്നു.

ഗ്രാമത്തിന്റെ നടുവിലാണ് ശിവൻ കോവിൽ. ഇന്നു നാലു യാമത്തിലും പൂജയുണ്ട്.

IX_Malayalam_Combine.indb 143 4/16/2019 12:57:47 PM

ഗ്രാമത്തിലേക്ക് തിരിയുന്ന വഴിയുടെ മൂലയിൽ, കുറെ കാലമായി കത്താതെ കിടന്നിരുന്ന വഴിവിളക്ക് ഇന്നലെ മുതൽക്കാണ് പ്രകാശിക്കാൻ തുടങ്ങിയത്.

വളവു തിരിഞ്ഞപ്പോൾ അവൾക്കു പതിവുപോലെ ഉണ്ടാവുന്ന അസ്വാസ്ഥ്യം തുടങ്ങി. അതിനു കാരണമുണ്ടായിരുന്നു. ദൂരെ മേൽപ്പുര ഇടിഞ്ഞു വീണ ഒരു മഠത്തിന്റെ കോലായിൽ ചുണ്ണാമ്പിളകിപ്പോയ തിണ്ണയിൽ ചാരിയിരിക്കുന്ന രൂപത്തെ കണ്ടു.

മെലിഞ്ഞ ശരീരത്തിൽ നരച്ച ഒരു ചേലചുറ്റിയ, തലയിൽ വെളുത്തു തിളങ്ങുന്ന കുറ്റിരോമങ്ങളുള്ള ഒരു പാട്ടി അമ്മ. എല്ലാവരോടും കാശു ചോദിക്കും. ആരും കൊടുക്കില്ല.

അവൾ കാണാതിരിക്കാൻ ശ്രമിച്ചു.

ഗ്രാമത്തിന്റെ ഇരുവശത്തുമുള്ള ബ്രാഹ്മണമഠങ്ങളുടെ മുറ്റത്ത് കോലം വരച്ചിരിക്കുന്നു. എല്ലാ വീടിന്റെ മുറത്തും നിലവിളക്കും കൊളുത്തി വെച്ചിട്ടുണ്ട്. തലയിൽ മരികൊളുന്തും ജമന്തിപ്പൂക്കളും വെച്ച് അമ്മ്യാരുകുട്ടികൾ കയറു ചാടികളിക്കുന്നു.

മേൽപ്പുര പൊളിഞ്ഞ മഠത്തിന്റെ മുമ്പിലെത്തിയപ്പോൾ അവൾക്കു ചെവി പൊത്തണമെന്നു തോന്നി. പല്ലുകളില്ലാത്ത വായ് ചലിപ്പിച്ചുണ്ടാക്കുന്ന ശബ്ദം കേൾക്കാൻ വയ്യ.

'അമ്മാ ഒരു പൈശ ഈ പാട്ടി അമ്മാവുക്ക് കൊടുങ്കോ അമ്മാ'

അവളുടെ അമ്മ അങ്ങോട്ട് തിരിഞ്ഞുനോക്കാതെ നടക്കുകയാണു പതിവ്. അന്നും അതുപോലെതന്നെ ചെയ്തു. അവൾ ആ വൃദ്ധയെ വെറുപ്പോടെ നോക്കി. ആ തൊലി കണ്ടാൽ അറയ്ക്കും. കണ്ണു കണ്ടാൽ കാർക്കിച്ചു തുപ്പാൻ തോന്നും. വിണ്ടുപൊളിഞ്ഞ കാലും നീട്ടിയാണ് ഇരിപ്പ്. അസത്ത്.

പൂഴി മണ്ണിൽ ചവിട്ടി നടക്കുമ്പോൾ ആ പാട്ടിയമ്മയെക്കുറിച്ച് മൂകാമി അമ്മ പറഞ്ഞ വിവരം വെറുപ്പോടെ ഓർക്കേണ്ടി വന്നു. പട്ടരുപേക്ഷിച്ചുപോയ മച്ചി. പട്ടരു ചത്തു. ഇനിയും ഇവർക്കു ചാവാറായിട്ടില്ല.

അവളും അമ്മയും അമ്പലത്തിലേക്ക് വരുമ്പോൾ പാട്ടി അമ്മ എന്നും പൈസ ചോദിക്കാറുണ്ട്. എന്നെങ്കിലും ഒരു ദിവസം കൊടുത്തിട്ടുണ്ടോ? ഇല്ല.. അമ്മ തിങ്കളാഴ്ച്ചയും ശനിയാഴ്ച്ചയും പണ്ടാരന്മാർക്കു അരിയും എണ്ണയും കൊടുക്കുന്നു. ഇവർക്കെന്തേ ഒന്നും കൊടുക്കാത്തത്?

വല്ലതും കൊടുക്കണമെന്ന് ചിലപ്പോൾ തോന്നും. തനിക്ക് കൊടുക്കാൻ ഒന്നും ഇല്ലല്ലോ? അമ്മ അറിയാതെ തന്റെ കയ്യിൽ എങ്ങനെ പണമുണ്ടാകാനാണ്?

തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നത് അമ്മയും ഭർത്താവും അല്ലേ? പിന്നെന്തിനാണു തനിക്കു പണം?

അമ്പലത്തിൽ നല്ല തിരക്ക്. ചുറ്റും വിളക്കുകൾ എരിയുന്നുണ്ട്. അവൾ അമ്മയുടെ കൈ പിടിച്ച് തിരക്കിലൂടെ നടന്നു. ഒരുവിധം നടയിൽ ചെന്നുപറ്റി.

അമ്മ പൂജത്തട്ട് ധൃതിയിൽ മുന്നോട്ടുവെച്ചു. ശാന്തിക്കാരൻ അമ്മയെ നോക്കി പുഞ്ചിരിച്ച ശേഷം നിരന്നുകിടക്കുന്ന തട്ടുകളിൽ നിന്നും അവളുടെ തട്ടു മാത്രം എടുത്തു. അതിൽ തിളങ്ങുന്ന ഒരു എട്ടണ നാണയമുണ്ടായിരുന്നു.

അമ്മ കൈകൂപ്പി കണ്ണടച്ചുനിന്നു.

അവൾ കൈകൂപ്പി നിന്നതേയുള്ളൂ. കണ്ണടച്ചില്ല. കണ്ണടച്ചാൽ തല മൊട്ടയടിച്ച പിച്ചക്കാരി പാട്ടിയമ്മയെ കാണുമെന്നുറപ്പാണ്.

അല്ലെങ്കിൽ ഈ അമ്പലത്തിൽ ആദ്യമായിട്ട് വരുന്നതല്ലല്ലോ?

മൂന്നു വർഷമായി പ്രാർത്ഥന തുടങ്ങിയിട്ട്.

IX_Malayalam_Combine.indb 144 4/16/2019 12:57:47 PM

പെട്ടെന്നു കൂട്ടമണി മുഴങ്ങി.
ദീപാരാധന.

ശരീരം കോരിത്തരിക്കുന്നതുപോലെ അവൾക്കു തോന്നി. ശിവ ശിവ എന്ന ശബ്ദം ചെവിയിൽ തുളച്ചുകയറുന്നു. കണ്ണിൽ വെള്ളം പൊടിഞ്ഞു. പക്ഷേ അപ്പോഴും അവൾ കണ്ണടച്ചില്ല. പാട്ടിയെ കാണാൻ വയ്യ.

പൂജ കഴിഞ്ഞു തട്ടു തിരികെ കിട്ടി. ഉടഞ്ഞ നാളികേരം, തൊലി കളഞ്ഞപഴം. പാതിയെരിഞ്ഞ കർപ്പൂരം..
അമ്മ തിരക്കിനടയിൽ നിന്നും അവളുടെ കൈ പിടിച്ചു ഒരരികിലേക്കു നീങ്ങി. മതിൽക്കെട്ടിനപ്പുറത്തുള്ള ക്ഷേത്രക്കുളത്തിൽ ആരോ കുളിക്കുന്ന ശബ്ദം കേൾക്കാം.
അമ്മ മടിത്തുമ്പഴിച്ചു ഒരുറുപ്പികയുടെ നാണ്യം അവളുടെ കൈയിൽ വെച്ചു കൊടുത്തു.
ഇതു ഭണ്ഡാരത്തിലിട് മോളേ, നല്ലോണം തൊഴ്. നമുക്ക് ദൈവം മാത്രേ തൊണയുള്ളൂ.
അവൾ സംശയിച്ചു നിന്നു. അമ്മ വീണ്ടും പറഞ്ഞു.
വേഗം ചെല്ല്, ഞാനിവിടെ നിൽക്കാം.
അവൾ തിരക്കിനിടയിലേക്ക് നീങ്ങി.
ഭണ്ഡാരത്തിന്റെ മുമ്പിൽ ചെന്നു നിന്നു. ഉള്ളം കൈയിൽ ഒരിളം തണുപ്പോടെ വെള്ളിയുറുപ്പിക ഉറങ്ങുന്നു.
അവൾ തിരിഞ്ഞു നിന്നു.
നിലവിളക്കിന്റെ പ്രകാശത്തിൽ തിളങ്ങുന്ന അലങ്കരിച്ച ശിവലിംഗത്തിനു നേരെ നിന്ന്, കണ്ണടച്ചു, കൈകൂപ്പി തൊഴുതു.
നിമിഷങ്ങളോളം ആ നിൽപ്പ് നിന്നു.
തിരക്കിനിടയിലൂടെ തിരികെ വരുമ്പോൾ ഭണ്ഡാരത്തിലിടാൻ അമ്മ തന്ന ഉറുപ്പിക അവൾ ഒരു ചെറിയ ഭയത്തോടെ മടിയിൽ തിരുകി.



IX_Malayalam_Combine.indb 145 4/16/2019 12:57:48 PM

വ്യാകരണം

ആദേശസന്ധി

പദങ്ങളിൽ സന്ധിക്കുന്ന വർണങ്ങളിൽ ഒരു വർണം മാറി വേറൊരു വർണം വന്നു ചേരുന്നതു ആദേശസന്ധി.

ഉദാ:	വിൺ	+	തലം	-	വിണ്ടലം (ത-ട)
	കൺ	+	നീർ	-	കണ്ണീർ (ന-ണ)
	ചെം	+	കതിർ	-	ചെങ്കതിർ (മ-ങ)
	കൽ	+	മതിൽ	-	കൻമതിൽ (ല-ന)

ഈ പദങ്ങളിൽ സന്ധിക്കുകയും ഒരു വർണ്ണം മാറി വേറൊരു വർണ്ണം വന്നു ചേരുകയുമാണ് ചെയ്യുന്നത്.

അലങ്കാരം : ഉല്ലേഖം

വൃത്തം : ഇന്ദ്രവജ്ര

രചന : കത്തുകൾ

(സ്നേഹിതനുള്ള കത്ത്, ക്ഷണക്കത്ത്, അനുമോദന കത്ത്)

IX_Malayalam_Combine.indb 146 4/16/2019 12:57:48 PM

ഭാഗം

9

'പ്രതിജനഭിന്ന' മായ മാനവജീവിതം



പഠനലക്ഷ്യങ്ങൾ

- ജീവിതനാടകത്തിന്റെ കാവ്യഭാഷ ആസ്വദിക്കൽ
- ഏകാന്തജീവിതവും ബാഹ്യലോകയാഥാർത്ഥ്യവും നൽകുന്ന ബോധ തലത്തെ ഉൾക്കൊള്ളൽ
- തുറന്ന വെളിപ്പെടുത്തലുകളുടെ ജീവിതപാഠം തിരിച്ചറിയൽ

പാഠഭാഗങ്ങൾ

കവിത:	വഴിത്തിരിവിൽ (പി ഭാസ്കരൻ)
ഗദ്യം:	ഏകാകിയായ കുട്ടി (എസ് ഗുപ്തൻ നായർ)
അധികവായനക്ക്:	സ്പ്ലാഷ് (വൈശാഖൻ)
വ്യാകരണം:	ദ്വിത്വസന്ധി
രചന:	പുസ്തകാസ്വാദനം

IX_Malayalam_Combine.indb 147 4/16/2019 12:57:48 PM

കവിത

വഴിത്തിരിവിൽ

പി ഭാസ്കരൻ

കവിയെ പരിചയപ്പെടാം



പി ഭാസ്കരൻ [1924 –2007] സാധാരണ മനുഷ്യരുടെയും അധ:സ്ഥിതരുടെയും പാർശ്വവത്കരിക്കപ്പെട്ട സ്ത്രീപുരുഷന്മാരുടെയും നിഷ്കളങ്കമായ സങ്കൽപങ്ങളും വേദനകളും കവിതയിൽ ആവിഷ്കരിച്ച കവിയായിരുന്നു. ഉപരിസമുദായങ്ങളുടെ മനുഷ്യപ്പറ്റില്ലാത്ത സകലതിനെയും തിരസ്കരിക്കാൻ കഴിഞ്ഞ കലാകാരൻമാരുടെ മുൻനിരയിലായിരുന്നു കവിയുടെ സ്ഥാനം. കവി, ഗാനരചയിതാവ്, ചലച്ചിത്ര സംവിധായകൻ എന്നീ നിലകളിലെല്ലാം പ്രശസ്തനായിരുന്നു അദ്ദേഹം.

വയലാർ ഗർജിക്കുന്നു, ഒറ്റക്കമ്പിയുള്ള തംബുരു, ഓർക്കുക വല്ലപ്പോഴും, മുഖത്തോടുമുഖം, നാഴിയുരിപ്പാല് തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതികളിൽ ചിലതാണ്.

ഓടക്കുഴൽ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, രാഷ്ട്രപതിയുടെ വെള്ളിമെഡൽ,ആശാൻ പ്രൈസ്, ജെ.സ് ഡാനിയേൽ പുരസ്കാരം, സംസ്ഥാന ഫിലിം അവാർഡ്, പ്രേംനസീർ ഫൗണ്ടേഷൻ അവാർഡ് തുടങ്ങി അനേകം പുരസ്കാരങ്ങൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ജീവിതനാടകത്തിന്റെ അന്ത്യത്തിൽ അരങ്ങൊഴിയുമ്പോൾ ഏവരും തനിച്ചാവുന്നു.ജീവിതാഭിനയത്തിനുപയോഗിച്ച മുഖപടത്തിനു പിന്നിൽ കപടമുഖങ്ങളും ഒളിഞ്ഞിരിപ്പുണ്ടായിരിക്കുമെന്ന് കവി സൂചിപ്പിക്കുന്നു.

നാടകം തീർന്നു,വിജനമീ വേദിയിൽ
നാമിരുപേരും തനിച്ചായി മോഹിനി.
വീണു യവനിക,വിസ്മയാധീനരായ് –
ക്കാണികളെല്ലാം പിരിഞ്ഞു മറഞ്ഞുപോയ്.
പൂവുകളെല്ലാം കൊഴിഞ്ഞുമാഞ്ഞ മലർ –
ക്കാവിൽ വിമൂകപികങ്ങൾ കണക്കിനേ,
നിർന്നിമേഷാക്ഷരായ് നിശ്ശബ്ദരായിങ്ങു
നിന്നിരുന്നു നമ്മൾ നിശ്ശൂന്യചിത്തരായ്.
ഫുല്ലമസ്സദ്യതൻ മുന്തിരിപ്പാത്രങ്ങൾ
തുള്ളിത്തുളുമ്പിത്തെറിച്ച ബിന്ദുക്കൾ നാം.

IX_Malayalam_Combine.indb 148 4/16/2019 12:57:48 PM

ജീവിതം കെട്ടിയൊരുക്കിയൊരീ രംഗ-
ഭൂവീ,ലീയത്ഭുതനാടകകേളിയിൽ,
ആടിക്കഴിഞ്ഞു നാം നമ്മൾതൻ വേഷങ്ങൾ
പാടവത്തോടെ, പകയ്ക്കാതെ നിർഭയം
പൊന്തും നിരന്തരമാം കരഘോഷണം
ചിന്തയിൽ മല്ലികാമാല്യമുതിർക്കവേ
ഓർത്തതില്ലാരും നടീനടന്മാർ കഥാ-
പാത്രങ്ങളാണെന്ന വസ്തുതകൂടിയും.
പാന്ഥർ മറഞ്ഞുപോ, യീ നിമേഷത്തിൽ ഹാ
താന്തരാം നാമും വഴിത്തിരിവിങ്കലായ്.

ഉത്സവം തീർന്നൊരീ വേളയിലെങ്കിലും
മത്സഖീ,കാണണമെന്നു നീയെന്മുഖം.
ഞെട്ടാതെ, നിന്മിഴിക്കോണിലിടിമിന്നൽ
വെട്ടാതെ കാണണമൊന്നു നീയെന്മുഖം.
രംഗത്തിൽ വെള്ളിവിളക്കുകൾ ചിന്നിയ
തങ്കപ്പൊലിമയിൽക്കണ്ടതല്ലെൻ മുഖം.
പുഷ്പസന്തുഷ്ടികൾ പൂവിട്ട ചുണ്ടിനാൽ-
പ്പൊട്ടിച്ചിരികളുതിർത്തതല്ലെൻ സ്വരം.
വേണുവിൻ മോഹനഗാനത്തൊടൊത്തൊരു
കാനനച്ചോലയായ് പാഞ്ഞതല്ലെൻസ്വരം.
മായാമനോജ്ഞമല്ലെൻമുഖ -മാ വെറും
ചായം തുടച്ചു; മുഖപടം നീക്കി ഞാൻ!

ഈയനാച്ഛാദനം തോഴീ , നിനക്കൊരു
മായാത്ത വേദനയാകുമെന്നാകിലും,
കൺമയക്കീടുമെൻ കാപട്യവിദ്യ -
കളിമ്മുഹൂർത്തത്തിൽ ത്യജിക്കാതെ വയ്യ മേ.
എൻഭാഗ്യ ചക്രം തിരിച്ചു നിർമ്മിച്ചൊരീ
മൺപാത്രവും നീ തകർത്തുപോയീടിലും
വിട്ടുപിരിയുമവളിലെൻ കണ്ണുനീർ
കെട്ടിച്ചളി പിടിക്കില്ല നിൻവീഥികൾ.

IX_Malayalam_Combine.indb 149 4/16/2019 12:57:48 PM

അഭ്യാസം

I. പദപരിചയം.

മോഹിനി, യവനിക, വിമൂകപികങ്ങൾ, പാടവം, മിഴി, മനോജ്ഞം, അനാച്ഛാദനം, വീഥി, പുഷ്പസന്തുഷ്ടികൾ.

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ജീവിതം എന്നത്

   (അ) പാടവത്തോടെ (ആ) നാടകമാണ്

   (ഇ) നോവലാണ് (ഈ) കവിതയാണ്

2. ജീവിതനാടകത്തിൽ ആടിയത് എങ്ങനെ

   (അ) പാടവത്തോടെ (ആ) ദു:ഖത്തോടെ

   (ഇ) സന്തോഷത്തോടെ (ഇ) അഭിമാനത്തോടെ

3. മോഹനഗാനമുതിർത്തതെന്തിൽ നിന്ന്

   (അ) വേണു (ആ) ചിലമ്പ്

   (ഇ) നൃത്തം (ഈ) വീണ

III. ഉത്തരമെഴുതുക

1. നാടകം തീർന്നപ്പോൾ സംഭവിച്ച കാര്യങ്ങൾ ഏവ?
2. ജീവിതനാടകത്തിൽ നാം എങ്ങനെ അഭിനയിക്കണം?
3. 'വഴിത്തിരിവിൽ' എന്ന കവിതയുടെ ആസ്വാദനം എഴുതുക.

IX_Malayalam_Combine.indb 150 4/16/2019 12:57:48 PM

ഗദ്യം

ഏകാകിയായ കുട്ടി

പ്രൊഫ: എസ്.ഗുപ്തൻനായർ



പ്രൊഫസർ എസ്.ഗുപ്തൻനായർ [1999-2006]: മലയാളത്തിലെ പ്രമുഖ സാഹിത്യവിമർശകനും പ്രഭാഷകനും അധ്യാപകനുമായിരുന്നു. കൊല്ലം ജില്ലയിൽ ഓച്ചിറയിൽ ജനിച്ചു. ദീർഘകാലം കേരളത്തിലെ സർക്കാർ കലാലയങ്ങളിലെ അധ്യാപകനായിരുന്നു. ഗ്രന്ഥലോകം, വിജ്ഞാനകൈരളി എന്നീ മാസികകളുടെ പത്രാധിപരായും പ്രവർത്തിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ അധ്യക്ഷനായിരുന്നു. എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, വള്ളത്തോൾ പുരസ്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. ആധുനിക സാഹിത്യം ഇസങ്ങൾക്കപ്പുറം, തിരയും ചുഴിയും, ചങ്ങമ്പുഴ: കവിയും - മനുഷ്യനും, കേരളവും സാഹിത്യവും തുടങ്ങിയവ പ്രധാനകൃതികളാണ്.

കൊട്ടാരംപോലെ വലിയൊരു സൗധം, അനേകം മുറികൾ നിരന്നുനിൽക്കുന്ന നെടുംതൂണുകൾ, തൊട്ടുമുമ്പിലുള്ള നിരത്തിലൂടെ ഇടയ്ക്കിടയ്ക്കു കുതിരവണ്ടിക്കാരും കാൽനടക്കാരും വെമ്പലോടെ പായുന്നു. ചില നടന്നുവിൽപനക്കാർ കണ്ണിമാങ്ങ, പിച്ചിപ്പൂവ് എന്നൊക്കെ ഉറക്കെ വിളിച്ചുപറയുന്നുണ്ട്. കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ഒരു കൊച്ചുകുട്ടി അത്ഭുതസംഭ്രമങ്ങളോടെ ജനലഴിയിലൂടെ പാതയിലേക്കു നോക്കുന്നു. താഴെ നിരത്തിൽ നടക്കുന്നതു കാണുന്നുണ്ടെങ്കിലും തനിക്കതിൽ പങ്കുകൊള്ളാൻ സ്വാതന്ത്ര്യമില്ലാത്തതിനാൽ ദു:ഖിതനാണ് അവൻ. വിശാലമായ ബാഹ്യലോകം കുട്ടിയെ മാടിവിളിക്കുന്നു.പക്ഷേ, താൻ ബന്ധനസ്ഥനാണ്.

അതിപുരാതനവും സമ്പന്നവുമാണ്, ജെറോഷങ്കോവിലെ ടാഗൂർ കുടുംബം. 8-ാം നൂറ്റാണ്ടുമുതലുള്ള ചരിത്രമുണ്ട് ആ കുടുംബത്തിന്. പ്രസിദ്ധ സംസ്കൃതകവിയും വേണീസംഹാരകർത്താവുമായ ഭട്ടനാരായണൻ മുതലാണ് ആ കുടുംബകഥ ആരംഭിക്കുന്നത്. മൂലസ്ഥാനം കന്യാകബ്ജവും.കൽക്കട്ടാനഗരത്തിലെ ജനബഹുലമായ ഒരു തെരുവീഥിയുടെ അരികിൽ നിൽക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ടാഗൂർഭവനം ഇന്നു രവീന്ദ്രഭാരതി സർവ്വകലാശാലയാണ്. ഒരു സർവ്വകലാശാല നടത്താനുള്ള സ്ഥലസൗകര്യം ആ കെട്ടിടത്തിലുണ്ടെന്നു പറയുമ്പോൾ അതിന്റെ വലിപ്പം നമുക്ക് ഏറെക്കുറെ ഊഹിക്കാം. അനേകം ശാഖാകുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന ഒരു തറവാടാണത്. ഒരേസമയത്ത് നൂറിൽപ്പരം അംഗങ്ങൾ കണ്ടെന്നു വരും. ഈ മഹാസമ്പന്നകുടുംബത്തിൽ കുട്ടികൾ അച്ഛനമ്മമാരുടെ

IX_Malayalam_Combine.indb 151 4/16/2019 12:57:48 PM

സംരക്ഷണത്തിൽ മാത്രം വളർന്നുവെന്നു പറയാൻ പ്രയാസം. കുട്ടികളെ നോക്കാൻ ഒട്ടേറെ വേലക്കാരുണ്ടാകും. അവരിൽ പലരും ദുരധികാരം കാട്ടുന്നവരാണ്. ഒരു വാല്യക്കാരൻ- ശ്യാം എന്നൊരു പയ്യൻ -കുട്ടികൾ തളം വിട്ടു ഓടിപ്പോകാതിരിക്കാൻ ഒരുവട്ടം വരച്ച് അതി നകത്ത് അവരെ നിറുത്തും. വരയ്ക്കപ്പുറത്ത് കടന്നാൽ അദൃഷ്ടങ്ങളായ മഹാദുരിതങ്ങൾ വന്നു തലയിൽ വീഴുമെന്നു ഭയപ്പെടുത്തും. പണ്ട് ലക്ഷ്മണൻ വരച്ച വരയിൽ നിന്നു പുറ ത്തുചാടിയ സീതാദേവിക്കുണ്ടായ കൊടിയ ദുരിതങ്ങളെപ്പറ്റി അവൻ പറഞ്ഞുകേൾപ്പിക്കും. ആ കഥ ഓർമ്മിക്കുന്നവർ വരച്ചവര വിട്ട് എങ്ങും പുറത്തുപോകുകയുമില്ല. ബാല്യത്തിലെ ഈ ഏകാന്തഭീകരതയെപ്പറ്റി ടാഗൂർ തന്റെ സ്മരണകളിൽ എഴുതിയിട്ടുണ്ട്.

ദുശ്ശാസനപ്രഭാവന്മാരായ വേലക്കാരുമായി മാത്രമേ കുട്ടി പരിചയപ്പെട്ടിരുന്നുള്ളു എന്ന് ഇപ്പറഞ്ഞതിൽ നിന്നു മനസ്സിലാക്കിക്കളയരുത്. പ്രായം കൂടിയ ബന്ധുജനങ്ങൾ -അ ച്ഛനുൾപ്പെടെ എല്ലാവരും - വളരെ അകലെയായി വർത്തിച്ചിരുന്നു എന്നേയുള്ളൂ. ടാഗൂർ പറയുന്നു, 'വേഷത്തിലും ആഹാരത്തിലും ജീവിതത്തിലും പ്രവൃത്തിയിലും സംഭാഷണ ങ്ങളിലും വിനോദങ്ങളിലുമെല്ലാം അവർ അകലെയാണ്. അസ്പഷ്ടദർശനങ്ങൾ ഇടയ്ക്ക് ഞങ്ങൾക്കു ലഭിക്കും. എങ്കിലും അവർ കൈയ്യെത്താത്ത അകലത്തായിരുന്നു. ഇക്കാലത്തെ കുഞ്ഞുങ്ങൾക്കു മുതിർന്നവരെ നിസ്സാരവിലയ്ക്കു കിട്ടും. അവർ എത്ര സുലഭന്മാരാണ്. അവരെന്നല്ല കാമ്യവസ്തുക്കളൊന്നും, ഞങ്ങൾക്കന്ന് അത്ര എളുപ്പത്തിൽ ലഭ്യമായിരു ന്നില്ല. അന്തസ്സാരമില്ലാത്ത പലതും ഞങ്ങൾക്കു വിലപ്പെട്ട വിശിഷ്ടവസ്തുക്കളായിരുന്നു. പ്രായമാകുമ്പോൾ ലഭിച്ചേക്കാമെന്നുള്ള പ്രത്യാശയോടുകൂടിയാണ് ഞങ്ങൾ ജീവിച്ചുപോന്നത്. ഇതിന്റെ ഫലമോ? കിട്ടിയ അല്പങ്ങൾ വച്ചുകൊണ്ടു ഞങ്ങൾ അങ്ങേയറ്റം ആഹ്ലാദിച്ചു. തൊ ലിപ്പുറം മുതൽ ഉൾക്കാമ്പു വരെ ഞങ്ങൾ ആസ്വദിച്ചു. ഒന്നും ദൂരത്ത് എറിഞ്ഞുകളഞ്ഞില്ല. സമ്പന്ന കുടുംബത്തിലെ ഇന്നത്തെ കുട്ടി തനിക്കു കിട്ടുന്നതിലൊരംശത്തിന്റെ വക്കു കടി



IX_Malayalam_Combine.indb 152 4/16/2019 12:57:49 PM

ക്കുന്നതേയുള്ളൂ. പ്രപഞ്ചത്തിന്റെ വലിയൊരംശം അവർ വ്യർത്ഥമാക്കിക്കളയുകയാണ്.' (ബാല്യസ്മൃതി)

ടാഗൂർ കുടുംബത്തിൽ ധാരാളം കുട്ടികളുണ്ടായിരുന്നുവെങ്കിലും രവീന്ദ്രനു തന്നോടൊപ്പം കളിക്കാൻ രണ്ടുപേരെ മാത്രമേ ലഭിച്ചുള്ളൂ. -സോമേന്ദ്രനും സത്യനും. അവർക്കു രവിയേക്കാൾ രണ്ടു വയസ്സു കൂടും. അത്രമാത്രം. എന്നാൽ ചിലപ്പോൾ അവരും വലിയേട്ടന്മാരാണെന്നു ഭാവിച്ചുകളയും. ആ ബാല്യകാലലീലകളെപ്പറ്റി ടാഗൂർ രസകരമായ ചില ചിത്രങ്ങൾ വരച്ചിട്ടുണ്ട്. മൂന്നു പേരും കൂടി പുതിയ കുപ്പായം തുന്നാൻ തയ്യൽക്കാരന്റെ മുമ്പിൽ ചെന്നു നിൽക്കും. പുതിയ ഉടുപ്പ് ലഭിക്കാൻ പോകുന്നു എന്ന സ്മരണ തന്നെ ഉത്സാഹജനകമാണ്. 'ഒരുപാടു പോക്കറ്റ് വേണം കേട്ടോ?' അവർ തുന്നൽക്കാരനോടു പറയും. അങ്ങനെ നിറയെ പോക്കറ്റുകളുള്ള ഉടുപ്പുകൾ അവർക്ക് ലഭിക്കുന്നു. പിന്നെ പോക്കറ്റുകൾ കുത്തിനിറയ്ക്കാനുള്ള വ്യഗ്രതയാണ്. വളരെ വേഗം അവരത് നിറയ്ക്കുകയും ചെയ്യും.

വ്രജേശ്വർ എന്നൊരു വൃദ്ധബ്രാഹ്മണൻ അവിടെ വേലക്കാരനായുണ്ടായിരുന്നു. കുട്ടികളെ നോക്കുന്നത് അയാളുടെ ചുമതലയാണ്. വ്രജേശ്വരൻ വലിയ 'ശുദ്ധ'ക്കാരനാണ്. കുളത്തിലിറങ്ങി വെള്ളത്തിലെ അഴുക്കു വകഞ്ഞുനീക്കി 'ഠും' എന്നൊന്ന് മുങ്ങിയിട്ട് കരയ്ക്കുകയറി വീട്ടിലോട്ട് ഒരോട്ടമുണ്ട്. പോകുന്ന വഴിക്ക് പരിസരത്തിന്റെ അശുദ്ധി തന്നിൽ പുരളുന്നുണ്ടോ എന്ന് പേടിച്ചുകൊണ്ടാണ് പ്രയാണം.വ്രജേശ്വർ വളരെ പിശുക്ക് പിടിച്ചാണ്



IX_Malayalam_Combine.indb 153 4/16/2019 12:57:49 PM

കുട്ടികൾക്ക് ആഹാരം വിളമ്പുക.' ലുച്ചി' യുടെ (ഒരുതരംവറ്റൽ) ഊഴം വരുമ്പോൾ പിശുക്കു വളരെ കൂടും. കുട്ടികൾ 'മതി' എന്നു പറഞ്ഞു വിലക്കിയാൽ അയാൾക്കു വലിയ സന്തോഷ മാണ്. എന്താണെന്നോ? അധികം വരുന്നതൊക്കെ അയാൾക്കു ശാപ്പിടാം.

ജെറോഷങ്കോവിൽ ഒരു രഹസ്യമുറിയുണ്ടെന്ന് രവിയുടെ കൂട്ടുകാരിൽ ഒരുവൾ പറ ഞ്ഞു. രാജഗ്രൃഹം എന്നാണത്രേ ആ മുറിയുടെ പേര്.' ഞാനിപ്പോൾ അവിടെ പോയിട്ട് വരി കയാണ്.' എന്ന് അവൾ പറയും.രവിയുടെ ജിജ്ഞാസ തിളച്ചുപൊങ്ങും. പക്ഷേ അവൾ രവിയെ കൂട്ടികൊണ്ടു പോകുകയില്ല. രാജഗ്രൃഹം എവിടെയായിരിക്കുമെന്ന് രവി വളരെ കിണഞ്ഞാലോചിച്ചു.രണ്ടാം നിലയിലോ മൂന്നാം നിലയിലോ ആകണം. ഇടയ്ക്കിടയ്ക്കു കൂട്ടുകാരിയോട് ചോദിക്കും. അവൾ പറയുകയില്ല. ' ആകട്ടെ,വീടിനകത്തോ പുറത്തോ എന്ന് പറയൂ'. രവി ഞെരുക്കി.' പുറത്തെങ്ങുമല്ല.ഇവിടെ ഈ വീടിനകത്ത്'. രവിയുടെ ജിജ്ഞാസ വർദ്ധിച്ചു.പക്ഷേ അത് അഗമ്യമായി തന്നെ നിന്നു. രാജഗ്രൃഹം രവിക്കു കണ്ടു പിടിക്കാൻ കഴിഞ്ഞില്ല. എങ്കിലും തന്റെ വീട്ടിൽ രഹസ്യങ്ങളും അത്ഭുതങ്ങളും പതിയിരി ക്കുന്നു എന്ന വിചാരം പോലും ആ ബാലന്റെ ഭാവനയെ ഉത്തേജിപ്പിച്ചു.

അഭ്യാസം

I. പദപരിചയം

സൗധം, വെമ്പൽ, സംഭ്രമം, ബന്ധനസ്ഥൻ, മൂലസ്ഥാനം, ജനബഹുലം, വീഥി, ശാഖാകുടും ബങ്ങൾ, ദുരധികാരം, വാല്യക്കാരൻ, അദൃഷ്ടം, ഏകാന്തഭീകരത, അസപഷ്ട ദർശനങ്ങൾ, സു ലഭന്മാർ, അന്തസ്സാരം, വിശിഷ്ടവസ്തുക്കൾ, വ്യർത്ഥമാക്കുക, ജിജ്ഞാസ, ഉത്തേജിപ്പിക്കുക.

II. വാക്യത്തിൽ പ്രയോഗിക്കുക.

ചുമതല, രസകരമായ, പ്രത്യാശ, ആസ്വദിക്കുക.

III. ശരിയായ ഉത്തരം എഴുതുക

1. ടാഗൂർ ഭവനം സ്ഥിതിചെയ്യുന്നത്

   അ) മുംബൈ നഗരത്തിൽ

   ആ) കൽക്കട്ട നഗരത്തിൽ

   ഇ) ഡൽഹി നഗരത്തിൽ

   ഈ) കൊച്ചി നഗരത്തിൽ

2. ടാഗൂർ ഭവനം ഏത് സർവ്വകലാശാലയായിട്ടാണ് പ്രവർത്തിക്കുന്നത്?

   അ) മദ്രാസ് സർവ്വകലാശാല

   ആ) ഭാരതിയാർ സർവ്വകലാശാല

IX_Malayalam_Combine.indb 154 4/16/2019 12:57:49 PM

ഇ) രവീന്ദ്രഭാരതി സർവ്വകലാശാല

ഈ) മഹാത്മാ ഗാന്ധി സർവ്വകലാശാല

3. ജൊറാഷങ്കോവിലെ രഹസ്യമുറിയുടെ പേരെന്ത്?

അ) രാജഭവനം

ആ) രഹസ്യ അറ

ഇ) രഹസ്യഭവനം

ഈ) രാജഗ്രഹം

IV. ഉത്തരമെഴുതുക.

1) ജെറോഷങ്കോവിലെ ടാഗൂർ കുടുംബത്തിന്റെ പ്രത്യേകതയെന്ത്?

2) ടാഗൂർ കുടുംബത്തിലെ കുട്ടികളുടെ അവസ്ഥ എന്തായിരുന്നു?

3) ബാല്യത്തിലെ ഏകാന്തഭീകരതയെപ്പറ്റി ടാഗൂർ തന്റെ സ്മരണകളിൽ എഴുതിയതെന്ത്?

4) ടാഗൂർ തന്റെ അച്ഛനെക്കുറിച്ചും പ്രായം കൂടിയ ബന്ധുജനത്തെക്കുറിച്ചും എന്താണ് പറഞ്ഞത്?

5) വ്രജേശ്വർ എന്ന വേലക്കാരനായ വൃദ്ധബ്രാഹ്മണനെപ്പറ്റി ഒരു കുറിപ്പെഴുതുക?

IX_Malayalam_Combine.indb 155 4/16/2019 12:57:49 PM

അധികവായനക്ക്

സ്പ്ലാഷ്

വൈശാഖൻ



വൈശാഖൻ [1940-]: എം.കെ. ഗോപിനാഥൻ നായർ എന്നാണ് യഥാർത്ഥ പേര്. 1964-ൽ ദക്ഷിണറെയിൽവേയിൽ സ്റ്റേഷൻ മാസ്റ്ററായി ജോലിയിൽ പ്രവേശിച്ചു. 20 വർഷം ജോലി ചെയ്തപ്പോഴുണ്ടായ അനുഭവങ്ങളും നൈസർഗികമായ കഥാരചനാപാടവവും കൊണ്ട് കഥാരചനയിലേർപ്പെട്ട കഥാകാരനാണ് വൈശാഖൻ. 14 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളസാഹിത്യ അക്കാദമി അവാർഡ്, യു.പി. ജയരാജ് അവാർഡ്, അബുദാബി ശക്തി അവാർഡ്, ചെറുകാട് അവാർഡ്, കുവൈറ്റ് കല അവാർഡ്, എന്നിവ ലഭിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ, ഒറിയ ഭാഷകളിലേക്ക് കഥകൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കേരള സാഹിത്യഅക്കാദമി പ്രസിഡന്റ് ആണ്.

മാധവൻമാഷിന് ഒട്ടും ക്ഷോഭം തോന്നിയില്ല. മാഷ് വായിച്ചുകൊണ്ടിരുന്ന പത്രം അൽപം താഴ്ത്തി ധൃതിയിൽ ഗേറ്റ് കടന്ന് സൈക്കിൾ ചവിട്ടി പോകുന്ന ചെറുപ്പക്കാരനെ നോക്കി ഇങ്ങനെ ഇരുന്നു. മുറ്റത്ത് ഇറക്കിവെച്ചിരിക്കുന്ന രണ്ട് ഗ്യാസ് കുറ്റികളുടെ നേരെ നോക്കിയപ്പോഴുള്ള അതേ നിസ്സംഗതയോടെയാണ് മാഷ് ആ ചെറുപ്പക്കാരന്റെ കാക്കിഷർട്ട് മറയുന്നതും നോക്കിയത്. പക്ഷേ മാഷിന്റെ ഭാര്യയുടെ മുഖം ക്ഷോഭംകൊണ്ട് ചുവന്ന് തുടുത്തിരുന്നു. അവർ പറഞ്ഞു.

'ന്നാലും ആ കുറ്റികള് വരാന്തയിലേക്ക് കേറ്റിവയ്ക്കാൻ പോലും അവൻ തയ്യാറായില്ലല്ലോ. അഹംഭാവം എന്നല്ലാണ്ട് ന്താ പറയ്യാ.'

'അതൊന്വാവില്ല സൗദാമിനീ.അയാൾക്ക് എന്തെങ്കിലും അത്യാവശ്യം ണ്ടായിരിക്കും'.

'പത്ത് രൂപാ കൊടുക്കൂല്ലേ നമ്മള്? പിന്നെ കേറ്റി വെച്ചാലെന്താ?'

'പത്ത് രൂപയൊന്നും ഇക്കാലത്ത് അത്ര വല്യ തുകയൊന്നുമല്ലെടോ.
ഒരു ലക്ഷമൊന്നും നമ്മള് കൊടുക്കില്ലല്ലോ'.

ചെറുചിരിയോടെയാണ് മാധവൻമാഷ് അത് പറഞ്ഞത്. സൗദാമിനി പിന്നെ ഒന്നും പറഞ്ഞില്ല.ഇതിനി ആരെക്കൊണ്ട് അടുക്കളയിൽ കൊണ്ടു പോയി
വെപ്പിക്കും? അതുമാത്രമായി അവരുടെ ചിന്തയിൽ.കുട്ടൻ ഈ വഴിയെങ്ങാനും വരുമോ ആവോ? കുട്ടൻ തെങ്ങുകയറ്റം,കിള,കാട് വെട്ടൽ, വളമിടൽ,കിണറ് വൃത്തിയാക്കൽ തുടങ്ങി എല്ലാത്തിനുമായി നാട്ടിലുള്ള ഒരു വിദഗ്ദ്ധനാണ്. ആവശ്യക്കാർ സെൽഫോണിൽ വിളിച്ചാൽ മതി. വരാൻ കഴിയുന്ന തീയതിയും സമയവും കുട്ടൻ നിശ്ചയിച്ച് പറയും. മാധവൻമാഷ് പെട്ടെന്ന് ഓർമ വന്നതുപോലെ ചോദിച്ചു.:

'ആ കുട്ടി ഉച്ച കഴിയുമ്പളത്തേക്കും എത്തുംന്നല്ലേ പറഞ്ഞത്.?'

IX_Malayalam_Combine.indb 156 4/16/2019 12:57:49 PM



‘എപ്പൊ വന്നാലും തരക്കേടില്ല.ഭക്ഷണം അയാൾക്കുകൂടി തയ്യാറാക്കീട്ടുണ്ട്.‘
ഹൈദരാബാദിൽ നിന്നും രാവിലെ മകൻ സുരേഷ് വിളിച്ചിരുന്നു.അവന്റെ മാർക്കറ്റിങ് അസിസ്റ്റന്റ് സുനിൽ നാട്ടിലേക്ക് പോന്നിട്ടുണ്ട്.ഒരാഴ്ച നമ്മുടെ ടൗണിലും അയാൾക്ക് എന്തൊക്കെയോ പണികളുണ്ട്.നമ്മുടെ വീട്ടിൽ താമസിച്ചുകൊള്ളട്ടെ.അവനെക്കൊണ്ട് ശല്യമൊന്നും ഉണ്ടാകില്ല.എന്നൊക്കെയാണ് സുരേഷ് പറഞ്ഞത്. അനിൽ കുംബ്ലെ എന്നാണ് മോൻ അവനെ ചെല്ലപ്പേര് വിളിക്കുന്നതെന്നുംകൂടി പറഞ്ഞു. ഞാനാണ് അവിടെ വന്നിരിക്കുന്നത് എന്ന മട്ടിൽ വേണം അനിലിനെ കണക്കാക്കുക.

മാഷ് പത്രം വായന തുടരാനൊരുങ്ങിയപ്പോൾ സൗദാമിനി പറഞ്ഞു.:
‘ആ ചെമ്പകം ആകാശത്തേക്ക് കുതിച്ചുപൊങ്ങുന്നുണ്ട്. കുട്ടൻ വന്നാൽ വെട്ടിക്കണം.പുരയ്ക്ക് മീതെ ചെമ്പകം പൊങ്ങിയാൽ നാശാന്നാ പറയണെ‘.

അതിനും മാഷ് ചിരിച്ചു.പാവം ചെമ്പകം.ഇതിനോട് ഇത്രകണ്ട് വിരോധം ഏത് കുബുദ്ധിയിലാണോ ഉദിച്ചത്.?ചെമ്പരത്തിയിലും ചെമ്പകത്തിലും മാറി മാറി പറന്ന് കളിക്കുന്ന ഒരു സൂചീമുഖിയുടെ നേരെ നോട്ടം പായിച്ച് മാഷ് പറഞ്ഞു.
"തന്റെ ഇഷ്ടംപോലെ ചെയ്തോളൂ".
ഗേറ്റിൽ ഒരു ഓട്ടോറിക്ഷ വന്നുനിന്നു.ഒരു വലിയ ബാഗും തോളിൽ തൂക്കി ഇറങ്ങിയ ചെറുപ്പക്കാരൻ തിരിഞ്ഞുനിന്ന് ഓട്ടോക്കൂലി കൊടുക്കുകയാണ്. ഒറ്റനോട്ടത്തിൽ സുരേഷാണെന്നേ തോന്നൂ.ഓട്ടോ പോയി. ചെറുപ്പക്കാരൻ ഉല്ലാസത്തോടെ ബാഗ് മറുതോളിലേക്ക് മാറ്റി. ചടുലമായ കാൽവയ്പ്പുകളോടെ വരാന്തയുടെ അടുത്തെത്തി പട്ടാളച്ചിട്ടയിൽ നിന്നു.
സ്പ്ലാഷ്!
ഈ ശബ്ദം അന്തരീക്ഷത്തിലെവിടെയോ നിന്ന് പുറപ്പെട്ട് ചാട്ടുളിപോലെ പാഞ്ഞുപോയെന്നാണ് തോന്നിയത്.അത് ഈ കുട്ടിയിൽ നിന്ന് പുറപ്പെട്ടതാണോ? മാഷും ഭാര്യയും അത്ഭുതത്തോടെ നോക്കിയപ്പോൾ അവൻ ചിരിച്ചു. ഏറെ വെളിച്ചമുള്ള ഒരു ചിരി. ആ ചിരിയിൽ

IX_Malayalam_Combine.indb 157 4/16/2019 12:57:50 PM

ചുറ്റുപാടെല്ലാം കൂടുതൽ വെളിച്ചമുള്ളതായി തോന്നി.
"ഞാൻ അനിൽ"
മാധവൻ മാഷ് ചിരിച്ചു.
"അനിൽ കുംബ്ലെ"
ചെറുപ്പക്കാരൻ അത്യാഹ്ലാദത്തിന്റെ ആ ശബ്ദം വീണ്ടും പുറപ്പെടുവിച്ചു.
"സ്പ്ലാഷ് ഹൗ, അവൻ അതും പറഞ്ഞോ, അങ്കിൾ അത് ഓർത്തിരിക്കുകയും ചെയ്തു. മാർവലസ്. എക്സൈറ്റിങ്. പിന്നെ ഒരു കാര്യം.ഞാൻ അറിയാതെ അങ്കിൾ എന്ന് വിളിച്ചു പോയി. അങ്ങനെ തന്നെ തുടർന്നും വിളിച്ചോട്ടെ.?"
" വിളിച്ചോളൂ"
" ആന്റി എന്നും"
അവൻ സൗദാമിനിയെ കണ്ണ് ചിമ്മി കുസൃതിയോടെ നോക്കി.സൗദാമിനിക്ക് അത് ഇഷ്ടപ്പെട്ടെന്ന് തോന്നി.മാഷ് ചിന്തിച്ചു. ആദ്യമായിട്ടാണ് സൗദാമിനിക്ക് ഒരു ആന്റിയാകാൻ അവസരം കിട്ടിയിരിക്കുന്നത്.

" വിളിച്ചോളൂ. ഇപ്പൊ അകത്തേക്ക് വരാ. ആന്റി മുറികാണിച്ച് തരാം. ചായ കുടിയ്ക്കേം ആവാല്ലോ." അനിൽ ഉറക്കെ ചിരിച്ചു. ഉറങ്ങിക്കിടന്നത് ഉണർന്നു ചിരിക്കുന്നു എന്ന് മാഷ് മനസ്സിലാക്കി. ബാഗുമായി വരാന്തയിലേക്ക് കയറിയ അനിൽ ' ഹൗ എന്നൊരു ശബ്ദത്തോടെ ബാഗ് താഴെവച്ചു. എന്തുപറ്റിയെന്ന് മാഷും സൗദാമിനിയും അമ്പരന്നു. അതിനിടയിൽ അനിൽ ഗ്യാസ് കുറ്റികളുടെ അടുത്തെത്തിയിരുന്നു.
'ഇവറ്റങ്ങളെ കിച്ചനിലേക്ക് അഡ്മിറ്റ് ചെയ്യേണ്ടതില്ലേ?'
' കുട്ടൻ വരട്ടേന്ന് കരുതി'.
'കുട്ടൻ എപ്പോഴെങ്കിലും വന്നോട്ടെ.'
സ്പ്ലാഷിന്റെ അകമ്പടിയിൽ അനിൽ ഒരുഗ്യാസ്കുറ്റിയുമായി അടുക്കളയിലേക്ക് പോയി. മടങ്ങി വന്ന് അടുത്ത കുറ്റിയും തൂക്കികൊണ്ട് പോയി. ചെറുപ്പത്തിന്റെ ആ പ്രകടനം മാഷിനും ഭാര്യക്കും ഏറെ ഇഷ്ടമായി.

ഞാനാണ് വന്നിരിക്കുന്നത് എന്ന രീതിയിൽ അനിലിനെ കണക്കാക്കണം എന്നാണ് സുരേഷ് പറഞ്ഞിരിക്കുന്നത്.ഇവൻ അവനെപ്പോലെതന്നെ.അരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും അനിൽ അവിടെ എന്നും ഉണ്ടായിരുന്നു എന്ന് മാഷിനും സൗദാമിനിക്കും തോന്നി. ഊണ് കഴിച്ചുകൊണ്ടിരിക്കുമ്പോൾ അനിൽ പറഞ്ഞു.
'സ്വീറ്റ് സിക്സ്റ്റിഫൈവ് ആൻഡ് സ്വീറ്റ് സിക്സ്റ്റി. ചെറുപ്പക്കാരായ നവദമ്പതികൾ അച്ചാറ് അധികം കൂട്ടുന്നത് നന്നല്ല.കൊളസ്ട്രോൾ നിലവാരം എങ്ങനെയുണ്ട്.?
'ഞങ്ങൾക്ക് രണ്ടാൾക്കും കൊളസ്ട്രോളും ബി.പിയും ഒന്നുമില്ല.'
'സാരമില്ല,ശ്രമിച്ചാൽ ഉണ്ടാക്കാവുന്നതേയുള്ളൂ. പിന്നെ അങ്കിൾ ഊണ് കഴിഞ്ഞ് എനിക്ക് ഒന്നേകാൽ മണിക്കൂർ, വൺ അവർ ഫിഫ്റ്റീൻ മിനിട്സ് എക്സാക്റ്റ്ലി. ഉറങ്ങണം. രണ്ടു പേരും ശല്യം ചെയ്യാണ്ട് എവിടെയെങ്കിലും കളിച്ചോളണം ന്താ?'
വൈകുന്നേരം കൃത്യം നാലുമണിക്ക് ഒരു ഓട്ടോ ഗേറ്റിലെത്തി.അനിൽ ഓട്ടോയിൽ കയറിപ്പോയി. സന്ധ്യ കഴിഞ്ഞപ്പോൾ സുരേഷ് വിളിച്ചു.അനിൽ എത്തിയില്ലേ എന്ന് അന്വേഷിക്കാനാണ് വിളിച്ചത്. അവനെക്കൊണ്ട് ഉപദ്രവമൊന്നുമില്ലല്ലോ എന്ന് പ്രത്യേകം ചോദിച്ചു. ഇനി എട്ടു ദിവസം നീണ്ടു നില്ക്കുന്ന ഒരു ടൂറ് പോവുകയാണ്. ചിലപ്പോൾ അതുകഴിഞ്ഞേ വിളിക്കൂ എന്നും പറഞ്ഞു.

IX_Malayalam_Combine.indb 158 4/16/2019 12:57:50 PM

രാത്രി എട്ടുമണിക്ക് അനിൽ മടങ്ങിയെത്തി. ഒരു ഹിന്ദിസിനിമാഗാനം അല്പം ഉറക്കെ പാടിക്കൊണ്ടാണ് വന്നുകയറിയത്.സി.ഡി പ്ലെയറിൽ ഒരു സി.ഡി ഇട്ടുകൊണ്ട് ഒരു കണ്ണടച്ച് മാധവൻമാഷിന്റെ നേരെ നോക്കി.

'ഇതാരുടെ പാട്ടുകളാണെന്ന് ഗസ്സ് ചെയ്യാമോ?'

മാധവൻമാഷ് ചിരിച്ചു.

'ഒരു ക്ലൂ തരാമോ? ക്ലാസിക്കൽ? സിനിമാ?'

'ക്ലൂ ഒന്നും വേണ്ടാ.ദാ കേട്ടുകൊള്ളൂ. ആപ് കീ പസന്ത്.'

മാധവൻ മാഷ് കസേര സ്പീക്കറിനടുത്തേക്ക് വലിച്ചിട്ടിരുന്നു.

സാരംഗാതേരി യാദ് മേ....

മുകേഷിന്റെ പാട്ടുകളുടെ സി.ഡി. മാധവൻമാഷിന് അത്ഭുതം.അനിൽ പറഞ്ഞു:

'അങ്കിളിന് മുകേഷിന്റെ പാട്ടുകൾ വലിയ ഇഷ്ടമാണെന്ന് സുരേഷ് പറഞ്ഞിരുന്നു. ആന്റിക്ക് ലതയാണത്രെ ഇഷ്ടഗായിക. അതും കൊണ്ടുവന്നിട്ടുണ്ട്'

പിറ്റേദിവസം നേരം വെളുക്കുന്നതിനുമുമ്പേ മാധവൻമാഷ് ഉണർന്നു. മുകളിൽ എന്തോ തട്ടുമുട്ടുശബ്ദം. എന്തായിരിക്കും? എലിയോ? പൂച്ചയോ? അതോ മരപ്പട്ടിയോ? എല്ലാം ഇവിടെ വേണ്ടത്രയുണ്ടല്ലോ.മാഷ് മെല്ലെ എഴുന്നേറ്റു. കോണി കയറി വാതിൽ തുറന്നു കിടക്കുന്നു. അനിൽ കിടക്കയിലില്ല. ടെറസിലേക്കുള്ള വാതിലും തുറന്നുകിടക്കുകയാണ്. മാഷ് വാതിൽക്കൽ ചെന്ന് നോക്കി. അനിൽ വ്യായാമം ചെയ്യുകയാണ്. ടെറസിലെ നേരിയ വെളിച്ചത്തിൽ മാഷെ കണ്ടിട്ടുണ്ടാവും അനിൽ ചിരിച്ചു.

'കൂടെ ചേരുന്നോ അങ്കിൾ, ബോഡി ഫിറ്റ്നസ് ഏതു പ്രൊഫഷനാണെങ്കിലും അത്യാവശ്യം. പ്രത്യേകിച്ചും എന്നെപ്പോലുള്ളവർക്ക്. അലച്ചിൽ, പല കാലാവസ്ഥകൾ. ബോഡി ഈസ് ദ മോസ്റ്റ് ഇമ്പോർട്ടന്റ്, യു നോ? '

ഒരു അദ്ധ്യാപകൻ ക്ലാസെടുക്കുന്ന രീതിയിലാണ് ഒടുവിലത്തെ വാചകം.

മാഷ് ചിരിച്ചു.

'യെസ്സ് സർ. ഞാൻ രാവിലെ ലേശം നടക്കാറുണ്ട്. എനിക്ക് അതൊക്കെ മതി അനിൽ. എട്ടുമണിക്ക് പ്രാതൽ റെഡിയായിട്ടുണ്ടാവും.'

താഴെ സൗദാമിനി ലതാമങ്കേഷ്കറുടെ പാട്ടുവച്ചുതുടങ്ങി.വ്യായാമവും കുളിയും കഴിഞ്ഞ് അനിൽ നേരെ അടുക്കളയിലേക്ക് ചെന്നു. സൗദാമിനി ചട്ണി ഉണ്ടാക്കുകയായിരുന്നു. ചിരപരിചിതനെപ്പോലെ അനിൽ അടുക്കളയിലെ ടിന്നുകളെല്ലാം തുറന്ന് നോക്കി. ചിലത് മണത്തും നോക്കി.

'ആന്റി,സ്റ്റൗവിന്റെ ഒരു ബർണർ ശരിക്ക് കത്തുന്നില്ല.ഞാൻ വൈകുന്നേരം ശരിയാക്കിത്തരാം.'

പത്ത് മണിയോടെ അനിൽ പുറത്തേക്ക് പോകാൻ തയ്യാറായി താഴെയെത്തി. അപ്പോഴെക്കും ഒരു ഓട്ടോ ഗേറ്റിൽ വന്നുനിന്ന് ഹോണടിച്ചു. അനിൽ സ്പ്ലാഷിന്റെ പിറകെ പറഞ്ഞു:

IX_Malayalam_Combine.indb 159 4/16/2019 12:57:50 PM

'നമ്മുടെ ഓട്ടോക്കാർ സൂപ്പർ. ഗൺടൈമിന് തന്നെ എത്തിയിരിക്കുന്നു. ഇയാൾക്ക് പങ്ചാലിറ്റിക്കുള്ള ഈ വർഷത്തെ നാഷണൽ അവാർഡിന് ഞാൻ റെക്കമെന്റ് ചെയ്യും.'

അനിൽ സൗദാമിനിയുടെ നേരെ കൃത്രിമ ഗൗരവത്തോടെ നോക്കിക്കൊണ്ട് പോക്കറ്റിൽ നിന്നും ഒരു കടലാസ് എടുത്ത് നിവർത്തി വായിച്ചു:

'ആട്ട,ചെറിയ ഉള്ളി, ചായപ്പൊടി, പഞ്ചസാര. ഇതെല്ലാം തീരാറായിരിക്കുന്നു. കുറച്ച് പച്ചക്കറികളും വേണം.ഇതെല്ലാം ഞാൻ വരുമ്പോൾ കൊണ്ടുവരും.'

മധവൻ മാഷ് തടസ്സപ്പെടുത്തുന്നതുപോലെ പറഞ്ഞു:

'അനിൽ ഇതൊക്കെ ഞാനിന്ന് വാങ്ങാനിരുന്നതാണ്. തിരക്കിനിടയ്ക്ക് കുട്ടിക്ക് ബുദ്ധിമുട്ട് വേണ്ടാ.'

'അങ്കിൾ,ഞാൻ കൊണ്ടുവരും എന്നാണോ കൊണ്ടുവരാം എന്നാണോ പറഞ്ഞത്? എ മെമ്മറി ടെസ്റ്റ്,കമോൺ കിക്ക്'

'കൊണ്ടുവരും എന്നുതന്നെയാണ് പറഞ്ഞത്.'

'ഓക്കെ.അതിന് ഒരർത്ഥമേയുള്ളൂ.ഇറ്റ്സ് ഡൺ'

പറഞ്ഞു തീരുന്നതിന് മുമ്പ് ആള് പുറപ്പെട്ടു കഴിഞ്ഞു.സൗദാമിനി മൂക്കത്ത് വിരൽ വെച്ചു പറഞ്ഞു:
'ങ്ങ്നേണ്ടോ കുട്ടികള്'!
മാഷ് ചാരുകസേരയിൽ കിടന്നു.സൗദാമിനി നിലത്തിരുന്ന് പയറൊരുക്കാൻ തുടങ്ങി.
'സൗദാമിനീ, കാലം മാറി. നമ്മളൊക്കെ ഓടി തേയ്മാനം വന്ന വണ്ടികളായി. പുതിയ കുട്ടികള് വലിയ ലോകത്തിന്റെ വിവരങ്ങളെല്ലാം അറിഞ്ഞാണ് ജീവിക്കുന്നത്.'
ശരിയാണെന്ന് സമ്മതിക്കുന്നത് പോലെ അവർ തലയാട്ടി.പൊട്ടിത്തെറിക്കുന്ന പ്രായം. ഒരു നിമിഷം അടങ്ങിയിരിക്കില്ല. രണ്ട് ദിവസം കൊണ്ട് അവൻ വീടിന്റെ മുഖച്ഛായ തന്നെ മാറ്റി. കസേരകളും അലമാരകളും പുതിയ സ്ഥാനങ്ങളിലിട്ടു. കർട്ടനുകൾ മാറ്റി. അവന് അറിയാത്തതായി ഒരു പണിയുമില്ല. ഇളയമോളുടെ കല്ല്യാണത്തിനു മുമ്പാണ് ഇവനെ പരിചയപ്പെട്ടിരുന്നതെങ്കിൽ എന്ന് അവർ അറിയാതെ ആഗ്രഹിച്ചു.

നാലു ദിവസം പോയതറിഞ്ഞില്ല.അഞ്ചാം ദിവസം രാവിലെ പ്രാതൽ കഴിഞ്ഞ് അനിൽ സെൽഫോണിൽ ആരോടോ കുറെനേരം സംസാരിച്ചുകൊണ്ടിരുന്നു. സംസാരം തീർന്നപ്പോൾ അവൻ മാധവൻമാഷിന്റെ അടുത്തെത്തി.
'അങ്കിൾ, ഐ ആം സോറി, എനിക്ക് ഉടനെ മടങ്ങണം. രാത്രി ബാംഗ്ലൂരിലെത്തണം. എമർജൻസി ബിസിനസ്സ് കാര്യമാണ്.'

സൗദാമിനിക്കും മാഷിനും വല്ലാത്ത വിഷമം തോന്നി.അവർ മൂകരായി. ഒരാഴ്ചയിലേറെ ഉണ്ടാകുമെന്നാണല്ലോ പറഞ്ഞത്. മാഷ് ആലോചിച്ചു. ഇതിലിത്ര വിഷമിക്കാനെന്തിരിക്കുന്നു.? രണ്ടു ദിവസം കഴിഞ്ഞാൽ എന്തായാലും അവൻ തിരിച്ച് പോകുമായിരുന്നു. പ്രായമാകുമ്പോൾ പെട്ടെന്നുള്ള മാറ്റങ്ങൾ സ്വീകരിക്കാൻ മനസ്സിന് കഴിയാത്തത് കൊണ്ടാവും ഈ വിഷമം.
അനിൽ മുകളിലേക്ക് പോയി. കുറച്ച് കഴിഞ്ഞ് ബാഗുമായി താഴെയെത്തി. മാഷിന്റെയും ഭാര്യയുടെയും മുഖങ്ങളിലേക്ക് മാറിമാറി നോക്കി.

IX_Malayalam_Combine.indb 160 4/16/2019 12:57:50 PM

‘ സാരമില്ല.സൗകര്യപ്പെട്ടാൽ ഞാനിനിയും വരും. അതുവരെ....’

അനിൽ ഒന്ന് നിർത്തി.പിന്നീട് മുഖം കൂടുതൽ പ്രസന്നമാക്കി നാടകീയമായി പറഞ്ഞു:

‘വിരഹദുഖം കലശലായി ഉണ്ടാവും. ജീവിതം ഇങ്ങനെയൊക്കെയാണെന്ന് മനസ്സിലാക്കൂ കുട്ടികളേ.....’

അനിൽ ബാഗും തൂക്കി ഇറങ്ങിമറയുന്നത് നോക്കിനിന്ന് ഇരുവരും നെടുവീർപ്പിട്ടു. പിന്നീട് കുറച്ചുനേരം അവൻ കൊണ്ടുവന്ന പാട്ടുകൾ കേട്ടുകൊണ്ടിരുന്നു. വീണ്ടും വീട്ടിൽ അവർ രണ്ടുപേരും മാത്രമായി. അവരുടെ പഴയ പതിവുകൾ തിരിച്ചുവന്നു. മാധവൻ മാഷ് തൊടിയിലേക്കിറങ്ങി. തെങ്ങിൻതടങ്ങൾ, കുരുമുളകുവള്ളികൾ, വാഴകൾ. തൊടിയുടെ അതിർത്തി ചുറ്റി വരികയാണ് പതിവ്.അതിർത്തിയിലെ രണ്ട് കരിമ്പനകളിൽ ഈയിടെയായി ഒരു പറ്റം കൊക്കുകൾ താമസത്തിനെത്തിയിട്ടുണ്ട്.അവയുടെ ശബ്ദം സന്ധ്യകളെ ഉണർവ്വുള്ളതാക്കുന്നു.കുറച്ചുദിവസത്തേക്കുമാത്രമുള്ള താമസക്കാരാവും.



ഉച്ചയൂണ് കഴിഞ്ഞ് രണ്ടുപേരും അല്പനേരം ഉറങ്ങും. നിലത്ത് പുല്പായ വിരിച്ചാണ് കിടപ്പ്. അതിനായി പായ വിരിക്കുകയായിരുന്നു മാഷ്.ഫോണടിക്കുന്നു.സുരേഷാവും.കൂട്ടുകാരന്റെ വിവരം അന്വേഷിക്കാനാവും.

‘ഹലോ അങ്കിൾ,ഞാൻ അനിലാണ്. കൂറേ ദൂരം പോന്ന് കഴിഞ്ഞ് വിളിക്കാമെന്ന് കരുതി. എന്നോട് കാണിച്ച സ്നേഹത്തിന് രണ്ടുപേരോടും നന്ദിയുണ്ട്. ഇക്കാലത്ത് ഭൂമിയിൽ ശുദ്ധമനസ്സുള്ളവർ വളരെ കുറവാണ്. ഒരു നീണ്ട തീവണ്ടി യാത്രയിലാണ് ഞാൻ അങ്കിളിന്റെ മോൻ സുരേഷിനെ പരിചയപ്പെട്ടത്. നിങ്ങളെപ്പോലെതന്നെ പരമശുദ്ധൻ. വീട്ടിലെ എല്ലാ കാര്യങ്ങളും വിശദമായിത്തന്നെ എന്നോട് പറഞ്ഞു. യാത്രയ്ക്കിടയിൽ പരിചയപ്പെടുന്നവരോട് ഇങ്ങനെയൊന്നും പറഞ്ഞുകൂടാ എന്ന് ഞാൻ പറയുകയും ചെയ്തു.ഒടുവിൽ ഞാൻ കാണുമ്പോൾ സുരേഷ് ഒരു ചെറിയ ബൈക്കപകടത്തിൽ പെട്ട് ആശുപത്രിയിലായിരുന്നു. ഒട്ടും സീരിയസ്സല്ല. അച്ഛനെയും അമ്മയെയും അറിയിക്കുന്നില്ല എന്ന് പറഞ്ഞു. സുരേഷിന്റെ ശബ്ദത്തിൽ ഫോൺ ചെയ്തതൊക്കെ ഞാനായിരുന്നു. അങ്കിൾ ഷോക്ക്ഡ് ആകരുത്. ബ്യൂറോയിൽ സൂക്ഷിച്ചിരുന്ന ആഭരണങ്ങളും അവിടെയുണ്ടായിരുന്ന പണത്തിൽ കുറച്ചും ഞാൻ എടുത്തിട്ടുണ്ട്.പുതിയ ഫാഷനിലുള്ള ആഭരണങ്ങൾ മകളുടേതായിരിക്കും. നിങ്ങളുടെ ശുദ്ധ മനസ്സിനെക്കുറിച്ചോർത്തപ്പോൾ വിവരം അറിയിക്കുന്നതാണ് നീതി എന്ന് തോന്നി. പിന്നെ ഒരു കാര്യം. ധനം കെട്ടിക്കിടക്കുന്നത് നല്ലതല്ല.അത് വിനിമയം ചെയ്തുകൊ

IX_Malayalam_Combine.indb 161 4/16/2019 12:57:50 PM

ണ്ടേയിരിക്കണം.ഞാൻ മാർക്കറ്റിങ്ങിന്റെ ആളു തന്നെ.എന്നെത്തന്നെയാണ് മാർക്കറ്റ് ചെയ്യുന്നത്. സുരേഷ് ഇന്നോ നാളെയോ ആശുപത്രി വിടും. ഫോണിൽ വിളിച്ചു സംസാരിച്ചു കൊള്ളൂ.'

മാധവൻ മാഷ് ശ്വാസം വിടാതെ എല്ലാം കേട്ടുകൊണ്ടിരുന്നു. ഇടയ്ക്ക് സൗദാമിനി ആരാ ആരാ എന്ന് ചോദിച്ചുകൊണ്ടിരുന്നു.സംസാരം കഴിഞ്ഞപ്പോൾ അവർ ചോദിച്ചു:

' ആരാ ഇത്രേം നേരം?'

'പെൻഷനേഴ്സ് അസോസിയേഷന്റെ ദിവാകരനാ.വെറുതെ ഓരോന്ന്.'

ഫോൺ തിരിച്ചുവയ്ക്കാൻ മാധവൻ മാഷ് മറന്ന് പോയിരുന്നു. ഓർമ്മ വന്നപ്പോൾ വച്ചു. സുരേഷിനെ വിളിച്ച് തൽക്കാലം പറയണ്ട.എങ്കിലും ഇത്രയും വിളിച്ചു പറയാനുള്ള സന്മനസ്സ് അവനുണ്ടായല്ലോ.

മാധവൻ മാഷ് നീണ്ടുനിവർന്നു കിടന്നു.മനസ്സിൽ എന്തോ ഓർമത്തെറ്റുപോലെ.മാഷ് കണ്ണടച്ചുകിടന്നു.ഉള്ളിൽ 'സ്പ്ലാഷ്' എന്ന ശബ്ദം ആവർത്തിച്ച് കേട്ടുകൊണ്ടിരുന്നു.പിന്നെ അത് നേർത്ത് നേർത്ത് പോയി.

വ്യാകരണം

ദ്വിത്വസന്ധി

രണ്ടു വർണ്ണങ്ങൾ തമ്മിൽ കൂടിച്ചേരുമ്പോൾ ഒരു വർണ്ണം ഇരട്ടിക്കുന്നത് ദ്വിത്വ സന്ധി.

ഉദാ:	മയിൽ	+	പീലി	-	മയിൽപ്പീലി (പ - പ്പ)
	കവിൾ	+	തടം	-	കവിൾത്തടം (ത - ത്ത)
	തീ	+	കനൽ	-	തീക്കനൽ (ക - ക്ക)

ഈ പദങ്ങളിൽ സന്ധി ചെയ്യുമ്പോൾ വർണ്ണങ്ങൾ ഇരട്ടിക്കുന്നു.

അലങ്കാരം : ഉദാത്തം

വൃത്തം : ഉപേന്ദ്രവജ്ര

രചന : പുസ്തകാസ്വാദനം

IX_Malayalam_Combine.indb 162 4/16/2019 12:57:50 PM

ഭാഗം

10

മനുഷ്യാവസ്ഥയുടെ ആവിഷ്കരണ വൈവിധ്യങ്ങൾ



പഠനലക്ഷ്യങ്ങൾ

- വംശവൃക്ഷത്തിലൂടെ ജന്മ പരമ്പരകളെ തിരിച്ചറിയൽ
- ഇതിഹാസപാത്രത്തിലൂടെ തെളിയുന്ന സ്ത്രീശക്തിയെ മനസ്സിലാക്കൽ
- അധ്വാനത്തിന്റെ ആവശ്യകത ബോധ്യപ്പെടൽ

പാഠഭാഗങ്ങൾ

കവിത:	തെങ്ങ്	-കെ. സച്ചിദാനന്ദൻ
ഗദ്യം:	യജ്ഞസംഭവയായ ദ്രൗപദി	-ലളിതാംബിക അന്തർജനം
അധികവായനക്ക്:	പടച്ചോന്റെ ചോറ് (കഥ)	-ഉറൂബ്
വ്യാകരണം:	സമാസം	

IX_Malayalam_Combine.indb 163 4/16/2019 12:57:57 PM

കവിത

തെങ്ങ്

സച്ചിദാനന്ദൻ

കവിയെ പരിചയപ്പെടാം



സച്ചിദാനന്ദൻ [1946-]: കൊടുങ്ങല്ലൂരിൽ പുല്ലൂറ്റു ഗ്രാമത്തിൽ ജനിച്ചു. കോളേജ് അദ്ധ്യാപകനായിരുന്നു. 'കേന്ദ്ര സാഹിത്യ അക്കാദമി' യുടെ സെക്രട്ടറിയായി പദവി വഹിച്ചിട്ടുണ്ട്. കേരളസാഹിത്യ അക്കാദമി പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, ഉള്ളൂർ പുരസ്കാരം, കുമാരനാശാൻ പുരസ്കാരം, മഹാകവി. പി.കുഞ്ഞിരാമൻ നായർ പുരസ്കാരം, ഓടക്കുഴൽ പുരസ്കാരം, വയലാർ അവാർഡ്, പദ്മപ്രഭ അവാർഡ് തുടങ്ങി മുപ്പതോളം പുരസ്കാരങ്ങൾ സച്ചിദാനന്ദനു ലഭിച്ചിട്ടുണ്ട്.

അഞ്ചുസൂര്യൻ, ആത്മഗീത, ഇവനെക്കൂടി, എഴുത്തച്ഛനെഴുതുമ്പോൾ, ദേശാടനം, മലയാളംതുടങ്ങിഇരുപതോളംകവിതാസമാഹാരങ്ങൾ,പതിനഞ്ചോളംപഠനലേഖനസമാഹാരങ്ങൾ, കാവ്യപരിഭാഷാസമാഹാരങ്ങൾ എന്നിങ്ങനെ ഒട്ടനവധി കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. വീടുമാറ്റം എന്ന കവിതാസമാഹാരത്തിൽനിന്ന് എടുത്തിട്ടുള്ള കവിതയാണ് 'തെങ്ങ്'. തലമുറകളെ ബന്ധിക്കുന്ന കണ്ണികളുടെ പ്രതീകമായിട്ടാണ് കവി ഈ കവിതയിൽ തെങ്ങുകളെ ചിത്രീകരിക്കുന്നത്.

താമസം മാറ്റിയപ്പോൾ
പഴയ വീടിന്റെ ഓർമ്മയ്ക്കായ്
ഞാൻ ഒരു തെങ്ങിൻതൈ കൊണ്ടുവന്നു.
പുതിയ വളപ്പിൽ ആരോ വെച്ച
റബ്ബർതൈകൾക്കും കൊക്കോച്ചെടികൾക്കുമിടയിൽ
പട്ടമേൽ പട്ടവെച്ച് അതുയർന്നു.
അതിന്റെ തടിയിലെ ഓരോ വലയവും

IX_Malayalam_Combine.indb 164 4/16/2019 12:57:58 PM

ആനന്ദത്തിന്റെ ഓരോ ഋതുവായിരുന്നു.
നിറയെ വളകളണിഞ്ഞ ഒരു ഗ്രാമീണവധുവിന്റെ
കൈ പോലെ അതു നീണ്ടുവരുന്നത്,
ഓരോ കയ്പും വെയിലും മഴയുംകൊണ്ട്
മധുരത്താൽ നിറയുന്നത്, ഞാൻ നോക്കിനിന്നു.
എന്റെ അച്ഛൻ ഇങ്ങനെയായിരുന്നു
എന്റെ അമ്മയെ പറിച്ചു നട്ടത്–
അവളുടെ മധുരമുണ്ടാണു ഞാൻ വളർന്നത്.
ഞാൻ മരിക്കുമ്പോൾ എന്നെ
ഈ മണ്ണിൽത്തന്നെ കുഴിച്ചിടുക
എന്റെയുടൽ ദുരിതങ്ങളുടെ ആരു നിറഞ്ഞ
ഒരു തെങ്ങിൻ തടിയാകട്ടെ
എന്റെ കാൽവിരലുകൾ വേരുകളായി നീണ്ട്
ഈ പ്രിയഭൂമിയിലെ ജലം കുടിക്കട്ടെ
എന്റെ മുടി ഓലകളായി വിരിയട്ടെ
എന്റെ കൈവിരലുകളിൽനിന്ന്
പൂക്കുലകൾ പൊട്ടിവിരിയട്ടെ
എന്റെ ഹൃദയം അവയിൽ ഇളനീരാകട്ടെ,
എന്റെ വാക്കുകൾ അവയിൽ മാംസമാകട്ടെ
ഇതേ മുറ്റത്തു ഞാൻ കായ്ച്ചുനിൽക്കട്ടെ
കുരുത്തോലയുടെ വത്സലസ്പർശത്തിൽ,
കാറ്റിലാടുന്ന പട്ടകളുടെ പഴമൊഴികളിൽ,
നിറപറയിൽ ജ്വലിക്കുന്ന പൂങ്കുലയിൽ
കരിക്കിന്റെ തരിപ്പിക്കുന്ന ചെറുമധുരത്തിൽ,
വെളിച്ചെണ്ണയുടെ സമൃദ്ധസുഗന്ധത്തിൽ
എന്റെ പേരക്കിടാവ് മുത്തച്ഛനെ തിരിച്ചറിയട്ടെ,
അവന്റെ സ്വന്തം വംശത്തെയും



IX_Malayalam_Combine.indb 165 4/16/2019 12:57:58 PM

അഭ്യാസം

I. പദപരിചയം

ഋതു, സ്പർശം, സമൃദ്ധം, സുഗന്ധം, പേരക്കിടാവ്.

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കവി പുതിയ വീടിന്റെ മുറ്റത്ത് നട്ടതെന്ത്?

   അ. തെങ്ങ് ആ. മാവ്

   ഇ. പ്ലാവ് ഈ. വാഴ

2. തന്റെ ഹൃദയം തെങ്ങിലെ എന്താകണമെന്നാണ് കവി പറയുന്നത്?

   അ. ഓല ആ. ഇളനീർ

   ഇ. തടി ഈ. വേര്

3. തെങ്ങിന്റെ ഉൽപന്നങ്ങളിലൂടെ തന്നെ ആരറിയട്ടെയെന്നാണ് കവി പറയുന്നത്?

   അ. മക്കൾ ആ. ബന്ധുക്കൾ

   ഇ. പേരക്കിടാവ് ഈ. സ്നേഹിതൻ

4. തെങ്ങിൻതടിയിലെ ഓരോ വലയവും എന്തിന്റെ ഋതുവായിരുന്നു.?

   അ. ആനന്ദത്തിന്റെ ആ. സ്നേഹത്തിന്റെ

   ഇ. അറിവിന്റെ ഈ. മാറ്റത്തിന്റെ

III. ഉത്തരമെഴുതുക

1. കവി എവിടെയാണ് തെങ്ങിൻതൈ നട്ടത്?
2. തന്റെ ഉടൽ എന്തെല്ലാമാകണമെന്നാണ് കവി പറയുന്നത്?
3. മുത്തച്ഛനെ പേരക്കിടാവ് എങ്ങനെയെല്ലാം തിരിച്ചറിയട്ടെയെന്നാണ് പറയുന്നത്?
4. തെങ്ങിന്റെ വളർച്ചയെ കവി എപ്രകാരമാണ് നോക്കിക്കണ്ടത്?

IX_Malayalam_Combine.indb 166 4/16/2019 12:57:58 PM

ഗദ്യം

യജ്ഞസംഭവയായ ദ്രൗപദി

ലളിതാംബിക അന്തർജനം

ലളിതാംബിക അന്തർജനം [1909-1987]: കൊട്ടാരക്കരയിലെ കോട്ടവട്ടത്ത് ജനിച്ചു. പ്രശസ്ത മലയാള കഥാകൃത്തും നോവലിസ്റ്റുമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. സോഷ്യൽ വെൽഫെയർബോർഡ്, കേരളസാഹിത്യ അക്കാദമി, സാഹിത്യ പ്രവർത്തക സഹകരണസംഘം ഡയറക്ടർ ബോർഡ്, പാഠപുസ്തക സമിതി എന്നിവയിൽ അംഗമായിരുന്നു. കേരളസാഹിത്യ അക്കാദമി പുരസ്കാരം, വയലാർ പുരസ്കാരം, കല്ല്യാണീ കൃഷ്ണമേനോൻ പ്രൈസ് തുടങ്ങിയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. അഗ്നിപുഷ്പങ്ങൾ, തിരഞ്ഞെടുത്ത കഥകൾ, വിശ്വരൂപം തുടങ്ങിയ ചെറുകഥകൾ, അഗ്നിസാക്ഷി (നോവൽ), ആത്മകഥക്ക് ഒരാമുഖം (ആത്മകഥ), ലളിതാഞ്ജലി, ഭാവദീപ്തി, ശരണമഞ്ജരി തുടങ്ങിയ കവിതാസമാഹാരങ്ങൾ, ബാലസാഹിത്യം തുടങ്ങി ഒട്ടനവധി കൃതികൾ രചിച്ചിട്ടുണ്ട്.



ഇതിഹാസകാവ്യങ്ങളായ രാമായണഭാരതങ്ങളിലെ പ്രമുഖ നായികമാരുടെ ജീവിതം അപഗ്രഥിക്കുന്ന 'സീത മുതൽ സത്യവതി വരെ' എന്ന പഠനകൃതിയിൽ നിന്നുമെടുത്തിട്ടുള്ള ഒരു ലേഖനമാണ് യജ്ഞസംഭവയായ ദ്രൗപദി.

അതിദുർഗമമായ കാന്താരമദ്ധ്യത്തിൽക്കൂടെ അവർ നടന്നു. അഞ്ചു വീരപുരുഷന്മാരും സുകുമാരശരീരിണിയായ ഒരു യുവതിയും കുറെ അനുയായികളും.

വീശപ്പ് കൊണ്ട് അവർ വലഞ്ഞിരുന്നു. കല്ലും മുള്ളും കൊണ്ട് ദേഹമാകെ മുറിഞ്ഞ് ചോരയൊലിച്ചിരുന്നു. വന്യമൃഗങ്ങളുടെയും രാക്ഷസന്മാരുടെയും ആക്രമണം പ്രതീക്ഷിച്ച് അവർ ഭയന്നു. ഇടക്ക് മുൻപേ നടക്കുന്ന ആൾ തിരിഞ്ഞു പറഞ്ഞു:

"വയ്യ, ഈ ദുഖം ഇനി സഹിക്കാൻ വയ്യ. കള്ളച്ചൂത് കൊണ്ട് രാജ്യമാകെ തട്ടിപ്പറിച്ചതും അപമാനിച്ചതും സഹിക്കാം, വിശപ്പും വേദനകളും സഹിക്കാം, പക്ഷേ, ഇവൾ.... ഈ മൃദുലഗാത്രിയായ രാജപത്നി കഷ്ട്ടപ്പെടുന്നതു കാണുമ്പോൾ....."

യുവതി സമാധാനിപ്പിച്ചു: "നാഥാ, എന്നെ ഓർത്തു ദുഖിക്കാതിരിക്കൂ. തീയിൽ കുരുത്തത് വെയിലത്ത് വാടില്ല. ഞാൻ ദ്രൗപദിയാണ്. ദ്രുപദരാജാവിന്റെ യാഗവഹ്നിയിൽ നിന്നും ജനിച്ചവൾ. എനിക്കിതേ ദുഖമുള്ളൂ. നിങ്ങൾ അഞ്ചുപേരും അനുയായികളും വിശപ്പുകൊണ്ടു വലയുന്നല്ലോ. എനിക്കെന്റെ ധർമ്മം നിർവ്വഹിക്കാൻ കഴിയുന്നില്ലല്ലോ."

അതെ, അപ്പറഞ്ഞത് ദ്രൗപദിയാണ്. ദ്രൗപദിക്കുമാത്രമേ അങ്ങനെ പറയാൻ കഴിയൂ. ഇച്ഛാശക്തിയുടെ തീവ്രതപസ്യയിൽ മുഴുകി അത്തരമൊരു പാത്രം നേടുവാനും വിഭവസമൃ

IX_Malayalam_Combine.indb 167 4/16/2019 12:57:58 PM

ദ്ധിയുടെ മുന്നിൽ വിശപ്പിന്റെ വ്രതം സ്വീകരിച്ചു വിളമ്പിവിളമ്പിക്കൊണ്ടു നിൽക്കുവാനും ദ്രൗപദിയ്ക്കേ കഴിയൂ. ഏതൊരു മഹാവിപത്തിലും കുലുങ്ങാതെ കർത്തവ്യകർമ്മം ചെയ്യാനും ചെയ്യിക്കാനുമുള്ള മനക്കരുത്ത് വിശ്വസാഹിത്യനായികമാരിൽ ഈ ഒരേയൊരുവൾക്ക്-പാണ്ഡവപത്നിയായ പാഞ്ചാലിക്ക്-മാത്രമേയുള്ളൂ. ഏതു മുഹൂർത്തത്തിലാണ് വ്യാസഹൃദയത്തിൽ ഈ അസാധാരണനാരിയുടെ ഭാവന വന്നത്?! അഞ്ചു ഭർത്താക്കന്മാരുടെ പതിവ്രതയായ ധർമ്മപത്നി.... പ്രൗഢസഖി, ഉപദേഷ്ടാവ്, കുടുംബിനി.... മഹാഭാരതകഥാതന്തു മുഴുവൻ ഈയൊരു സ്ത്രീയുടെ വിരൽത്തുമ്പിൽ കിടന്നു കറങ്ങുന്നു.

വ്യാസന്റെ ബോധപൂർവ്വമായ ഒരു സൃഷ്ടിയാണ് ദ്രൗപദി. പാഞ്ചാലരാജാവായ ദ്രുപദന്റെ ക്രൂരമായ ഒരു പ്രതികാരശപഥത്തിൽനിന്ന് ഉടലെടുത്ത പുത്രിയാണവർ. വൈരിയായ ദ്രോണനെ വധിക്കാനൊരു പുത്രനും വീരനായ അർജ്ജുനന് കൊടുക്കാൻ ഒരു പുത്രിയും വേണമെന്ന സങ്കൽപ്പത്തോടെ പഞ്ചാഗ്നിമദ്ധ്യത്തിൽ നിന്ന് ആ രാജാവ് ഒരു യജ്ഞം നടത്തി. ഒരേ തീയ്യിൽ നിന്ന് രണ്ടു സന്താനങ്ങൾ ജനിച്ചു. ഒന്ന് കൃഷ്ണവർണ്ണയും മുഗ്ദ്ധോപാംഗിയും നീലോല്പലസുരഭിലയുമായ കന്യക. അവൾ വളർന്നു സുന്ദരിയും സർവ്വശാസ്ത്രവിശാരദയുമായി. അത്യന്തം വിഷമകരമായ ഒരു ധനുർപ്രയോഗമത്സരത്തിൽ ജയിച്ച് അജ്ഞാതവാസിയായ അർജ്ജുനൻ തന്നെ കൃഷ്ണയെ വരിക്കുകയും ചെയ്തു. പക്ഷേ, ആ അഞ്ചു സഹോദരന്മാരുടെയും മുറപ്രകാരമുള്ള ധർമ്മപത്നിയാകുവാനായിരുന്നു ദ്രൗപദിയുടെ യോഗം. പാപഭീതിയോ അപമാനഭീതിയോ കൂടാതെ പാഞ്ചാലി ആ വിധി സ്വീകരിച്ചു. അതിൽ വിജയിക്കയും ചെയ്തു.

ബഹുമുഖമായ വ്യക്തിത്വമുള്ള ഒരു സ്ത്രീയാണ് പാർഷതി. പഞ്ചപാണ്ഡവന്മാരുടെ പട്ടമഹർഷി എന്ന നില മാത്രമല്ല, പാഞ്ചാലന്റെ പുത്രിയും ധൃഷ്ടദ്യുമ്നന്റെ സോദരിയും കൃഷ്ണന്റെ ഇഷ്ടത്തോഴിയുമെന്ന നിലയിൽ ഉജ്ജ്വലമായ സ്വാധീനശക്തി അവളിൽ നിറഞ്ഞുനിന്നു. എന്തും സഹിച്ചു മിണ്ടാതിരിക്കുക ദ്രൗപദിയുടെ ശീലമല്ല. അവളുടെ ഇഷ്ടാനിഷ്ടങ്ങൾ പ്രകടമാണ്. കരയുകയും ചിരിക്കുകയും ഗുണദോഷിക്കുകയും പരാതിപറയുകയും പരിഹസിക്കുകകൂടി ചെയ്യേണ്ട സന്ദർഭങ്ങളിൽ മുൻപിൻ നോക്കുകയില്ല.രാജസൂയയാഗം കഴിഞ്ഞ സന്ദർഭത്തിൽ തങ്ങളുടെ മായാമന്ദിരത്തിൽ വെച്ച് സ്ഥലജലഭ്രമം വന്ന സുയോധനനെ നോക്കി അവൾ അറിയാതെ ഒന്നു ചിരിച്ചു പോയി. ആ ചിരിയായിരുന്നു സർവ്വനാശകമായ ഛിദ്രത്തിന്റെ വിത്തുവിതച്ചത്. മഹാഭാരതസമരത്തിന്റെ ആദികാരണം പാഞ്ചാലിയുടെ ഈ ഹാസ്യഹാസമായിരുന്നു.

തുടർന്ന് അസൂയാലുക്കളായ കൗരവന്മാരാൽ നിമന്ത്രിതനായി ധർമ്മപുത്രന്മാരുടെ ചൂതുകളി നടക്കുന്നു. സർവ്വസ്വവും പണയപ്പെട്ട് അടിമകളായ പാണ്ഡവന്മാരുടെ മുന്നിൽ വെച്ച് അവരുടെ പത്നിയായ പാഞ്ചാലി രാജസഭയിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നു. ഉടുതുണിപോലും അഴിഞ്ഞ് പോംമാറ് ബലാൽക്കാരം ചെയ്തിട്ടും കീഴടങ്ങാതെ സഭയ്ക്കുനേരെ തലയുയർത്തി അവർ വാദിക്കുന്നതു കേൾക്കു:

"ആരാണ് പറഞ്ഞത് ഞാൻ അടിമയാണെന്ന്? അടിമയായ ഒരാൾക്ക് പണയമാക്കാവുന്ന ഒരു വസ്തുവാണോ സ്ത്രീ? ഭാര്യ ഭർത്താവിന്റെ ക്രയവിക്രയ വസ്തുവാണോ? ഇതാണോ ഭാരത ധർമ്മം?

ധർമ്മവേദികളായ ഗുരുജനങ്ങൾ വിധിക്കട്ടെ, പാഞ്ചാലി അടിമയാണോ അല്ലയോ എന്ന്"

IX_Malayalam_Combine.indb 168 4/16/2019 12:57:58 PM



ഭീഷ്മദ്രോണാദികൾക്കുപോലും മൊഴി മുട്ടിപ്പോയി. അപമാനിക്കപ്പെടാവുന്ന സ്ത്രീയല്ലായിരുന്നു ദ്രൗപദി. തീജ്ജ്വാലപോലെ എരിഞ്ഞുയർന്ന ക്രോധത്തോടെ അഴിഞ്ഞുലഞ്ഞ തലമുടി വിടർത്തിയിട്ടു വിരൽചൂണ്ടിക്കൊണ്ട് ആ രാജസഭയിൽ അവൾ ഗർജ്ജിച്ചു:

"ഗുരു-പിതാമഹന്മാർക്കു മൊഴി മുട്ടിയിരിക്കുന്നു. ധർമ്മത്തിന്റെ കണ്ണുപൊട്ടിയിരിക്കുന്നു. കുലസ്ത്രീ അപമാനിക്കപ്പെട്ടിരിക്കുന്നു. ഇതാ, ഈ തലമുടി നോക്കു. ഇത് പിടിച്ചിഴിച്ചവന്റെ ചോര പുരണ്ട കൈ കൊണ്ടല്ലാതെ പാഞ്ചാലി ഇനി ഇത് കെട്ടുകയില്ല."

ഉഗ്രശപഥയായ പാഞ്ചാലി അഴിഞ്ഞുലഞ്ഞ മുടിയോടെ തന്നെ പാണ്ഡവന്മാരെ വനവാസത്തിൽ അനുഗമിച്ചു. ആരണ്യകാണ്ഡത്തിലുള്ള അനേകമനേകം അദ്ധ്യായങ്ങൾ ദ്രൗപദിയുടെ ധീരതയേയും സഹനശക്തിയേയും സൂക്ഷ്മസൂക്ഷ്മമായ ധർമ്മാവലോകനപാടവത്തേയും വിളംബരം ചെയ്യുന്നവയാണ്.

അജ്ഞാതവാസത്തിലെ അപമാനഭരിതമായ കാലങ്ങളും കടന്ന്, സന്ധിശ്രമങ്ങൾ തകർത്തു മഹായുദ്ധത്തിന്റെ ശംഖഭേരീദുന്ദുഭികൾ മുഴക്കിയപ്പോൾ അഴിച്ചിട്ട മുടിയോടെ ഭർത്താക്കന്മാരെ രക്തതിലകം ചാർത്തിച്ച് അയച്ചതു പാഞ്ചാലിയായിരുന്നു. എല്ലാ രംഗങ്ങളിലും നിഴൽ പോലെ പിന്തുടർന്ന് അവൾ പാണ്ഡവന്മാർക്ക് വേണ്ട പ്രചോദനവും നൽകി. പാഞ്ചാലിയില്ലാത്ത പാണ്ഡവർ ശൂന്യരാണ്. ഒടുവിൽ അശ്വത്ഥാമാവിന്റെ ചതികൊണ്ട് സന്താനങ്ങളഞ്ചുപേരും സഹോദരനും പടയും തീയ്യിൽ വെന്തുമരിച്ചപ്പോഴും പാഞ്ചാലി കരഞ്ഞില്ല. ശത്രുവിന്റെ ചൂഡാമണി പറിച്ചെടുത്തുകൊണ്ടുവരാൻ അലറുകയാണ് ചെയ്യുന്നത്!

അപഗ്രഥിക്കാനാവാത്ത ഒരു കഥാപാത്രമാണ് ദ്രൗപദി. ഭർത്താക്കന്മാരുടെമേൽ തനിക്കുള്ള സ്വാധീനശക്തി ഗൃഹധർമ്മങ്ങളിലുള്ള മിടുക്കുകൊണ്ടാണെന്ന് ഒരിക്കൽ അവർ കൃഷ്ണപത്നിമാരോട് പറയുന്നുണ്ട്. പക്ഷേ അതെന്തായാലും ഒരമ്മ എന്നതിനേക്കാൾ

IX_Malayalam_Combine.indb 169 4/16/2019 12:57:59 PM

അവർ ഒരു ഭാര്യയായിരുന്നു.സഖിയും സുഹൃത്തും സഹകാരിയുമായിരുന്നു. പഞ്ചപാണ്ഡവന്മാരുടെ ആത്മാവായിരുന്നു പാഞ്ചാലി.

മഹാഭാരതയുദ്ധത്തിന്റെ ഭീകരതകളെല്ലാം അതിജീവിച്ച് ഭർത്താക്കന്മാരോടുകൂടി അവർ കർത്തവ്യം ചെയ്തു. അവസാനം മഹാ പ്രസ്ഥാനസമയത്തും നിഴൽപോലെ അനുഗമിച്ചു. ആത്മനാഥന്മാരുടെ കാലടിപ്പാടിൽ കിടന്ന് സുമംഗലിയായി ദേഹത്യാഗം ചെയ്ത മഹാഭാരതത്തിലെ പാഞ്ചാലി സീതയോ, സാവിത്രിയോ അല്ല, പക്ഷേ, ലോകത്തുള്ള സമസ്ത സ്ത്രീഭാവനകളുടെയും സങ്കലനം ഈ ഒരേ ഒരു നാരിയിൽ കണ്ട് നാം മതിമറന്നു നിന്നുപോവുന്നു.



IX_Malayalam_Combine.indb 170 4/16/2019 12:57:59 PM

അഭ്യാസം

I. പദപരിചയം

ബഹുമുഖം, പഞ്ചാഗ്നി, ഇച്ഛാശക്തി, യാഗവഹ്നി, കാന്താരം

II. വിപരീതപദം

അസൂയ,അടിമ,ദുഖം

III. വാക്യത്തിൽ പ്രയോഗിക്കുക

വ്യക്തിത്വം, ഇഷ്ടാനിഷ്ടം, പരിഹാസം

IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ദ്രുപദരാജാവിന്റെ യാഗവഹ്നിയിൽനിന്ന് ജനിച്ചവൾ

   അ. സീത　　ആ. ദ്രൗപദി

   ഇ. ഊർമിള　　ഈ. ഗാന്ധാരി

2. ആരുടെ ബോധപൂർവ്വമായ ഒരു സൃഷ്ടിയാണ് ദ്രൗപദി

   അ. വാല്മീകിയുടെ　　ആ. കാളിദാസന്റെ

   ഇ. വ്യാസന്റെ　　ഈ. ഭാസന്റെ

3. പാഞ്ചാലിയുടെ സഹോദരൻ

   അ. ധൃഷ്ടദ്യുമ്നൻ　　ആ. കൃഷ്ണൻ

   ഇ. ഘടോൽക്കചൻ　　ഈ. ഏകലവ്യൻ

V. ഉത്തരമെഴുതുക

1. 'എന്നെ ഓർത്തു ദു:ഖിക്കാതിരിക്കൂ. തീയിൽ കുരുത്തത് വെയിലത്ത് വാടില്ല' എന്ന് ദ്രൗപദി പറയാൻ കാരണമെന്ത്?
2. വ്യാസന്റെ ബോധപൂർവ്വമായ ഒരു സൃഷ്ടിയാണ് ദ്രൗപദി എന്നു പറയാൻ കാരണമെന്ത്?
3. ബഹുമുഖമായ വ്യക്തിത്വമുള്ള ഒരു സ്ത്രീയാണ് ദ്രൗപദി സമർത്ഥിക്കുക
4. രാജസഭയിൽ അപമാനിക്കപ്പെട്ടപ്പോൾ ദ്രൗപദിയുടെ പ്രതികരണമെന്തായിരുന്നു.

IX_Malayalam_Combine.indb 171　　4/16/2019 12:57:59 PM

അധികവായനക്ക്

പടച്ചോന്റെ ചോറ്

കഥ

ഉറൂബ്



ഉറൂബ് [1915-1979]: പ്രശസ്ത നോവലിസ്റ്റും കഥാകൃത്തുമായ ഉറൂബ് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനിച്ചു. അദ്ദേഹത്തിന്റെ യഥാർത്ഥനാമം പി.സി.കുട്ടികൃഷ്ണൻ എന്നാണ്. ഉപന്യാസകാരൻ, തിരക്കഥാകൃത്ത്, പത്രപ്രവർത്തകൻ എന്നീ നിലകളിലും പ്രശസ്തനാണ്. ഉമ്മാച്ചു, മിണ്ടാപ്പെണ്ണ്, സുന്ദരികളും സുന്ദരന്മാരും, അമ്മിണി, അണിയറ എന്നീ നോവലുകളും തുറന്നിട്ട ജാലകം, രാച്ചിയമ്മ, ഗോപാലൻ നായരുടെ താടി, വെളുത്തകുട്ടി, കതിർക്കറ്റ, വസന്തയുടെ അമ്മ, മൗലവിയും ചങ്ങാതിമാരും, നീല വെളിച്ചം തുടങ്ങിയ ചെറുകഥാ സമാഹാരങ്ങളും മണ്ണും പെണ്ണും, തീ കൊണ്ട് കളിക്കരുത് എന്നീ നാടകങ്ങളും പ്രധാനകൃതികളാണ്. കേരളസാഹിത്യ അക്കാദമി പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

'മൗലവിയും ചങ്ങാതിമാരും' എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് അധ്യാനത്തിന്റെ മഹത്വം വെളിപ്പെടുത്തുന്ന 'പടച്ചോന്റെ ചോറ്' ' എന്ന കഥ.

ഒരു ചെറിയ ഉദ്യോഗവുമായി ഈ പട്ടണത്തിൽ വന്നു വണ്ടിയിറങ്ങിയപ്പോൾ എവിടെ താമസിക്കണം, എങ്ങനെ ജീവിക്കണം എന്നതിനെപ്പറ്റിയൊന്നും എനിക്കൊരു ബോധവുമുണ്ടായിരുന്നില്ല. പട്ടണത്തിൽ ഞാൻ ആരേയും അറിയില്ല; ആരും എന്നെയുമറിയാൻ വഴിയില്ല. വല്ല ഹോട്ടൽമുറിയിലും കഴിച്ചുകൂട്ടണമെന്നായിരുന്നു എന്റെ ഉദ്ദേശ്യം. ഞാൻ പെട്ടിയും തൂക്കി പ്ലാറ്റ്ഫോമിൽ നിന്ന് പുറത്തേക്കു കടക്കുവാൻ തുടങ്ങുകയായിരുന്നു.പെട്ടെന്ന് പിമ്പിൽ നിന്ന് ഒരാൾ ചുമലിൽത്തട്ടി ചോദിച്ചു:

" നിക്കി, നായരേ... എന്തിരുത്തു പന്നിപ്പാച്ചിലാ ഇത്?" ഞാൻ തിരിഞ്ഞു നോക്കി. നമ്മുടെ മൗലവി! ആ സമയത്തു മൗലവിയെ അവിടെ കാണുമെന്നു ഞാൻ തീരെ ഓർത്തിട്ടില്ല. എന്നല്ല, അനേക ദിവസങ്ങൾക്കുള്ളിൽ ഞാൻ മൗലവിയെപ്പറ്റി ഓർത്തിട്ടില്ല. അതുകൊണ്ട് എനിക്കൽപ്പം അമ്പരപ്പാണുണ്ടായത്." ആര്? മൗലവിയോ?!"

" അല്ല;സൈത്താൻ!" മൗലവി സ്വതസ്സിദ്ധമായ പ്രതിപക്ഷസ്വരത്തോടെ തുടർന്നു: "എന്തിരുത്തനേ ഇങ്ങട്ട് കെട്ടിയെടുത്തത്?"

എനിക്ക് ഉദ്യോഗം കിട്ടിയ കഥ ഞാൻ മൗലവിയോട് പറഞ്ഞു. അങ്ങോർ ഒന്നു ചിരിച്ചു.

"ഇപ്പൊ തോന്നണ്ടത് തോന്നി."

"എന്തേ മൗലവി?"

"ഞമ്മള് ബിചാരിച്ച് ന്റെ മോൻ ഇപ്പളും നാട് നന്നാക്കാൻ നടക്ക്ാന്ന്. അത്, ഇമ്മിണി എളുപ്പം കൂടുന്ന പണ്യാ. മറ്റുള്ളോലോട് ശെയ്യാൻ പറഞ്ഞാൽ മതിയല്ലോ.അപ്പൊ എന്തിരുത്തനേ ആ ചുളൂലുള്ള പണി ബിട്ടത്?".

IX_Malayalam_Combine.indb 172 4/16/2019 12:57:59 PM

‘അതൊരു കാലം, മൗലവീ, അതൊക്കെ കഴിഞ്ഞില്ലേ?’
‘അപ്പോ ഇങ്ങള് നേതാവാവൂലാ, അല്ലേ. പോട്ടെ .ഇപ്പൊ എബ്ടാ താമസിക്കണു?‘
‘തീർച്ചയാക്കീട്ടില്ല, അതാണിപ്പോൾ ഒരു പ്രശ്നം.‘
‘ബിരോതംം ഇല്ലാച്ചാൽ ഞമ്മടെ കൂടെ കൂടാം. കിടക്കാനും ഇരിക്കാനും കുളിക്കാനും ഒക്കെ സ്ഥലം ഉണ്ട്.ബെപ്പും തീനും ഇല്ല. അയ്ന് ഓട്ടലിപ്പോണം. എന്തേയ്?‘
‘തരക്കേടില്ല,മൗലവിക്ക് അസൗകര്യമാവോ?‘
‘ആ ’മയിന’ പറച്ചില് മാത്തിരം ബേണ്ട. ഞമ്മക്ക് ഇച്ചിരി സൗകര്യക്കേടാന്ന് കൂട്ടിക്കോ. എന്നാൽ ഇങ്ങക്ക് കഴിഞ്ഞ്കൂടണ്ടേ? പോരേ പഹയാ‘-ഇതും പറഞ്ഞ് എന്റെ കൈയിൽനിന്ന് പ്രതിഷേധം വകവെയ്ക്കാതെ പെട്ടി വാങ്ങി ചുമലിലേറ്റി മൗലവി നടന്നു കഴിഞ്ഞു.
വഴിനീളെ ഞാൻ മൌലവിയെപ്പറ്റി ആലോചിച്ചു.ഈ മനുഷ്യനും ഞാനും തമ്മിൽ എന്താണ് ബന്ധം? എന്റെ ജ്യേഷ്ഠനും മൗലവിയും കൂടി ചില പൊതുകാര്യങ്ങൾക്ക് വേണ്ടി ഓടിനടക്കാറുണ്ടായിരുന്നു. ജ്യേഷ്ഠൻ മൗലവിയെക്കൂടി കൂട്ടിയിരുന്നുവെന്നു പറയുന്നതായിരിക്കും അധികം ശരി. ഇയാൾ ജ്യേഷ്ഠനെ എപ്പോഴും ശകാരിക്കുകയും ജ്യേഷ്ഠനെ മറ്റു വല്ലവരും ശകാരിച്ചാൽ അവരുമായി വഴക്കിനു നിൽക്കുകയും എല്ലാ പ്രവൃത്തിയും ഒരു വാശിയോടുകൂടി ചെയ്തുതീർക്കുകയും ചെയ്തിരുന്നതായി എനിക്കോർമ്മയുണ്ട്. എപ്പോഴും പൊതുകാര്യത്തിനു വേണ്ടി പാഞ്ഞുനടന്നിരുന്ന മൗലവി, എന്റെ പൊതുകാര്യപ്രസക്തിയെ പരിഹസിച്ചിരുന്നു.

‘നിക്ക് മോനേ, ഒന്നു ചോയിച്ചോട്ടെ, അനക്ക് തിരക്കുണ്ടോ?’ എന്നെ വഴിക്കുവെച്ച് തടഞ്ഞുനിർത്തി മൗലവി ചോദിക്കും: ‘തിരക്കുണ്ടെന്ന് ബച്ചാൽ പിന്നെ മതി‘.
‘ഇല്ല എന്തേ?‘
‘ന്റെ മോൻ ഇപ്പോ ഈ ദേസം മാത്തിരേ നന്നാക്കാൻ ബിചാരിച്ചിട്ടുള്ളൂ; അതോ അയല് ദേസൂം കൂടി നന്നാക്കാൻ കരുതിയിരിക്കുന്നോ?.തിരക്കിന്റെ സിഥി അറ്യാൻ ബേണ്ടീട്ട് ചോയിച്ചതാ.’
‘മൗലവീ’ നിങ്ങൾക്കൊരു സാമൂഹ്യബോധമില്ലേ?‘
‘ഞമ്മക്കങ്ങനെ പലതും ഇല്ലായ ഉണ്ടെന്ന് കൂട്ടിക്കോ.ന്റെ മോൻ ഈ ഉടുത്ത മുണ്ട് ആര് മേങ്ങീതാ?‘
‘എന്റെ അച്ഛൻ‘.
‘ഇട്ട കുപ്പായം?‘



IX_Malayalam_Combine.indb 173 4/16/2019 12:57:59 PM

'അച്ഛൻ'

'അപ്പോ,മോനൊന്നും മേങ്ങീലാ?'

'അതുകൊണ്ട്?'

'ബല്ലിച്ച നയിച്ചുണ്ടാക്കീറ്റ് ഇതൊക്കെ ഒന്നു മേങ്ങ്ാ. എന്നിട്ട് നാടു നന്നാക്കല്ലേ നല്ലത്?'

'അല്ലാ,നിങ്ങളും ജ്യേഷ്ഠനും കൂടി സ്കൂളും പഞ്ചായത്തു ബോർഡും ഒക്കെ നന്നാക്കാൻ നടക്കുന്നതോ?'

'പിരാന്ത്'- മൗലവി ഉടനെ മറുപടി പറഞ്ഞു: 'അന്റെ ഏട്ടൻ ഓരോ ബല തോണ്ടിക്കൊണ്ടോരും. അപ്പപ്പിന്നെ ഞമ്മള് എന്തിരുത്താക്കാനാ?അയാളെ അങ്ങട്ട് കല്യാൻ കയ്യോ?'

പിന്നീട് എന്താണു പറയേണ്ടതെന്ന് എനിക്ക് നിശ്ചയമുണ്ടായിരുന്നില്ല.ഏതായാലും എന്നും അയാൾ എന്നെ എതിർത്തിട്ടേ ഉള്ളൂ.അങ്ങനത്തെ ഒരു മനുഷ്യനിതാ,ഇപ്പോൾ എന്റെ പെട്ടിയും ചുമന്നു മുമ്പിൽ നടക്കുന്നു.എന്താണിതിന്റെ ഉദ്ദേശ്യം?

അന്നുമുതൽ ഞാൻ മൗലവിയുടെ കൂടെ താമസവും തുടങ്ങി. ഞങ്ങൾ മൂന്നു പേരുണ്ടായിരുന്നു ആ വീട്ടിൽ സ്ഥിരതാമസക്കാരായിട്ട്, ചിലപ്പോൾ നാലുപേരുണ്ടാകും. നാലാമത്തെയാൾ ഒരു രാഷ്ട്രീയനേതാവാണ്. അദ്ദേഹം വാടകയ്ക്ക് വാങ്ങിയതാണ് ആ വീട്. പക്ഷേ, ആ മനുഷ്യൻ മാസത്തിൽ മൂന്നു ദിവസമേ വീട്ടിലുണ്ടാകൂ. ആ സൗകര്യം മൗലവി ഉപയോഗപ്പെടുത്തിയതാണ്. എനിക്കും മൗലവിക്കും രാഷ്ട്രീയനേതാവിനും പുറമേ അവിടെ ഒരു ചെറുപ്പക്കാരനും കൂടി ഉണ്ടായിരുന്നു. മുഹമ്മദ്. അയാളെയും മൗലവി റിക്രൂട്ട്ചെയ്തതാണ്.കൈതക്കൂമ്പുപോലത്തെ ഒരു ചെറുപ്പക്കാരനാണ് മുഹമ്മദ്. ഒരു മുഷിഞ്ഞ വെള്ളഷർട്ടുമായി ഒരു ചാരുകസേരയിൽ കിടന്നു മനോരാജ്യം വിചാരിക്കും. ആരോടും അധികമൊന്നും സംസാരിക്കില്ല. ജീവിതത്തിന്റെ തിരക്കു കുറഞ്ഞ പ്രദേശങ്ങളിലൂടെ കൂനിക്കൂടി അങ്ങു കടന്നുപൊയ്ക്കളയാം എന്നൊരു മട്ടാണ് അവന്.

മൗലവി,രാഷ്ട്രീയനേതാവിനെയും എന്നെയുമെന്നതുപോലെ,മുഹമ്മദിനെയും ശകാരിച്ചിരുന്നു:

'അനക്ക് എന്തിരുത്താണ്ടാ,ഒന്നു തിരുമ്പിക്കുളിച്ചാല്?' മൗലവി ചോദിക്കാറുണ്ട്.

'കുളിക്കാം.'

'ജ്ജ് നിസ്കരിക്കാറുണ്ടെടോ?'

മുഹമ്മദ് ഒന്നും മിണ്ടിയില്ല.

'ജ്ജ് നിസ്കരിക്കാറുണ്ടോന്ന്?'

'ചിലപ്പോ'-മുഹമ്മദ്.

'അതെന്തേയ്?ജ്ജ് പടച്ചോനെക്കാട്ടിലും ബല്യോനായോ?'

'നിസ്കരിക്കാം'

'ഇക്ക് ബേണ്ടീട്ട് ജ്ജ് നിസ്കരിക്കണ്ട.അനക്ക് ബേണം എന്നു തോന്നുന്നുണ്ട് എന്നു ബെച്ചാൽ മതി.'



IX_Malayalam_Combine.indb 174 4/16/2019 12:57:59 PM

‘നിസ്കരിക്കാം,മൗലവി.‘

‘എടാ, പഠിപ്പേറി കെട്ടുപോണ്ട, കെട്ടോ. ‘-മൗലവി ഒരു താക്കീതോടെ കടന്നുപോകും. അന്നു വൈകുന്നേരം, ചുറ്റാനുള്ള ഒരു മുണ്ടൊഴികെ മുഹമ്മദിന്റെ എല്ലാ വസ്ത്രങ്ങളും വാങ്ങി, മൗലവി കിണറ്റിന്റെ അടുത്തേക്കു പോകുന്നതു കണ്ടു. ആരും തടുത്തിട്ടു കാര്യമില്ല. ശകാരം കേൾക്കാൻ ഇച്ഛിക്കാത്ത പക്ഷം അപ്പോൾ ഒന്നും മിണ്ടാതിരിക്കുകയാണു നല്ലത്.മൗലവി തുണി തിരുമ്പുക എന്നുവച്ചാൽ ആ വീട്ടിൽ മുഷിഞ്ഞുകിടക്കുന്ന എല്ലാ വസ്ത്രങ്ങളും തിരുമ്പുക എന്നാണ് അർത്ഥം. എന്റേതായാലും മുഹമ്മദിന്റേതായാലും ശരി, അങ്ങോർ വാരിക്കൊണ്ടുപോകും. ‘ഇപ്പഹേരുള്ളടത്ത് പിളേക് ബരാത്തത് പടച്ചോന്റെ ബേണ്ടുക കൊണ്ടാ‘-എന്നു ചില അഭിപ്രായപ്രകടനങ്ങളും കേൾക്കാം.



മുഹമ്മദ്, മൗലവിയുടെ ഒരു ബന്ധുവാണെന്നാണ് ഞാൻ ആദ്യമൊക്കെ വിചാരിച്ചിരുന്നത്. ഒരു ദിവസം ഞാൻ അക്കാര്യം മൗലവിയോടുതന്നെ ചോദിച്ചു:

‘ഇങ്ങടെ ചേലിക്ക് തന്നെ, ഞമ്മടെ ഒരു കുട്ടി. ഇബടെ തെണ്ടിനടക്കുമ്പൊ, ഞമ്മള് ഇബടെ പിടിച്ചാക്കി. പക്കെങ്കിൽ, ഹമ്ക്ക നാ. പണി ഒന്നും എടുക്കൂലാ.‘

എത്രയോ നാഴിക അകലെ ജനിച്ച രണ്ടാത്മാക്കളാണ്! മുഹമ്മദിന്റെ ഉമ്മയും ബാപ്പയും ആരാണെന്ന് ഇന്നും മൗലവിക്കറിഞ്ഞുകൂടാ. എന്നാലും,‘ഓൻ ഞമ്മടെ ഒരു കുട്ട്യാ.‘

എന്തു പണിയും മൗലവി ചെയ്യും. ചിലപ്പോൾ കണക്കെഴുത്ത്, ചിലപ്പോൾ കാര്യസ്ഥത, ചിലപ്പോൾ വേദാധ്യാപനം-ജീവിക്കാനുള്ള വക എങ്ങനെയും സമ്പാദിക്കും. മൗലവി ഉണ്ണുമ്പോൾ അതു ലോകമറിയും; പട്ടിണികിടക്കുമ്പോൾ താൻതന്നെ അറിയാതിരിക്കാൻ ശ്രമിക്കും. കുട്ടികളും കുടുംബവും നാട്ടിലാണ്. അവർക്കു കഴിഞ്ഞുകൂടാനുള്ള തുക അയച്ചുകൊടുക്കും. പിന്നെ, ഇത്തരത്തിൽ വന്നുകയറുന്ന ‘ഞമ്മടെ കുട്ടികളെ‘ ഒക്കെ പുലർത്തും. മാസത്തിലൊരിക്കൽ കുടുംബത്തെ കാണാൻ പോവും. അന്ന് കുറച്ചു വറുത്ത് വാഴയ്ക്കയോ ഈത്തപ്പഴമോ നെയ്യലുവയോ വാങ്ങും. അതിൽ നിന്ന് ഓഹരി എനിക്കും മുഹമ്മദിനും കിട്ടിയിരുന്നു. രാഷ്ട്രീയനേതാവിനുള്ള ഓഹരി എടുത്തുവെച്ച്, ചീഞ്ഞുനാറിക്കഴിഞ്ഞാൽ വലിച്ചെറിയും. ചീച്ചിൽ തുടങ്ങുമ്പോഴാണ് നേതാവു വന്നുകയറിയതെങ്കിൽ അൽപ്പമെങ്കിലും അതിൽ നിന്ന് ഭക്ഷിക്കാൻ അയാൾ നിർബന്ധിതനാണ്.

മൗലവിയുള്ളപ്പോൾ ആ വീട്ടിൽ നല്ല അച്ചടക്കമാണ്. എല്ലാവർക്കും പേടിയായിരുന്നു; നേതാവിനുപോലും! ദിവസവും മൗലവി കൊണ്ടുവരുന്ന വർത്തമാനപത്രം ഞങ്ങളെല്ലാവരും വായിച്ചുകൊള്ളണം. വായിച്ചോ എന്നറിയാൻ ചിലപ്പോൾ ചില പരീക്ഷയൊക്കെ നടക്കും. പരീക്ഷ സംബന്ധിച്ചുള്ള ശകാരങ്ങൾ പലപ്പോഴും കിട്ടിയിരുന്നത് മുഹമ്മദിനാണ്. ധാരാളം മനോരാജ്യം

IX_Malayalam_Combine.indb 175 4/16/2019 12:57:59 PM

വിചാരിക്കാറുള്ള ആ ചെറുപ്പക്കാരൻ പത്രം വായിക്കാൻ ചിലപ്പോൾ മറന്നുപോവും. മൗലവിക്ക് സ്വന്തമായ ചില രാഷ്ട്രീയാഭിപ്രായങ്ങളുണ്ട്. അതിനോടു പൂർണ്ണമായി യോജിക്കാൻ ഒരു രാഷ്ട്രീയ നേതാവിനും ഇന്നേവരെ കഴിഞ്ഞിട്ടില്ല. യോജിക്കണമെന്ന് മൗലവിക്കു നിർബന്ധവുമില്ല. പക്ഷേ മൂപ്പർക്ക് അതുണ്ട്; അതുറക്കെ പ്രഖ്യാപിക്കുകയും ചെയ്യും. ചെവിയുള്ളവൻ കേൾക്കട്ടെ എന്നൊരു മട്ടാണ്. സാമൂഹികകാര്യങ്ങളിലും വ്യക്തമായ അഭിപ്രായങ്ങളാണ്. മൗലവിയുടെ രണ്ടു പെൺമക്കളുടെയും മേക്കാത് കുത്തിത്തുളച്ചിട്ടില്ല. അതിനെപറ്റി ആരോ ചോദിച്ചപ്പോൾ, മൗലവി ഒന്നു ചിരിച്ചു. എന്നിട്ട് പറയുകയാണ്.

'ഇത്തിരീസുംപാടെ കയിഞ്ഞിട്ട് ഓളെ ആശുപത്തിരീല് ഒന്നു കൊണ്ടുപോകണം.'

'എന്തിന്?'

'കാത് തന്നെ അങ്ങട്ട് ചെത്തിച്ചാളാം.ഇച്ചിരി ബേദനാക്കണം എന്നല്ലേ ഉള്ളൂ, എന്തേയ്?'

പിന്നെ ആരും ഒന്നും ചോദിച്ചിട്ടില്ല; മൗലവിയെ എല്ലാവർക്കുമറിയാം.

അങ്ങനെ മനോരാജ്യക്കാരനായ മുഹമ്മദും ഉദ്യോഗസ്ഥനായ ഞാനും(അന്നെനിക്ക് ഇരുപത്തേഴുറുപ്പിക പന്ത്രണ്ടണ ശമ്പളമായി കിട്ടും.) മൗലവിയും കൂടി കഴിഞ്ഞുകൂടി.

അന്നു രാത്രി എട്ടു മണിയായിരുന്നു. മൗലവി പുറത്തുനിന്ന് വന്നിട്ടു കുറച്ചുനേരമേ ആയിട്ടുള്ളൂ. ഒരു വലിയ വാര സോപ്പുമായിട്ടാണ് വന്നുകയറിയത്. പത്രം മേശപ്പുറത്തേക്കെറിഞ്ഞ്, ഷർട്ടൂരിയിട്ട്, അയലിൽ കിടന്ന എല്ലാ മുഷിഞ്ഞ തുണിയും വാരിക്കൂട്ടി ഒരു ചുമടുമായി കിണറ്റിനടുത്തേക്കു പോകുന്നതു കണ്ടു. പോകുമ്പോൾ മുഹമ്മദിനോടു തിരിഞ്ഞുനിന്നു ചോദിച്ചു:'അട മമ്മതേ,അന്റെ ഇത്തുണ്ണിയൊക്കെ ചിന്തേരിടുന്ന മിശ്യനില് കൊടുത്താ എന്തിരുത്താ!' മുഹമ്മദ് ഒന്നും മിണ്ടിയില്ല;ഞാനും മിണ്ടിയില്ല.

മൗലവി പോയി കുറച്ചുകഴിഞ്ഞപ്പോൾ, ഞാനും മുഹമ്മദും പരസ്പരം നോക്കി ഒന്നമർത്തിപ്പിടിച്ചു ചിരിച്ചു. എന്നിട്ട് അന്നത്തെ പത്രത്തിലൂടെ കണ്ണോടിച്ചു. വാർത്തകൾ ഓരോന്നായി വായിച്ചുതീർന്നു. മുഹമ്മദ് നിശ്ശബ്ദനായി ഇരുന്നു കേൾക്കുകയാണ്.ജീവിതപ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായി വരുകയാണ് എന്നു ഞാൻ മുഹമ്മദിനോടു പറഞ്ഞു.

'നേരാണ്'

'ഇനിയുള്ള കാലം എങ്ങനെ കഴിഞ്ഞുകൂടും.?'

'കഴിഞ്ഞുകൂടുക തന്നെ' എന്ന് മുഹമ്മദും പറഞ്ഞു.

'അപ്പൊ,മുഹമ്മദ് എന്നും ഇങ്ങനെ കഴിയാനാണോ വിചാരിക്കുന്നത്?'

'പിന്നെ എന്തു ചെയ്യാനാ?'

'എന്തെങ്കിലും ജോലി നോക്കിക്കൂടേ?'

'നമ്മളെ പടച്ചോന് നമ്മുടെമേൽ ഒരുത്തരവാദിത്വമില്ലേ?'



IX_Malayalam_Combine.indb 176 4/16/2019 12:57:59 PM

‘ഉണ്ടായിരിക്കാം‘

‘എല്ലാം പടച്ചോനാ തരുന്നത്. ചോറും പടച്ചോൻ തന്നെ’-മുഹമ്മദ് ഗൗരവത്തിൽ പറഞ്ഞു നിർത്തിയപ്പോൾ, കിണറ്റിനടുക്കെ നിന്ന് ബക്കറ്റ് നിലത്തുവയ്ക്കുന്ന ശബ്ദം കേട്ടു. ഒരു നിമിഷം കഴിഞ്ഞപ്പോൾ മൗലവി മുറിയിലേക്കുകടന്നു വന്നു.

‘മമ്മദേ, ജ്ജ് ഇബടെ ഒന്നു ബാ.’

മുഹമ്മദ് പിന്നാലെ ചെന്നു.

‘ഇമ്മുറീന്റെ പൂട്ടൊന്ന് എടുത്തുകൊണ്ടു ബാ‘

മുഹമ്മദ് എവിടെയൊക്കെയോ തപ്പിത്തിരഞ്ഞ് പൂട്ടും താക്കോലും കൊണ്ടുവന്ന് മൗലവിയുടെ കൈയിൽ കൊടുത്തു.

‘ജ്ജ് ആ മുറീലീക്ക് ഒന്നു കടന്ന് നിക്ക്, മമ്മദേ‘-മൗലവി മൃദുസ്വരത്തിൽ ആജ്ഞാപിച്ചു. മുഹമ്മദ് അതുപോലെ ചെയ്തപ്പോൾ മൗലവി പുറത്ത് നിന്നു വാതിലടച്ചുപൂട്ടി താക്കോൽ അരയിൽ തിരുകീട്ട് പറഞ്ഞു:

‘ജ്ജ് അബ്ടെ കിടക്ക്. അനക്ക് പടച്ചോൻ ചോറുകൊണ്ടുവന്നു തരുന്നത് ഞമ്മളൊന്നു കാണട്ടെ, ഏത്?എന്നാൽ അന്റെ കണക്കിൽ ഞമ്മക്കും പടച്ചോനെ ഒന്ന് കാണാലോ!‘

മൗലവി കൈയിലെ സോപിൻപത ഉടുത്ത തോർത്തിൽ തുടച്ച് വീണ്ടും കിണറ്റിനടുത്തേക്ക് പോയി. ഞാൻ അമ്പരന്നുപോയി! എന്തേ ഇപ്പോഴുണ്ടായത്? മുഹമ്മദ് ബന്ധനസ്ഥനായിരിക്കുന്നു.

ഒരു നിമിഷം കഴിഞ്ഞപ്പോൾ ഞാൻ ജാലകത്തിനുള്ളിലൂടെ ഒന്നു നോക്കി. പിമ്പിൽ കൈയ്യുകെട്ടി മുഹമ്മദ് മുറിയിൽ അങ്ങുമിങ്ങും നടക്കുകയാണ്. മൗലവിക്ക് ഒരു കുലുക്കവുമില്ല.അങ്ങോർ ഓരോ ശീല തിരുമ്പിക്കൊണ്ടുവന്ന് ആറാനിടും. വീണ്ടും കിണറ്റിനടുത്തേക്കു പോകും. അങ്ങനെ തിരുമ്മലും കുളിയും കഴിഞ്ഞുവന്ന്,ഈറൻ മാറ്റി മൗലവി ജാലകത്തിനടുത്തുചെന്ന് വിളിച്ചു:

‘മമ്മതേ‘!

‘ഓ‘

‘ചോറു കിട്ട്യോ?‘

നിശ്ശബ്ദം.

‘കിട്ട്യോ? ബെറുംചോറോ ബിര്യാണ്യോ,നെയ്ച്ചോറോ? എന്താണ്?‘

മുഹമ്മദ് മിണ്ടുന്നില്ല.

‘കിട്ടീട്ടില്ല, അല്ലേ?.....എന്നാൽ കിട്ടും,പടച്ചോൻ കൊണ്ടോരും. അബടെ കുത്തീർന്നോ.‘

രണ്ടാം മുണ്ടെടുത്ത് ചുമലിലിട്ട് അങ്ങോർ എന്നെ വിളിച്ചു: ‘ബരിൻ ഞമ്മക്ക് ഓട്ടലിൽപ്പോയി ചോറു ബൈക്കാം.’

IX_Malayalam_Combine.indb 177 4/16/2019 12:57:59 PM

ഞാൻ മൗലവിയെ അനുഗമിച്ചു. എങ്കിലും മുഹമ്മദിനെ പറ്റിയുള്ള ചിന്ത എന്നെ അസ്വസ്ഥനാക്കിയിരുന്നു.

'അപ്പോ,മൗലവീ....'

'എന്ത്യേ?'

'മുഹമ്മദ്....'

'ചെലക്കാണ്ടെ പോരേ, നായരേ. ഓന് പടച്ചോൻ കൊണ്ടന്നു കൊടുക്കും. നിറുത്തിപ്പൊരിച്ച കോയീം ബിര്യാണീംപാടെ.ഞമ്മക്ക് ഓട്ടൽക്കാരൻ തന്നെ തരണം. മോൻ പോരേ.....'

ഞാൻ ആ ആജ്ഞയെ അനുസരിച്ചു. ഞങ്ങൾ രണ്ടുപേരും ഊൺ കഴിച്ചു കഴിഞ്ഞപ്പോൾ മൗലവി പറഞ്ഞു: 'ഇങ്ങള് നടന്നോളീ, ഞമ്മള് ബരാം.'

ഞാൻ മടങ്ങിപ്പോന്നു. മുഹമ്മദ് അപ്പോഴും കൈ പിമ്പിൽക്കെട്ടി മുറിയിൽ ഉലാത്തുകയാണ്.

'മുഹമ്മദേ?'

'ഊം?'

'കാര്യം വിഷമമായല്ലോ?'

'മൗലവി അപ്പുറത്തുള്ളത് ഞാനോർത്തില്ല. എന്നാലിത് പറേല്യാർന്നു.'

'ഇനി ഇപ്പോൾ എന്താ വഴി?'

'മൂപ്പര് വല്ല്യേ വാശിക്കാരനാ. ഇന്ന് ഏതായാലും പട്ടിണി. നാളത്തെ കഥ.....?'

എനിക്ക് മുഹമ്മദിന്റെ നേരെ അലിവ് തോന്നി. പക്ഷേ ഞാൻ എന്തു ചെയ്യും?

'മുഹമ്മദേ,വിശക്കുന്നുണ്ടോ?'

'ഇന്ന് എന്നും ഇല്ലാത്ത ഒരു വിശപ്പ്!'



'ഞാൻ ജനാലയ്ക്കുള്ളിലൂടെ വല്ലതും കൊണ്ടുവന്നു തരട്ടേ?'

'അയ്യയ്യോ, അമ്മൂപ്പരറിഞ്ഞാൽ.....'മുഴുവനാക്കുന്നതിന് മുമ്പേ, ഉമ്മറത്തുനിന്നും കാൽപെരുമാറ്റം കേട്ടു. ഞാൻ അകത്തുപോയി. മൗലവി മുറിക്കകത്തുചെന്ന് ജനവാതിലിനുള്ളിലൂടെ നോക്കി:

'മമ്മദേ, എറച്ചി നല്ല പതം ഉണ്ടാർന്നോ?.....പടച്ചോൻ ചോറ് തന്നോ?'

'ഹില്ല.'

'എന്നാൽ ഇപ്പോ തരും കേദിക്കണ്ട.'

മൗലവി പത്രമെടുത്തു നിവർത്തി, ഒരു ചുരുട്ടു വലിച്ചു പുകവിട്ടുകൊണ്ട് ഒരിടത്തുപോയി ഇരുന്നു. നാഴികകൾ കടന്നുപോകുകയാണ്. മുഹമ്മദിന്റെ സ്ഥിതി ആലോചിച്ച് എനിക്ക് വലിയ ബേജാറ്. ഞാനാണെങ്കിൽ, ഊണ് കഴിച്ചും പോയി.മൗലവിക്ക് ഒരു കുലുക്കവു

IX_Malayalam_Combine.indb 178 4/16/2019 12:57:59 PM

മില്ല. ഈ മനുഷ്യന്റെ ചിലപ്പോഴത്തെ പ്രവൃത്തി മഹാ ധിക്കാരമായിപ്പോകുന്നുണ്ട് എന്നു ഞാൻ ഉള്ളിൽ കരുതി. ഇത്ര വലിയ ശിക്ഷയ്ക്കു വിധിക്കാൻ തക്കവണ്ണം ഇവിടെ എന്തേ ഉണ്ടായത്!

മൗലവി പത്രത്തിൽനിന്നു കണ്ണെടുക്കുന്നില്ല. ഞാനും കുത്തിച്ചാരിയിരിക്കയാണ്. അതിനിടയിൽ മുഹമ്മദ് എന്നെ വിളിച്ചു.

'എന്തേ?'

'ഇത്തിരി വെള്ളം കുടിക്കാൻ.....?'

ഞാൻ മൗലവിയുടെ മുഖത്തേക്കു നോക്കി.

പത്രത്തിൽ നിന്നു കണ്ണെടുക്കാതെ തന്നെ മൗലവി ചോദിച്ചു:

'എന്തിരുത്താ ഓൻ പറേണത്?'

'വെള്ളം കുടിക്കണം എന്ന്.'

'അപ്പോ,പടച്ചോൻ ബിര്യാണീം പൊരിച്ച കോയീം കൊണ്ടന്നപ്പോൾ വെള്ളം കൊണ്ടന്നില്ലേ?'

'എനിക്കു ദാഹിക്കുന്നു!'-

മുഹമ്മദ് വരുന്നതു വരട്ടേ എന്ന മട്ടിൽ വിളിച്ചുപറഞ്ഞു.

'എടാ പടച്ചോന്റെ കയ്യിൽ നിന്ന് ചക്കാത്ത് കിട്ടുന്നതാ എന്നുബെച്ച്, ഇമ്മിണി തിന്നൂടരുത്, കേട്ടോ.ആട്ടെ ഇഞ്ഞി ബെള്ളൂം കൊണ്ടുവന്ന് തരാൻ പറ-'

ഇതു പറഞ്ഞ് മൗലവി പത്രത്തിലേക്കു തന്നെ ശ്രദ്ധ പതിപ്പിച്ചു. വാസ്തവത്തിൽ, നടുവിൽ നിൽക്കുന്ന എന്റെ സ്ഥിതി കുഴപ്പത്തിലായിരുന്നു.ഞാൻ ഒന്നു രണ്ടു തവണ മൗലവിയുടെ അടുത്തുചെന്ന് അപേക്ഷിച്ചു. ഒരു കുലുക്കവുമില്ല. 'ഇങ്ങള് പോയിക്കിടന്ന് ഒറങ്ങിക്കോളീ-'എന്നാണു പറയുന്നത്. വലിയ കുഴപ്പമായല്ലോ!



ഒടുവിൽ മുഹമ്മദ് ഒരു നിലവിളി:'മൗലവീ ഞാൻ ഇപ്പൊ ചാവും; തൊണ്ട പൊട്ടിച്ചാവും.'

മൗലവി കണ്ണട എടുത്തു മേശമേൽ വച്ചു.

പതുക്കെ ചെന്നു മുറി തുറന്നു. അണപൊട്ടിയ വെള്ളം പോലെ മുഹമ്മദ് മൗലവിയുടെ മേലേക്കു പാഞ്ഞുകയറി.

'നിക്ക്.'

'ന്റെ മൗലവീ!'

ഞാൻ ഒരു ഗ്ലാസ് വെള്ളവുമായി പിന്നാലെ ചെന്നു. മൗലവി അതു വാങ്ങിക്കൊടുത്തു. മുഹമ്മദ് വലിച്ചുകുടിച്ച് ഒന്നു നെടുവീർപ്പിട്ടു:

'ഹാവൂ!'

IX_Malayalam_Combine.indb 179 4/16/2019 12:58:00 PM

‘പടച്ചോൻ ചോറുതര്വോ?‘-മൗലവി.

‘ഹില്ല‘-മുഹമ്മദ്.

‘ഇക്കയ്ക്ക് കാട്ട്.ഇതിനു ബല്ലിച്ച കേടും ഉണ്ടോ?‘

‘ഇല്ല.‘

‘അപ്പൊ, ജ്ജ് ന്സീബുള്ളോനാ. ഇരിക്കട്ടെ. ഇക്കയ്ക്കാരു തന്ന്?‘

പടച്ചോനാണെന്നു പറയാൻ മുഹമ്മദിനു ധൈര്യമില്ല.



‘ആരു തന്ന്?‘-മൗലവി തിരക്കി,

‘അതുണ്ടായി.‘

‘ബെറുക്കനെ ഉണ്ടാവ്വോ?‘

‘എനിക്കറിഞ്ഞുകൂടാ.‘

‘പടച്ചോൻ തന്ന കയ്ക്ക്-അല്ലേ?‘

‘അതെ.‘

‘ഈ ദുനിയാവാരുണ്ടാക്കി?‘

‘പടച്ചോൻ.‘

‘സരി.ഇക്കയ്ക്കോണ്ട് ഈ ദുനിയാവിമ്മല് പണിയെടുത്താൽ എന്തുണ്ടാവും?‘

‘എല്ലാം ഉണ്ടാവും.‘

‘ചോറും?‘

‘ആ!‘

‘അപ്പൊ പണികയിഞ്ഞ്; ഏ?‘

‘ആ!‘

‘എടാ ഹമ്ക്കേ, പടച്ചോൻ അന്റെ സിപായി ആണോ, ചോറും കൊണ്ട് ബരാൻ? ഇഞ്ഞി ഇച്ചേലിക്ക് ബസളത്തം പറയോ?‘

‘ഹില്ല.‘

‘എന്നാൽ ചെല്ല്. അതാ, അമ്മുറീൽ ചോറുണ്ട്. പോയിത്തിന്നോ. ഉം ചെല്ല്‘-മൗലവി വീണ്ടും പത്രത്തിലേക്കു കണ്ണോടിച്ചു.

മുഹമ്മദിന്റെ പിന്നാലെ ഞാനും പോയി. അവിടെ മേശപ്പുറത്ത് ബിരിയാണിയും കോഴിയിറച്ചിയും അടച്ചുവച്ചിരിക്കുന്നു. അടപ്പു തുറന്നപ്പോൾ, സുഖമുള്ള മണം. മുഹമ്മദ് ബിരിയാണി തിന്നുമ്പോൾ പടച്ചോനാണ് ചോറുതരുന്നതെന്ന് മൗലവിയോടു പറയാനുള്ള ബുദ്ധി എനിക്കുണ്ടാകാത്തതിൽ ഞാൻ ഹൃദയപൂർവം വ്യസനിച്ചു. ഞാൻ വെറും ചോറാണുണ്ടത്. ബിരിയാണിയുടെ മണം കേട്ടിട്ട് ദിവസമെത്രയായി!

മുഹമ്മദ് അങ്ങോട്ടുമിങ്ങോട്ടും നോക്കാതെ അടിച്ചുവിടുകയാണ്.

IX_Malayalam_Combine.indb 180 4/16/2019 12:58:00 PM

വ്യാകരണം

സമാസം -അവലോകനം

അവ്യയീഭാവസമാസം : ഉപസർഗം, അവ്യയം, നാമം, വിശേഷണം എന്നിങ്ങനെയുള്ള പൂർവ്വപദങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന സമാസത്തിന് അവ്യയീഭാവസമാസം എന്നുപറയുന്നു.

ഉദാ : പ്രതിദിനം - ദിനംതോറും

ഇതിൽ പ്രതി എന്ന ഉപസർഗത്തിന്റെ അർത്ഥം അനുസരിച്ചാണ് സമാസത്തിന്റെ അർത്ഥം പറയുന്നത്. അതിനാലാണ് ഇത് പൂർവ്വപദാർത്ഥപ്രധാനമായ സമാസമെന്ന് പറയുന്നത്.

ഉദാ : യഥാക്രമം, അനുദിനം, സഹർഷം, സസ്നേഹം

തത്പുരുഷൻ : ഉത്തരപദത്തിനു പ്രാധാന്യം നൽകുന്ന സമാസം തത്പുരുഷസമാസം

ഉദാ : തലവേദന, രാമബാണം, പടിപ്പുര,നദീതീരം

ദ്വന്ദ്വസമാസം : ഉത്തരപദത്തിനും പൂർവ്വപദത്തിനും തുല്യ പ്രാധാന്യമുള്ള സമാസം ദ്വന്ദ്വസമാസം,

ഉദാ: കൈകാലുകൾ, ദിനരാത്രങ്ങൾ, രാപ്പകലുകൾ, മാതാപിതാക്കൾ

ബഹുവ്രീഹി: പൂർവ്വോത്തരപദങ്ങൾക്ക് പ്രാധാന്യമില്ലാതെ അന്യപദത്തിന് പ്രാധാന്യം നൽകുന്ന സമാസം ബഹുവ്രീഹി സമാസം.

ഉദാ: മീനാക്ഷി, പീതാംബരൻ, വിനീതഹൃദയൻ, താമരക്കണ്ണൻ

അലങ്കാരം: ശ്ലേഷം

വൃത്തം: കളകാഞ്ചി

രചന: തർജ്ജമ ചെയ്യൽ(ചെറിയ വാക്യങ്ങൾ ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും, തിരിച്ചും തർജ്ജമ ചെയ്യുക)

IX_Malayalam_Combine.indb 181 4/16/2019 12:58:00 PM

Malayalam – Class IX
List of Authors and Reviewer

Reviewers

Dr. P.M. GIRISH
Head of The department of Malayalam,
University of Madras, Chennai

Dr. SUHASINI AMBALI CHOLAYIL
P.G. Asst. in Malayalam
Kerala Vidyalayam H.S.S Chennai

Authors

Dr. K.J. AJAYA KUMAR
Malayalam Teacher,
Kerala Vidyalayam H.S.S.
Chennai

RETHI DEVI V.R
P.G. Asst. in Malayalam
Aided H.S.S Kalluppalam
Kanya kumari District

SINDHU. S
P.G. Asst. in Malayalam
Govt. HSS Palukal
Kanya kumari District

K SHEEJA ROHINY
Junior Lecturer
DIET Theroor, Kulasekharam puthoor
Kanya kumari District

M.R.GOPI
B.T. Asst. in Malayalam
G.H.H.School Ambalamoola
The Nilgiris

K.A.SARFUDEEN
B.T. Asst. in Malayalam
G.H.S.S Gudalur
The Nilgiris

S.NADEERA
B.T. Asst. in Malayalam
G.H.School Kayyunni
The Nilgiris

Art and Design Team

Illustrator/Image Editing

Asif Ali, Chennai

Typing

Anwar Ali, Chennai
A.Sajina, Chennai

Layout

M.Asker Ali, Chennai

Co-ordinators

Ramesh Munuswamy

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at: